## അ

| | |
|---|---|
| അക്കരയ്ക്കു യാത്രചെയ്യും | 63 |
| അത്യുന്നതനാം ദൈവത്തിൻ | 81 |
| അതിവേഗത്തിൽ ഓടിപ്പോകും | 210 |
| അല്പ്പകാലം മാത്രം ഈ ഭൂവിലെ | 60 |
| അ-  ുതം യേശുവിൻ നാമം | 61 |
| അടവീതരുക്കളിന്നിടയിൽ | 64 |
| അഴലേറും ജീവിതമരുവിൽ | 59 |
| അനുഗ്രഹത്തിൻ അധിപതിയേ | 58 |
| അനുഗ്രഹത്തിന്നുറവേ നിറയ്ക്ക | 263 |
| അൻപു നിറഞ്ഞ പൊന്നേശുവേ | 232 |

## ആ

| | |
|---|---|
| ആകാശലക്ഷണങ്ങൾ കണ്ടോ കണ്ടോ | 264 |
| ആപത്തു വേളകളിൽ ആനന്ദ | 66 |
| ആത്മസന്തോഷം കൊണ്ടാനന്ദിപ്പാൻ | 38 |
| ആരാധിക്കുന്നു ഞങ്ങൾ ആരാധിക്കു | 9 |
| ആരാധിക്കുന്നു ഞങ്ങൾ നിൻ സന്നിധ | 178 |
| ആരാധനയ്ക്കു യോഗ്യനെ നിന്നെ | 152 |
| ആരാധിക്കുമ്പോൾ വിടുതൽ | 209 |
| ആരാധിക്കാം നമുക്കാരാധിക്കാം | 261 |
| ആനന്ദം ആനന്ദമേ ക്രിസ്ത്യജീവിതം | 62 |
| ആരാധ്യനെ ആരാധ്യനെ ആരിലുമുന്നതനായവനെ | 229 |
| ആശ്രയം യേശുവിൽ എന്നതിനാൽ | 65 |
| ആരാധ്യനെ ആരാധ്യനെ ആരാധിക്കുന്നു ഞങ്ങൾ | 230 |
| ആലോചനയിൽ വലിയവൻ | 228 |
| ആശ്വാസദായകനായ് എനിക്കേശു അരികിലുണ്ട് | 231 |

## ഇ

| | |
|---|---|
| ഇഹത്തിലെ ദുരിതങ്ങൾ തീരാറായ് | 33 |
| ഇമ്മാനുവേൽ തൻ ചങ്കതിൽ | 147 |
| ഇതെന്തു ഭാഗ്യം യേശു നാഥനോടു | 67 |
| ഇത്രത്തോളം യഹോവ സഹായിച്ചു | 208 |
| ഇതു യഹോവയുണ്ടാക്കിയ സുദിനം | 241 |

## ഉ

| | |
|---|---|
| ഉണർന്നെഴുന്നേൽക്കുക തിരുസഭയെ | 26 |
| ഉയർത്തിടും ഞാനെന്റെ കൺകൾ | 47 |
| ഉയർപ്പിൻ ജീവനാൽ നിത്യജീവൻ | 68 |
| ഉയിർത്തെഴുന്നേററു, ഹല്ലേലുയ്യാ | 69 |

## എ

| | |
|---|---|
| എന്തതിശയമേ ദൈവത്തിൻ | 90 |
| എന്തു നല്ലോർ സഖി യേശു | 49 |
| എന്താനന്ദം എനിക്കെന്താനന്ദം | 91 |
| എൻ മനമേ ദിനം വാഴ്ത്തുക നീ | 15 |
| എൻ ഹൃദയം ശുഭവചനത്താൽ | 70 |
| എൻ സങ്കടങ്ങൾ സകലവും | 71 |
| എൻ പേർക്കായി ജീവൻ വെടിഞ്ഞ | 77 |
| എൻ ദൈവം നല്ലവൻ എന്നെന്നുമേ | 79 |
| എൻ പ്രീയരക്ഷകൻ നീതിയിൻ | 184 |
| എൻ പ്രിയൻ വലങ്കരത്തിൽ | 72 |
| എൻ പ്രിയനെന്തു മനോഹരനാം | 73 |
| എൻ പ്രിയനെപ്പോൽ സുന്ദരനായ് | 74 |
| എൻ പ്രാണനാഥനെന്നു വരും | 75 |
| എൻ രക്ഷകാ എൻ ദൈവമേ | 42 |
| എൻ ദൈവം നല്ലവൻ എന്നെന്നുമേ | 235 |
| എന്നാളും സ്തുതിക്കണം നാം | 236 |
| എന്താനന്ദം എനിക്കെന്താനന്ദം | 237 |
| എന്തു സന്തോഷമേ കാൽവറി സ്നേഹം | 238 |
| എന്റെ ബലമായ കർത്തനെൻ | 83 |
| എന്റെ സങ്കേതവും ബലവും | 143 |
| എന്റെ സമ്പത്തെന്നു ചെല്ലുവാൻ | 82 |
| എന്റെ ദൈവം മഹത്വത്തിൽ | 76 |
| എന്റെ ദൈവം എല്ലാനാളും | 114 |
| എന്റെ ദൈവത്താൽ എന്റെ | 217 |
| എന്റെ ദൈവത്താൽ എല്ലാം സാദ്ധ്യം | 266 |
| എന്റെ യേശു എനിക്കു നല്ലവൻ | 80 |
| എന്റെ പ്രിയൻ വാനിൽ വരാറായ് | 203 |
| എനിക്കായൊരുത്തമസമ്പത്ത് | 136 |
| എനിക്കെന്റെ യേശുവിനെ | 89 |
| എന്നുള്ളമേ സ്തുതിക്ക നീ പരനെ | 6 |
| എന്നുള്ളമേ സ്തുതിക്ക നീ യഹോവ | 198 |
| എന്നും നല്ലവൻ യേശു എന്നും നല്ലവ | 88 |
| എന്നുവന്നിടും പ്രിയാ എന്നുവന്നിടും | 14 |
| എന്നെ കരുതുവാൻ കാക്കുവാൻ | 57 |
| എന്നേശുവല്ലാതില്ലെനിക്കൊരാശ്രയം | 85 |

എന്നേശുവിൻ സന്നിധിയിൽ 21
എന്നോടുള്ള നിൻ സർവ്വ 44
എല്ലാം അങ്ങേ മഹത്വത്തിനായ് 43

ഏ

ഏഴു പൊൻ നിലവിളക്കിൻ നടുവിൽ 239

ഒ

ഒന്നുമില്ലായ്കയിൽ നിന്നെന്നെ 30
ഒന്നേയുള്ളെനിക്കാനന്ദമുലകിൽ 92

ക

കർത്തൃകാഹളം വാനിൽ കേൾക്കാറായ് 52
കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ 100
കർത്താവിൽ സന്തോഷം 36
കർത്താവിലെന്നും എൻെറ ആശ്രയം 35
കർത്താവു തൻ ഗംഭീരനാദത്തോടും 154
കർത്തൻ നീ കർത്തൻ നീ 168
കർത്തനെ വാഴ്ത്തി വാഴ്ത്തി വണങ്ങി 99
കർത്താവിൻ സ്നേഹത്തിൽ 214
കർത്താവു മേഘത്തിൽ വന്നിടാറായ് 219
കണ്ണുനീർ എന്നു മാറുമോ 206
കണ്ണുനീർ താഴ്വരയിൽ ഞാനേററം 175
കരുതുന്നവൻ ഞാനല്ലയോ 222
കരുണയിൻ സാഗരമേ 151
കരുണാനിധിയേ കാൽവറി അൻപേ 195
കഷ്ടങ്ങൾ സാരമില്ല 224
കണ്ടാലും കാൽവറിയിൽ കുരിശിൽ 177
കാൽവറിയിൽ കാണും സ്നേഹമത്ഭുത 135
കാണുന്നു ഞാൻ യാഹിൽ 34
കാഹളം കാതുകളിൽ കേട്ടിടാറായ് 242
കാന്തനെ കാണുവാനാർത്തി വളരുന്നേ 121
കുരിശും നിജതോളിലെടുത്തൊരുവൻ 201
കുഞ്ഞാട്ടിൻ തിരുരക്തത്താൽ 2
കൂടുവിട്ടൊടുവിൽ ഞാനെൻ 13
കൊടുങ്കാററടിച്ചു അലയുയരും 174
കൃപയേറും കർത്താവിലെൻ വിശ്വാസം 170
കൃപയിൻ അത്യന്ത ധനം 243
കൃപ ലഭിച്ചോരെല്ലാം സ്തുതിച്ചീടട്ടെ 225

ക്രിസ്തീയജീവിതം സൗഭാഗ്യജീവിതം 141
ക്രൂശിന്മേൽ ക്രൂശിന്മേൽ 156
ക്രൂശിൽ നിന്നും പാഞ്ഞൊഴുകിടുന്ന 215

ഗ

ഗീതം ഗീതം ജയ ജയ ഗീതം 3

ജ

ജീവൻെറ ഉറവിടം ക്രിസ്തുവത്രേ 169
ജയം ജയം ഹല്ലേലുയ്യാ 93

ഞ

ഞാൻ പാപിയായിരുന്നെന്നേശു 98
ഞാൻ പാടുമീ നാളിനി മോദാൽ 142
ഞാൻ വരുന്നു ക്രൂശികൽ 40
ഞാൻ യഹോവയെ എല്ലാ നാളിലും 124
ഞാനെന്നും സ്തുതിക്കും എൻ പരനെ 127

ത

തീ കത്തിക്ക എന്നിൽ 37
തിരുക്കരത്താൽ വഹിച്ചു എന്നെ 113
തുണയെനിക്കേശുവേ 24
തേടിവന്നോ ദോഷിയാം എന്നെയും 86
തേജസ്സിൽ യേശുവിൻ പൊൻമുഖം 95

ദ

ദയ ലഭിച്ചോർ നാം സ്തുതിച്ചിടുവോം 53
ദാവീദെപ്പോലെ നടനമാടി 212
ദിനം ദിനം ദിനം നീ വാഴ്ത്തുക 128
ദേവസുത സന്തതികളെ വിശുദ്ധരേ 123
ദേവേശാ യേശുപരാ ജീവനെനിക്കായ് 176
ദൈവപിതാവേ അങ്ങയെ ഞാൻ 205
ദൈവത്തിൻ കൃപയെ ചിന്തിക്കാം 202
ദൈവത്തിൻ നാമത്തിൽ നാം 180
ദൈവത്തിൻെറ ഏകപുത്രൻ 188
ദൈവത്തിനു സ്തോത്രം ദൈവത്തിനു 23
ദൈവത്തിനു സ്തോത്രം ചെയ്തീടുവി 16
ദൈവകരുണയിൻ ധനമാഹാത്മ്യം 189
ദൈവകൃപയിൽ ഞാനാശ്രയിച്ച് 112
ദൈവജനമേ ഉണർന്നു നിൻ ബലം 185

## ന


നമുക്കഭയം ദൈവമത്രേ 172
നടത്തിടുന്നു ദൈവമെന്നെ 181
നടത്തിയ വിധങ്ങൾ 213
നാമെല്ലാരും ഒന്നായ് കൂടുവോം 130
നാം വിമുക്തന്മാർ ദൈവകൃപ 129
നാഥൻ വരാറായ് ഓ.. നാഥൻ 218
നന്ദിയാലെന്നുള്ളം പൊങ്ങുന്നേ 160
നിത്യസ്നേഹത്താലെന്നെ അവൻ 1
നിനക്കായ് കരുതും അവൻ 192
നിൻകൃപയിൽ ഞാൻ ആശ്രയിക്കുന്നേ 134
നിൻെറ ഹിതം പോലെയെന്നെ 48
നിലവിളിക്ക നിലവിളിക്ക 246
നീയെന്നും എൻ രക്ഷകൻ 173


## പ


പരമപിതാവിനു സ്തുതി പാടാം 110
പരപരമേശാ വരമരുളീശാ 46
പരിശുദ്ധാത്മാവേ ശക്തി പകരണമേ 39
പരിശുദ്ധാത്മാവിൻ ശക്തിയാലെ 211
പരിശുദ്ധ പരാപരനെ പരനേ 193
പാടി പുകഴ്ത്തിടാം ദേവ ദേവനേ 20
പാടും ഞാൻ പരമേശനു സതതം 119
പാടും ഞാനേശുവിൻ അതുല്യസ്നേ 167
പാടും ഞാനേശുവിന് ജീവൻ പോവോളം 11
പുകഴ്ത്തിൻ യേശുവേ പുകഴ്ത്തിൻ 190
പാതാളമേ മരണമേ നിന്നുടെ ജയം എവിടെ 247
പതിനായിരം പേർകളിൽ പരമ സുന്ദരനായ 248
പുത്തനാം യെറുശലേമിൽ എത്തും 200
പോകേണമൊരുനാൾ കൂടാരം വിട്ടു നാം 265
പോർക്കളത്തിൽ നാം പൊരുതുക 139
പൊന്നേശു നരർ തിരുബലിമരണം 146
പെന്തക്കോസ്തു നാളിൽ മുൻമഴ 94
പ്രതിഫലം തന്നീടുവാൻ യേശുരാജൻ 108
പ്രത്യാശയോടിതാ ഭക്തരങ്ങുണരുന്നേ 118
പ്രിയൻ വേഗം വരും നിത്യരാജാവായ് 120
പ്രാർത്ഥന കേൾക്കണമേ കർത്താവേ 102
പ്രാർത്ഥനയ്ക്കുത്തരം നൽകുന്നോനേ 50


## ഭ


ഭയപ്പെടാതെ നാം പോയിടാം 194
ഭയപ്പെടേണ്ട ഇനി ഭയപ്പെടേണ്ട 262
ഭാഗ്യനാട്ടിൽ പോകും ഞാൻ എൻെറ 84
ഭൂവാസികളെ യഹോവയ്ക്കാർപ്പിടുവിൻ 233


## മ


മഹത്വമേ മഹത്വമേ മഹത്വം 7
മഹൽ സ്നേഹം മഹൽ സ്നേഹം 164
മൽപ്രിയനേ ഇദ്ധരയിൽ നിന്നു 96
മൽപ്രിയനേ എന്നേശു നായകനേ 27
മറവിടമായെനിക്കേശുവുണ്ട് 163
മന്നാ ജയ ജയ മന്നാ ജയ ജയ 268
മരുഭൂവിന്നപ്പുറത്ത് കഷ്ടങ്ങൾക്കപ്പുറത്ത് 269


## യ


യാക്കോബിൻ ദൈവമെന്നും 107
യാഹ് നല്ല ഇടയൻ എന്നും 182
യാഹേ നീയെൻ ദൈവം 131
യാഹെന്ന ദൈവമെന്നിടയനഹോ 133
യഹോവ ദൈവമാം വിശുദ്ധ 140
യഹോവ-യിരേ ദാതാവാം ദൈവം 223
യേശു എൻ സങ്കേതം എൻ നിത്യ 56
യേശു എന്നടിസ്ഥാനം ആശ 165
യേശു എന്നുള്ളത്തിൽ വന്നനാളിൽ 166
യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു 29
യേശു മണവാളൻ നമ്മെ ചേർക്കുവാ 216
യേശുവിൻ നാമം എന്നേശുവിൻ നാമ 171
യേശു മഹോന്നതനെ 255
യേശുവേ ധ്യാനിക്കുമ്പോൾ 256
യേശു രാജൻ മേഘത്തേരിൽ 257
യേശുവിൻ ജനമേ ഭയമെന്തിനകമേ 258
യേശുവിൻ മാർവ്വിൽ ചാരിടുക 259
യേശുവിൻ നാമം വിജയിക്കട്ടെ 260
യേശുവിൻ സ്നേഹത്താൽ 155
യേശുവിൻ നാമം മധുരിമ നാമം 31
യേശുവിൻെറ രക്തത്താൽ വീണ്ടെടു 207
യേശുവിൻ ജനമേ ഭയമെന്തിനകമേ 227

യേശുവേ മണാളനേ പ്രത്യാശയിൻ 158
യേശുവേ എൻ പ്രാണനായകാ 45
യേശുവോടു ചേർന്നിരിപ്പതെത്ര 153
യേശു വരുന്നേ പൊന്നേശു വരുന്നേ 116
യേശു നല്ലവൻ അവൻ വല്ലഭൻ 149
യേശു നല്ലവൻ എനിക്കു യേശു 199
യേശുനായകാ പാപശാപ നാശകാ 126

## ര

രക്തം ജയം.. രക്തം ജയം.. 221
രാജാധിരാജൻ മഹിമയോടെ 109
രാജാധിരാജൻ വരുന്നിതാ 101
രാജ്യം ഒരുക്കി താൻ വേഗം വരുന്നല്ലോ 226

## ല

ലോകം നിന്നിലുള്ള വെള്ളി പൊന്നി 204
ലക്ഷോലക്ഷം ദൂതർ സേവിതനിതാ 244
ലോകത്തിലേക ആശ്രയം എൻ യേശു മാത്രം 245
ലോകത്തിൻ പാപം ചുമപ്പാൻ 186
ലോകമാം ഗംഭീര വാരിധിയിൽ 137
ലോകെ ഞാനെൻ ഓട്ടം തികച്ചു 122

## വ

വന്ദനം യേശുപരാ നിനക്കെന്നും 12
വന്ദനം ചെയ്തീടുവീൻ ശ്രീയേശുവെ 10
വന്ദനമേ യേശുരക്ഷകൻ എൻ നായക 5
വരുവീൻ യേശുവിൻ അരികിൽ 191
വാനമേഘേ വിശുദ്ധരെ ചേർത്തിടുവാ 220
വാഴ്ത്തി സ്തുതിക്കും എന്നും ഞാൻ 4
വാഴ്ത്തീടുക സ്തുതിച്ചാർത്തിടുക 162
വാഴ്ത്തീടുമെ, വാഴ്ത്തീടുമെ ഇമ്മാനു 179
വാഴ്ത്തുക നീ മനമേ, എൻ പരനേ 19
വാഴ്ത്തുന്നേ എന്നേശുരാജനെ 125
വാഴ്ത്തുമെന്നും പരമേശനെ 254
വാഴും ഞാനെൻ രക്ഷിതാവിൻ 117
വിശ്വാസ ജീവിത പടകിൽ ഞാൻ 161
വിശുദ്ധിയെ തികച്ചു നാം ഒരുങ്ങി 25
വീണ്ടെടുക്കപ്പെട്ട കൂട്ടമേ വേഗമുണ 159

## ശ

ശാലേം രാജൻ വരുന്നൊരു ധ്വനികൾ 87
ശുദ്ധർ സ്തുതിക്കും വീടെ 157
ശ്രീയേശു നാമം അതിശയ നാമം 32

## സ

സത്യത്തിൻെറ പാതയിൽ സ്നേഹ 17
സർവ്വ സൃഷ്ടികളുമൊന്നായ് 28
സർവ്വ പാപക്കറകൾ തീർത്തു നരരെ 145
സർവ്വവും യേശു നാഥനായ് 41
സർവ്വലോക സൃഷ്ടിതാവേ സർവ്വത്തി 183
സങ്കേതമേ നിൻെറ അടിമ ഞാനേ 97
സാധുവെന്നെ കൈവിടാതെ 196
സീയോൻ മണാളനേ ശാലേമിൻ 144
സീയോൻ സഞ്ചാരി ഞാൻ 22
സീയോൻ സൈന്യമേ ഉണർന്നീടുവി 138
സീയോൻസഞ്ചാരികളെ ആനന്ദിപ്പിൻ 115
സേനയിനധിപൻ ദേവനിലതിയായ് 132
സ്വർഗ്ഗീയ പിതാവേ നിൻ തിരുഹിതം 111
സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും 51
സ്വർഗ്ഗ്യരാജ്യ നിരൂപണമെൻ 148
സ്ഥിരമാനസൻ കർത്തനിൽ 150
സ്തുതി സ്തുതി എൻ മനമേ 106
സ്തുതി ചെയ് മനമേ നിത്യവും 54
സ്തുതി ഗീതം പാടി പുകഴ്ത്തിടുന്നെൻ 104
സ്തുതി ഗീതം പാടുക നാം 103
സ്തുതിച്ചീടുവിൻ കീർത്തനങ്ങൾ 55
സ്തുതിക്കാം ദൈവജനമേ 267
സ്തുതിക്കും ഞാനെന്നും സ്തുതിക്കും ഞാൻ 252
സ്തുതികളിൻ മേൽ വസിക്കുന്നവനെ 253
സ്തുതിപ്പിൻ സ്തുതിപ്പിൻ അനുദിനം 187
സ്തുതിപ്പിൻ സ്തുതിപ്പിൻ ദൈവജനമേ 105
സ്തുതിപ്പീൻ സ്തുതിപ്പീൻ എന്നും 8
സ്തോത്രയാഗമാം സുഗന്ധം 249
സ്തോത്രയാഗമർപ്പിക്കുന്നു ഞാൻ 250
സ്തോത്രങ്ങൾ പാടി ഞാൻ വാഴ്ത്തീടുമേ 251
സ്തോതോത്രമേ സ്തോത്രമേ പ്രീയ യേശു 197
സ്തോത്രഗീതം പാടുക നീ മനമേ 18

## ഹ

ഹാ, മനോഹരം യാഹേ നിൻെറ ആലയം **78**
ഹാ ചിന്തിക്കുകിൽ പരദേശികൾ 240

# 1

നിത്യസ്നേഹത്താലെന്നെ അവൻ സ്നേഹിച്ചു
അളവില്ലാത്ത തൻ കരുണയാൽ
നീക്കിയെൻ അശുദ്ധിയെല്ലാം

യേശുവേ പ്രാണനാഥാ
നിന്നോടു ചേരുന്നതെനിക്കു ലാഭം
ഹല്ലേലുയ്യാ പാടിടും ഞാൻ
ശോഭിതനഗരത്തെ കാണുന്നിതാ
യോർദ്ദാനെ ഭയപ്പെടുമോയിനി
കാണുന്നെന്നേശുവെ മറുകരയിൽ

1. സൗഖ്യദായകനേശു നടത്തുന്നെന്നെ
അവനടിച്ചാലും ആയതെനിക്ക്
നന്മയ്ക്കായ് തീർന്നീടുമേ യേശു

2. വരുവാനുള്ള മഹിമ ഓർക്കുന്നടിയാൻ
അകററുമെൻ ആമയം പൂർണ്ണമായി
ആനന്ദമേയെനിക്ക് യേശു

3. നിൻ വിശ്രാമത്തിലണയും വിശുദ്ധർ ഗണം
കാന്തയായ് വാഴുമേ സ്വർഗ്ഗത്തിൽ
ഇതിൽപരം ഭാഗ്യമുണ്ടോ യേശു

Index

## 2

കുഞ്ഞാട്ടിൻ തിരുരക്തത്താൽ ഞാൻ ശുദ്ധനായ് തീർന്നു
തൻ ചങ്കിലെ ശുദ്ധരക്തത്താൽ ഞാൻ ജയം പാടിടും
മഹത്വം രക്ഷകാ സ്തുതി നിനക്കെന്നും
ചേററിൽ നിന്നെന്നെ നീ വീണ്ടെടുത്തതിനാൽ
സ്തുതിക്കും നിന്നെ ഞാൻ ആയുസിൻ നാളെല്ലാം
നന്ദിയോടടി വണങ്ങും

1. ആർപ്പോടു നിന്നെ ഘോഷിക്കും ഈ സീയോൻ യാത്രയിൽ
മുമ്പോട്ടുതന്നെ ഓടുന്നു എൻ വിരുതിന്നായി
ലഭിക്കും നിശ്ചയം എൻ വിരുതെനിക്ക്
ശത്രുക്കളാരുമേ കൊണ്ടുപോകയില്ല
പ്രാപിക്കും അന്നു ഞാൻ രാജൻ കൈയിൽ നിന്നും
ദൂതന്മാരുടെ മദ്ധ്യത്തിൽ

2. എൻ ഭാഗ്യകാലം ഓർക്കുമ്പോൾ എന്നുള്ളം തുള്ളുന്നു
ഈ ലോകസുഖം തള്ളി ഞാനാ ഭാഗ്യം കണ്ടപ്പോൾ
നിത്യമാം രാജ്യത്തിൽ അന്നു ഞാൻ പാടിടും
രാജൻ മുഖംകണ്ടു എന്നും ഞാൻ ഘോഷിക്കും
രക്തത്തിൻ ഫലമായ് വാഴുമേ സ്വർഗ്ഗത്തിൽ ഞാൻ
കോടി കോടി യുഗങ്ങളായി

3. മനോഹരമാം സീയോനിൽ ഞാൻ വേഗം ചേർന്നീടും
എൻ ക്ലേശമാകെ നീങ്ങിപ്പോം അവിടെ എത്തുമ്പോൾ
നിത്യമാം സന്തോഷം പ്രാപിക്കും അന്നു ഞാൻ
എൻ ശത്രുവിനത് എടുപ്പാൻ പാടില്ല
ആനന്ദം കൂടിടും സാനന്ദം പാടിടും
ഞാൻ ശ്രീയേശു രാജൻ മുമ്പാകെ

# 3

**ഗീതം ഗീതം ജയ ജയ ഗീതം**
**പാടുവിൻ സോദരരേ, നമ്മൾ**
**യേശുരാജൻ ജീവിക്കുന്നതിനാൽ**
**ജയഗീതം പാടിടുവിൻ**

1. **പാപം ശാപം സകലവും തീർപ്പാൻ**
**അവതരിച്ചിഹെ നരനായ് - ദൈവ**
**കോപത്തീയിൽ വെന്തെരിഞ്ഞവനാം**
**രക്ഷകൻ ജീവിക്കുന്നു** **ഗീതം**

2. **ഉലകമഹാന്മാരഖിലരുമൊരുപോൽ**
**ഉറങ്ങുന്നു കല്ലറയിൽ - നമ്മൾ**
**ഉന്നതനേശു മഹേശ്വരൻ മാത്രം**
**ഉയരത്തിൽ വാണിടുന്നു** **ഗീതം**

3. **കലുഷതയകററി കണ്ണുനീർ തുടപ്പിൻ**
**ഉൽസുകരായിരിപ്പിൻ - നമ്മൾ**
**ആത്മനാഥൻ ജീവിക്കവെ**
**ഇനി അലസത ശരിയാണോ** **ഗീതം**

4. **വാതിലുകളെ നിങ്ങൾ തലകളെ ഉയർത്തിൻ**
**വരുന്നിതാ ജയരാജൻ - നിങ്ങൾ**
**ഉയർന്നിരിപ്പിൻ കതകുകളെ**
**ശ്രീയേശുവെ സ്വീകരിപ്പാൻ** **ഗീതം**

Index

# 4

വാഴ്ത്തി സ്തുതിയ്ക്കും എന്നും ഞാൻ എന്റെ
താഴ്ചയിൽ ഓർത്ത ഈശനെ

1. വർണ്ണിച്ചിടാനെനിക്കെന്റെ നാവു പോരായേ
എണ്ണിത്തീർത്തിടാമോ അവൻ ചെയ്തത്
ആയിരമായ് സ്തുതിച്ചിടുന്നെൻ
ആനന്ദഹസ്തങ്ങളെ ഉയർത്തി — വാഴ്ത്തി

2. പാപശാപരോഗമായതിന്റെ ഭീതിയാൽ
നാശഗർത്തത്തിൽ പതിക്കും നേരത്തിൽ
സ്നേഹഹസ്തം നീട്ടിയെന്നെ
നിൻ തിരുരാജ്യത്തിലാക്കിയല്ലോ — വാഴ്ത്തി

3. ചേറ്റിലല്ലയോ കിടന്നതോർത്തു നോക്കിയാൽ
നാറ്റമല്ലയോ വമിച്ചതെൻ ജീവിതം
മാറ്റിയല്ലോ എൻ ജീവിതത്തെ
മാറ്റമില്ലാത്ത നിന്റെ കൃപയാൽ — വാഴ്ത്തി

4. അല്ലൽതിങ്ങും ജീവിതത്തിൽ ഞാൻ വസിച്ചപ്പോൾ
വല്ലഭാ നിൻ സ്നേഹമെന്നിൽ ഊറ്റിയല്ലോ
ജയഗീതം പാടിടുവാൻ
നിൻ ജയം നീ എനിക്കേകിയല്ലോ — വാഴ്ത്തി

5. പാപികളെ തേടിവന്ന യേശു രക്ഷകൻ
പാപമില്ലാ ശുദ്ധർക്കായിതാ വരുന്നേ
വരവിൻ ദിനം അതിസമീപം
വരവിൻ പ്രത്യാശയാൽ നിറഞ്ഞിടാമേ — വാഴ്ത്തി

# 5

വന്ദനമേ യേശുരക്ഷകൻ എൻ നായകനെ
വന്ദനമേ, വന്ദനമേ, വന്ദനത്തിനെന്നും യോഗ്യനെ

1. നിന്നനുഗ്രഹങ്ങൾ എന്നിൽ നീ തന്നതാൽ
   നിന്നുടെ വന്ദനം എന്നുമെൻ ഗാനമാം — വന്ദ..
2. കാൽവറി ദർശനം കാണുന്നെൻ മുൻപിലായ
   അൻപിനാലുള്ളവും കണ്ണും നിറയുന്നേ — വന്ദ..
3. പൊന്നുമഹേശനേ നിന്നുടെ കാരുണ്യം
   സന്തതം ഓർത്തുഞാൻ നന്ദിയാൽ പാടുമേ — വന്ദ..
4. പാപവും ശാപവും രോഗവും നീങ്ങി ഞാൻ
   നീതിമാനാകുവാൻ ശാപമായ് തീർന്നോനേ — വന്ദ..
5. ഇളകാത്ത രാജ്യമാം സീയോനെൻ സ്വന്തമാം
   പരനോടുകൂടെ ഞാൻ നിത്യമായ് വാണിടും — വന്ദ..
6. പരമാനന്ദ പ്രദം പരിശുദ്ധ ജീവിതം
   പരലോക തുല്യമെൻ വിശ്വാസ സേവനം — വന്ദ..
7. ഭാരങ്ങൾ തീർന്നു ഞാൻ ആനന്ദിച്ചീടുവാൻ
   ഭാരങ്ങൾ തീർത്ത എൻ കാരുണ്യ വാരിധേ — വന്ദ..

# 6

എന്നുള്ളമേ സ്തുതിക്ക നീ പരനെ
തൻ നന്മകൾക്കായ് സ്തുതിക്കാം സ്തുതിക്കാം
എന്നന്തരംഗമേ അനുദിനവും
നന്ദിയോടെ പാടി പുകഴ്ത്താം

1. സുരലോകസുഖം വെടിഞ്ഞു
നിന്നെ തേടിവന്ന ഇടയൻ
തന്റെ ദേഹമെന്ന തിരശീല ചിന്തി
തവ മോക്ഷമാർഗം തുറന്നു എന്നുള്ള

2. പാപരോഗത്താൽ നീ വലഞ്ഞു
തെല്ലും ആശയില്ലാതലഞ്ഞു
പാരം കേണിടുമ്പോൾ തിരുമേനിയതിൽ
നിന്റെ വ്യാധിയെല്ലാം വഹിച്ചു എന്നുള്ള

3. പലശോധനകൾ വരുമ്പോൾ
ഭാരങ്ങൾ പെരുകിടുമ്പോൾ
നിന്നെ കാത്തു സൂക്ഷിച്ചൊരു കാന്തനല്ലോ
നിന്റെ ഭാരമെല്ലാം ചുമന്നു എന്നുള്ള

4. ആത്മാവിനാലെ നിറച്ചു
ആനന്ദമുള്ളിൽ പകർന്നു
പ്രത്യാശ വർദ്ധിപ്പിച്ചു പാലിച്ചിടും
തവ സ്നേഹമതിശയമേ എന്നുള്ള

# 7

മഹത്വമേ മഹത്വമേ മഹത്വം തൻ നാമത്തിന്
മഹത്വത്തിനും സ്തോത്രയാഗത്തിനും യോഗ്യൻ -എല്ലാനാളും

1. പറവകൾ മൃഗജാതി ഇഴയുന്ന ജന്തുക്കളും
   രാജാക്കൾ മഹത്തുക്കൾ പ്രഭുക്കന്മാർ വംശക്കാർ - രക്ഷകനെ
2. സൂര്യചന്ദ്രാദികൾ കർത്തനെ സ്തുതിച്ചിടട്ടെ

   സ്വർഗ്ഗാധി സ്വർഗ്ഗവും മേലുള്ള വെള്ളവും - താരങ്ങളും
3. തീക്കൽ മഴ ഹിമം ആവി കൊടുങ്കാററിവ
   പർവ്വതങ്ങൾ എല്ലാ കുന്നു മലകളും - വാഴ്ത്തീടട്ടെ
4. ബാലന്മാർ വൃദ്ധന്മാർ യുവതികൾ യുവാക്കന്മാരും
   തപ്പുകൾ കിന്നരം കൈത്താളമേളത്താൽ - വാഴ്ത്തീടട്ടെ

# 8

സ്തുതിപ്പിൻ സ്തുതിപ്പിൻ എന്നും സ്തുതിച്ചീടുവിൻ
യേശു രാജാധിരാജാവിനെ
ഈ പാർത്തലത്തിൽ സൃഷ്ടി കർത്തനവൻ
എന്റെ ഉള്ളത്തിൽ വന്നതിനാൽ

ആ...ആ....ആനന്ദമേ പരമാനന്ദമേ
ഇതു സ്വർഗ്ഗീയ സന്തോഷമേ
ഈ പാർത്തലത്തിൽ സൃഷ്ടികർത്തനവൻ
എന്റെ ഉള്ളത്തിൽ വന്നതിനാൽ

1. അവൻ വരുന്ന നാളിൽ എന്റെ കരം പിടിച്ച്
തന്റെ മാർവ്വോടണച്ചീടുമേ
ആ സമൂഹമതിൽ അന്നു കർത്തനുമായ്
ആർത്തു ഘോഷിക്കും സന്തോഷത്താൽ ആ..

2. എൻ പാപങ്ങളെ മുററും കഴുകീടുവാൻ
തൻ ജീവനെ നൽകിയവൻ
വീണ്ടും വന്നീടുമേ മേഘവാഹനത്തിൽ
കോടാകോടി തൻ ദൂതരുമായ് ആ..

3. കൺകൾ കൊതിച്ചിടുന്നേ ഉള്ളം തുടിച്ചിടുന്നേ
നാഥാ നിന്നുടെ വരവിനായി
പാരിൽ കഷ്ടതകൾ ഏറും ദിനം തോറുമേ
കാന്താ വേഗം നീ വന്നിടണേ ആ..

## 9

ആരാധിക്കുന്നു ഞങ്ങൾ ആരാധിക്കുന്നു
ആത്മനാഥൻ യേശുവിനെ ആരാധിക്കുന്നു
ആരാധിക്കുന്നു ഞങ്ങൾ ആരാധിക്കുന്നു
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു

1. ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ ഗീതം പാടിടാം
ഹല്ലേലൂയ്യാ സ്തോത്രം പാടി ആരാധിച്ചീടാം

2. ആത്മനാഥനെ ഞങ്ങൾ മദ്ധ്യത്തിൽ വന്നു
ആത്മാവാൽ നിറച്ചീടുക ആരാധിക്കുവാൻ

3. ഇന്നു ഞങ്ങൾ വിശ്വാസത്താൽ ആരാധിക്കുന്നു
അന്നു നാഥൻ മുഖം കണ്ടു ആരാധിച്ചീടും

4. സാറാഫുകൾ ആരാധിക്കും പരിശുദ്ധനെ
സന്തോഷത്താൽ സ്വന്തമക്കൾ ആരാധിക്കുന്നു

5. ബന്ധനമഴിയും കെട്ടുകളഴിയും ആരാധനയിങ്കൽ
ബാധകൾ ഒഴിയും കോട്ടകൾ തകരും ആരാധനയിങ്കൽ

6. രോഗം മാറും ക്ഷീണം മാറും ആരാധനയിങ്കൽ
മൺകുടം ഉടയും തീ കത്തീടും ആരാധനയിങ്കൽ

7. അപ്പോസ്തലർ രാത്രി കാലെ ആരാധിച്ചപ്പോൾ
ചങ്ങലപൊട്ടി ബന്ധിതരെല്ലാം മോചിതരായല്ലോ

# 10

വന്ദനം ചെയ്തീടുവീൻ ശ്രീയേശുവെ
വന്ദനം ചെയ്തീടുവീൻ - നിരന്തരം

1. സന്തതം സകലരും സന്തോഷധ്വനിയിൽ
   സ്തോത്രസംഗീതം പാടി .. ആ ..ആ .. ശ്രീയേശുവെ വന്ദനം
2. രാജിതമഹസ്സെഴും മാമനുസുതനെ
   രാജസമ്മാനിതനെ .. ആ ..ആ .. ശ്രീയേശുവെ വന്ദനം
3. കല്ലറ തുറന്നവൻ മൃത്യുവെ ജയിച്ചു
   വല്ലഭനായവനെ .. ആ ..ആ .. ശ്രീയേശുവെ വന്ദനം
4. നിത്യവും നമുക്കുള്ള ഭാരങ്ങളഖിലം
   തീർത്തു തരുന്നവനെ .. ആ ..ആ .. ശ്രീയേശുവെ വന്ദനം
5. ഭീതിയാം കൂരിരുളഖിലവും നീക്കും
   നീതിയിൻ സൂര്യനാകും .. ആ ..ആ .. ശ്രീയേശുവെ വന്ദനം
6. പാപമില്ലാത്ത തൻ പരിശുദ്ധ നാമം
   പാടി സ്തുതിച്ചിടുവിൻ .. ആ ..ആ .. ശ്രീയേശുവെ വന്ദനം

Index

# 11

പാടും ഞാനേശുവിനു -
ജീവൻ പോവോളം നന്ദിയോടെ

1. പാടും ഞാനെന്നകതാരിലനുദിനം
   വാഴും ശ്രീയേശുവിന്ന്- ഒരു
   കേടും കൂടാതെന്നെ പാലിക്കും നാഥനെ
   പാടി സ്തുതിക്കുമെന്നും പാടും

2. സ്വന്തജനമായ യൂദന്മാരെ തള്ളി
   അന്ധതയിൽ കിടന്നു - ബഹു
   സന്താപത്തോടുഴന്നീടും പുറജാതി
   സന്തതിയെ വീണ്ടോനേ പാടും

3. കാട്ടൊലിവിൻ ശാഖയായിരുന്ന എന്നിൽ
   നല്ല ഫലം നിറപ്പാൻ - അവൻ
   വെട്ടിയിണച്ചെന്നെ നല്ലൊലിവിൻ തരു-
   വോടതു ചിന്തിച്ചെന്നും പാടും

4. കൺമണി പോലെന്നെ ഭദ്രമായ് നിത്യവും
   കാവൽ ചെയ്തീടാമെന്നും - തൻെറ
   കണ്ണുകൊണ്ടെന്നെ നടത്തീടാമെന്നതും
   ഓർത്തതി മോദമോടെ പാടും

5. കാന്തനിവനതി മോദമോടെ മേഘ
   വാഹനത്തിൽ കയറി - തൻെറ
   കാന്തയോടുല്ലസിച്ചാനന്ദിപ്പാനെഴു-
   ന്നെള്ളുന്നതോർത്തുകൊണ്ടും പാടും

# 12

വന്ദനം യേശുപരാ നിനക്കെന്നും വന്ദനം യേശുപരാ
വന്ദനം ചെയ്യുന്നു നിന്നടിയാർ തിരുനാമത്തിന്നാദരവായ്

1. ഇന്നുനിൻ സന്നിധിയിൽ അടിയാർക്കു വന്നു ചേരുവതിനായ്
   തന്ന നിന്നുന്നതമാം കൃപയ്ക്കഭിവന്ദനം ചെയ്തിടുന്നു
2. നിൻ രുധിരമതിനാൽ പ്രതിഷ്ഠിച്ച ജീവപുതുവഴിയായ്
   നിന്നടിയാർക്കു പിതാവിൻ സന്നിധൗ വന്നിടാമേ സതതം
3. ഇത്ര മഹത്വമുള്ള പദവിയെ ഇപ്പുഴുക്കൾക്കരുളാൻ
   പാത്രതയേതുമില്ല നിന്റെ കൃപ എത്ര വിചിത്രമഹോ
4. വാനദൂതഗണങ്ങൾ മനോഹരഗാനങ്ങളാൽ സതതം
   ഊനമെന്യേ പുകഴ്ത്തി സ്തുതിക്കുന്ന വാനവനേ നിനക്കു
5. മന്നരിൽ മന്നവൻ നീ മനുകുലത്തിന്നു രക്ഷാകരൻ നീ
   മിന്നും പ്രഭാവമുള്ളോൻ പിതാവിന്നു സന്നിഭൻ നീയല്ലയോ

6. നീയൊഴികെ ഞങ്ങൾക്കു സുരലോകെ ആരുള്ളു ജീവനാഥാ
നീയൊഴികെ ഇഹത്തിൽ മററാരുമില്ലാശ്രയിപ്പാൻ പരനേ

# 13

കൂടുവിട്ടൊടുവിൽ ഞാനെൻ
നാട്ടിലെൻ വീടിൻെറ ഉള്ളിലെത്തും
പാടിടും ജയഗീതമേ ഞാൻ പങ്കപ്പാടുകളേററവനായ്

1. ഉററവർ സ്നേഹിതർ പക്ഷം തിരിഞ്ഞു നിന്നു,
മുററും വിടക്കെന്നെന്നെ തള്ളിടുമ്പോൾ
പററിച്ചേർന്നവൻ നിൽക്കുമേ
ഒടുവിൽ പക്ഷത്തു ചേർത്തീടുമേ കൂടു

2. ലോകം എനിക്കുവേണ്ട, ലോകത്തിനിമ്പം വേണ്ട,
പോകണം യേശുവിൻ പാതേ നോക്കി
ഏകുന്നു സമസ്തവും ഞാൻ എൻെറ
ഏകനാഥനെ നിനക്കായ് കൂടു

3. പ്രാപഞ്ചികമാകും പ്രകൃതമെല്ലാം മാറും,
പ്രാണപ്രിയനോടു കൂടെയെത്തുമ്പോൾ
പ്രാക്കൾ കണക്കെ പറക്കും നാമന്ന്
പ്രാപിക്കും രൂപാന്തരം കൂടു

# 14

എന്നുവന്നിടും പ്രിയാ എന്നുവന്നിടും
കൺകൾ കൊതിച്ചിടുന്നേ
ചേററിൽ നിന്നെന്നെ ഉയർത്തിയോനേ
വെമ്പിടുന്നു നിൻ മുഖം കണ്ടിടാൻ

1. ശത്രുക്കൾ മുമ്പാകെ മേശ നീ ഒരുക്കി
   എന്നെ നടത്തിയതാൽ സ്തുതിച്ചിടുന്നേ
   കൊടുങ്കാററിനെ ശാന്തമാക്കി എൻെറ
   ജീവിതം നീ ധന്യമാക്കി തീർത്തു എന്നു

2. ലോകരെല്ലാവരും കൈവിട്ടപ്പോൾ എന്നെ
   കൈ വെടിഞ്ഞിടാത്തവൻ നീ മാത്രമേ
   നിനക്കുവേണ്ടി അന്ത്യത്തോളവും എൻെറ
   ജീവിതം പാർത്തലേ കഴിച്ചിടും ഞാൻ എന്നു

# 15

എന്മനമേ ദിനം വാഴ്ത്തുക നീ
എൻെറ സർവ്വാന്തരംഗവുമേ യഹോവയെ
എന്മനമേ ദിനം വാഴ്ത്തുക നീ

1. തന്നുപകാരങ്ങൾ ഓർത്തു നിരന്തരം
നന്ദിയാൽ പ്രിയനെ വാഴ്ത്തിപുകഴ്ത്തിടാം
നിന്നകൃത്യങ്ങൾ മോചിച്ചിടുന്നു
നിന്നുടെ രോഗങ്ങൾ സൗഖ്യമാക്കുന്നു
നിൻ ജീവനവൻ വീണ്ടെടുത്തിടുന്നു എന്മനമേ

2. നിന്നുടെ യൗവ്വനം കഴുകൻ പോൽ പുതുക്കി
നന്മയാൽ വായ്ക്കവൻ തൃപ്തിയെ തരുന്നു
പീഢിതർക്കായ് നീതി ന്യായം നടത്തി
തൻ ദയ നമ്മെ അണിയിക്കുന്നോൻ
കൃപയും കരുണയും നിറഞ്ഞവൻ താൻ എന്മനമേ

3. നമ്മുടെ പാപങ്ങൾക്കൊത്ത വിധം പരൻ
പകരം നമ്മോടു പ്രവർത്തിക്കുന്നില്ല
വാനം ഭൂമിക്കുമേൽ ഉന്നതം പോലെ
തൻ ദയ ഭക്തർമേൽ ഉന്നതം തന്നെ
നാം വെറും പൊടി അവനോർത്തിടുന്നു എന്മനമേ

4. നരനുടെ ആയുസു പുല്ലു പോലാകുന്നു
വയലിലെ പൂവുപോൽ ക്ഷണികമീയുലകിൽ
എങ്കിലോ തൻ ദയ ഭക്തരിലും നീതി
മക്കളുടെ മേലും സുസ്ഥിരം തന്നെ
തൻ നിയമങ്ങൾ പ്രമാണിപ്പോർക്കും എന്മനമേ

6. സ്വർഗ്ഗ സിംഹാസനെ നിത്യമായ് വാഴുന്ന
സ്തുത്യനാം യാഹിനെ വാഴ്ത്തി വണങ്ങിടാം
തൻ വചനത്തിൻെറ ശബ്ദം ഗ്രഹിച്ച്
തൻ ഹിതം ചെയ്യുന്ന ശുശ്രൂഷക്കാരായ്
വാഴ്ത്തുവിൻ യഹോവയിൻ വൻ നാമത്തെ എന്മനമേ

# 16

ദൈവത്തിനു സ്തോത്രം ചെയ്തീടുവിൻ
അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത്
ഏകനായ് മഹാത്ഭുതങ്ങൾ ചെയ്തിടുന്നോനെ
ഏകമായ് വണങ്ങി പാടിടാമെന്നും

താൻ നല്ലവനല്ലോ ദയഎന്നുമുള്ളത്
താൻ വല്ലഭനല്ലോ സ്തുതി എന്നുമവന്
താൻഉന്നതനല്ലോ കൃപചെയ്തിടുമല്ലോ
തൻസന്നിധിയിലെന്നും പ്രമോദമുണ്ടല്ലോ

1. ജ്ഞാനത്തോടാകാശത്തെ വാർത്തെടുത്തവൻ
ഭൂമിയെ വെള്ളത്തിന്മേൽ വിരിച്ചവൻ
ജ്യോതി നൽകും സൂര്യചന്ദ്ര താരവൃന്ദത്തെ
മോടിയോടു വാനത്തിൽ തൂക്കിയവനാം താൻ

2. നീട്ടിയ ഭുജത്താൽ യിസ്രായേലിനെ
വീണ്ടെടുത്തു രക്ഷിച്ചാനന്ദം നൽകി
ചെങ്കടൽ പിളർന്നു തൻ ജനങ്ങളെ
തങ്കനിലത്തൂടെ താൻ നടത്തിയേ താൻ

3. നീണ്ട മരുഭൂമിയിൽ യാത്ര ചെയ്യുമ്പോൾ
വേണ്ടതെല്ലാം നൽകി ആദരിച്ചുതാൻ
ഇമ്പദേശം എന്നെന്നേക്കും അവർക്കായ്
അൻപോടവകാശം താനരുളിയേ താൻ

4. താഴ്ചയിൽ നമ്മെ ഓർത്താദരിച്ചല്ലോ
വീഴ്ചയെന്നിയെ കാത്തോമനിച്ചല്ലോ
വൈരിയിൻ കൈയിൽ നിന്നു വീണ്ടെടുത്തല്ലോ
ധൈര്യമായ് നമുക്കും പാടിടാമല്ലോ താൻ

5. മാനവരിൻ സ്നേഹം മാറിടുന്നേരം
മാറിടാത്ത നിത്യ സ്നേഹിതൻ തന്നെ
നേരിടുന്ന എല്ലാ വ്യാകുലങ്ങളും
തീരുമേ തൻ ഉന്നത സന്നിധാനത്തിൽ താൻ

# 17

സത്യത്തിന്റെ പാതയിൽ സ്നേഹത്തിൻ കൊടിയുമായ്
സാക്ഷികൾ സമൂഹമേ മുന്നേറിടാം

1. ഏകനാഥൻ യേശുവിൻ ജേതാക്കളേ
   ഏകാത്മാവിൽ ബലം ധരിക്കുവിൻ
   ശുദ്ധരാകുവിൻ ശക്തരാകുവിൻ
   ഘോരനായ ശത്രുവോടു പോരാടുവിൻ സത്യ..
2. ആത്മാവിൻ സർവ്വായുധങ്ങൾ നാം ധരിക്കണം
   വിശ്വാസമാം പരിചയേന്തണം
   അരയ്ക്കു സത്യവും നീതി കവചവും
   രക്ഷയിൻ ശിരസ്ത്രവും അണിഞ്ഞൊരുങ്ങണം സത്യ..
3. തിന്മകൾ നമുക്കു നേരിടേണ്ടതുണ്ടു നാം
   നന്മകളാൽ ജയം വരിക്കണം
   പാപത്തോടു നാം പോരാടണം
   പ്രാണത്യാഗത്തോളം എതിർത്തു നിൽക്കണം സത്യ..
4. ശത്രുവോടെതിർക്കുവാൻ ജയം നേടുവാൻ
   ആത്മാവിൻ ശക്തി സംഭരിക്കുവാൻ
   ഉപവസിക്കണം, പ്രാർത്ഥിക്കണം
   ഇടവിടാതെ സ്തോത്രത്തിൽ ജാഗരിക്കണം സത്യ..

# 18

സ്‌തോത്രഗീതം പാടുക നീ മനമേ
കർത്തൻ ജയം നൽകിടും നിശ്‌ചയമേ

1. താഴ്‌ചയിൽ നിന്നെ ഓർത്തവനെ
വീഴ്‌ചയെന്നിയെ കാത്തവനെ
കാഴ്ചയാലല്ല വിശ്വാസത്താലെ
വാഴ്‌ചയേകി നിത്യം ചേർപ്പവനെ സ്‌തോ..

2. ശത്രുവിൻ തല തകർത്തവനെ
മാത്രയിൽ ജയം തന്നവനെ
ശത്രു മുമ്പാകെ മേശ ഒരുക്കും
മിത്രനാം യേശുവെ സ്തുതി മനമേ സ്‌തോ..

3. കഷ്‌ടവും മഹാ ശാസനയും
നിന്ദയുമുള്ള ദിനവുമിതേ
ഉള്ളം കലക്കും കള്ളസഹോദരർ
ഭള്ളുര ചെയ്യുകിലെന്തു ഭയം സ്‌തോ..

4. ഒന്നിലും പതറീടരുതേ
കണ്ണീരിൻ വഴി പോയിടിലും
മന്നരിൽ മന്നവൻ നിന്നോടു കൂടെ
എന്നുമവൻ നിന്നെ വഴി നടത്തും സ്‌തോ..

5. പാറയിൽ നിന്നു തേൻ പൊഴിയും
ജീവനീരിൽ നിന്നു നീ കുടിയ്ക്കും
മരുഭൂപ്രയാണം കഴിയും വരെയും
മറയ്ക്കുമവൻ നിന്നെ ചിറകടിയിൽ സ്‌തോ..

6. ആശിച്ച ദേശം കാണുകയായ്
ക്ലേശം അഖിലവും തീരുകയായ്
യേശുമണാളൻ ചേർത്തിടും വേഗം
ശോഭിത മണവാട്ടി ആയി നിന്നെ സ്‌തോ..

# 19

വാഴ്ത്തുക നീ മനമേ, എൻ പരനേ
വാഴ്ത്തുക നീ മനമേ

1. വാഴ്ത്തുക തൻ ശുദ്ധ നാമത്തെപ്പേർത്തു
പാർത്ഥിവൻ തന്നുപകാരത്തെ ഓർത്തു വാഴ്ത്തുക..

2. നിന്നകൃത്യം പരനൊക്കെയും പോക്കി
തിണ്ണമായ് രോഗങ്ങൾ നീക്കി നന്നാക്കി വാഴ്ത്തുക..

3. നന്മയാൽ വായ്ക്കവൻ തൃപ്തിയെ തന്നു
നവ്യമാക്കുന്നു നിൻ യൗവ്വനമിന്നും വാഴ്ത്തുക ..

4. മക്കളിൽ കാരുണ്യം താതനെന്നോണം
ഭക്തരിൽ വാൽസല്യവാനവൻ നൂനം വാഴ്ത്തുക..

5. പുല്ലിനു തുല്യമീ ജീവിതം വയലിൽ
പൂവെന്ന പോലിതു പോകുന്നു തുലവിൽ വാഴ്ത്തുക..

6. തൻ നിയമങ്ങളെ കാത്തിടുന്നോർക്കും
തന്നുടെ ദാസർക്കും താൻ ദയ കാക്കും വാഴ്ത്തുക..

7. നിത്യരാജാവിവനോർക്കുകിൽ സർവ്വ
സൃഷ്ടികളും സ്തുതിക്കുന്ന യഹോവ വാഴ്ത്തുക..

Index

## 20

പാടി പുകഴ്ത്തിടാം ദേവ ദേവനേ
പുതിയതാം കൃപകളോടെ
ഇന്നലെയും ഇന്നും എന്നും മാറാ യേശുവേ
നാം പാടി പുകഴ്ത്താം

യേശു എന്ന നാമമെ, എൻ ആത്മാവിൻ ഗീതമേ
എൻ പ്രിയ യേശുവേ ഞാൻ എന്നും
വാഴ്ത്തി പുകഴ്ത്തിടുമേ

1. ഘോര ഭയങ്കര കാററും അലയും
കൊടിയതായ് വരും നേരത്തിൽ
കാക്കും കരങ്ങളാൽ ചേർത്തു മാർവണച്ച
സ്നേഹം നിത്യം പാടും ഞാൻ — യേശു

2. യോർദ്ദാൻ സമ മന ശോധനയിലും
താണുവീണു പോകാതെ
ആർപ്പിൻ ജയധ്വനിയോടെ കാത്തു
പാലിക്കുന്ന സ്നേഹമാശ്ചര്യം — യേശു

3. പെററ തള്ള കുഞ്ഞിനെ മറന്നാലും
ഞാൻ മറക്കാ എന്ന വാർത്തയാൽ
താഴ്ത്തി എന്നെ തൻ കരത്തിൽ വച്ചു
ജീവപാതെ എന്നും ഓടും ഞാൻ — യേശു

4. ഭൂമി എങ്ങും പോയി സാക്ഷി ചൊല്ലുവീൻ
എന്നുരച്ച കൽപ്പനയതാൽ
ദേഹം ദേഹി എല്ലാം ഒന്നായ് ചേർന്നു
പ്രിയനായി വേല ചെയ്യും ഞാൻ — യേശു

## 21

എന്നേശുവിൻ സന്നിധിയിൽ
എന്നും ഗീതങ്ങൾ പാടിടും ഞാൻ
തൻെറ മാധുര്യമേറിടും നാമമതേ
സ്തുതി ഗീതങ്ങൾ പാടിടും ഞാൻ

1. കണ്ണുനീരവൻ തുടച്ചീടുമേ
   കരുണയിൻ കരം നീട്ടിടുമേ
   എൻെറ കാൽവറി നായകൻ യേശുമതി
   നിൻെറ പാപങ്ങളകററീടുവാൻ എന്നേശു

2. പരമൻ വിളി കേട്ടിടുമ്പോൾ
   പരമാനന്ദം ലഭിച്ചിടുമേ
   നിൻെറ അകൃത്യങ്ങളൊക്കെയും അവൻ കൃപയാൽ
   അതിവേഗമകന്നിടുമേ എന്നേശു

# 22

സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ
പോകുന്നു കുരിശിൻെറ പാതയിൽ

1. മോക്ഷ യാത്രയാണിത് ഞാൻ നടപ്പതെ
കാഴ്ച്ചയാലെയല്ല വിശ്വാസത്താലെയാം
വീഴ്ച്ചകൾ താഴ്ച്ചകൾ വന്നിടും വേളയിൽ
രക്ഷകൻ കൈകളിൽ താങ്ങിടും — സീയോൻ

2. ലോകമേതും യോഗ്യം അല്ലെനിക്കതാൽ
ശോകമില്ല ഭാഗ്യം ഉണ്ടു ക്രിസ്തുവിൽ
നാഥനു മുൾമുടി ഏകിയ ലോകമേ
നീ തരും പേരെനിക്കെന്തിനായ് — സീയോൻ

3. സാക്ഷികൾ സമൂഹം എൻെറ ചുററിലും
നിൽക്കുന്നായിരങ്ങൾ ആകയാലെ ഞാൻ
പാപവും ഭാരവും വിട്ടു ഞാനോടുമാ
നേരവും യേശുവേ നോക്കിടും — സീയോൻ

4. ബാലശിക്ഷ നൽകുമെൻ അപ്പനെങ്കിലും
ചേലെഴും തൻ സ്നേഹം കുറഞ്ഞു പോയിടാ
നന്മയെ തൻ കരം നൽകുമെന്നീശനിൽ
എൻ മനം വിശ്രാമം നേടിടും — സീയോൻ

5. എന്നെ നേടുന്ന സന്തോഷമോർത്തതാൽ
നിന്ദകൾ സഹിച്ചു മരിച്ച നാഥനെ
ധ്യാനിച്ചും മാനിച്ചും സേവിച്ചും പോകയിൽ
ക്ഷീണമെന്തെന്നറികില്ല ഞാൻ — സീയോൻ

# 23

ദൈവത്തിനു സ്തോത്രം ദൈവത്തിനു സ്തോത്രം
ദൈവത്തിനു സ്തോത്രം ഇന്നും എന്നേയ്ക്കും    എന്റെ

1. കാൽവറി മലയിൽ ക്രൂശിൽ മരിച്ചോരു
രക്ഷകനു സ്തോത്രം ഇന്നും എന്നേയ്ക്കും    എന്റെ

2. പാപഭാരത്തീൽ നിന്നെന്നെ രക്ഷിച്ചോരു
ദൈവത്തിനു സ്തോത്രം ഇന്നും എന്നേയ്ക്കും    എന്റെ

3. ആത്മശക്തിയാലെൻ ഉള്ളം നിറച്ചോരു
ദൈവത്തിനു സ്തോത്രം ഇന്നും എന്നേയ്ക്കും    എന്റെ

4. രോഗ ശയ്യയിലെൻ കൂടെയിരിക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേയ്ക്കും    എന്റെ

5. ക്ഷാമകാലത്തെന്നെ ക്ഷേമമായ് പോററുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേയ്ക്കും    എന്റെ

6. ദൃഷ്ടി എന്റെ മേൽ വച്ചിഷ്ടമായ് നോക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേയ്ക്കും    എന്റെ

7. ഓരോനാളും എന്റെ ഭാരം ചുമക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേയ്ക്കും    എന്റെ

8. ശത്രുക്കൾ മുമ്പാകെ മേശ ഒരുക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേയ്ക്കും    എന്റെ

9. വൻ കൃപയിലെന്നെ ഇന്നയോളം കാത്ത
ദൈവത്തിനു സ്തോത്രം ഇന്നും എന്നേയ്ക്കും    എന്റെ

10. കണ്ണുനീർ തൂകുമ്പോൾ മനസ്സലിയുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേയ്ക്കും    എന്റെ

11. പെററ തള്ളയെക്കാൾ ഉററു സ്നേഹിക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേയ്ക്കും    എന്റെ

# 24

തുണയെനിക്കേശുവേ കുറവിനിയില്ലതാൽ
അനുദിനം തൻ നിഴലിൻ മറവിൽ വസിച്ചിടും ഞാൻ

1. അവനെൻെറ സങ്കേതവും അവലംബവും കോട്ടയും
അവനിയിലാകുലത്തിൽ
അവൻ മതി ആശ്രയിപ്പാൻ തുണ

2. പകയൻെറ കണികളിലും പകരുന്ന വ്യാധിയിലും
പകലിലും രാവിലും താൻ
പകർന്നിടും കൃപ മഴപോൽ തുണ

3. ശരണമവൻ തരും തൻ ചിറകുകളിൻ കീഴിൽ
പരിചയും പലകയുമായ് പരമനീ പാരിടത്തില തുണ

4. വലമിടമായിരങ്ങൾ വലിയവർ വീണാലും
വലയമായ് നിന്നെന്നെ വല്ലഭൻ കാത്തീടുമേ തുണ

5. ആകുല വേളകളിൽ ആപത്തു നാളുകളിൽ
ആഗതനാമരുകിൽ ആശ്വസിപ്പിച്ചീടുവാൻ തുണ

## 25

വിശുദ്ധിയെ തികച്ചു നാം ഒരുങ്ങി നിൽക്ക, പ്രിയൻ
വരുവതിൻ താമസമേറെയില്ല, തൻെറ
വാഗ്ദത്തങ്ങൾ പലതും നിറവേറുന്നേ -
ഒരുങ്ങീടാം

1. യുദ്ധങ്ങൾ ക്ഷാമങ്ങൾ ഭൂകമ്പം
പല വ്യാധികളാൽ ജനം നശിച്ചിടുന്നു
രാജ്യം രാജ്യങ്ങളോടെതിർത്തു തുടങ്ങിയല്ലോ - ഒരുങ്ങീടാം

2. കൊട്ടാരങ്ങൾ തുടങ്ങി കൊട്ടിൽ വരെ ജനം
കണ്ണുനീർ താഴ്വരയിലല്ലയോ
ഒരു സ്വസ്ഥതയുമില്ല മനുഷ്യർക്കിഹെ - ഒരുങ്ങീടാം

3. ആകാശത്തിൻ ശക്തി ഇളകുന്നതാൽ
ഭൂവിൽ എന്തു ഭവിക്കുമെന്നോർത്തുകൊണ്ട്
ജനം പേടിച്ചു നിർജ്ജീവരായിടുന്നേ - ഒരുങ്ങീടാം

3. ബുദ്ധിമാന്മാർ പലർ വീണിടുന്നേ
ദൈവശക്തി ത്യജിച്ചവരോടിടുന്നേ
ലോക മോഹങ്ങൾക്കധീനരായ് തീരുന്നതാൽ - ഒരുങ്ങീടാം

4. മേഘാരൂഢനായി വന്നീടുമേ
പതിനായിരം പേരിലും സുന്ദരൻ താൻ
തൻെറ കോമള രൂപം കണ്ടാനന്ദിപ്പാൻ - ഒരുങ്ങീടാം

5. മാലിന്യപ്പെട്ടിടാതോടീടുക
മണവാളൻ വരവേററം അടുത്തു പോയി
മണിയറയിൽ പോയി നാം ആശ്വസിപ്പാൻ - ഒരുങ്ങീടാം

# 26

ഉണർന്നെഴുന്നേൽക്കുക തിരുസഭയെ
മണവാളന്റെ വരവിനായ് ഒരുങ്ങീടുക
വരുമതി വേഗമെന്നരുളിയവൻ
പരിവാരങ്ങളോടിതാ വരുന്നു വാനിൽ

വരുമേ വാനത്തിൽ പ്രിയ കാന്തൻ
പതിനായിരങ്ങളിൽ അതിശ്രേഷ്ഠൻ
വിരവോടവനെ നാം എതിരേല്പാൻ
ഒരുങ്ങാം ഒരുങ്ങാം തിരുസഭയെ

1. ഉടയവൻ അരുളിയോരടയാളങ്ങൾ
ഭൂവിൽ നിറവേറുന്നോരോന്നായ് നിറവേറുന്നു
കൊടിയ വിനകളെങ്ങും നടമാടുന്നു
ദൈവസഭയെ നിൻ തലയെ നീ ഉയർത്തീടുക വരുമേ

2. അശുദ്ധമാം വസനത്തെ എറിഞ്ഞീടുക
ദിവ്യമഹത്വത്തിന്നലങ്കാരം ധരിച്ചീടുക
വിശുദ്ധിയെ തികച്ചു നീ ഒരുങ്ങി നിന്നാൽ
സ്വർഗ്ഗമഹിമയിൻ മണവാളൻ അണച്ചീടുമേ

വരുമേ

3. നൊടി നേരത്തേക്കുള്ള ദുരിതമുണ്ടേ
അതിന്നൊടുവിലോ നിത്യമാം മഹിമയുണ്ടേ
അനിത്യമാം സുഖത്തെ നീ വെറുത്തിടുമ്പോൾ
നിത്യമഹത്വത്തിൻ പ്രതിഫലം അനന്തമല്ലോ

വരുമേ

# 27

മൽപ്രിയനേ എന്നേശു നായകനേ എപ്പോൾ വരും
എൻ കണ്ണീർ തുടച്ചീടുവാൻ അങ്ങയെ ആശ് ്ളേഷിപ്പാൻ
എന്നേശുവേ വാനമേഘേ വേഗം വന്നീടണേ

1. മദ്ധ്യാകാശേ സ്വർഗ്ഗീയ ദൂതരുമായ് ് വന്നീടുമ്പോൾ
   എനിക്കായ് ് മുറിവേററതാം ആ പൊന്മുഖം മുത്തുവാൻ
   വെള്ളത്തിനായ് ് കേഴുന്ന വേഴാമ്പൽ പോൽ വാഞ് ്ഛിക്കുന്നേ

2. വെൺമ വസ് ്ത്രം ധരിച്ചുയിർത്ത വിശുദ്ധ സംഘമതിൽ
   ചേർന്നു നിൻ സവിധേ വന്നു ഹല്ലേലുയ്യാ പാടുവാൻ
   ബുദ്ധിയുള്ള നിർമ്മല കന്യകേപ്പോൽ ഒരുങ്ങുന്നേ

3. സൂര്യചന്ദ്ര താരങ്ങളെ കടന്നു സ്വർഗ്ഗ നാട്ടിൽ
   ആ പളുങ്കു നദി തീരേ ജീവവൃക്ഷത്തിൻ തണലിൽ
   എൻ സ്വർവീട്ടിൽ എത്തുവാൻ കൊതിച്ചീടുന്നേ എൻമണാളാ Index

# 28

സർവ്വ സൃഷ്ടികളുമൊന്നായ് പുകഴ്ത്തിടുന്ന
സ്രഷ്ടാവിനെ സ്തുതിയ്ക്കും ഞാൻ
ഈ ക്ഷോണിതലത്തിൽ ജീവിക്കുന്ന നാളെല്ലാം
ഘോഷിച്ചീടും പൊന്നു നാഥനേ

യേശു മാറാത്തവൻ (3) ഹാ, എത്ര നല്ലവൻ
ഇന്നുമെന്നും കൂടെയുള്ളവൻ

1. തൻെറ കരുണയെത്രയോ അതിവിശിഷ്ടം
തൻ സ്നേഹമാശ്ചര്യമേ
എൻ ലംഘനങ്ങളും എൻ അകൃത്യങ്ങളുമെല്ലാം
അകററിയ തൻെറ സ്നേഹത്താൽ യേശു

2. രോഗശയ്യയിലെനിക്കു സഹായകനും
രാക്കാല ഗീതവുമവൻ
നല്ല വൈദ്യനും ദിവ്യ ഔഷധവുമെൻ
ആത്മ സഖിയും അവൻ തന്നെ യേശു

3. തേജസ്സിൽ വാസം ചെയ്യുന്ന വിശുദ്ധരൊത്തു
അവകാശം ഞാനും പ്രാപിപ്പാൻ
ദിവ്യ ആത്മാവാൽ ശക്തീകരിച്ചെന്നെയും തൻ
സന്നിധിയിൽ നിറുത്തിടുന്നു യേശു

4. സീയോനിൽ വാണിടുവാനായ് വിളിച്ചു തൻെറ
ശ്രേഷ്ഠോപദേശവും തന്നു
ഹാ എന്തൊരത്ഭുതം ഈ വൻകൃപയെ ഓർക്കുമ്പോൾ
നന്ദികൊണ്ടെന്നുള്ളം തുള്ളുന്നേ യേശു

# 29

യേശു ക്രിസ്തു ഉയിർത്തു ജീവിക്കുന്നു
പരലോകത്തിൽ ജീവിക്കുന്നു
ഇഹ ലോകത്തിൽ താനിനി വേഗം വരും
രാജരാജനായ് വാണിടുവാൻ

ഹാ ഹല്ലേലുയ്യാ ജയം ഹല്ലേലുയ്യാ
യേശു കർത്താവു ജീവിക്കുന്നു

1. കൊല്ലുന്ന മരണത്തിൻ ഘോരതര
വിഷപ്പല്ലു തകർന്നതാകയാൽ - ഇനി
തെല്ലും ഭയമെന്യേ മൃത്യുവിനെ
നമ്മൾ വെല്ലു വിളിയ്ക്കുകയാം ഹാ

2. എന്നേശു ജീവിക്കുന്നായതിനാൽ ഞാനും
എന്നേക്കും ജീവിക്കയാം - ഇനി
തന്നെപ്പിരിഞ്ഞൊരു ജീവിതമില്ലെ-
നിക്കെല്ലാമെന്നേശുവത്രേ ഹാ

3. മന്നിലല്ലെൻ നിത്യവാസമെന്നേശുവിൻ
മുന്നിൽ മഹത്വത്തിലാം - ഇനി
വിണ്ണിലാ വീട്ടിൽ ചെന്നെത്തുന്ന
നാളുകളെണ്ണി ഞാൻ പാർത്തിടുന്നു ഹാ

## 30

ഒന്നുമില്ലായ്കയിൽ നിന്നെന്നെ
നിന്നുടെ ഛായയിൽ സൃഷ്ടിച്ചു
നിത്യമായ് സ്നേഹിച്ചെന്നെ തൻെറ
പുത്രനെ തന്നു രക്ഷിച്ചു നീ

നിൻ മഹാ കൃപയ്ക്കായ്
നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും

1. ഈ ലോകത്തിൽ വന്നേശു എൻെറ
മാലൊഴിപ്പാൻ സഹിച്ച ബഹു
പീഢകൾ സങ്കടങ്ങൾ പങ്ക-
പ്പാടുകൾ നീച മരണവും നിൻ

2. മോചനം വീണ്ടും ജനനവും
നീച പാപിയെന്നിൽ വസിപ്പാൻ
നിന്നാത്മാവിൻെറ ദാനവും നീ
തന്നു സ്വർഗ്ഗാനുഗ്രഹങ്ങളും നിൻ

3. അന്നവസ്ത്രാദി നന്മകളെ
എണ്ണമില്ലാതെന്മേൽ ചൊരിഞ്ഞു
തിന്മകൾ സർവ്വത്തിൽ നിന്നെന്നെ
കൺമണി പോലെ കാക്കുന്നു നീ നിൻ

4. നാശമില്ലാത്തവകാശവും
യേശുവിൻ ഭാഗ്യ സന്നിധിയും
നീതിയിൻ വാടാമുടിയതും
നിൻ മക്കൾക്കു സ്വർഗ്ഗേ ലഭിക്കും നിൻ

# 31

യേശുവിൻ നാമം മധുരിമ നാമം
ഇണയില്ലാ നാമം ഇമ്പനാമം

1. പാപത്തിൻ ഭാരം ശാപവും നീക്കും
   പരമ സന്തോഷം ഏകിടും നാമം                    യേശു..
2. പരിമള തൈലം പോൽ യേശുവിൻ നാമം
   പാരെങ്ങും വാസന വീശിടും നാമം                    യേശു..
3. വാനിലും ഭൂവിലും മേലായ നാമം
   വാനാധി വാനവൻ യേശുവിൻ നാമം                    യേശു..
4. വാഗ്ദത്തമഖിലവും നൽകിടും നാമം
   ആശ്രിതർക്കാലംബദായക നാമം                    യേശു..
5. മുഴങ്കാലുകൾ എല്ലാം മടങ്ങിടും നാമം
   ഏവരുമൊരുപോൽ വണങ്ങീടും നാമം                    യേശു..
6. എത്ര മഹാത്ഭുതമേശുവിൻ നാമം
   പരിശുദ്ധാൻ പരിശുദ്ധാൻ പരിശുദ്ധ നാമം                    യേശു..

# 32

ശ്രീയേശു നാമം അതിശയ നാമം
ഏഴയെനിക്കിമ്പ നാമം

1. പാപ പരിഹാരാർത്ഥം പാതകരെ തേടി
പാരിടത്തിൽ വന്ന നാമം
പാപമററ ജീവിതത്തിൻ മാതൃകയെ കാട്ടിത്തന്ന
പാവനമാം പുണ്യ നാമം ശ്രീ

2. എണ്ണമില്ലാ പാപം എന്നിൽ നിന്നു നീക്കാൻ
എന്നിൽ കനിഞ്ഞ നാമം
അന്യനെന്ന മേലെഴുത്ത് എന്നേക്കുമായ് മായ്ച്ചുതന്ന
ഉന്നതൻെറ വന്ദ്യ നാമം ശ്രീ

3. വാനം ഭൂമി ഏവം പാതാളം ഒരു പോൽ
വാഴ്ത്തി വണങ്ങും നാമം
വാനിലും ഭൂവിലുമുള്ള എല്ലാ അധികാരത്തെയും
ആയുധം വയ്ഷിച്ച നാമം ശ്രീ

4. എല്ലാ നാമത്തിലും മേലായ നാമം
ഭക്തർ ജനം വാഴ്ത്തും നാമം
എല്ലാ മുഴങ്കാലും മടങ്ങിടും തിരുമുമ്പിൽ
വല്ലഭത്വം ഉള്ള നാമം ശ്രീ

5. ഭൂതബാധിതർക്കും നാനാ വ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും കുഷ്ഠരോഗികൾക്കുമെല്ലാം
വിടുതലും നൽകും നാമം ശ്രീ

6. നീതിയോടെ രാജ്യ ഭാരമേല്ഷാൻ ഭൂവിൽ
വേഗം വരുന്ന നാമം
നാടുവാഴികളാം തൻെറ സിദ്ധരുമായ് ദാവീദിൻ
സിംഹാസനത്തിൽ വാഴും നാമം ശ്രീ

# 33

ഇഹത്തിലെ ദുരിതങ്ങൾ തീരാറായ് നാം
പരത്തിലേയ്ക്കുയരും നാൾ വരുമല്ലോ
വിശുദ്ധന്മാരുയിർക്കും പറന്നുയരും വേഗം
വന്നിടും കാന്തൻെറ മുഖം കാൺമാൻ

വാനസേനയുമായ് വരും പ്രിയൻ വാനമേഘേ വരുമല്ലോ

വരവേററം സമീപമായ് ഒരുങ്ങുക സഹജരേ
സ്വർഗ്ഗീയ മണാളനെ എതിരേൽപ്പാൻ

1. അവർ തൻെറ ജനം താൻ അവരോടു കൂടെ
വസിക്കും കണ്ണീരെല്ലാം തുടച്ചിടും നാൾ
മൃത്യുവും ദു:ഖവും മുറവിളിയും
നിന്ദ കഷ്ടതയും ഇനി തീണ്ടുകില്ല വാന-

2. കൊടുങ്കാററലറി വന്നു കടലിളകീടിലും
കടലലകളിലെന്നെ കൈവിടാത്തവൻ
കരം തന്നു കാത്തു സൂക്ഷിച്ചരുമയായി
തൻെറ വരവിൻ പ്രത്യാശയോടെ നടത്തീടുമേ വാന-

3. തൻ കൃപകളെന്നുമോർത്തു പാടിടും ഞാൻ
തൻെറ മുഖശോഭ നോക്കി ഓടിടും ഞാൻ
പെററതള്ള തൻകുഞ്ഞിനെ മറന്നിടിലും
എന്നെ മറക്കാത്ത മന്നവൻ മാറാത്തവൻ വാന-

# 34

കാണുന്നു ഞാൻ യാഹിൽ,
എനിക്കാശ്രയമായൊരു ശാശ്വത പാറ

1. സുസ്ഥിര മാനസനെവനുമെൻ യാഹിൽ
ആശ്രയം വയ്ക്കുകിൽ അനുദിനം നാഥൻ
കാത്തിടും അവനെ നൽ സ്വസ്ഥതയോടെ
പാർത്ഥിവനവൻ തിരുക്കരങ്ങളിലെന്നും കാണുന്നു

2. കുന്നുകളകലും വൻ പർവ്വത നിരയും
തന്നിടം വിട്ടു പിന്മാറിയെന്നാലും
നീങ്ങുകില്ലവൻ ദയ എന്നിൽ നിന്നതുപോൽ
നിലനിൽക്കും സമാധാന നിയമവും നിത്യം കാണുന്നു

3. ജ്വലിക്കിലും അവൻ കോപം ക്ഷണനേരം മാത്രം
നിലനിൽക്കും പ്രസാദമോ ജീവാന്ത്യത്തോളം
വസിക്കിലും നിലവിളി രാവിലെൻ കൂടെ
ഉദിക്കുമേ ഉഷസ്സതിൽ ആനന്ദ ഘോഷം കാണുന്നു

4. ചെയ്‌വതില്ലവൻ നമ്മൾ പാപത്തിനൊത്ത പോൽ
പ്രതിഫലമരുളുന്നില്ലകൃത്യങ്ങൾ ഗണിച്ചും
വാനമീ ഭൂവിൽ നിന്നുയർന്നിരിപ്പതുപോൽ
പരൻ ദയ ഭക്‌തർമേൽ വലിയതു തന്നെ കാണുന്നു

5. ഒടിയ്ക്കുകില്ലവനേററം ചതഞ്ഞതാം ഓട
കെടുക്കുകില്ലവൻ തിരി പുക വമിക്കുകിലും
നടത്തും താൻ വിധി ജയം ലഭിക്കും നാൾ വരെയും
തളരാതെയവൻ ഭൂവിൽ സ്ഥാപിക്കും ന്യായം കാണുന്നു

6. വഴുതിടാതവനെന്നെ കരങ്ങളിൽ കാത്തു
നിറുത്തും തൻ മഹിമയിൽ സവിധത്തിൽ നാഥൻ
കളങ്കമററാനന്ദ പൂർണ്ണതയോടെ
ഭവിക്കട്ടെ മഹത്വമങ്ങവനെന്നും ആമേൻ കാണുന്നു

## 35

കർത്താവിലെന്നും എൻെറ ആശ്രയം
കർത്തൃസേവ തന്നെ എൻെറ ആഗ്രഹം
കഷ്ടമോ നഷ്ടമോ എന്തുവന്നീടിലും
കർത്താവിൻ പാദം ചേർന്നുചൊല്ലും ഞാൻ

ആർത്തുപാടി ഞാൻ ആനന്ദത്തോടെ
കീർത്തനം ചെയ്തെന്നും വാഴ്ത്തും യേശുവേ
ഇത്ര നൽ രക്ഷകൻ വേറെയില്ലൂഴിയിൽ
ഹല്ലേലുയ്യാ പാടും ഞാൻ

1. വിശ്വാസത്താൽ ഞാൻ യാത്ര ചെയ്യുമെൻ
വീട്ടിലെത്തുവോളം ക്രൂശിൻ പാതയിൽ
വൻ തിര പോലൊരോ ക്ലേശങ്ങൾ വന്നാലും
വല്ലഭൻ ചൊല്ലിൽ എല്ലാം മാറിടും ആർത്തു

2. തൻ സ്വന്ത ജീവൻ തന്ന രക്ഷകൻ
തള്ളുകില്ല ഏതു ദുഃഖനാളിലും
തൻ തിരു കൈകളാൽ താങ്ങിനടത്തിടും
തൻ സ്നേഹം ചൊല്ലാൻ പോരാ വാക്കുകൾ ആർത്തു

3. എൻ സ്വന്ത ബന്ധു മിത്രരേവരും
എന്നെ കൈവിട്ടാലും ഖേദമെന്തിനായ്
കൈവിടില്ലെന്നു തൻ വാഗ്ദത്തമുള്ളതിൽ
ആശ്രയിച്ചെന്നും ആശ്വസിക്കും ഞാൻ ആർത്തു

4. വിശ്വാസം കാത്തു ഓട്ടം ഓടിയെൻ
ആയുസെല്ലാം നല്ലപോർ നടത്തിടും
പിന്നെയെൻ യേശുവിൻ പാദം അണഞ്ഞു ഞാൻ
എന്നാളും സ്തോത്രഗീതം പാടിടും ആർത്തു

# 36

കർത്താവിൽ സന്തോഷം അവനെൻ ബലം
പാരിതിൽ പാർക്കും നാൾ അവനെൻബലം
അവനെന്റെ സങ്കേതം വിശ്രമം നാൾ തോറും
അവനെന്റെ സർവ്വവുമേ

1. പലനാൾ കരുതി ഞാൻ ഏകനെന്ന്
അന്നാളിൽ അവനെന്നോടു ചൊല്ലി
ലോകാന്ത്യത്തോളവും കൂടെയിരിക്കുന്നോൻ
നിന്നോടു കൂടെയുണ്ട്      കർത്താ

2. ബലഹീനനെന്നു ഞാൻ കരുതിയ നാൾ
അന്നാളിൽ അവനെന്നോടു ചൊല്ലി
ശക്തനാക്കുന്നവൻ ബലം പകരുന്നവൻ
നിന്നോടു കൂടെയുണ്ട്      കർത്താ

3. അസാദ്ധ്യമെന്നു ഞാൻ കരുതിയ നാൾ
അന്നാളിൽ അവനെന്നോടു ചൊല്ലി
മനുഷ്യരാലസാദ്ധ്യം സാദ്ധ്യമാക്കുന്നവൻ
നിന്നോടു കൂടെയുണ്ട്      കർത്താ

4. നിന്ദിതനെന്നു ഞാൻ കരുതിയ നാൾ
അന്നാളിൽ അവനെന്നോടു ചൊല്ലി
ക്ഷീണിച്ചു പോകേണ്ട നിന്നെ മാനിക്കുന്നോൻ
നിന്നോടു കൂടെയുണ്ട്      കർത്താ

## 37

തീ കത്തിക്ക എന്നിൽ തീ കത്തിക്ക
സ്വർഗ്ഗീയ രാജാവേ തീ കത്തിക്ക

1. ഭൂതലത്തിന്നന്ധകാരം നീക്കാൻ
സ്വർഗ്ഗീയമാം അഗ്നി കത്തിച്ചോനേ തീ

2. പണ്ടൊരു കാലത്തിൽ മോശ കണ്ട
മുൾപ്പടർപ്പിനുള്ളിൽ കത്തിയൊരു തീ

3. മഹത്വത്തിൻ തീയെന്നിൽ കത്തിക്കണേ
മനസ്സിനശുദ്ധിയെ നീക്കീടുവാൻ തീ

4. പെന്തക്കോസ്തിൻ നാളിൽ അഗ്നിനാവാൽ
ചന്തമോടങ്ങു പകർന്ന പോലെ തീ

5. എന്നെയുമെനിക്കുള്ള സകലത്തെയും
യാഗമായർപ്പണം ചെയ്യുന്നു ഞാൻ തീ

# 38

ആത്മസന്തോഷം കൊണ്ടാനന്ദിപ്പാൻ
ആത്മമാരികൊണ്ടു നിറക്കേണമേ, ഇന്ന്

1. ദൈവത്തിൻെറ തേജസ്സിന്നിവിടെ
   പ്രകാശിക്ക വേണം വെളിച്ചമായി ആത്മ
2. പാപത്തിൻെറ എല്ലാ അന്ധകാരവും
   എല്ലാ ഉള്ളത്തിൽ നിന്നും നീങ്ങിപ്പോകട്ടെ ആത്മ
3. സ്വർഗ്ഗസന്തോഷം കൊണ്ടാനന്ദിപ്പാൻ
   ആത്മശക്തിയാലിന്നു നടത്തേണമേ ആത്മ
4. കല്ലുപോലുള്ള എല്ലാ ഉള്ളങ്ങളേയും
   ഇന്നു മെഴുകുപോലുരുക്കേണമേ ആത്മ
5. ആത്മനിലങ്ങളെ ഒരുക്കീടുവാൻ
   സ്വർഗ്ഗസീയോനിലെ വിത്തു വിതപ്പാൻ ആത്മ
6. നല്ലവണ്ണമതു ഫലംകൊടുപ്പാൻ
   ആത്മതുള്ളികൊണ്ടു നനയ്ക്കേണമേ ആത്മ
7. വെളിച്ചങ്ങൾവീശുന്നു അന്ധകാരം മാറുന്നു
   ദൈവത്തിൻെറ ആത്മാവുള്ളിലാകുമ്പോൾ ആത്മ
8. മായയായ ലോകത്തിൽ ഞാൻ ചേർന്നു നിൽക്കാതെ
   എൻ രക്ഷകനാമേശുവിൽ ഞാനാശ്രയിച്ചീടും ആത്മ

# 39

പരിശുദ്ധാത്മാവേ ശക്‌തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ നീ അറിയുന്നു

1. ആദ്യ നൂററാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നീടുവാൻ
ആദിയിലെന്ന പോലാത്മാവേ
അമിതബലം തരണേ പരി..

2. ലോകത്തിൻ മോഹം വിട്ടോടീടുവാൻ- ഞങ്ങൾ
സാത്താന്യ ശക്‌തിയെ ജയിച്ചീടുവാൻ
ധീരതയോടു നിൻ വേല ചെയ്‌വാൻ
അഭിഷേകം ചെയ്തീടണേ പരി..

3. കൃപകളും വരങ്ങളും ജ്വലിച്ചീടുവാൻ-ഞങ്ങൾ
വചനത്തിൽ വേരൂന്നി വളർന്നീടുവാൻ
പിന്മഴയെ വീണ്ടും അയയ്ക്കണമേ
നിൻ ജനം ഉണർന്നീടുവാൻ പരി..

# 40

ഞാൻ വരുന്നു ക്രൂശിങ്കൽ സാധു ക്ഷീണൻ കുരുടൻ
സർവ്വവും എനിക്കെച്ചിൽ പൂർണ്ണ രക്ഷ കാണും ഞാൻ

ശരണം എൻ കർത്താവേ വാഴ്ത്തപ്പെട്ട കുഞ്ഞാടേ
താഴ്മയായ് കുമ്പിടുന്നു രക്ഷിക്ക എന്നെ ഇപ്പോൾ

1. വഞ്ചിച്ചു നിന്നെഎത്ര ദോഷം വാണെന്നിൽ എത്ര
   ഇമ്പമായ് ചൊല്ലുന്നേശു "ഞാൻ കഴുകീടും നിന്നെ"
2. മുററും ഞാൻ തരുന്നിതാ ഭൂനിക്ഷേപം മുഴുവൻ
   ദേഹം ദേഹി സമസ്തം എന്നേയ്ക്കും നിൻേറതു ഞാൻ
3. എന്നാശ്രയമേശുവിൽ വാഴ്ത്തപ്പെട്ട കുഞ്ഞാട്ടിൽ
   താഴ്മയായ് കുമ്പീടുന്നു രക്ഷിക്കുന്നിപ്പോളേശു

# 41

സർവ്വവും യേശു നാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ

1. എന്റെ ബുദ്ധിയും എന്റെ ശക്തിയും
   നീ എനിക്കു തന്നതൊക്കെയും — സർവ്വവും
2. എന്റെ രോഗവും എന്റെ സൗഖ്യവും
   നീ എനിക്കു തന്നതൊക്കെയും — സർവ്വവും
3. എന്റെ കീർത്തിയും എൻ പുകഴ്ച്ചയും
   നീ എനിക്കു തന്നതൊക്കെയും — സർവ്വവും
4. എന്റെ ശബ്ദവും എൻ ധ്വനികളും
   നീ എനിക്കു തന്നതൊക്കെയും — സർവ്വവും
5. എന്റെ സമ്പത്തും എന്റെ ധനവും
   നീ എനിക്കു തന്നതൊക്കെയും — സർവ്വവും
6. എന്റെ ആയുസ്സും എന്റെ ഭാവിയും
   നീ എനിക്കു തരുന്നതൊക്കെയും — സർവ്വവും

# 42

എൻരക്ഷകാ എൻ ദൈവമേ നിന്നിലായ നാൾ ഭാഗ്യമേ
എന്നുള്ളത്തിൻ സന്തോഷത്തെ എന്നും ഞാൻ കീർത്തിച്ചീടട്ടെ

ഭാഗ്യനാൾ, ഭാഗ്യനാൾ, യേശു എൻ പാപം തീർത്ത നാൾ
കാത്തു പ്രാർത്ഥിക്കാറാക്കി താൻ
ആർത്തുഘോഷിക്കാറാക്കി താൻ
ഭാഗ്യനാൾ, ഭാഗ്യനാൾ യേശു എൻ പാപം തീർത്ത നാൾ

1. വൻക്രിയ എന്നിൽ നടന്നു കർത്തനെൻെറ ഞാനവൻെറ
താൻ വിളിച്ചു ഞാൻ പിൻചെന്നു സ്വീകരിച്ചു തൻ ശബ്ദത്തെ

2. സ്വസ്ഥമില്ലാത്തമനമേ കർത്തനിൽ നീ ആശ്വസിക്ക
ഉപേക്ഷിയാതെയവനെ തൻ നന്മകൾ സ്വീകരിക്ക

3. സ്വർപ്പുരമീ കരാറിനു സാക്ഷി നിൽക്കുന്നെൻ മനമേ
എന്നും എന്നിൽ പുതുക്കുന്നു നൽ മുദ്ര നീ ശുദ്ധാത്മാവേ

4. സൗഭാഗ്യം നൽകും ബാന്ധവം വാഴ്ത്തും ജീവകാലമെന്നും
ക്രിസ്തേശുവിൽ എന്നാനന്ദം പാടും ഞാൻ അന്ത്യകാലത്തും

# 43

എല്ലാം അങ്ങേ മഹത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ച്ചയ്ക്കുമായ്
തീർന്നിടേണമേ പ്രിയനേ തിരുനാമം ഉയർന്നിടട്ടെ

1. സ്നേഹത്തിലൂടെയെല്ലാം കാണുവാൻ-ദൈവ
   സ്നേഹത്തിൽ തന്നെയെല്ലാം ചെയ്യുവാൻ
   എന്നിൽ നിൻ സ്വഭാവം പകരണമേ,
   ദിവ്യതേജസ്സാലെന്നെ നിറയ്ക്കേണമേ — എല്ലാം

2. ആത്മാവിൻ ശക്തിയോടെ ജീവിപ്പാൻ
   ആത്മ നൽവരങ്ങൾ നിത്യവും പ്രകാശിപ്പാൻ
   ആത്മദായകാ നിരന്തരമായെന്നിൽ
   ആത്മദാനങ്ങൾ പകരണമേ — എല്ലാം

3. നിൻെറ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ
   തിരു നാമവും ധരിച്ചു ചെയ്യും ക്രിയകൾ
   ഭൂവിൽ ഞങ്ങൾക്കല്ല വാനവനേ
   അങ്ങേ വാഴ്വിനായ് മാത്രം തീരണമേ — എല്ലാം

4. വക്രത നിറഞ്ഞ പാപലോകത്തിൽ
   നീ വിളിച്ചു വേർതിരിച്ച നിൻ ജനം
   നിൻെറ പൊന്നുനാമ മഹത്വത്തിനായ്
   ദിനം ശോഭിപ്പാൻ കൃപ നൽകണമേ — എല്ലാം

# 44

എന്നോടുള്ള നിൻ സർവ്വ നന്മകൾക്കായ് ഞാൻ
എന്തു ചെയ്യേണ്ടു നിനക്കേശു പരാ, ഇപ്പോൾ

1. നന്ദി കൊണ്ടെന്റെ ഉള്ളം നന്നേ നിറയുന്നേ
സന്നാഹമോടെ സ്തുതി പാടിടുന്നേൻ, ദേവാ    എന്നോ

2. പാപത്തിൽ നിന്നു എന്നെ കോരിയെടുപ്പാനായ്
ശാപശിക്ഷകളേററ ദേവാത്മജാ, മഹാ    എന്നോ

3. എന്നെ അൻപോടു ദിനം തോറും നടത്തുന്ന
പൊന്നിടയനനന്തം വന്ദനമേ, എന്റെ    എന്നോ

4. അന്ത്യം വരെയുമെന്നെ കാവൽ ചെയ്തീടുവാൻ
അന്തികെയുള്ള മഹൽ ശക്തി നീയെ, നാഥാ    എന്നോ

5. താതൻ സന്നിധിയിലെൻ പേർക്കു സദാ പക്ഷ-
വാദം ചെയ്യുന്ന മമ ജീവനാഥാ, പക്ഷ-    എന്നോ

6. കുററം കൂടാതെയെന്നെ തേജസ്സിൻ മുൻപാകെ
മുററും നിറുത്താൻ കഴിവുള്ളവനെ, എന്നെ    എന്നോ

7. മന്നിടത്തിൽ അടിയാൻ ജീവിക്കും നാളെന്നും
വന്ദനം ചെയ്യും തിരു നാമത്തിന്, ദേവാ    എന്നോ

## 45

യേശുവേ എൻ പ്രാണനായകാ
ജീവനെനിക്കേകിയോനേ
എൻ സങ്കടങ്ങളറിഞ്ഞെൻെറ വൻകടങ്ങൾ തീർത്തെൻെറ
കണ്ണുനീർ തുടച്ചല്ലോ നീ

1. പാപിയായ് ഞാൻ ജീവിച്ചപ്പോൾ
പാതതെററി ഓടിയപ്പോൾ
പാലകൻ നീ തേടിയീ പാതകനടിയാനെ
പാവന മാർഗ്ഗേ ചേർത്തല്ലോ യേശു..

2. എന്നെ നിന്നിൽ ധന്യനാക്കുവാൻ
വന്നിതോ എന്നുള്ളിൽ രാജനായ്
തന്നിതോ നിൻ നീതിയും ദിവ്യമാം സന്തോഷവും
നിത്യമാം സമാധാനവും യേശു..

3. ഭാരമെന്യേ ജീവിക്കുവാൻ
എൻ ഭാരമെല്ലാം ചുമന്നവനേ
ആശ്രയം നീ മാത്രമെൻ ആശയിൻ പ്രകാശമേ
ആശിഷം നിൻ കാരുണ്യമേ യേശു..

4. വന്നിടും ഞാനതി വേഗത്തിൽ
എന്നുരച്ചു പോയവനേ
വന്നുനിൻ മഹിമയിൻ രാജ്യമതിൽ ചേർക്കുവാൻ
ആശയാൽ ഞാൻ കാത്തിടുന്നേ യേശു..

# 46

പരപരമേശാ വരമരുളീശാ
നീയത്രേ എൻ രക്ഷാസ്ഥാനം

1. നിന്നെക്കാണും ജനങ്ങൾക്കു
പിന്നെ ദുഃഖമൊന്നുമില്ല — പരപര..

2. നിൻെറ എല്ലാ നടത്തിപ്പും
എൻെറ ഭാഗ്യ നിറവല്ലോ — പരപര..

3. ആദിയിങ്കൽ കയ്പ്പാകിലും
അന്ത്യമോ മധുരമത്രേ — പരപര..

4. കാർമേഘത്തിനുള്ളിലും ഞാൻ
മിന്നും സൂര്യശോഭ കാണും — പരപര..

5. സന്ധ്യയിങ്കൽ വിലാപവും
സന്തോഷമുഷസ്സിങ്കലും — പരപര..

6. നിന്നോടൊന്നിച്ചുള്ള വാസം
എൻെറ കണ്ണീർ തുടച്ചീടും — പരപര..

7. നിൻെറ മുഖശോഭ മൂലം
എൻെറ ദുഃഖം തീർന്നുപോകും — പരപര..

# 47

ഉയർത്തിടും ഞാനെൻെറ കൺകൾ
തുണയരുളും വൻ ഗിരിയിൽ
എൻ സഹായം വാനം ഭൂമി
അഖിലം വാഴും യഹോവയിൽ

1. യിസ്രായേലിൻ കാവൽക്കാരൻ നിദ്രഭാരം തൂങ്ങുന്നില്ല
   യഹോവയെൻ പാലകൻതാൻ ഇല്ലെനിക്കു ഖേദമൊട്ടും
2. ശത്രുഭയം നീക്കിയെന്നെ മാത്രതോറും കാത്തിടുന്നു
   നീതിയിൻ സൽപ്പാതകളിൽ നിത്യവും നടത്തിടുന്നു
3. ശോഭയേറും സ്വർപ്പുരിയിൻ തീരമതിൽ ചേർന്നീടും ഞാൻ
   ശോഭിതപുരത്തിൻ വാതിൽ എൻമുമ്പിൽ ഞാൻ കണ്ടിടുന്നു

4. വാനസേന ഗാനംപാടി വാണിടുന്ന സ്വർഗ്ഗ സിയോൻ
   ധ്യാനിച്ചിടും നേരമെൻെറ മാനസം മോദിച്ചിടുന്നു
5. ഹല്ലേലുയ്യാ ഹല്ലേലുയ്യാ ചേർന്നിടും ഞാൻ സ്വർഗ്ഗദേശേ
   ഹല്ലേലുയ്യാ പാടി സർവ്വ കാലവും ഞാൻ വാണീടുവാൻ

# 48

നിൻെറ ഹിതം പോലെയെന്നെ നിത്യം നടത്തീടണമേ
എൻെറ ഹിതം പോലെയല്ലേ എൻ പിതാവേ എൻ യഹോവേ

1. ഇമ്പമുള്ള ജീവിതവും ഏറെ ധനം മാനങ്ങളും
   തുമ്പമററ സൗഖ്യങ്ങളും ചോദിക്കുന്നില്ലേയടിയാൻ നിൻെറ
2. നേരുനിരപ്പാം വഴിയോ നീണ്ട നടയോ കുറുതോ
   പാരം കരഞ്ഞോടുന്നതോ പാരിതിലും ഭാഗ്യങ്ങളും നിൻെറ
3. അന്ധകാരം ഭീതികളോ അപ്പനേ പ്രകാശങ്ങളോ
   എന്തു നീ കല്പ്പിച്ചീടുന്നോ എല്ലാമെനിക്കാശീർവാദം നിൻെറ
4. ഏതു ഗുണമെന്നറിവാൻ ഇല്ല ജ്ഞാനം എന്നിൽ നാഥാ
   നിൻ തിരുനാമം നിമിത്തം നീതിമാർഗ്ഗത്തിൽ തിരിച്ചു നിൻെറ
5. അഗ്നി മേഘത്തൂണുകളാൽ അടിയാനെ എന്നും നടത്തി
   അനുദിനം കൂടെയിരുന്നു അപ്പനേ കടാക്ഷിക്കുക നിൻെറ

# 49

എന്തു നല്ലോർ സഖി യേശു - പാപദുഃഖം വഹിക്കും
എല്ലാം യേശുവോടു ചെന്നു ചൊല്ലീടുമ്പോൾ
താൻ കേൾക്കും
നൊമ്പരമേറെ സഹിച്ചു സമാധാനങ്ങൾ നഷ്ടം
എല്ലാം യേശുവോടു ചെന്നു ചൊല്ലീടായ്ക നിമിത്തം

1. കഷ്ടം ശോധനകളുണ്ടോ എവ്വിധ ദുഃഖങ്ങളും
ലേശവും അധൈര്യം വേണ്ടാ ചൊല്ലാം യേശുവോടെല്ലാം
ദുഃഖം സർവ്വം വഹിക്കുന്ന മിത്രം മററാരുമുണ്ടോ
ക്ഷീണമെല്ലാം അറിയുന്ന യേശുവോടു ചൊല്ലീടാം

2. ഉണ്ടോ ഭാരം ബലഹീനം തുമ്പങ്ങളും അസംഖ്യം
രക്ഷകനല്ലോ സങ്കേതം യേശുവോടറിയിക്കാം
മിത്രങ്ങൾ നിന്ദിക്കുന്നുണ്ടോ? പോയ്ചൊല്ലേശുവോടെല്ലാം
ഉള്ളംകയ്യിൽ ഈശൻകാക്കും അങ്ങുണ്ടാശ്വാസമെല്ലാം

# 50

പ്രാർത്ഥനയ്ക്കുത്തരം നൽകുന്നോനേ
നിൻെറ സന്നിധിയിൽ ഞാൻ വരുന്നേ
സ്വർഗ്ഗീയനുഗ്രഹ ഭണ്ഡാരത്തിൻ
വാതിൽ തുറക്കണമേ

കേൾക്കണേ എൻ പ്രാർത്ഥന
നൽകണേ എൻ യാചന

1. പുത്രൻെറ നാമത്തിൽ ചോദിക്കുമ്പോൾ
ഉത്തരം തരുമെന്നരുളിയോനേ
നീക്കം വരാത്ത നിൻ വാഗ്ദത്തമെൻ
പേർക്കു നീ തന്നുവല്ലോ — പ്രാർത്ഥ..

2. വചനമെന്നാത്മാവിൻ ദാഹം തീർപ്പാൻ
അരുളുക ദാസരിൽ വരമധികം
പകരുക ആത്മാവിൻ തിരു ശക്തിയാൽ
നിറയുവാൻ നിൻ ജനങ്ങൾ — പ്രാർത്ഥ..

3. പാപവും ശാപവുമകററീടുമാ
രുധിരത്തിനത്ഭുത ശക്തിയിന്ന്
അറിയുവാനിവിടെ വിശ്വാസത്തിൻെറ
ഹൃദയങ്ങൾ തുറക്കണമേ — പ്രാർത്ഥ..

# 51

സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും
സ്വന്ത വീട്ടിൽ ചേർന്നിടുവാൻ
മമ കാന്തനെ ഒന്നു കാണുവാൻ
മനം കാത്തു പാർത്തിടുന്നു

1. മരുഭൂമിയിൽ തളരാതെ ഞാൻ
മരുവുന്നു നിൻ കൃപയാൽ
ഒരുനാളും നീ പിരിയാതെന്നെ
കരുതുന്നു കൺമണി പോൽ സ്വർഗ്ഗ..

2. ഇന്നീ മന്നിതിൽ സിയോൻ യാത്രയിൽ
എന്നും ഖിന്നത മാത്രം
എന്നു വന്നു നി എന്നെ ചേർത്തിടും
അന്നു തീരും വേദനകൾ സ്വർഗ്ഗ..

3. നല്ലനാഥനെ നിനക്കായ് ഞാൻ
വേല ചെയ്യും അന്ത്യം വരെ
അല്ലൽ തീർന്നു നിൻ സവിധെ വരാൻ
ഇല്ല പാരിൽ വിശ്രമവും സ്വർഗ്ഗ..

4. കർത്ത്യ കാഹളം വാനിൽ കേൾക്കുവാൻ
കാലമായില്ലേ പ്രിയനേ
ആശയേറുന്നേ നിന്നെ കാണുവാൻ
ആമേൻ യേശുവേ വരണേ സ്വർഗ്ഗ..

# 52

കർത്തൃകാഹളം വാനിൽ കേൾക്കാറായ്
തൻെറ കാന്തയെ ചേർത്തിടാറായ്
ഒരുങ്ങി നിൽക്കാം തിരുസഭയേ,
മണവാളൻ എഴുന്നെള്ളാറായ്

ഒരുങ്ങിക്കൊൾക, ഒരുങ്ങിക്കൊൾക
നിൻെറ ദൈവത്തെ എതിരേററിടാൻ

1. ലോകയിമ്പങ്ങൾ വെറുത്തു നിൽക്ക
ആത്മശക്തി പുതുക്കി നിൽക്ക
ആദ്യസ്നേഹത്തിൽ മടങ്ങിവരാം
മണവാളൻ എഴുന്നെള്ളാറായ് ഒരുങ്ങി

2. ജാതിജാതിയോടു പോർ വിളിക്കുന്നു
യുദ്ധഭീതികളും മുഴങ്ങിടുന്നു
മാറാരോഗങ്ങൾ, ഹാ തീരാ വ്യാധികൾ
മണവാളൻ എഴുന്നെള്ളാറായ് ഒരുങ്ങി

2. കരിന്തിരികൾ മുറിച്ചു മാററി
പാത്രങ്ങളിൽ എണ്ണ നിറയ്ക്ക
ഉണർന്നിരിക്കാം തല ഉയർത്താം
മണവാളൻ എഴുന്നെള്ളാറായ് ഒരുങ്ങി

# 53

ദയ ലഭിച്ചോർ നാം സ്തുതിച്ചിടുവോം
അതിനു യോഗ്യൻ ക്രിസ്തു അത്രേ
മാധുര്യ രാഗമാം ഗീതങ്ങളാലെ
അവനെ നാം പുകഴ്ത്തീടാം

1. നിൻ തിരുമേനിയറുക്കപ്പെട്ടു നിൻ
രുധിരത്തിൻ വിലയായ് വാങ്ങിയതാം
ഗോത്രങ്ങൾ ഭാഷകൾ വംശങ്ങൾ ജാതികൾ
സർവ്വവും ചേർത്തുകൊണ്ട് ദയ ലഭിച്ചോർ

2. പാപത്തിന്നധീനതയിൽ നിന്നീ
അടിയാരെ നീ വിടുവിച്ചു
അൽഭുതമാർന്നൊളിയിൽ പ്രിയനോടെ
രാജ്യത്തിലാക്കിയതാൽ ദയ ലഭിച്ചോർ

3. വീഴുന്നു പ്രിയനെ വാഴ്ത്തീടുവാൻ
സിംഹാസനവാസികളും താൻ
ആയവനരുളിയ രക്ഷയിൻ മഹിമയ്ക്കായ്
കിരീടങ്ങൾ താഴെയിട്ടും ദയ ലഭിച്ചോർ

4. ദൈവകുഞ്ഞാടവൻ യോഗ്യനെന്ന്
മോക്ഷത്തിൽ കേൾക്കുന്ന ശബ്ദമത്
സ്തുതിച്ചിടാം വെള്ളത്തിന്നിരച്ചിൽ പോൽ
ശബ്ദത്താൽ പരിശുദ്ധയാം സഭയെ ദയ ലഭിച്ചോർ

5. യേശു താൻ വേഗം വരുന്നതിനാൽ
മുഴങ്കാൽ മടക്കി നമസ്കരിക്കാം നമ്മെ
സ്നേഹിച്ച യേശുവേ കണ്ടീടുവോം നാം
ആനന്ദ നാളതിലേ ദയ ലഭിച്ചോർ

# 54

1. സ്തുതി ചെയ്‌ മനമേ നിത്യവും നിൻ ജീവനാഥനേശുവേ
   ഇതു പോൽ സ്വജീവൻ തന്നൊരാത്മ
   സ്‌നേഹിതൻ വേറാരിനി

2. മരണാധികാരിയിരുന്ന ഘോരനാം പിശാചിനെ
   മരണത്തിനാലെ നീക്കി
   മൃത്യു ഭീതി തീർത്ത നാഥനെ

3. ബഹുമാന്യനാമാചാര്യനായി വാനിലവൻ വാഴ്‌കയാൽ
   ബലഹീനതയിൽ കൈവിടാതെ
   ചേർത്തുകൊള്ളുമാകയാൽ

4. ദിനവും മനമേ തത്സമയം വൻകൃപകൾ പ്രാപിപ്പാൻ
   അതിധൈര്യമായ്‌ കൃപാസനത്തിൻ
   അന്തികത്തിൽ ചെന്നു നീ

5. ബഹുദൂതരുച്ചനാദമോടെ വാഴ്‌ത്തിടുന്ന നാഥനെ
   ബലവും ധനവും ജ്ഞാനമെല്ലാം
   സ്വീകരിപ്പാൻ യോഗ്യനെ

# 55

സ്തുതിച്ചീടുവിൻ കീർത്തനങ്ങൾ, ദേവനു പാടീടുവിൻ
സ്തുതി ഉചിതം മനോഹരവും നല്ലതുമെന്നറിവിൻ

ദേവാധി ദേവനീ പാരിൽ വന്നു, പാപിയെ തേടിവന്നു
വല്ലഭനായ് മരിച്ചുയിർത്തു ജീവിക്കുന്നു നമുക്കായ്

1. തിരുക്കരങ്ങൾ നിരത്തിവച്ചു താരകങ്ങൾ ഗഗനെ
ഒരുക്കിയവൻ നമുക്കു രക്ഷാമാർഗ്ഗമതിനു മുന്നേ ദേവാധി

2. കണ്ടില്ല കണ്ണുകളീ കരുണയിൻ കരചലനം
കേട്ടില്ല മാനവരിൻ കാതുകൾ തൻ വചനം ദേവാധി

3. തലമുറയായ് അവൻ നമുക്കു നല്ലൊരു സങ്കേതമാം
പലമുറ നാം പാടീടുക പരമനു സങ്കീർത്തനം ദേവാധി

# 56

യേശു എൻ സങ്കേതം എൻ നിത്യപാറയുമേ
ആശ്രയം താൻ മാത്രം ആ നാമം സുസ്ഥിരമേ
പിളർന്നതൊരിക്കൽ ക്രൂശിൽ ചൊരിഞ്ഞ രക്തമതാൽ
വളർന്നു ഞാൻ ദൈവപൈതൽ തൻ മഹാ സ്നേഹത്താൽ

1. യോഗ്യമല്ലാത്ത ഈ ലോകത്തേറുന്ന മാലിന്യങ്ങൾ
മാർഗ്ഗത്തിലേറിവന്നെന്നെ ഭീതിപ്പെടുത്തിടുമ്പോൾ
ചാരും കാൽവറിമേട്ടിൽ തകർന്ന മാറിടത്തിൽ
തോരും കണ്ണുനീരെല്ലാം യേശുവിൻ കൈകളിൽ -യേശു

2. ലോകത്തിലാശ്രയമൊന്നും ശാശ്വതമല്ലായ്കയാൽ
ശോകകൊടുങ്കാട്ടിലൂടെ ഓടി മറയുന്നു ഞാൻ
ദൂരെ ദൂരെ കാണും എൻ നിത്യഭവനത്തെ
വേഗം ഞാനങ്ങു ചേരും അതെത്ര ഭാഗ്യമേ -യേശു

3. കൺകൾക്കിമ്പമായതൊക്കെയും നശ്വരമേ
മണ്ണിൻ ഭാഗ്യമെല്ലാം മാറി മറഞ്ഞിടുമേ
വേദന മാത്രമാണെന്നും ജീവിതനാളുകളിൽ
മോദങ്ങൾമാത്രമാണെന്നും സ്വർഗ്ഗീയനാടതിൽ -യേശു

4. മുഴങ്ങും കാഹളമെല്ലാം ഗംഭീരനാദത്തോടെ
ധ്വനിക്കും ദൈവത്തിൻ ശബ്ദം വിശുദ്ധരുയിർക്കുമേ
തേജസ്സമ്പൂർണ്ണനാം യേശു മേഘത്തിൽ വന്നിടുമ്പോൾ
ജ്യോതിസ്സുപോലെന്നെന്നേക്കും തൻകൂടെ വാഴും ഞാൻ -യേശു

5. രാത്രിയില്ലാത്തൊരു ദേശം എന്നേക്കും പാർപ്പിടമായ്
മർത്യമല്ലാത്തൊരു വേഷം പ്രാപിക്കും നിശ്ചയമായ്
എണ്ണമില്ലാത്ത വിശുദ്ധർ പൊൻകുരുത്തോലയുമായ്
വർണ്ണിക്കും ദൈവത്തിൻ നീതി സ്വർഗ്ഗീയഗാനത്താൽ -യേശു

## 57

എന്നെ കരുതുവാൻ കാക്കുവാൻ പാലിപ്പാൻ യേശു
എന്നും മതിയായവൻ

1. വരും ആപത്തിൽ നൽ തുണ താൻ
പെരും താപത്തിൽ നൽ തണൽ താൻ
ഇരുൾ മൂടിടും ജീവിതപാതയിലും
തരും വെളിച്ചവും അഭയവും താൻ — എന്നെ

2. ഒരു സൈന്യമെനിക്കെതിരായ്
വരുമന്നൊലും ഞാൻ ഭ്രമിക്കാ. .
തിരുച്ചിറകുകളാലവൻ മറയ്ക്കുമതാൽ
ഒരു ദോഷവും എനിക്കു വരാ — എന്നെ

2. എൻെറ ഭാരങ്ങൾ തൻ ചുമലിൽ
വച്ചു ഞാനെന്നും വിശ്രമിക്കും
ദുഃഖവേളയിലും പുതുഗീതങ്ങൾ
ഞാൻ പാടി ആനന്ദിച്ചാശ്വസിക്കും — എന്നെ

3. വിണ്ണിൽ വാസസ്ഥലമൊരുക്കി
വരും പ്രാണപ്രിയൻ വിരവിൽ
അന്നു ഞാനവൻ മാറിൽ മറഞ്ഞിടുമേ
കണ്ണീർ പൂർണ്ണമായ് തോർന്നീടുമേ — എന്നെ

# 58

അനുഗ്രഹത്തിൻ അധിപതിയേ - അനന്ത കൃപ പെരും നദിയേ
അനുദിനം നിൻ പദം ഗതിയേ - അടിയാനു നിൻ കൃപ മതിയേ

1. വൻ വിനകൾ വന്നീടുകിൽ, വലയുകയില്ലെൻ ഹൃദയം
വല്ലഭൻ നീയെന്നഭയം, വന്നീടുമോ പിന്നെ ഭയം

2. തന്നുയിരെ പാപികൾക്കായ് തന്നവനാം നീയിനിയും,
തള്ളീടുമോ ഏഴയെന്നെ തീരുമോനിൻ സ്നേഹമെന്നിൽ

3. തിരുക്കരങ്ങൾ തരുന്ന നല്ല ശിക്ഷയിൽ ഞാൻ പതറുകില്ല
മക്കളെങ്കിൽ ശാസനകൾ സ്നേഹത്തിൻ പ്രകാശനങ്ങൾ

4. പാരിടമാം പാഴ്മണലിൽ പാർത്തിടും ഞാൻ നിൻ തണലിൽ
മരണദിനം വരുമളവിൽ മറഞ്ഞിടും ഞാൻ നിൻമാർവ്വിടത്തിൽ

# 59

അഴലേറും ജീവിതമരുവിൽ
നീ തളരുകയോ ഇനി സഹജേ

1. നിന്നെ വിളിച്ചവൻ ഉൺമയുള്ളോൻ
കണ്ണിൻ മണി പോലെ കാത്തിടുമേ
അന്ത്യം വരെ വഴുതാതെയവൻ
താങ്ങി നടത്തിടും പൊൻകരത്താൽ — അഴലേറും..

2. കാർമുകിൽ ഏറെക്കരേറുകിലും
കാണുന്നില്ലെ മഴവില്ലതിന്മേൽ
കരുതുക വേണ്ടതിൻ ഭീകരങ്ങൾ
കെടുതികൾ തീർത്തവൻ തഴുകീടുമേ — അഴലേറും..

3. മരുഭൂപ്രയാണത്തിൽ ചാരീടുവാൻ
ഒരു നല്ല നായകൻ നിനക്കില്ലയോ?
കരുതും നിനക്കവൻ വേണ്ടതെല്ലാം
തളരാതെ യാത്ര തുടർന്നീടുക — അഴലേറും..

4. ചേലോടു തന്ത്രങ്ങൾ ഓതീടുവാൻ
ചാരന്മാരുണ്ടധികം സഹജേ
ചുടുചോര ചിന്തേണ്ടി വന്നീടിലും
ചായല്ലേ ഈ ലോകതാങ്ങുകളിൽ — അഴലേറും..

5. കയ്പുള്ള വെള്ളം കുടിച്ചീടിലും
കല്പന പോലെ നടന്നീടണം
ഏല്പിക്കയില്ലവൻ ശത്രുകയ്യിൽ
സ്വർപ്പുരം നീ അണയും വരെയും — അഴലേറും..

# 60

അല്പകാലം മാത്രം ഈ ഭൂവിലെ വാസം
സ്വർപ്പുരമാണെൻെറ നിത്യമാം വീട്
എൻെറ നിത്യമാം വീട്

1. എൻ പ്രയാണകാലം നാലുവിരൽ നീളം
ആയതിൻ പ്രതാപം കഷ്ടത മാത്രം
ഞാൻ പറന്നു വേഗം പ്രിയനോടു ചേരും
വിൺമഹിമ പ്രാപിച്ചെന്നും വിശ്രമിച്ചീടും - എന്നും ..അല്പ

2. പാളയത്തിനപ്പുറത്തു കഷ്ടമേല്ക്കുക നാം
പാടുപെട്ട യേശുവിൻെറ നിന്ദ ചുമക്കാം
നിൽക്കും നഗരം ഇല്ലിവിടെ പോർക്കളത്തിലത്രേ നാം
നിൽക്കവേണ്ട പോർപൊരുതു യാത്ര തുടരാം- എന്നും ..അല്പ

3. മുത്തുമയമായ് വിളങ്ങും പട്ടണമാണത്
പുത്തനെറുശലേം പുരം തത്ര ശോഭിതം
വീഥി സ്വഛസ്ഫടികതുല്യം തങ്കനിർമ്മിതമാം
പത്തനമതിൻെറ ഭംഗി വർണ്ണ്യമല്ലഹോ - ഭംഗി ..അല്പ

4. നാടുവിട്ടു വീടുവിട്ടു നാമധേയ കൂട്ടം വിട്ടു
കാഠിന്യമാം ശോധനയിൽ യാനം ചെയ്തോരായ്
കൂടി ഒന്നായ് വാഴാൻ വാഞ്ഛിച്ചെത്രനാളായ്
കാരുണ്യവാൻ പണികഴിച്ച കൊട്ടാരം തന്നിൽ - ആ ..അല്പ

5. പാവനമാം പട്ടണത്തിൽ ആരുകടന്നീടും
പാപമററ ജീവിതം നയിച്ചവരല്ലോ
നീതിയായ് നടന്നു നേർ പറഞ്ഞു മന്നിൽ
പാതിവ്രത്യമുള്ള മണവാട്ടി മാത്രമേ ..അല്പ

# 61

അ- ുതം യേശുവിൻ നാമം
ഈ ഭൂവിലെങ്ങും ഉയർത്തിടാം

1. എല്ലാരും ഏകമായ് കൂടി സന്തോഷമായ് ആരാധിക്കാം
നല്ലവനാം കർത്തനവൻ
വല്ലഭനായ് വെളിപ്പെടുമേ ..അ- ുത

2. നീട്ടിയ തൃക്കരത്താലും പരിശുദ്ധാത്മശക്തിയാലും
തിരുവചനം അതിധൈര്യമായ്
ഉരച്ചീടുക സഹോദരരേ ..അ- ുത

3. മിന്നൽപിണരുകൾ വീശും പിന്മാരിയെ ഊററുമവൻ
ഉണരുകയായ് ജനകോടികൾ
തകരുമപ്പോൾ ദുർശക്തികളും ..അ- ുത

4. വെള്ളിയും പൊന്നൊന്നുമല്ല ക്രിസ്തേശുവിൻ നാമത്തിനാൽ
അ- ുതങ്ങൾ അടയാളങ്ങൾ
നടന്നീടുമേ തൻ ഭുജബലത്താൽ ..അ- ുത

5. കുരുടരിൻ കണ്ണുകൾ തുറക്കും കാതു കേട്ടിടും ചെകിടർക്കുമേ
മുടന്തുള്ളവർ കുതിച്ചുയരും
ഊമരെല്ലാം സ്തുതി മുഴക്കും ..അ- ുത

5. ഭൂതങ്ങൾ വിട്ടുടൻ പോകും സർവ്വ ബാധയും നീങ്ങീടുമേ
രോഗികളും ആശ്വസിക്കും
ഗീതസ്വരം മുഴങ്ങീടുമേ ..അ- ുത

6. നിന്ദിതപാത്രരായ് മേവാൻ നമ്മെ നായകൻ കൈവിടുമോ
എഴുന്നേററു നാം പണിതീടുക
തിരുക്കരങ്ങൾ നമ്മോടിരിക്കും ..അ- ുത Index

# 62

ആനന്ദം ആനന്ദമേ
ക്രിസ്ത്യ ജീവിതം ആനന്ദമേ
ആനന്ദം ആനന്ദമേ
ഇതു സൗഭാഗ്യ ജീവിതമേ

1. അവനെ അമിതം സ്നേഹിപ്പാൻ
അധികം തരും ശോധനയിൽ
അനുഗ്രഹം ലഭിക്കും ആകുലമകററും
അവൻ സന്നിധി മതിയെനിക്ക് — ആനന്ദം

2. ബലഹീനതയിൽ കൃപ നൽകി
പുലർത്തും എന്നെ വഴി നടത്തും
പലതിനെ നിനച്ചു വിലപിച്ചു
ഹൃദയം കലങ്ങീടുകയില്ലിനി ഞാൻ — ആനന്ദം

3. മരുവിൻ വെയിലിൽ തളരാതെ
മറയ്ക്കും തൻെറ ചിറകടിയിൽ
തിരുമാർവ്വിലെന്നെ അണച്ചിടും
സ്നേഹക്കൊടിയെൻ മീതെ വിരിച്ചിടുന്നു — ആനന്ദം

4. ജഡിക സുഖങ്ങൾ വിട്ടോടി
ജയിക്കും ശത്രുസേനകളെ
ജയവീരനേശു എന്നധിപതിയല്ലോ
ഭയമെന്നിയെ വസിച്ചിടും ഞാൻ — ആനന്ദം

# 63

അക്കരെയ്ക്കു യാത്രചെയ്യും സീയോൻസഞ്ചാരി
ഓളങ്ങൾ കണ്ടു നീ ഭയപ്പെടേണ്ട
കാററിനെയും കടലിനെയും
നിയന്ത്രിപ്പാൻ കഴിവുള്ളോൻ പടകിലുണ്ട്

1. വിശ്വാസമാം പടകിൽ യാത്ര ചെയ്യുമ്പോൾ
തണ്ടു വലിച്ചു നീ വലഞ്ഞിടുമ്പോൾ
ഭയപ്പെടേണ്ട കർത്തൻ കൂടെയുണ്ട്
അടുപ്പിക്കും സ്വർഗ്ഗീയ തുറമുഖത്ത് അക്കരെ.

2. എന്റെ ദേശം ഇവിടെയല്ല
ഇവിടെ ഞാൻ പരദേശവാസിയാണല്ലോ
അക്കരെയാണ് എന്റെ ശാശ്വതനാട്
അവിടെനിക്കൊരുക്കുന്ന ഭവനമുണ്ട് അക്കരെ.

3. കുഞ്ഞാടതിൻ വിളക്കാണ്
ഇരുളൊരു ലേശവുമവിടെയില്ല
തരുമെനിക്ക് കിരീടമൊന്ന്
ധരിപ്പിക്കും അവനെന്നെ ഉൽസവവസ്ത്രം അക്കരെ.

# 64

അടവീതരുക്കളിന്നിടയിൽ
ഒരു നാരകമെന്നവണ്ണം
വിശുദ്ധരിൻ നടുവിൽ കാണുന്നേ
അതി ശ്രേഷ്ഠനാം യേശുവിനെ

വാഴ്ത്തുമേ എന്റെ പ്രിയനെ ജീവകാലമെല്ലാം
ഈ മരുയാത്രയിൽ നന്ദിയോടെ ഞാൻ പാടിടുമേ

1. പനിനീർ പുഷ്പം ശാരോനിലവൻ
താമരയുമേ താഴ്വരയിൽ
വിശുദ്ധരിൽ അതിവിശുദ്ധനവൻ
മാ സൗന്ദര്യ സമ്പൂർണ്ണനേ — വാഴ്ത്തു

2. പകർന്ന തൈലം പോൽ നിൻ നാമം
പാരിൽ സൗരഭ്യം വീശുന്നതാൽ
പഴി, ദുഷി, നിന്ദ ഞെരുക്കങ്ങളിൽ
എന്നെ സുഗന്ധമായ് മാററീടണേ — വാഴ്ത്തു

3. മനക്ലേശതരംഗങ്ങളാൽ
ദുഃഖസാഗരത്തിൽ മുങ്ങുമ്പോൾ
തിരുക്കരം നീട്ടിയെടുത്തണച്ചു
ഭയപ്പെടേണ്ടാ - എന്നുരച്ചവനെ — വാഴ്ത്തു

4. തിരുഹിതമിഹെ തികച്ചീടുവാൻ
ഇതാ ഞാനിപ്പോൾ വന്നിടുന്നേ
എന്റെ വേലയെ തികച്ചും കൊണ്ട്
നിന്റെ മുമ്പിൽ ഞാൻ നിന്നീടുവാൻ — വാഴ്ത്തു

# 65

ആശ്രയം യേശുവിൽ എന്നതിനാൽ
ഭാഗ്യവാൻ ഞാൻ, ഭാഗ്യവാൻ ഞാൻ
ആശ്വാസം എന്നിൽ താൻ തന്നതിനാൽ
ഭാഗ്യവാൻ ഞാൻ ഭാഗ്യവാൻ ഞാൻ

1. കൂരിരുൾ മൂടും വേളകളിൽ
കർത്താവിൻ പാദം ചേർന്നിടും ഞാൻ
കാരിരുമ്പാണിയാൽ പാടുള്ള പാണിയാൽ
കരുണനിറഞ്ഞവൻ കാക്കുമെന്നെ.. കാക്കുമെന്നെ ആശ്രയം

2. ഇത്ര സൗഭാഗ്യം ഇക്ഷിതിയിൽ
ഇല്ല മററെങ്ങും നിശ്ചയമായ്
തീരാത്ത സന്തോഷം ക്രിസ്തുവിൽ ഉണ്ടെന്നാൽ
തോരാത്ത കണ്ണീരെ മണ്ണിലുള്ളു.. മണ്ണിലുള്ളു ആശ്രയം

3. തന്നുയിർ തന്ന ജീവനാഥൻ
എന്നഭയം എന്നാൾ മുഴുവൻ
ഒന്നിനും തന്നിടം എന്നിയെ വേറെങ്ങും
ഓടേണ്ട താങ്ങുവാൻ താൻ മതിയാം.. താൻ മതിയാം ആശ്രയം

4. കാൽവറി നാഥൻ എൻ രക്ഷകൻ
കല്ലറയ്ക്കുള്ളൊതുങ്ങിയില്ല
മൃത്യുവെ വെന്നവൻ അത്യുന്നതൻ വിണ്ണിൽ
കർത്താധികർത്താവായ് വാഴുന്നവൻ.. വാഴുന്നവൻ ആശ്രയം

Index

# 66

ആപത്തു വേളകളിൽ, ആനന്ദ വേളകളിൽ
അകലാത്ത എൻ യേശുവേ
അങ്ങയുടെ പാദം കുമ്പിടുന്നു ഞാൻ

1. കുശവൻെറ കയ്യിൽ കളിമണ്ണു പോൽ
തന്നിടുന്നു എന്നെ തൃക്കരങ്ങളിൽ
മെനഞ്ഞിടണമേ വാർത്തെടുക്കണേ
ദിവ്യഹിതം പോലെ ഏഴയാമെന്നെ ആപത്തു

2. എനിക്കായ് മുറിവേററ തൃക്കരങ്ങൾ
എൻ ശിരസിൽ വച്ചാശീർവ്വദിക്കണേ
അങ്ങയുടെ ആത്മാവിനാലേഴയെ
അഭിഷേകം ചെയ്തനുഗ്രഹിക്കണേ ആപത്തു

3. കഷ്ടതയുടെ കയ്പുനീരിൻ പാത്രവും
അങ്ങയെൻ കരങ്ങളിൽ കുടിപ്പാൻ തന്നാൽ
ചോദ്യം ചെയ്യാതെ വാങ്ങി പാനം ചെയ്യുവാൻ
തിരുകൃപ എന്നിൽ പകരണമേ ആപത്തു

4. എൻെറ ഹിതം പോലെ നടത്തരുതേ
തിരുഹിതം പോലെന്നെ നയിക്കണമേ
ജീവിതപാതയിൽ പതറിടാതെ
സ്വർഗ്ഗഭവനത്തിൽ എത്തുവോളവും ആപത്തു

## 67

ഇതെന്തു ഭാഗ്യം യേശു നാഥനോടു ചേർന്നു ഞാനിതാ
ഇത്ര ശ്രേഷ്ഠനാഥനെന്റെ മിത്രമായ് ഭവിച്ചു ഹാ

1. ഒരിക്കലും പിരിഞ്ഞുപോയിടാത്തൊരുറ്റ സ്നേഹിതൻ
ശരിക്കു സൽപ്രബോധനങ്ങൾ തന്നുതാങ്ങിടുന്നവൻ
തനിക്കു തുല്യനില്ല ഭൂവിൽ അന്യനിത്ര നല്ലവൻ -ഇതെന്തു

2. കരുത്തനാമവൻ കരത്തിനാൽ പിടിച്ചിരിക്കയാൽ
ഒരുത്തനും പിടിച്ചു വേർപിരിക്കുവാൻ കഴിഞ്ഞിടാ
വിരുദ്ധമായ് വരുന്നതൊന്നും ഏതുമേ ഭയന്നിടാ -ഇതെന്തു

3. അനാഥനല്ല ഞാനിനി അനുഗ്രഹാവകാശിയായ്
അനാദി നിർണ്ണയപ്രകാരമെന്നെയും വിളിക്കയാൽ
വിനാശമില്ലെനിക്കിനി അനാമയം വസിച്ചിടാം -ഇതെന്തു

4. പ്രമോദമെന്നു ഭൂമയർ ഗണിച്ചിടുന്നതൊക്കെയും
പ്രമാദമെന്നറിഞ്ഞു ഞാനവനടുത്തണഞ്ഞതാൽ
പ്രസാദമുള്ളതെന്തവനതെന്നറിഞ്ഞമർന്നിടാം -ഇതെന്തു

Index

# 68

ഉയിർപ്പിൻ ജീവനാൽ നിത്യജീവൻ നൽകും
കർത്താവിനോടു കൂടെയെൻ നിത്യവാസമാമെ

1. അവൻ ഇടം വിട്ടു ശരീരബദ്ധനായ്
   ലോകേ വലഞ്ഞലഞ്ഞു ഞാൻ വീടോടടുക്കുമേ ഉയിർ
2. എൻ പ്രിയൻ പാർപ്പിടം മനോഹര ഹർമ്മ്യം
   മുത്തുകളാൽ നിർമ്മിതമാം പന്ത്രണ്ടു ഗോപുരം ഉയിർ
3. കണ്ടാനന്ദിച്ചിടാം നിത്യമായ് വാണിടാം
   എന്നാത്മാവു വാഞ്ഛിക്കുന്നേ ഞാനെന്നു ചേരുമോ ഉയിർ
4. എന്നാത്മവാസമോ മൽപിതൃഗേഹത്തിൽ
   പൊൻവാതിലുകൾ വിശ്വാസക്കണ്ണാൽ കണ്ടിടുന്നു ഉയിർ
5. ശുദ്ധരിൻ ശോഭനം അവകാശമാം ശാലേം
   പ്രാപിപ്പാൻ ആഗ്രഹത്താൽ വാഞ്ഛിക്കുന്നെന്നുള്ളം ഉയിർ
6. എന്നല്ലൽ തീർന്നു ഞാൻ ഹല്ലേലുയ്യാ പാടും
   മന്നവനാം എന്നേശുവോടു കൂടെ വാണിടും ഉയിർ

# 69

ഉയിർത്തെഴുന്നേററു, ഹല്ലേലുയ്യാ - ജയിച്ചെഴുന്നേററു
ഉർവ്വിയെ ജയിച്ച ക്രിസ്തുനാഥനെൻ സ്വന്തമായ് തീർന്നു

1. കല്ലറ തുറന്നീടവേ
   രാജസേവകർ ഭയന്നീടവേ
   വല്ലഭനേശു ഉയിർത്തെഴുന്നേററു
   സ്വർഗ്ഗപിതാവിൻ മഹിമയിതേ — ഉയിർ..

2. മരിച്ചവരുടെ ഇടയിൽ
   ജീവനാഥനെ തേടുകയോ
   നീതിയിന്നധിപതി ഉയിർത്തെഴുന്നേററു
   നിത്യമാം ജീവനെ നൽകീടുവാൻ — ഉയിർ..

3. മരണമേ വിഷമെവിടെ?
   പാതാളമേ ജയമെവിടെ?
   മരണത്തെ ജയിച്ചവൻ ഉയിർത്തെഴുന്നേററു
   പാതാള വൈരിയെ ജയിച്ചവനായ് — ഉയിർ..

4. ആത്മാവിൽ ഇന്നുമെന്നും
   ഹാ നമ്മെയും ഉയിർപ്പിച്ചവൻ
   ആത്മാവിൻ വാഗ്ദത്തം നമുക്കവൻ തന്നു
   ഹല്ലേലുയ്യാ സ്തുതി പാടീടുവോം — ഉയിർ..

# 70

എൻ ഹൃദയം ശുഭവചനത്താൽ കവിയുന്നു
എൻ മനം ആനന്ദത്താൽ നിറഞ്ഞിടുന്നു
എൻ പ്രിയനീ ഏഴയ്ക്കേകിയ നന്മകൾ-
ക്കെന്തിഹെ ഞാൻ പകരം പരനേകും

ആനന്ദമേ ക്രിസ്തു ജീവിതം
ആശ്വാസമുണ്ടീ പാതയിൽ

1. നിത്യപിതാവെൻ കൂടെയിരുന്ന്
നിത്യവുമെൻപോർ ചെയ്തിടുന്നതിനാൽ
നിർഭയവാസമെനിക്കുണ്ടുലകിൽ
നിത്യവുമീ മരുയാത്രയിലെല്ലാം ആനന്ദ..

2. എൻ പ്രിയനെനിക്കായ് കരുതുന്നതിനാൽ
തൻ തിരുമാർവ്വിൽ ഞാൻ വിശ്രമിച്ചിടുന്നു
ജീവനും ഭക്തിക്കും വേണ്ടിയതൊക്കെയും
തൻ ദിവ്യമാം ശക്തി ദാനം ചെയ്തതിനാൽ ആനന്ദ..

3. ആപത്തനർത്ഥങ്ങൾ രോഗാകുലങ്ങളാൽ
ആശയററയ്യോ ഞാനാകെ തളർന്നപ്പോൾ
ആശ്വസിപ്പിക്കും കരങ്ങളാലെൻ പ്രിയൻ
അ- ുത സൗഖ്യവും ശാന്തിയും തന്നതാൽ ആനന്ദ..

4. അന്ധകാരത്തിൽ നിന്നെ വിളിച്ചവൻ
അ- ുത ശോഭയിലേയ്ക്കു നടത്തുന്നു
അല്പകാലത്തെയീ ക്ലേശങ്ങൾ തേജസിൻ
നിത്യഘനത്തിനായ് തീരുന്നെനിക്ക് ആനന്ദ..

# 71

എൻ സങ്കടങ്ങൾ സകലവും തീർന്നുപോയി
സംഹാരദൂതനെന്നെ കടന്നുപോയി

1. കുഞ്ഞാടിൻെറ വിലയേറിയ നിണത്തിൽ
മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ടാ ക്ഷണത്തിൽ എൻ

2. ഫറവോനു ഞാനിനി അടിമയല്ല
പരമസീയോനിൽ ഞാൻ അന്യനല്ല എൻ

3. മാറായെ മധുരമാക്കി തീർക്കുമവൻ
പാറയെ പിളർന്നു ദാഹം പോക്കുമവൻ എൻ

4. മരുവിലെൻ ദൈവമെനിക്കധിപതിയെ
തരുമവൻ പുതുമന്നാ അതുമതിയെ എൻ

5. മനോഹരമായ കനാൻ ദേശമേ
അതേ എനിക്കഴിയാത്തൊരവകാശമേ എൻ

6. ആനന്ദമേ പരമാനന്ദമേ
കനാൻ ജീവിതമെനിക്കാനന്ദമേ എൻ

7. എൻെറ ബലവും എൻെറ സംഗീതവും
എൻ രക്ഷയും യേശുവത്രേ ഹല്ലേലുയ്യാ എൻ

# 72

എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ
നടത്തിടുന്നു ദിനം തോറും
സന്തോഷവേളയിൽ സന്താപവേളയിൽ,
എന്നെ കൈവിടാതെ അനന്യനായ്

പതറുകയില്ല ഞാൻ പതറുകയില്ല ഞാൻ
പ്രതികൂലം അനവധി വന്നീടിലും
വീഴുകയില്ല ഞാൻ വീഴുകയില്ല ഞാൻ
കഷ്ടത അനവധി വന്നീടിലും
എൻ കാന്തൻ കാത്തിടും എൻപ്രിയൻ പോററിടും
എൻ നാഥൻ നടത്തിടും അന്ത്യംവരെ

1. മുമ്പിൽ ചെങ്കടൽ ആർത്തിരച്ചാൽ എതിരായ്
പിൻപിൽ വൻവൈരി പിൻഗമിച്ചാൽ
ചെങ്കടലിൽകൂടി ചെങ്കൽ പാതയൊരുക്കി
അക്കരെയെത്തിക്കും ജയാളിയായ് പതറു..

2. എരിയും തീച്ചൂള എതിരായ് എരിഞ്ഞാൽ
ശദ്രക്കിനേപ്പോൽ വീഴ്ത്തപ്പെട്ടാൽ
എന്നോടു കൂടെയും അഗ്നിയിലിറങ്ങി
വെന്തിടാതെ-പ്രിയൻ വിടുവിക്കും പതറു..

3. ഗർജ്ജിക്കും സിംഹങ്ങൾ വസിക്കും ഗുഹയിൽ
ദാനിയേലെപ്പോൽ വീഴ്ത്തപ്പെട്ടാൽ
സിംഹത്തെ സൃഷ്ടിച്ച എൻ സ്നേഹനായകൻ
കൺമണിപോലെന്നെ കാത്തുകൊള്ളും പതറു..

4. കെരീത്തു തോട്ടിലെ വെള്ളം വററിയാലും
കാക്കയിൻ വരവു നിന്നീടിലും
സാരെഫാത്തൊരുക്കി ഏല്യാവെ പോററിയ
എൻ പ്രിയനെന്നെയും പോററിക്കൊള്ളും പതറു..

5. മണ്ണോടുമണ്ണായ് ഞാൻ അമർന്നുപോയാലും
എൻ കാന്തനേശു കൈവിടില്ല
എന്നെ ഉയിർപ്പിക്കും വിൺശരീരത്തോടെ
കൈക്കൊള്ളും ഏഴയെ മഹത്വത്തിൽ പതറു..

# 73

എൻ പ്രിയനെന്തു മനോഹരനാം
തൻപാദം എന്നുമെന്നാശ്രയമാം
ആനന്ദമായ് അവനനുദിനവും
ആമയമകററി നടത്തുമെന്നെ

1. ശാരോൻ പനിനീർ കുസുമമവൻ
താഴ്വരകളിലെ താമരയും
മധുരഫലം തരും നാരകമാം
തൻ നിഴലതിലെൻ താമസമാം — എൻ

2. ഉലകക്കൊടും വെയിൽ കൊണ്ടതിനാൽ
ഇരുൾ നിറമായെനിക്കെങ്കിലും താൻ
തള്ളുകയില്ലെന്നെ തിരുകൃപയാൽ
തന്നരമനയിൽ ചേർക്കുകയായ് — എൻ

3. മാററമില്ലാ കൃപ നിറഞ്ഞവനായ്
മറെറാരു രക്ഷകനില്ലിതുപോൽ
മരുവിടമാമീ ഭൂമിയിൽ തൻ
മാറിൽ ചാരി ഞാനാശ്വസിക്കും — എൻ

# 74

എൻ പ്രിയനെപ്പോൽ സുന്ദരനായ് ആരെയും ഞാനുലകിൽ
കാണുന്നില്ല മേലാലും ഞാൻ കാണുകയില്ല

സുന്ദരനാം മനോഹരാ നിന്നെപ്പിരിഞ്ഞീ ലോകയാത്ര
പ്രാകൃതരാം ജാരന്മാരെ വരിക്കുമോ വത്സല
മണ്ണെ പ്രതി മാണിക്യം വെടിയുകില്ല ഞാൻ, ഈ

1. സർവ്വാംഗസുന്ദരൻ തന്നെ എന്നെ വീണ്ടെടുത്തവൻ
സർവ്വസുഖസൗകര്യങ്ങൾ അർപ്പിക്കുന്നേ ഞാൻ സുന്ദര..

2. യെരുശലേം പുത്രിമാരെൻ ചുററും നിന്നു രാപ്പകൽ
പ്രിയനോടുള്ളനുരാഗം കവർന്നീടുകിൽ സുന്ദര..

3. ലോകസുഖ സൗകര്യങ്ങളാകുന്ന പ്രതാപങ്ങൾ
മോടിയോടുകൂടെ എന്നെ മാടിവിളിച്ചാൽ സുന്ദര..

4. വെള്ളത്തിൻ കുമിളപോലെ മിന്നിവിളങ്ങീടുന്ന
ജഢീകസുഖങ്ങളെന്നെ എതിരേൽക്കുകിൽ സുന്ദര..

5. പ്രേമമെന്നിൽ വർദ്ധിക്കുന്നേ പ്രിയനോടു ചേരുവാൻ
നാളുകൾ ഞാനെണ്ണിയെണ്ണി ജീവിച്ചീടുന്നേ സുന്ദര..

# 75

എൻ പ്രാണനാഥനെന്നു വരും
എന്നു തീരും എൻ വേദനകൾ

1. ആകുലത്തിൽ ആശ്വസിപ്പാൻ
ആവശ്യങ്ങളിൽ ആശ്രയിപ്പാൻ
അങ്ങല്ലാതാരും ഇല്ലെനിക്ക്
ആത്മനാഥാ ഈ പാരിടത്തിൽ — എൻ

2. ഇന്നിഹത്തിൽ നിന്നിലല്ലാതില്ല
സന്തോഷം ജീവിതത്തിൽ
തിങ്ങി വിങ്ങുന്ന സങ്കടവും
എങ്ങും പഴിയും നിന്ദകളും — എൻ

3. പ്രിയരെല്ലാം കൈവിടുമ്പോൾ
പ്രതികൂലമായ് മാറിടുമ്പോൾ
പ്രാണപ്രിയാ ഈ ഏഴയാകും
പ്രാണിയെ നീയും കൈവിടല്ലേ — എൻ

4. നല്ലതല്ലാതൊന്നുമില്ല
നീ നല്കുമെല്ലാം നന്മയല്ലോ
നിത്യത
തന്നിലെത്തുവോളം
നീ നടത്തെന്നെ നിൻ ഹിതംപോൽ — എൻ

# 76

എൻെറ ദൈവം മഹത്വത്തിൽ ആർദ്രവാനായ് ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണി തന്നിൽ ക്ലേശിപ്പാൻ
ഏതും കാര്യമില്ലെന്നെൻെറയുള്ളം ചൊല്ലുന്നു

1. വൈഷമ്യമുള്ളേതുകുന്നും കരകേറി നടകൊൾവാൻ
രക്ഷകനെൻ കാലുകൾക്കു വേഗമായ്
തീർന്നെൻ പാതയിൽ ഞാൻ മാനിനെപ്പോലോടിടും എൻെറ

2. ആരുമെനിക്കില്ലെന്നോ ഞാൻ ഏകനായി തീർന്നുവെന്നോ
മാനസത്തിലാധിപൂണ്ടു ഖേദിപ്പാൻ
സാധു അന്ധനായി തീർന്നിടല്ലേ ദൈവമേ എൻെറ

3. എൻെറ നിത്യ സ്നേഹിതന്മാർ ദൈവദൂത സംഘമത്രേ
ഇപ്പോളവർ ദൈവമുമ്പിൽ സേവയാം
എന്നെ കാവൽ ചെയ്തു ശുശ്രൂഷിപ്പാൻ വന്നിടും എൻെറ

4. ദുഃഖിതനായോടിപ്പോയ് ഞാൻ മരുഭൂവിൽ കിടന്നാലും
എന്നെയോർത്തു ദൈവദൂതർ വന്നിടും
ഏററം സ്നേഹച്ചൂടോടപ്പവുമായ് വന്നിടും എൻെറ

5. നാളെയെക്കൊണ്ടെന്മനസ്സിൽ ലവലേശം ഭാരമില്ല
ഒരോ നാളും ദൈവമെന്നെ പോററുന്നു
എൻെറ കൈകളിൽ ഞാൻ ദിനം തോറും ചാരുന്നു എൻെറ

6. കാക്കകളെ വിചാരിപ്പിൻ വിതയില്ല കൊയ്ത്തുമില്ല
ദൈവം അവയ്ക്കായി വേണ്ടതേകുന്നു
ലില്ലി പുഷ്പങ്ങൾക്കുമവൻ ശോഭ നൽകുന്നു എൻെറ

7. പത്മോസ് ദ്വീപിൽ ഏകനായ് ഞാൻ വസിച്ചാലും ഭയമില്ല
സ്വർഗ്ഗം തുറന്നെൻെറ പ്രിയൻ വന്നിടും
മഹാ ദർശനത്താൽ വിവശനായ് തീരും ഞാൻ എൻെറ

8. ഹാ, മഹേശാ കരുണേശാ പൊന്നുനാഥാ നീയെനിക്കായ്
വേണ്ടതെല്ലാം കൃപ തോന്നി നൽകുമ്പോൾ
എൻെറ ദേഹി വൃഥാ കലങ്ങുന്നതെന്തിനായ് എൻെറ

# 77

എൻ പേർക്കായി ജീവൻ വെടിഞ്ഞ
എൻ പ്രാണപ്രിയനാകും യേശുവേ
നിൻ സ്നേഹത്തെ ഞാൻ ഓർത്തീടും നേരം
എൻ മാനസം നന്ദിയാൽ പൊങ്ങുന്നേ

1. എൻ വീണ്ടെടുപ്പിൻ വില കൊടുപ്പാൻ
നീ മാത്രമല്ലാതാരുള്ളേശുവേ
നിൻ കാരുണ്യത്തിൻ മാഹാത്മ്യത്തെ
ഞാൻ സദാകാലവും പുകഴ്ത്തീടുമേ — എൻ

2. പേയിൻ ബലത്തെ തകർത്തതിനാൽ
എൻ മരണഭയം നീ നീക്കിയല്ലോ
നിൻ കാൽവറിയിൽ തിരുബലിയാൽ
സീയോൻ മാർഗ്ഗവും തുറന്നെനിക്കായ് — എൻ

3. നിൻ സ്നേഹത്താൽ ഞാൻ ജ്വലിച്ചീടുവാൻ
ശുദ്ധാത്മാവിനാൽ നിറച്ചവനെ
അനുദിനവും ജയജീവിതം
നയിച്ചീടുവാൻ കൃപയരുൾക — എൻ

4. പ്രിയൻ പോയതാം പാതേ പോകുവാൻ
ദിവ്യ വിളിയാൽ വിളിച്ചവനേ
ദിനം തോറും നിൻ തിരുചിറകിൽ
അടിയനെ നീ മറച്ചീടുക — എൻ

5. നിൻ പേർക്കായി ജീവൻ തരുവാൻ
അത്യാശ എന്നിൽ ഏറുന്നേശുവേ
പ്രത്യാശയോടെ നിൻ പൊൻമുഖത്തെ
വീക്ഷിച്ചീടണം എന്നാശയതേ — എൻ

# 78

ഹാ, മനോഹരം യാഹേ നിന്റെ ആലയം
എന്തൊരാനന്ദം തവ പ്രാകാരങ്ങളിൽ
ദൈവമേ എൻ ഉള്ളം നിറയുന്നു
ഹല്ലേലുയ്യാ പാടും ഞാൻ

ദൈവം നല്ലവൻ എല്ലാവർക്കും വല്ലഭൻ
തൻ മക്കൾക്കെന്നും പരിചയാം
നന്മ ഒന്നും മുടക്കുകയില്ല നേരായ് നടപ്പവർക്ക്

1. ഒരു സങ്കേതം നിന്റെ യാഗപീഠങ്ങൾ
മീവൽ പക്ഷിയ്ക്കും ചെറു കുരികിലിനും
രാവിലെ നിൻ നന്മകളെ ഓർത്തു
പാടി സ്തുതിച്ചിടുന്നു ദൈവം

2. ഞങ്ങൾ പാർത്തീടും നിത്യം നിന്റെ ആലയേ
ഞങ്ങൾ ശക്തരാം എന്നും നിന്റെ ശക്തിയാൽ
കണ്ണുനീരിൻ താഴ്‌വരയെല്ലാം
മാററും അനുഗ്രഹമായ് ദൈവം

## 79

എൻ ദൈവം നല്ലവൻ എന്നെന്നുമേ
എൻ നാഥൻ വല്ലഭൻ എന്നാളുമേ
എന്നെ സ്നേഹിച്ചവൻ എന്നെ രക്ഷിപ്പാൻ
തൻ ജീവൻ തന്നവൻ എൻ രക്ഷകൻ

ആ നല്ല ദേശത്തിൽ നിത്യമാം പ്രകാശത്തിൽ
അംശിയായിട്ടെന്നെ ചേർത്തതാൽ
കീർത്തിക്കും ഞാൻ ആ വൻത്യാഗത്തെ,
വർണ്ണിക്കും ഞാൻ എന്നന്ത്യനാൾ വരെ

1. വന്ദനം നാഥനെ എൻ രക്ഷകാ
നിന്ദിച്ചു നിന്നെ ഞാൻ എൻ ദോഷത്താൽ
എൻ പേർക്കീ കഷ്ടത ക്രൂരതയും വഹിച്ചു
എൻ പേർക്കായ് എൻെറ രക്ഷകാ ആ നല്ല

2. ഞാൻ ചെയ്ത പാതകം ക്ഷമിച്ചു
നീ സ്വന്തമായെന്നെ നീ സ്വീകരിച്ചു
വീഴാതെ താങ്ങണേ അന്ത്യം വരെ
നടത്തി പോററുക എൻെറ ദൈവമേ ആ നല്ല

# 80

എൻെറ യേശു എനിക്കു നല്ലവൻ
അവൻ എന്നെന്നും മതിയായവൻ
ആപത്തിൽ രോഗത്തിൽ വൻപ്രയാസങ്ങളിൽ
മനമേ അവൻ മതിയായവൻ

1. കാൽവറി മലമേൽ കയറി
മുൾമുടി ശിരസിൽ വഹിച്ചു
എൻെറ വേദന സർവ്വവും നീക്കിയെന്നിൽ
പുതുജീവൻ പകർന്നവനാം എൻെറ

2. അവൻ ആദ്യനും അന്ത്യനുമേ
ദിവ്യസ്നേഹത്തിനുറവിടമേ
പതിനായിരത്തിൽ അതിശ്രേഷ്ഠനവൻ
സ്തുത്യനാം വന്ദ്യനാം നായകൻ എൻെറ

3. മരുഭൂയാത്ര അതികഠിനം
പ്രതികൂലങ്ങൾ അനുനിമിഷം
പകൽ മേഘസ്തംഭം രാത്രി അഗ്നിത്തൂണായ്
എന്നെ അനുദിനം വഴിനടത്തും എൻെറ

4. എൻെറ ക്ലേശമെല്ലാം നീങ്ങിപ്പോം
കണ്ണുനീരെല്ലാം തുടച്ചീടുമേ
അവൻ രാജാവായ് വാനിൽ വെളിപ്പെടുമ്പോൾ
ഞാൻ അവനിടം പറന്നുയരും എൻെറ

# 81

അത്യുന്നതനാം ദൈവത്തിൻ മറവിൽ
സർവ്വശക്തൻ നിഴലിൻ കീഴിൽ
കോട്ടയായവൻ സങ്കേതമായവൻ
തൻ സന്നിധിയിൽ വസിക്കുന്നു ഞാൻ

ഞാൻ ആശ്രയിക്കും പാറ എൻ രക്ഷയിൻ വെളിച്ചം
ഞാനാരെ പേടിക്കും കർത്തനെൻെറ അഭയം
ഇടയശ്രേഷ്ടൻ ക്രിസ്തു വീര്യഭുജമുള്ളോൻ
കൈപിടിച്ചു നയിക്കുന്നെന്നെ

1. പാപമൃത്യു ശാപഘോര പീഢയാൽ
മനമുരുകും മർത്യസ്നേഹിതാ
അദ്ധ്വാനിക്കുന്നോർ ഭാരം വഹിപ്പോർ
യേശുവിൻെറ പാതേ ചേരുക ഞാൻ

2. യുദ്ധം ക്ഷാമരോഗ വിപ്ളവാദികൾ
ഭൂലോകത്തെ നടുക്കീടുന്നു
വില്ലൊടിക്കുവാൻ വ്യാധി നീക്കുവാൻ
ജയം വരിച്ചേശു വരുന്നു ഞാൻ

3. രക്ഷനേടുവാൻ മോക്ഷം പ്രാപിപ്പാൻ
സത്യമാർഗ്ഗം അന്വേഷിപ്പോനേ
സത്യവഴിയും വാതിലുമായ
യേശുനാഥൻ പാദം ചുബിക്ക ഞാൻ

എൻെറ സമ്പത്തെന്നു ചെല്ലുവാൻ വേറെയില്ലൊന്നും
യേശുമാത്രം സമ്പത്താകുന്നു
ചാവിനെവെന്നുയിർത്തവൻ വാനമേഘമതിൽ ചെന്നു
സാധുവെന്നെ ഓർത്തു നിത്യം താതനോടു യാചിക്കുന്നു

1. ക്രൂശിൽ മരിച്ചീശനെൻ പേർക്കായ് - വീണ്ടെടുത്തെന്നെ
സ്വർഗ്ഗകനാൻ നാട്ടിലാക്കുവാൻ
പാപം നീങ്ങി ശാപം മാറി മൃത്യുവിന്മേൽ ജയമേകി
വേഗം വരാമെന്നുരച്ചിട്ടാമയം തീർത്താശ നൽകി എൻെറ

2. തൻെറ പേർക്കായ് സർവ്വസമ്പത്തും യാഗമായ്-
വെച്ചിട്ടെന്നെന്നേക്കും തന്നിൽ പ്രേമമായ്
തൻെറ വേല ചെയ്തുകൊണ്ടും തൻെറ ക്രൂശു ചുമന്നിട്ടും
പ്രാണപ്രിയൻ സേവയിൽ തന്നായുസ്സല്ലൊം കഴിക്കണം എൻെറ

3. "*നല്ല* ദാസൻ" എന്നു ചൊല്ലുന്നാൾ - തൻെറ മുമ്പാകെ
ലജ്ജിതനായ് തീർന്നുപോകാതെ
നന്ദിയോടെൻ പ്രിയൻ മുമ്പിൽ പ്രേമക്കണ്ണീർ ചൊരിഞ്ഞീടാൻ
ഭാഗ്യമേറും മഹോൽസവ വാഴ്ചകാലം വരുന്നല്ലോ എൻെറ

4. കുഞ്ഞാടാകും എൻെറ പ്രിയൻെറ - സിയോൻ പുരിയിൽ
ചെന്നുചേരാൻ ഭാഗ്യമുണ്ടെങ്കിൽ
ലോകമെന്നെ ത്യജിച്ചാലും ദേഹമെല്ലാം ക്ഷയിച്ചാലും
ക്ലേശമെന്നിൽ ലേശമില്ലാതീശനെ ഞാൻ പിന്തുടരും എൻെറ

5. എൻെറ ദേശം ഈ ഭുമിയല്ല അന്യനായ് സാധു
ഹാമിൻദേശം വിട്ടുപോകുന്നു
മേലിന്നെറുശലേമെന്നെ ചേർത്തുകൊൾവാൻ ഒരുങ്ങി തൻ
ശോഭയേറും വാതിലുകൾ എനിക്കായിട്ടുയർത്തുന്നു എൻെറ

6. എൻെറ രാജാവെഴുന്നെള്ളുമ്പോൾ - തൻെറ മുമ്പാകെ
ശോഭയേറും രാജ്ഞിയായിത്തൻ
മാർവ്വിലെന്നെ ചേർത്തിടും തൻ പൊന്നുമാർവ്വിൽ മുത്തിടും ഞാൻ
ഹാ എനിക്കീ മഹാഭാഗ്യം ദൈവമേ നീ ഒരുക്കിയേ എൻെറ

# 83

എൻെറ ബലമായ കർത്തനെൻ
ശരണമതാകയാൽ പാടിടും ഞാനുലകിൽ
ഏററമുറപ്പുള്ള മറവിടമാണെനിക്കെൻ പ്രിയൻ
ചാരിടും ഞാനവനിൽ

ഹാ ഹല്ലേലുയ്യാ ഗീതം പാടിടും ഞാൻ
എൻെറ ജീവിതയാത്രയതിൽ
എൻെറ അല്ലലഖിലവും തീർത്തിടും നാൾ
നോക്കിപ്പാർത്തിടും ഞാനുലകിൽ

1. എല്ലാക്കാലത്തും ആശ്രയം വച്ചീടുവാൻ
   നല്ല സങ്കേതമേശുവത്രേ
   പെററതള്ള തൻ കുഞ്ഞിനെ മറന്നീടിലും
   കാന്തൻ മാററം ഭവിക്കാത്തവൻ ഹാ

2. തിരുക്കരത്തിൽ വൻ സാഗരജലമെല്ലാം അടക്കുന്ന
   കരുത്തെഴും യാഹവൻ താൻ
   ഒരു ഇടയനെപ്പോലെന്നെ അവനിയിൽ കരുതുന്ന
   സ്നേഹമെന്താശ്ചര്യമേ ഹാ

3. ഉള്ളം കലങ്ങുന്ന നേരത്ത് പ്രിയൻ തൻ വാഗ്ദത്തം
   ഓർപ്പിച്ചുണർത്തുന്നെന്നെ
   ഉള്ളം കരത്തിൽ വരച്ചവൻ ഉർവ്വിക്കധീശൻ താൻ
   എന്നുടെ ആശ്വാസകൻ ഹാ

4. മാറും മനുജരെല്ലാം മഹിതലമതും
   തീജ്വാലക്കിരയായി മാറുകിലും
   തിരുവാഗ്ദത്തങ്ങൾക്കേതും മാററം വരില്ലവൻ
   വരവിൻ നാളാസന്നമായ് ഹാ

# 84

ഭാഗ്യനാട്ടിൽ പോകും ഞാൻ എന്റെ
ഭാഗ്യനാട്ടിൽ പോകും ഞാൻ
ഭാഗ്യനാട്ടിൽ ചെന്നു ശുദ്ധരോടൊത്തു ഞാൻ
യേശുവെ വാഴ്ത്തീടുമേ

1. മായ ഇമ്പം വിടുന്നേ
എന്റെ ലോക സുഖങ്ങളെല്ലാം
നായകനാം എന്റെ മന്നനെ ഓർത്തു ഞാൻ
തൻതിരു നാമത്തിനായ് ഭാഗ്യ..

2. സ്വർഗ്ഗഭാഗ്യമോർക്കുമ്പോൾ
എന്റെ ഉള്ളമാനന്ദിക്കുന്നേ
തുള്ളിക്കളിച്ചെന്റെ സന്തോഷ രാജ്യത്തിൽ
വേഗം ഞാൻ ചേർന്നീടുമേ ഭാഗ്യ..

3. ഓരോ ദിവസവും ഞാൻ
എന്റെ പ്രിയനെ നോക്കിക്കൊണ്ട്
നേരായ പാതയിൽ സേവനം ചെയ്തു
ഞാൻ മാർവ്വോടണഞ്ഞീടുമേ ഭാഗ്യ.. Index

# 85

എന്നേശുവല്ലാതില്ലെനിക്കൊരാശ്രയം ഭൂവിൽ
നിൻ മാർവ്വിലല്ലാതില്ലെനിക്കു വിശ്രമംവേറെ
ഈ പാരിലും പരത്തിലും നിസ്തുല്യനെൻ പ്രിയൻ

എൻ രക്ഷകാ എൻ ദൈവമേ നീ അല്ലാതില്ലാരും
എന്നേശുമാത്രം മതിയെനിക്കേതു നേരത്തും

1. വൻ ഭാരങ്ങൾ പ്രയാസങ്ങൾ നേരിടും നേരത്തും
എൻ ചാരവേ ഞാൻ കാണുന്നുണ്ടെൻ സ്നേഹ-സഖിയായ്
ഈ ലോക സഖികളെല്ലാരും മാറിപ്പോയാലും എൻ

2. എൻ ക്ഷീണിതരോഗത്തിലും നീ മാത്രമെൻ വൈദ്യൻ
മററാരെയും ഞാൻ കാണുന്നില്ലെൻ രോഗ ശാന്തിക്കായ്
നിൻ മാർവ്വിടം എൻ ആശ്രയം എന്നേശു കർത്താവേ എൻ

# 86

തേടിവന്നോ ദോഷിയാം എന്നെയും എന്നെയും നാഥാ
ഇത്രമാസ്നേഹം ഉയിർ കൊടുത്തെനിക്കായ്
മന്നവാ വർണ്ണിപ്പാൻ എളുതല്ലെ എനിക്ക്

1. ക്ഷോണിതലെ ക്ഷീണം ഭവിച്ചിടാതെന്നെയും നാഥാ
   ആണിപ്പഴുതുള്ള പാണികളാലെന്നെ
   പ്രീണിച്ചനുഗ്രഹിച്ചീടുക നിത്യം തേടി

2. പോഷിപ്പിക്ക പത്ഥ്യവചനമാം ക്ഷീരത്താലെന്നെ
   നിർമ്മലതോയം നിത്യം കുടിപ്പിച്ച്
   പച്ചപ്പുൽ ശയ്യയിൽ കിടത്തിടുന്നോനെ തേടി

3. നീർത്തീടുക കളങ്കമറേറശുവേ കറയില്ലാതെന്നെ
   പളുങ്കുകടൽ തീരത്തന്നു ഞാനെൻെറ
   മധുരഗാനരഥമതിലേറി ഗമിപ്പാൻ തേടി

4. കുഞ്ഞാടിൻെറ കുടെ ഗമിച്ചവർ പാടുമേ മോദാൽ
   സീയോൻ മലയിൽ സീമയററാനന്ദം
   എന്നിനി ലഭിക്കുമോ മൽപ്രാണനാഥാ തേടി

# 87

ശാലേം രാജൻ വരുന്നൊരു ധ്വനികൾ ദേശമെങ്ങും
മുഴങ്ങിടുന്നു
സോദരാ നീ ഒരുങ്ങീടുക ലോകം വെറുത്തീടുക
വേഗം ഗമിച്ചീടുവാൻ വാനിൽ പറന്നുപോകാൻ

1. വീശുക ഈ തോട്ടത്തിനുള്ളിൽ
ജീവയാവി പകർന്നീടുവാൻ
ജീവനുള്ള പാട്ടുപാടുവാൻ സാക്ഷി ചൊല്ലുവാൻ
ദൂതറിയിപ്പാൻ സഭയുണരുവാൻ ശാലേം

2. ക്രിസ്തുവീരർ ഉണർന്നു ശോഭിപ്പാൻ
ശക്തിയായൊരു വേലചെയ്‌വാൻ
കക്ഷിത്തം ഇടിച്ചുകളക സ്നേഹത്താലൊന്നിക്ക
വിശ്വാസം കൂടട്ടെ മേലും ധൈര്യം നൽകട്ടെ ശാലേം

3. അത്ഭുതങ്ങൾ അടയാളങ്ങളാൽ
സത്യസഭ വെളിപ്പെടുന്നു
ഭൂതങ്ങൾ അലറിയോടുന്നു പുതുഭാഷ കേൾക്കുന്നു
കുഷ്ഠരോഗം മാറുന്നു ജനം ഒന്നുചേരുന്നു ശാലേം

4. ദീപെട്ടികൾ തെളിയിച്ചുകൊൾക
എണ്ണപ്പാത്രം കവിഞ്ഞിടട്ടെ
ശോഭയുള്ള കൂട്ടരോടൊത്തു പേർവിളിക്കുമ്പോൾ
വാനിൽ പോകുവാൻ ഒരുങ്ങി നില്ക്കും ഞാൻ ശാലേം

# 88

എന്നും നല്ലവൻ യേശു എന്നും നല്ലവൻ
ഇന്നലെയും ഇന്നുമെന്നും അന്യനല്ലവൻ

1. ഭാരമുള്ളിൽ നേരിടും നേരമെല്ലാം താങ്ങിടും
   സാരമില്ലെന്നോതിടും തൻ മാർവ്വിലെന്നെ ചേർത്തിടും ..എന്നും
2. സംഭവങ്ങൾ കേൾക്കവേ കമ്പമുള്ളിൽ ചേർക്കവേ
   തമ്പുരാൻ തിരുവചനം ഓർക്കവേ പോമാകവേ ..എന്നും
3. ഉലകവെയിൽ കൊണ്ടു ഞാൻ വാടിവീഴാതോടുവാൻ
   തണലെനിക്കു നൽകിടുവാൻ വലഭാഗത്തായുണ്ടു താൻ..എന്നും
4. വിശ്വസിക്കുവാനും എന്നാശ വെച്ചിടാനുമീ
   വിശ്വമതിലാശ്വസിക്കാൻ ആശ്രയവുമെന്നേശുവാം ..എന്നും
5. രാവിലും പകലിലും ചേലൊടു തൻ പാലനം
   ഭൂവിലെനിക്കുള്ളതിനാൽ മാലിനില്ല കാരണം ..എന്നും

## 89

എനിക്കെൻറ യേശുവിനെ കണ്ടാൽ മതി
ഇഹത്തിലെ മായസുഖം വിട്ടാൽ മതി
പരൻ ശില്പിയായ് പണിത നഗരമതിൽ
പരനോടു കൂടെ വാഴാൻ പോയാൽ മതി

1. ഒരിക്കൽ പാപാന്ധകാര കുഴിയതിൽ ഞാൻ
മരിച്ചവനായ് കിടന്നോരിടത്തുനിന്നും
ഉയർത്തിയിന്നോളമെന്നെ നിറുത്തിയവൻ
ഉറപ്പുള്ള പാറയാകും ക്രിസ്തേശുവിൽ — എനി..

2. ഇവിടെ ഞാൻ വെറുമൊരു പരദേശിപോൽ
ഇവിടത്തെ പാർപ്പിടമോ വഴിയമ്പലം
ഇവിടെനിക്കാരും തുണയില്ലെങ്കിലും
ഇണയാകും യേശുവോടു ചേർന്നാൽ മതി — എനി..

3. പ്രിയനെനിക്കിനിയേകും ദിനമൊക്കെയും
ഉയർത്തിടാം സുവിശേഷക്കൊടിയീമന്നിൽ
ഇളക്കമില്ലാത്ത നാട്ടിൽ വസിച്ചീടുവാൻ
തിടുക്കമാണെൻ മണാളൻ വന്നാൽ മതി — എനി..

4. കളങ്കമില്ലാതെ എന്നെ തിരുസവിധേ
വിളങ്ങുവാൻ യേശു കഷ്ടം സഹിച്ചെനിക്കായ്
തളർന്ന മെയ് കാൽകരങ്ങൾ തുളച്ച മാർവ്വും
നിറഞ്ഞകണ്ണീരുമാർദ്ര ഹൃദയവുമായ് — എനി..

5. നിറഞ്ഞ പ്രത്യാശയാൽ ഞാൻ ദിനവും പ്രിയൻ
പറഞ്ഞ വാക്കോർത്തു മാത്രം പാർത്തിടുന്നു
നിറുത്തണമേ വിശുദ്ധ ആത്മാവിനാൽ
പറന്നേറി വാനിലെത്തി വസിച്ചീടുവാൻ — എനി..

# 90

എന്തതിശയമേ ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ, അതു
ചിന്തയിലടങ്ങാ സിന്ധു സമാനമായ്
സന്തതം കാണുന്നു ഞാൻ

1. ദൈവമേ നിൻ മഹാ സ്നേഹമതിൻ
വിധം ആർക്കു ചിന്തിച്ചറിയാം
എനിക്കാവതില്ലേ അതിൻ ആഴമളന്നിടാൻ
എത്ര ബഹുലമത് എന്ത..

2. ആയിരമായിരം നാവുകളാലതു
വർണ്ണിപ്പതിന്നെളുതോ
പതിനായിരത്തിങ്കലൊരംശം ചൊല്ലീടുവാൻ
പാരിലസാദ്ധ്യമഹോ എന്ത..

3. മോദമെഴും തിരുമാർവ്വിലുല്ലാസമായ്
സന്തതം ചേർന്നിരുന്ന,
ഏകജാതനാമേശുവെ പാതകർക്കായ്
തന്ന സ്നേഹമതിശയമേ എന്ത..

4. പാപത്താൽ നിന്നെഞാൻ കോപിപ്പിച്ചുള്ളൊരു
കാലത്തിലും ദയവായ്, സ്നേഹ-
വാപിയേ നീയെന്നെ സ്നേഹിച്ചതോർത്തെന്നിൽ
ആശ്ചര്യമേറിടുന്നു എന്ത..

5. ജീവിതത്തിൽ പല വീഴ്ച്ചകൾ വന്നിട്ടും
ഒട്ടും നിഷേധിക്കാതെ, എന്നെ-
കേവലം സ്നേഹിച്ചു പാലിച്ചിടും തവ
സ്നേഹമതുല്യമഹോ എന്ത..

# 91

എന്താനന്ദം എനിക്കെന്താനന്ദം
പ്രിയ യേശുവിൻ കൂടെയുള്ള വാസം
ചിന്താതീതം അതു മനോഹരം എന്തു സന്തോഷമാം പുതു ജീവിതം

സന്താപമേറുമീ ലോകേ - ഞാനാകിലും സാന്ത്വനം തരും ശുഭം

1. ഒന്നും കണ്ടിട്ടല്ല എൻജീവിതാരംഭം
വിശ്വാസ കാൽചുവടിലത്രേ
തന്നീടുന്നേ സ്വർഗ്ഗഭണ്ഡാരത്തിൽ നിന്നും
ഒന്നിനും മുട്ടില്ലാതെവണ്ണം
ആശക്കെതിരായി ആശയോടെ
വിശ്വസിക്കുകിലെല്ലാം സാദ്ധ്യം          എന്താ..

2. ആരു വെറുത്താലും ആരു ചെറുത്താലും
കാര്യമില്ലെന്നുള്ളം ചൊല്ലുന്നു
കൂടെ മരിപ്പാനും കൂടെ ജീവിപ്പാനും
കൂട്ടായ് പ്രതിജ്ഞാബന്ധം ചെയ്തോർ
കൂട്ടത്തോടെ വിട്ടുപോയെന്നാലും
കൂട്ടായ് യേശു എനിക്കുള്ളതാൽ          എന്താ..

3. ആരു സഹായിക്കും ആരു സംരക്ഷിക്കും
എന്നുള്ള ഭീതിയെനിക്കില്ല (2)
തീരെ ബലഹീനനായി കിടന്നാലും
ചാരും ഞാനേശുവിൻെറ മാർവ്വിൽ (2)
എത്തും സഹായമത്യത്ഭുതമാം വിധം
തൊട്ടു സുഖപ്പെടുത്തും          എന്താ..

4. ക്രിസ്തീയ ജീവിത മാഹാത്മ്യം കണ്ടവർ
ക്രിസ്തനെ വിട്ടുപോയിടുമോ (2)
സുസ്ഥിരമല്ലാത്ത ലോകധനത്തിനാൽ
വ്യർത്ഥരായ് തീരുന്നതെന്തിന് (2)
കർത്തനാമേശുവോടൊത്തു നടക്കുകിൽ
നിത്യാനന്ദം ലഭ്യമേ          എന്താ..

# 92

ഒന്നേയുള്ളെനിക്കാനന്ദമുലകിൽ
എന്നേശുവിൻ സന്നിധിയണയുവതേ
അന്നേരം മമ മാനസഖേദം
ഒന്നായകലും വെയിലിൽ ഹിമം പോൽ

1. മാനം ധനമീ മന്നിൻ മഹിമകളൊന്നും
ശാന്തിയെ നൽകാതെ
ദാഹം പെരുകും തണ്ണീരൊഴികെ
ലോകം വേറെ തരികില്ലറിക ഒന്നേ..

2. നീർത്തോടുകളിൽ മാനേപ്പോലെൻ
മാനസമീശനിൽ സുഖം തേടി
വററാ ജീവജലത്തിൻ നദിയെൻ
വറുമയെയകററി നിർവൃതിയരുളി ഒന്നേ..

2. തൻ ബലിവേദിയിൽ കുരികിലും മീവലും
വീടും കൂടും കണ്ടതുപോൽ
എൻ ബലമാം സർവ്വേശ്വരനിൽ ഞാൻ
സാനന്ദമഭയം തേടും സതതം ഒന്നേ..

3. കണ്ണുനീർ താഴ്്വരയുണ്ടെനിക്കനവധി
മന്നിൽ ജീവിത പാതയതിൽ
എന്നാലും ഭയമെന്തിനെന്നരികിൽ
നന്നായവൻ കൃപ മഴപോൽ ചൊരികിൽ ഒന്നേ..

# 93

ജയം ജയം ഹല്ലേലുയ്യാ ജയം ജയം എപ്പോഴും
യേശു നാഥൻ നാമത്തിനു ജയം ജയം എപ്പോഴും

1. പാപത്തേയും രോഗത്തേയും ക്രൂശിന്മേൽ താൻ വഹിച്ചു
സാത്താനേയും സൈന്യത്തേയും കാൽവറിയിൽ തോൽപ്പിച്ചു

2. ശത്രുഗണം ഒന്നാകവേ ചെങ്കടലിൽ മുങ്ങിപ്പോയ്
വൈരിയുടെ എതിർപ്പുകൾ ഫലിക്കയില്ലിനിമേൽ

3. വാദ്യഘോഷങ്ങളോടെ നാം ജയത്തിൻെറ പാട്ടുകൾ
ആഘോഷമായ് പാടിടുക ശുദ്ധിമാന്മാർ സഭയിൽ

4. രക്തം കൊണ്ടു മുദ്രയിടപ്പെട്ട ജനമൊന്നിച്ച്
കാഹളങ്ങൾ ഊതിടുമ്പോൾ ഭൂതലം വിറയ്ക്കുമേ

5. തകർക്കുന്ന രാജരാജൻ സൈന്യത്തിൻെറ മുമ്പിലായ്
നായകനായുള്ളതിനാൽ ജയം ജയം നിശ്ചയം

6. ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഹല്ലേലുയ്യാ ജയമേ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഹല്ലേലുയ്യാ ആമേൻ

## 94

പെന്തക്കോസ്തിൻ നാളിൽ മുൻമഴ പെയ്യിച്ച
പരമപിതാവേ പിന്മഴ നൽക
പിൻമഴ നൽകേണം മാലിന്യം മാറേണം
നിൻജനം ഉണർന്നു നിൻ വേലചെയ്യുവാൻ

1. ചലിക്കുന്ന എല്ലാ പ്രാണികളും ഇന്ന്
ചലനമുണ്ടാക്കി ജീവൻ പ്രാപിപ്പാൻ
ചൈതന്യം നൽകേണം നവജീവൻ വേണം
നിത്യതയിലെത്തി ആശ്വസിക്കുവാൻ പെന്ത..

2. മുട്ടോളമല്ല അരയോളം പോരാ
വലിയൊരു ജീവനദിയൊഴുകാൻ
നീന്തീട്ടല്ലാതെ കടപ്പാൻ വയ്യാത്ത
ജീവനദിയെന്നിൽ തുറക്കൂ നാഥാ പെന്ത..

3. സൈന്യത്താലെയല്ല ശക്തിയാലെയല്ല
ദൈവത്തിന്റെ ആത്മശക്തിയാലത്രേ
ആർത്തു പാടി സ്തുതിക്കാം ഹല്ലേലുയ്യാ പാടാം
ആണിക്കല്ലു കയററാം ദൈവസഭ പണിയാം പെന്ത..

# 95

തേജസ്സിൽ യേശുവിൻ പൊൻമുഖം ഞാൻ കാണും
കാലമേററം ആസന്നമേ
അതെൻ ആശയെ അതെൻ ആനന്ദമേ
അതെൻ പ്രത്യാശയിൻ പ്രഭാതമേ

1. ആനന്ദ ദായകനാം എൻപ്രിയനെ കണ്ടിടുമ്പോൾ
കണ്ണുനീരെല്ലാം നീങ്ങിടുമേ
എൻെറ അല്ലലാകെ അകന്നിടും
എനിക്കാനന്ദമേ യുഗായുഗം തേജസ്സി.

2. വാഗ്ദത്ത നാടതിലെ ശാശ്വതമാം വീട്ടിലെൻ
സേവകർ ദൈവദൂതരല്ലോ
ദൈവ പൊന്മുഖം ദിനം കണ്ടിടും
ശുദ്ധരോടൊന്നായ് ഞാൻ സ്തുതിച്ചിടും തേജസ്സി.

3. ഈ മണ്ണിൽ എൻെറ ക്ലേശം അല്പകാലം മാത്രം
മാഞ്ഞുപോം അതു കിനാവുപോൽ
നിത്യതേജസ്സിൻ ഘനമാണതിൻ
ഫലമെൻ പ്രിയനന്നു നൽകിടും തേജസ്സി.

4. ഹാ ഇത്ര ഭാഗ്യമെൻ ജീവിതത്തിനേകിയ
പ്രാണപ്രിയനെൻ പ്രമോദമേ
അവനെൻെറ ഉപനിധി കാത്തിടും
വാനമേഘത്തിലെന്നെ ചേർത്തിടും തേജസ്സി.

# 96

മൽപ്രിയനേ ഇദ്ധരയിൽ നിന്നു
നിൻ ശുദ്ധരെ ചേർത്തിടേണേ

1. നാളുകൾ ഏറെയായ് നാഥനെ
ആഗമം ഓർത്തു നിൻ ദാസരും
പാർത്തലത്തിൽ കഷ്ടമേററു ആർത്തിപൂണ്ടു നിന്നിടുന്നു
പാർത്ഥിവാനീ വന്നിടണേ വേഗമായ് മൽ

2. വേഗം ഞാൻ വന്നിടാം എന്ന നിൻ
വാർത്തയിൽ ആശ്രയം വച്ചതാൽ
ഭൂതലത്തിലുള്ള സ്വന്ത ഗേഹവും വെടിഞ്ഞു
സ്വന്ത ജീവനും പകച്ചു എത്ര ത്യാഗികൾ മൽ

3. പൊന്മുഖം കാണുവാൻ ആശയായ്
കാത്തുകൊണ്ടെത്രയോ സിദ്ധരും
സ്നേഹത്തിൽ വിശുദ്ധിയോടു സൗമ്യതക്കിരിപ്പിടമായ്
ശാന്തരായ് ഒരുങ്ങിനിൽക്കുന്നേകമായ് മൽ

4. സർവ്വസൃഷ്ടികളും ഏകമായ്
ഏങ്ങിടും രോദനം കേൾക്കണേ
രക്ഷകാ നീ വന്നിടാതെ ഇക്ഷിതിയിലെന്തു ശാന്തി
ക്ഷിപ്രമായ് എഴുന്നെള്ളേണമേശുവേ മൽ

5. പുത്തനെറുശലേം ശോഭയായ്
വിണ്ണൊളി വീശുന്ന ദർശനം
നിത്യവും ലഭിച്ചു സ്വന്ത ചിത്തവും പരത്തിലാക്കി
സ്വർഗ്ഗലോകം നോക്കി ഞാനും ഓടുന്നേ മൽ

# 97

സങ്കേതമേ നിൻെറ അടിമ ഞാനേ
ഘോഷിക്കുമേ മനം സന്തോഷത്താൽ
കർത്താവേ നീ ചെയ്ത നന്മകളെ
നിത്യം നിത്യം ഞാൻ ധ്യാനിക്കുമേ

1. അളവില്ലാ സ്നേഹത്താൽ ചേർപ്പവനേ,
എണ്ണമില്ലാ നന്മകൾ നൽകുന്നവനേ
ശോഭിത മണാളാ മഹിമ പ്രതാപാ
സ്നേഹത്താൽ നിൻപാദം ചേർന്നിടുമേ സങ്കേ..

2. കർത്താവേ നിൻ ക്രിയകൾ വലിയവയേ,
ശുദ്ധനേ നിൻ പ്രവൃത്തികൾ മഹത്വമുള്ളത്
നിത്യനേ നിൻ പ്രമാണങ്ങൾ എന്നുമുള്ളത്,
ഭക്തരുടെ സന്തോഷ ഭാഗ്യമിത് സങ്കേ..

3. എന്നെ എന്നും ഉപദേശിച്ചു നടത്തുന്നോനേ
ദൃഷ്ടി വച്ചു ആലോചന നൽകുന്നവനേ
പോകേണ്ട വഴിയെന്നെ കാണിക്കുന്നവനേ,
ആശ്രയിക്കുന്നോനെ കൃപ ചുററിക്കൊള്ളുമേ സങ്കേ..

4. കരം പിടിച്ചു നടത്തും കർത്തൻ നീയല്ലോ
യാചിച്ച എന്നെ സൗഖ്യമാക്കിയല്ലോ
കുഴിയിൽ വീഴാതെന്നെ സൂക്ഷിച്ചവനെ,
കണ്ണുനീരെ സന്തോഷമായ് മാററിയല്ലോ സങ്കേ..

5. പാപങ്ങളെ ഓർക്കാതെ ചേർത്തുവല്ലോ,
ശാപങ്ങളെ നീക്കി ശുദ്ധമാക്കിയല്ലോ
രക്ഷയുടെ സന്തോഷം തിരികെ തന്നല്ലോ
ഉണർവ്വിൻ ആവിയാലെന്നെ താങ്ങിയല്ലോ സങ്കേ..

# 98

ഞാൻ പാപിയായിരുന്നെന്നേശു എന്നെ തേടി വന്നല്ലോ
എന്നുടെ പാപം വഹിച്ചവൻ കുരിശിൽ തന്നുയിർ തന്നല്ലോ

എന്തത്ഭുതം ദൈവസ്നേഹത്തിൻ ആഴം അറിവാനെളുതല്ല
സങ്കടത്തിൽ താങ്ങി നടത്തും തൻ കൃപ ചെറുതല്ല

1. രക്താംബരം പോൽ കടുംചുവപ്പായിരുന്നെന്നുടെ പാപങ്ങൾ
കർത്താവതു ഹിമസമമായ് മാററി തൻ പ്രിയ മകനാക്കി എന്ത..

2. കാർമേഘം ഉയരാമെന്നാൽ കർത്തൻ തള്ളുകയില്ലെന്നെ
കാണും ഞാനതിൻ നടുവിൽ കൃപയെഴും തൻ മഴവില്ലൊന്ന് എന്ത..

3. സീയോൻ ഗിരിയിൽ ഒരിക്കലിനി ഞാൻ എത്തും സാനന്ദം
കാണും പ്രിയനെ സ്തുതിയിൻ പല്ലവി പാടും ഞാനെന്നും എന്ത..

# 99

കർത്തനെ വാഴ്ത്തി വാഴ്ത്തി വണങ്ങി
എന്നെന്നേക്കുമവനെ സ്തുതിച്ചീടുവിൻ

1. അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത്
സ്തോത്രഗീതം പാടി പുകഴ്ത്തുവിൻ രാജരാജനെ
ഏകനായ് മഹാത്ഭുതങ്ങൾ ചെയ്തിടുന്നോനെ കർത്ത..

2. ചെങ്കടൽ പിളർന്നു നല്ല തുവർ നിലമാക്കി
ശങ്കയെന്യേ തൻ ജനത്തെ നടത്തിയോനെ
മിസ്രയീം സൈന്യത്തെ ന്യായം വിധിച്ചവനെ കർത്ത..

3. തീക്കൽ പാറയതിൽ നിന്നും യിസ്രായേലിന്
വാഗ്ദത്തത്തിൻ ജീവജലം കൊടുത്തവനെ
ശക്തന്മാരിൻ ഭോജനത്താൽ പോഷിപ്പിച്ചോനെ കർത്ത..

4. താഴ്ചയിൽ നിന്നുയർത്തിയ ജീവനാഥനെ
വാഴ്ച്ചയേകി സ്വർഗ്ഗസ്ഥലത്തിരുത്തിയോനെ
വൈരിയിന്മേൽ ജയം തന്ന യേശുരാജനെ കർത്ത..

5. അവൻ നല്ലവനെന്നോർത്തു പാടിപുകഴ്ത്തീടുവിൻ
തൻെറ സ്നേഹമധുരിമ എന്നും രുചിച്ചീടുവിൻ
ശുദ്ധ കൈകളുയർത്തി പരനെ സ്തുതിപ്പിൻ കർത്ത..

# 100

കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ ധ്വനിക്കുമ്പോൾ
നിത്യമാം പ്രഭാത ശോഭിതത്തിൻ നാൾ
പാർത്തലെ രക്ഷപ്പെട്ടോരക്കരെ കൂടി  ആകാശേ
പേർ വിളിക്കും നേരം കാണും എൻ പേരും

പേർ വിളിക്കും നേരം കാണും
പേർ വിളിക്കും നേരം കാണും എൻ പേരും

1. ക്രിസ്തനിൽ നിദ്ര കൊണ്ടോരീ ശോഭിത പ്രഭാതത്തിൽ
ക്രിസ്തൻ ശോഭ ധരിപ്പാനുയിർത്തു താൻ
ഭക്തർ ഭവനെ ആകാശമപ്പുറം കൂടീടുമ്പോൾ ..പേർ

2. കർത്തൻപേർക്കു രാപ്പകൽ അദ്ധ്വാനം ഞാൻ ചെയ്തിങ്ങനെ
വാർത്ത ഞാൻ ചൊല്ലീടട്ടെ തൻ സ്നേഹത്തിൽ
പാർത്തലത്തിൽ എന്റെ വേല തീർത്തു ജീവിതാന്ത്യത്തിൽ ..പേർ

# 101

രാജാധിരാജൻ വരുന്നിതാ
തൻെറ വിശുദ്ധരെ ചേർത്തീടുവാൻ

1 കർത്തൻ വരവിനായ് കാത്തിരിക്കുന്നേ
ഞാൻ കാരുണ്യനിധിയെ കാണുവാൻ വെമ്പുന്നേ
കാലങ്ങൾ ദീർഘമാക്കല്ലേ - ഇനീ .. രാജാധി

2. വാനവും ഭൂമിയും ഒഴിഞ്ഞു പോകുമേ
നിത്യരാജ്യമെനിക്കായ് നാഥനൊരുക്കുന്നേ
എന്നതിൽ പൂകിടും ഞാൻ- പ്രിയാ .. രാജാധി

3. പീഢകൾ വന്നാലും ഭയമെനിക്കില്ല
പാടുകൾ സഹിച്ച ക്രിസ്തു എൻ നായകൻ
വൻകൃപ തന്നീടുമേ -തൻെറ രാജാധി

4. എൻ ദേഹം രോഗത്താൽ ക്ഷയിച്ചെന്നാകിലും
ദേഹസഹിതനായ് പ്രിയനെ കാണും ഞാൻ
അവനെൻെറ വൈദ്യനല്ലോ - ഇന്നും .. രാജാധി

5. സ്വർഗ്ഗീയ സീയോനിൽ പ്രിയനോടെന്നും ഞാൻ
വാണിടും നാളിനായ് കാത്തിടുന്നേ പ്രിയാ
ആമേൻ കർത്താവേ വരണേ - വേഗം .. രാജാധി

# 102

പ്രാർത്ഥന കേൾക്കണമേ
കർത്താവേ എൻ യാചന നൽകണമേ

1. പുത്രൻെറ നാമത്തിൽ ചോദിക്കും
കാര്യങ്ങൾക്കുത്തരം തന്നരുളാം
എന്നുള്ളോരു വാഗ്ദത്തം പോൽ ദയവായ് പ്രാർത്ഥന

2. താതനും മാതാവും നീയെനിക്ക-
ല്ലാതെ ഭൂതലം തന്നിലില്ലേ വേറാരുമെൻ
ആതങ്കം നീക്കിടുവാൻ പ്രാർത്ഥന

3. നിത്യതയിൽ നിന്നുള്ളത്യന്ത-
സ്നേഹത്താൽ ശത്രുതയെ അകററി
എനിക്കു നീ പുത്രത്വം തന്നതിനാൽ പ്രാർത്ഥന

4. സ്വന്ത കുമാരനെ ആദരിയാതെന്മേൽ
സിന്ധു സമം കനിഞ്ഞ
സംപ്രീതിയോർത്തന്തികെ ചേർന്നിടുന്നേൻ പ്രാർത്ഥന

5. ഭൃത്യരനേകരിൻ പ്രാർത്ഥന കേട്ടു നീ
ഉത്തരം നൽകിയതോർത്തത്യാദരം
തൃപ്പാദം തേടിടുന്നേൻ പ്രാർത്ഥന

6. കള്ളൻെറ യാചന കേട്ടുള്ളലിഞ്ഞ നിൻ
തുല്യമില്ലാ ദയയോർത്തിതാ വന്നേൻ
നല്ലവനേ സദയം പ്രാർത്ഥന

6. യേശുവിൻ മൂലമെൻ യാചന നൽകുകെ-
ന്നാശയിൽ കെഞ്ചിടുന്നേനല്ലാതെന്നിൽ
ലേശവും നന്മയില്ലേ പ്രാർത്ഥന

# 103

സ്തുതിഗീതം പാടുകനാം
നാം ഉയർത്തുക ജയ നാമം

1. സ്തുതിക്കു യോഗ്യനവൻ
സർവ്വശക്തൻ യഹോവയവൻ
നമ്മെസ്നേഹിച്ചു നമ്മെ വീണ്ടെടുത്തു
സ്വന്ത ജനമായ് തീർത്തതിനാൽ സ്തുതി

2. രോഗിക്കു വൈദ്യനവൻ
സർവ്വശക്തൻ യഹോവയവൻ
സൗഖ്യം നൽകി താൻ ശക്തിയേകീടും
എന്നും ആശ്വാസം പകരുമവൻ സ്തുതി

4. സേനകളിൻ നായകൻ
സർവ്വശക്തൻ യഹോവയവൻ
അവൻ മുമ്പിലും അവൻ പിമ്പിലും
നമ്മെ ജയത്തോടെ നടത്തീടുമേ സ്തുതി

5. രാജാധി രാജനവൻ
സർവ്വശക്തൻ യഹോവയവൻ
സ്തുതി സ്തോത്രവും എല്ലാപുകഴ്ച്ചയും
അവനെന്നും ആമേൻ സ്തുതി

# 104

സ്‌തുതി ഗീതം പാടി പുകഴ്‌ത്തിടുന്നെൻ മനുവേലനെ
ദൂതർ സ്‌തുതിച്ചു വാഴ്‌ത്തും സുന്ദരനാം മണവാളനെ

1. അവനെൻെറ രക്ഷകൻ അവനെനിക്കുള്ളോൻ
   ബലമുള്ള ഗോപുരം ആപത്തിൽ സങ്കേതം
   അവൻെറ ചാരേ ഓടി അണഞ്ഞവർ-
   ക്കാശ്വാസം അനുദിനവും — സ്‌തുതി

2. അകൃത്യങ്ങൾ അകററിയെൻ അശുദ്ധിയെ നീക്കി
   അനന്തസന്തോഷമെൻ അകമെ തന്നരുളി
   ഹാ ദിവ്യതേജസ്സിൻ അഭിഷേകത്താലെന്നെ
   ജയത്തോടെ നടത്തിടുന്നു — സ്‌തുതി

3. അനുദിനം ഭാരങ്ങൾ അവൻ ചുമന്നീടുന്നു
   അനവധി നന്മകൾ അളവെന്യേ തരുന്നു
   അവനെൻ ഉപനിധി അവസാനത്തോളവും
   കാക്കുവാൻ ശക്‌തനല്ലോ — സ്‌തുതി

# 105

സ്തുതിപ്പിൻ സ്തുതിപ്പിൻ ദൈവജനമേ
സ്തുതികളിന്മേൽ വസിക്കും പ്രിയനെ
അനുദിനമവൻ ചെയ്ത നന്മകൾ
അനല്പമേ മനം മറക്കുമോ

1. ഉണർന്നു ഘോഷിപ്പിൻ സ്വന്തജനമേ
ഹൃദയം നന്ദിയാൽ നിറഞ്ഞു കവിയട്ടെ
പാപകൂപത്തിൽ കിടന്ന നാമിന്നു
പരന്റെ വാഗ്ദത്ത സുതരല്ലോ — സ്തുതി

2. വിളിച്ചവനുടെ ഗുണങ്ങൾ ഘോഷിപ്പാൻ
തെരഞ്ഞെടുത്തതാം വിശുദ്ധ വംശമേ
ജയപ്രഭുവിന്റെ കൃപലഭിച്ചതാൽ
ജയത്തിൻ ഘോഷങ്ങൾ മുഴക്കിടാം — സ്തുതി

3. പരന്റെ സ്നേഹത്താൽ പരം പ്രകാശിക്കും
പരിശുദ്ധനുടെ പരമസംഘമേ
കരങ്ങളിൽ നമ്മെ വഹിക്കുന്നോൻ ദിനം
തോറും ഭാരങ്ങൾ ചുമക്കുന്നു — സ്തുതി

4. കൃപയിൻ ആത്മാവിൽ നിറയാം നമ്മുടെ
ദുരിതങ്ങൾ ഹിമം പോലെ അലിയട്ടെ
പരമ വിളിയുടെ വിരുതിനായ് നമ്മെ
വിളിച്ചവനെന്നും നടത്തിടും — സ്തുതി

5. വ്യതഗണങ്ങളെ ചേർക്കുവാനായ് നീ
വരുന്നകാലമിങ്ങടുത്തു പോയതാൽ
അതിനായ് ഞങ്ങളെ ഒരുക്കവേഗമായ്
ആമേൻ കർത്താവേ നീ വരേണമേ — സ്തുതി

# 106

സ്തുതി സ്തുതി എൻ മനമേ
സ്തുതികളിലുന്നതനേ
നാഥൻ നാൾതോറും ചെയ്ത നന്മകമ്മേളാർത്തു
പാടുക നീ എന്നും മനമേ - പാടുക നീ എന്നും മനമേ (2)

1. അമ്മയെപ്പോലെ താതൻ
താലോലിച്ചണച്ചിടുന്നു (2)
സമാധാനമായ് കിടന്നുറങ്ങാൻ
തന്റെ മാർവ്വിൽ ദിനം ദിനമായ് (2)

2. കഷ്ടങ്ങളേറിടിലും
എനിക്കേററമടുത്ത തുണയായ്(2)
ഘോരവൈരിയിൻ നടുവിലവൻ
മേശ നമുക്കൊരുക്കുമല്ലോ (2)

3. ഭാരത്താൽ വലഞ്ഞീടിലും
തീരാരോഗത്താൽ അലഞ്ഞീടിലും (2)
പിളർന്നീടുമൊരടിപ്പിണരാൽ
തന്നിടുന്നീ രോഗ സൗഖ്യം (2)

4. സിംഹങ്ങളണലിമേലും
ബാലസിംഹങ്ങൾ പെരുമ്പാമ്പുകൾ (2)
ചവിട്ടി തല മെതിച്ചുവെന്നാൽ
അവയിലും ജയം നേടിടും (2)

# 107

യാക്കോബിൻ ദൈവമിന്നും നമുക്കുള്ളവൻ
നമ്മെ ജീവപര്യന്തം കാത്തീടുമേ
ഓരോദിവസവും കൃപനൽകി നമ്മെ
ഇമ്മാനുവേൽ അവൻതാൻ നടത്തിടുമേ

ഹല്ലേലുയ്യാ അവൻ ആത്മരക്ഷകൻ
ഹല്ലേലുയ്യാ അവൻ സൗഖ്യദായകൻ
ഹല്ലേലുയ്യാ ശുദ്ധാത്മദായകൻ
നമ്മെ നിത്യതയ്ക്കായ് ഒരുക്കീടുമേ

1. ആഴിയിൽ നാം കടന്നു പോയിടിലും
അതു നമ്മെ കവിഞ്ഞിടാതെ കാത്തീടുമേ
തീയിൽ നാം ആകിലും ജ്വാല നമ്മെ തെല്ലും
ഏശാതിമ്മാനുവേൽ താൻ നടത്തീടുമേ ഹല്ലേലു

2. സാക്ഷാൽ രോഗങ്ങൾ അവൻ വഹിച്ചതിനാൽ
എല്ലാവേദനയും അവൻ ചുമന്നതിനാൽ
അടിപ്പിണരാലവൻ സൗഖ്യമാക്കി നമ്മെ
ഇമ്മാനുവേൽ അവൻ താൻ നടത്തീടുമേ ഹല്ലേലു

3. സീയോൻ പ്രയാണികളെ ആനന്ദിപ്പിൻ
നമ്മൾ ദുഃഖവും നെടുവീർപ്പും ഓടീടുമേ
നിത്യാനന്ദം നമ്മിൽ പകർന്നു നമ്മെ ഇന്നും
ഇമ്മാനുവേൽ അവൻ താൻ നടത്തീടുമേ ഹല്ലേലു

4. ജയശാലിയായവൻ വന്നീടുമേ
എല്ലാ പ്രതിഫലവും അവൻ തന്നീടുമേ
ആത്മാവിനാലതിനായൊരുക്കി നമ്മെ ഇന്നും
ഇമ്മാനുവേൽ അവൻ താൻ നടത്തീടുമേ ഹല്ലേലു

# 108

പ്രതിഫലം തന്നീടുവാൻ യേശുരാജൻ വന്നീടുവാൻ
അധികമില്ലിനിയും നാളുകൾ നമ്മുടെ
ആധികൾ തീർന്നീടുവാൻ

1. ദൈവീക ഭവനമതിൽ പുതുവീടുകളൊരുക്കിയവൻ
   വരും മേഘമതിൽ നമ്മെ ചേർത്തിടുവാൻ
   നടുവാനിതിൽ ദൂതരുമായ് പ്രതിഫലം

2. തൻ തിരു നാമത്തിന്നായ് മന്നിൽ നിന്ദകൾ സഹിച്ചവരെ
   തിരു സന്നിധൗ ചേർത്തു തൻ കൈകളാലവരുടെ
   കണ്ണുനീർ തുടച്ചിടുവാൻ പ്രതിഫലം

3. സ്വന്ത ജനത്തിനെല്ലാം പല പീഡകൾ ചെയ്തവരെ
   വന്നു ബന്ധിതരാക്കി അധർമ്മികളാം
   അവർക്കന്തം വരുത്തിടുവാൻ പ്രതിഫലം

4. വിണ്ണിലുള്ളതുപോലെ ഇനി മണ്ണിലും ദൈവഹിതം
   പരിപൂർണ്ണമായ് ദൈവീക രാജ്യമിഷ്ടാരിലും
   സ്ഥാപിതമാക്കിടുവാൻ പ്രതിഫലം

5. കാലമെല്ലാം കഴിയും ഇന്നു കാൺമതെല്ലാമഴിയും
   പിന്നെ പുതുയുഗം വിരിയും തിരികെ വരാതെ
   നാം നിത്യതയിൽ മറയും പ്രതിഫലം

# 109

രാജാധിരാജൻ മഹിമയോടെ
വാനമേഘത്തിൽ എഴുന്നള്ളാറായ്

1. ക്ലേശം തീർന്നു നാം നിത്യം വസിപ്പാൻ
വാസം ഒരുക്കാൻ പോയ പ്രീയൻ താൻ (2)

2. നിന്ദ കഷ്ടത പരിഹാസങ്ങൾ
ദുഷികളെല്ലാം തീരാൻ കാലമായ് (2)

3. പ്രാണപ്രീയന്റെ പൊന്നു മുഖത്തെ
തേജസ്സോടെ നാം കാണ്മാൻ കാലമായ് (2)

4. കാന്തനുമായ് വാസം ചെയ്യുന്ന
കാലം സമീപമായി പ്രീയരെ (2)

5. ഒരുങ്ങി നിന്നോർ തന്നോടു കൂടെ
മണിയറയിൽ വാഴാൻ കാലമായ് (2)

6. യുഗായുഗമായ് പ്രീയൻ കൂടെ നാം
വാഴും സുദിനം ആസന്നമായി (2)

7. കാഹളധ്വനി കേൾക്കും മാത്രയിൽ
മറുരൂപമായ് പറന്നിടും നാം (2)

# 110

പരമപിതാവിനു സ്തുതി പാടാം
അവനല്ലോ ജീവനെ നൽകിയവൻ
പാപങ്ങളാകവെ ക്ഷമിച്ചിടുന്നു
രോഗങ്ങളഖിലവും നീക്കിടുന്നു

1. അമ്മയെപ്പോലെന്നെ ഓമനിച്ചു
അപകട വേളയിൽ പാലിച്ചവൻ
ആഹാര പാനീയമേകിയവൻ
നിത്യമാം ജീവനെ നൽകിടുന്നു പരമ

2. ഇടയനെപ്പോലെന്നെ തേടിവന്നു
പാപക്കുഴിയിൽ നിന്നേററിയവൻ
സ്വന്തമാക്കി നമ്മെ തീർത്തീടുവാൻ
സ്വന്ത രക്തം നമുക്കേകിയവൻ പരമ

3. കൂടുകളെക്കൂടെ കൂടിളക്കി
പറക്കുവാനായ് നമ്മെ ശീലിപ്പിച്ചു
ചിറകുകളതിന്മേൽ വഹിച്ചു നമ്മെ
നിലംപരിചായ് നാം നശിച്ചിടാതെ പരമ

4. സ്തോത്രം ചെയ്യാം ഹൃദയാംഗമായി
കുമ്പിടാം അവൻ മുൻപിൽ ആദരവായ്
ഹല്ലേലുയ്യാ പാടാം മോദമോടെ
അവനല്ലോ നമ്മുടെ രക്ഷാകരൻ പരമ

# 111

സ്വർഗ്ഗീയ പിതാവേ നിൻ തിരുഹിതം
സ്വർഗ്ഗത്തിലെപ്പോലെ ഭൂവിലാകണെ
നിൻഹിതം ചെയ്തോനാം നിൻ സുതനെപ്പോലെ
ഇന്നു ഞാൻ വരുന്നേ നിൻ ഹിതം ചെയ്‌വാൻ

എൻ ദൈവമേ നിന്നിഷ്ടം ചെയ്യുവാൻ
വന്നീടുന്നേ ഞാനിന്നു മോദമായ്
എന്റെ ഇഷ്ടമൊന്നും വേണ്ടപ്രിയനേ
അങ്ങേ ഇഷ്ടം എന്നിൽ പൂർണ്ണമാകട്ടെ

1. നന്മയും പൂർണ്ണപ്രസാദവുമുള്ള
നിൻ ഹിതമെന്തെന്നു ഞാനറിയുവാൻ
എൻമനം പുതുക്കി മാറിടുന്നു നിത്യം
നിന്ദ്യമാണെനിക്കീ ലോക ലാവണ്യം — എൻ

2. ഞാനവനുള്ളം കയ്യിലിരിക്കയാൽ
ആരുമില്ലെനിക്കു ദോഷം ചെയ്യുവാൻ
ഇന്നെനിക്കു വന്നു നേരിടുന്നതെല്ലാം
തൻ ഹിതമാണെന്നു ഞാനറിയുന്നു — എൻ

3. എൻ തലയിലെ മുടികളുമെല്ലാം
നിർണ്ണയം അവനെണ്ണിയറിയുന്നു
ഒന്നതിൽ നിലത്തു വീണിടേണമെങ്കിൽ
ഉന്നതനറിഞ്ഞേ സാദ്ധ്യമായിടൂ — എൻ

4. യേശു ക്രിസ്തുവിൻ ശരീരയാഗത്താൽ
ഉള്ള ഇഷ്ടത്തിൽ ഞാൻ ശുദ്ധനായ് തീർന്നു
ദൈവ ഇഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ
പൂർണ്ണ സഹിഷ്ണുത ഏകണേ പ്രിയാ — എൻ

5. ആരും അറിയാത്ത ശ്രേഷ്ഠ ഭോജനം
ഞാൻ ഭുജിച്ചു നിത്യം ജീവിച്ചിടുന്നു
എന്റെ രക്ഷകന്റെ ഇഷ്ടമെല്ലാം ചെയ്തു
വേല തികയ്ക്കുന്നതെന്റെ ആഹാരം — എൻ

6. എന്റെ കഷ്ടങ്ങൾ ദൈവം തരുന്നതാൽ
എന്റെ പ്രാണനെ ഞാൻ യാഗമാക്കുന്നു
എന്നെ തകർത്തീടാൻ താതനിഷ്ടമെങ്കിൽ
തൻഹിതം എന്നിൽ സമ്പൂർണ്ണമാകട്ടെ — എൻ

# 112

ദൈവകൃപയിൽ ഞാനാശ്രയിച്ച്
അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചിടും അവനുടെ ചുവടുകളെ

1. ഇഹലോകമോ തരുകില്ലൊരു
സുഖവും മനഃശാന്തിയതും
എൻെറ യേശുവിൻെറ തിരുസന്നിധിയിൽ
എന്നും ആനന്ദമുണ്ടെനിക്ക് ദൈവ

2. മനോവേദന പലശോധന
മമ ജീവിത പാതയതിൽ
മാറാതേറിടുമ്പോൾ ആത്മനാഥനവൻ
മാർവ്വിൽ ചാരി ഞാനാശ്വസിക്കും ദൈവ

3. എത്ര നല്ലവൻ മാതിയായവൻ
എന്നെ കരുതുന്ന കർത്തനവൻ
എൻെറ ആവശ്യങ്ങളെല്ലാം അറിഞ്ഞിടുന്ന
ഏററം അടുത്ത സഹായകൻ താൻ ദൈവ

4. എൻെറ ആയുസ്സിൻ ദിനമൊക്കെയും
തൻെറ നാമ മഹത്വത്തിനായ്
ഒരു കൈത്തിരിപോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിൽ മറഞ്ഞിടും ഞാൻ ദൈവ

# 113

തിരുക്കരത്താൽ വഹിച്ചു എന്നെ
തിരുഹിതം പോൽ നടത്തേണമേ
കുശവൻെറ കയ്യിൽ കളിമണ്ണു ഞാൻ
അനുദിനം നീ പണിയണമേ

1. നിൻ വചനം ധ്യാനിക്കുമ്പോൾ
എൻ ഹൃദയം ആശ്വസിക്കും
കൂരിരുളിൻ താഴ്‌വരയിൽ
ഗീതമതായ് നിൻമൊഴികൾ തിരു..

2. ആഴിയതിൻ ഓളങ്ങളാൽ
വലഞ്ഞിടുമ്പോൾ എൻ പടകിൽ
എൻെറ പ്രിയൻ യേശുവുണ്ട്
ചേർന്നിടുമേ ഭവനമതിൽ തിരു..

3. അവൻ നമുക്കായ് ജീവൻ നൽകി
ഒരുക്കിയല്ലോ വലിയ രക്ഷ
ദൃഷ്ടികളാൽ കാണുന്നു ഞാൻ
സ്വർഗ്ഗകനാൻ ദേശമതേ തിരു..

# 114

എൻെറ ദൈവം എല്ലാനാളും അനന്യൻ തന്നെ
അണച്ചീടും അനുദിനം ചിറകടിയിൽ

1. ഏഴകളിൻ ഭാരം നിത്യം ചുമക്കുന്നതാൽ
ഏതു നേരത്തും ഞാൻ നിന്നെ സ്തുതിച്ചിടുന്നു
നാവു പോരാ വർണ്ണിച്ചീടാൻ നന്മയോരോന്നും
നന്ദി കൊണ്ടെൻെറയുള്ളം നിറയുന്നപ്പാ എൻെറ

2. കഷ്ടനഷ്ട രോഗം ദുഃഖം വന്നിടും നേരം
ഇഷ്ടനായകനാം യേശു ആശ്വാസമേകും
കഷ്ടതകളേററ പ്രിയൻ കൂടെയുള്ളതാൽ
പോയിടാം ധൈര്യമായി അവൻ പാതയിൽ എൻെറ

3. എന്നു കേൾക്കും പ്രിയൻ ശബ്ദം വാനവിരവിൽ
അന്നു മാറും എൻെറ കണ്ണീർ സമ്പൂർണ്ണമായി
മണിയറ വാസം ഭൂവിൽ ആരംഭിച്ചീടാൻ
വാഞ്ഛിക്കുന്നെൻെറയുള്ളം നിറയുന്നപ്പാ എൻെറ

# 115

സീയോൻസഞ്ചാരികളെ ആനന്ദിപ്പിൻ
കാഹളധ്വനി വിണ്ണിൽകേട്ടിടാറായ്
മേഘത്തിൽ നമ്മെയും ചേർത്തിടാറായ്

1. ആയിരമായിരം വിശുദ്ധരുമായ്
കാന്തനാം കർത്താവു വന്നീടുമേ,
ആർത്തിയോടവനായി കാത്തിടാമേ സീയോൻ

2. നാസ്തികരായ്പലരും നീങ്ങിടുമ്പോൾ
ക്രൂശിൻെറ വൈരികളായിടുമ്പോൾ,
ക്രൂശതിൻസാക്ഷ്യങ്ങൾ ഓതിടാമേ സീയോൻ

3. വാനഗോളങ്ങളെല്ലാം കീഴ്പ്പെടുത്താൻ
മാനവരാകവെ വെമ്പിടുമ്പോൾ
വാനാധിവാനമെൻ അധിവാസമേ സീയോൻ

4. ജാതികൾ രാജ്യങ്ങൾ ഉണർന്നിടുന്നേ
യൂദർ തൻ രാഷ്ട്രവും പുതുക്കിടുന്നേ
ആകയാൽ സഭയെ നീ ഉണർന്നീടുക സീയോൻ

5. തേജസ്സിൻ പുത്രരെ കണ്ടീടുവാൻ
സൃഷ്ടികളേകമായ് ഞരങ്ങീടുമ്പോൾ,
ആത്മാവിലൊന്നായ് നാം ഞരങ്ങീടാമേ സീയോൻ

6. വാഗ്ദത്തം അഖിലവും നിറവേറുന്നേ
സീയോനിൻ പണി വേഗം തീർന്നീടുമേ
തേജസ്സിൽ കാന്തനും വെളിപ്പെടുമേ സീയോൻ

# 116

യേശു വരുന്നേ പൊന്നേശു വരുന്നേ,
വരവിന്നായ് തൻ വചനം പോൽ നീ ഒരുങ്ങീടുന്നുവോ?

1. ഇവിടെക്കയറി വരുവിനെന്ന ദൈവശബ്ദം കേൾ-
   ഷതിനുവേണ്ടി ഉണർന്നു നീ ഒരുങ്ങിടുന്നുവോ? ..യേശു

2. അംബരത്തിൻ ശക്തികൾ ഭ്രമിച്ചിടുന്നതാൽ
   അമ്പരപ്പിനാലീ ലോകം നടുങ്ങിടുന്നിതാ ..യേശു

3. നീക്കും ലോകവാഴ്ച യേശു രാജരാജൻ താൻ
   സ്ഥാപിക്കും സ്വർഗ്ഗീയവാഴ്ച തൻ വിശുദ്ധർക്കായ്
   ..യേശു

4. മുൾമുടി അണിഞ്ഞു രക്തധാരിയായവൻ
   പൊൻകിരീടം ചൂടി തേജപൂർണ്ണനായിതാ ..യേശു

5. ദൈവം തൻ വിശുദ്ധന്മാരിൻ കണ്ണുനീരെല്ലാം
   നീക്കിയേകും നിത്യജീവൻ എന്നെന്നേക്കുമായ് ..യേശു

6. ഹാ സ്വർഗ്ഗീയനാളതിൻ പ്രഭാതമായിതാ
   ഹാ എൻപ്രിയൻ വാനിൽ ദൂതസേനയോടിതാ ..യേശു

# 117

വാഴും ഞാനെൻ രക്ഷിതാവിൻ കൂടെയെപ്പോഴും
തൻ കൃപയിലാശ്രയിക്കും എല്ലാ നാളും ഞാൻ
പാടും എന്നും ഞാൻ എൻെറ പ്രിയനായ്

1. എൻെറ പ്രിയൻ വാനിൽ നിന്നെഴുന്നെള്ളീടുന്ന
മാറെറാലി ഞാൻ കേട്ടിടുന്നു നാട്ടിൽ എങ്ങുമേ
ക്ഷാമം ഭൂകമ്പം അതിനാരംഭം — വാഴും

2. ക്ഷാമത്താലീ ക്ഷോണി എങ്ങും ക്ഷീണമാകുമ്പോൾ
എനിക്കെത്തിടാത്ത നിക്ഷേപമുണ്ടെൻെറ പ്രിയനിൽ
എന്നെ പോററിടും എൻെറ രക്ഷകൻ — വാഴും

3. ഇന്നലെക്കാളിന്നു ഞാനെൻ പ്രിയൻ നാടിനോട്
ഏററം അടുത്തായതെനിക്കെത്രയാനന്ദം
എൻെറ പ്രിയനെ ഒന്നു കാണുവാൻ — വാഴും

4. ഈ വാരിധിയിൽ വൻതിരയിൽ തള്ളലേററു ഞാൻ
മുങ്ങിടാതെ പ്രിയനെൻെറ ബോട്ടിലുണ്ടല്ലോ
ഗാനം പാടിയെൻ നാട്ടിലെത്തുമേ — വാഴും

5. എൻ രക്ഷിതാവേ നിൻ വരവു കാത്തു കാത്തു ഞാൻ
ഈ ദുഷ്ടലോകെ കഷ്ടതകൾ എത്ര ഏൽക്കണം
നിന്നെക്കാണുമ്പോൾ എൻ ദുഃഖം തീർന്നുപോം. — വാഴും

# 118

പ്രത്യാശയോടിതാ ഭക്തരങ്ങുണരുന്നേ
വന്നുദിക്കും പൊന്നുഷസ്സേ ഓർക്കും തോറും രമ്യം

1. ലക്ഷ്യമെങ്ങും കാണുന്നല്ലോ കർത്തൻ തൻ വരവിൻ
നിത്യമായ രക്ഷയെ തൻ പക്ഷമായ് നൽകീടും
ലക്ഷത്തിൻ സുന്ദരൻ അക്ഷയനാം രക്ഷകൻ
എത്രയും ക്ഷണത്തിൽ നമ്മെ അക്ഷയരാക്കീടും പ്രത്യാശ..

2. രാജനേശു വന്നീടും നീയൊരുങ്ങീട്ടുണ്ടോ?
നാളുതോറും നീയവൻെറ സാക്ഷീയാകുന്നുണ്ടോ?
മൽപ്രിയ സോദരാ നിനക്കു വേണ്ടി താൻ സഹിച്ച
കഷ്ടതയിൻ പങ്ക് ഇന്നു നീവഹിക്കുന്നുണ്ടോ? പ്രത്യാശ..

3. എണ്ണയുണ്ടോ നിൻവിളക്കിൽ നീയൊരുങ്ങീട്ടുണ്ടോ,
നിർമ്മലമാം നീതിവസ്ത്രം നീധരിച്ചിട്ടുണ്ടോ?
സ്നേഹത്തിന്നാഴവും നീളമതിൻ വീതിയും
ത്യാഗവും സമ്പൂർണ്ണതയും നീ ഗ്രഹിച്ചിട്ടുണ്ടോ? പ്രത്യാശ..

4 പാരിലാരും പാടിടാത്ത പാട്ടുനമ്മൾ പാടും
പാരിലാരും ചൂടിടാത്ത വാടാമുടി ചൂടും
ജീവൻെറ നാഥനായ് ത്യാഗം സഹിച്ചതാം
സ്നേഹമണവാളനോടു സീയോൻപുരേ വാഴും പ്രത്യാശ..

# 119

പാടും ഞാൻ പരമേശനു സതതം
എൻെറ പാപാമെല്ലാം പോക്കിയതാൽ

1. അത്രയുമല്ലാശീർവ്വാദം ഒക്കെയും ലഭിച്ചിടുവാൻ
ആർത്തിപൂണ്ടു കാത്തിരുന്ന കാലമതികൽ
ആർത്തിയെ തീർത്തവനെ ഞാൻ ആർത്തുഘോഷിച്ചിടുവാനെൻ
ആർത്തിയറിഞ്ഞവൻ തൻെറ വാർത്തയെനിക്കേകിയതാൽ പാടും

2. പാനം ചെയ്‌വാൻ കഷ്ടതയിൻ പാനപാത്രമവൻ കൂടെ
സ്നാനമേൽപ്പാൻ കൃപ നൽകി പ്രീതിയായവൻ
മരിച്ചു ഞാൻ കല്ലറയിൽ അടക്കപ്പെട്ടവൻ കൂടെ
മഹത്വമായ് ജീവിച്ചിടാൻ മഹിമയിൻ ആവിയാലെ പാടും

3. ആർക്കുമേവാൻ സാദ്ധ്യമല്ലാത്താത്മശക്തി ലഭ്യമാകാൻ
പാർത്ഥിവൻ മുന്നാർത്തിയോടെ കാത്തിരുന്നു ഞാൻ
പാർത്തവനെൻ ദുരിതങ്ങൾ ഓർത്തവനെൻ പ്രാർത്ഥനകൾ
തീർത്തവനെൻ ദുരിതങ്ങൾ വാഗ്ദത്തത്തിൻ ആവിയാലെ പാടും

4. ദൂതർക്കും കൂടവകാശം ലഭ്യമാകാതുള്ള രക്ഷാ
ദൂതറിയിച്ചിടാൻ ഭാഗ്യം ലഭിച്ചെനിക്ക്
ദൂതഗണം കാവലായ് തന്നനുദിനം എനിക്കവൻ
നൂതനമാം ദൂതുകളും ഊനമെന്യേ നൽകിടുന്നു പാടും

5. കഷ്ടതയോ പട്ടിണിയുപദ്രവമോ നഗ്നതയോ
കഷ്ടമേറെറന്നേശുവേപ്പോൽ ആക്കിടുന്നെന്നെ
ഒട്ടനേകം സിദ്ധന്മാരോടൊത്തു ചേർന്നു നിന്നു സ്തുതി-
ച്ചാർത്തിടുവാനവനെന്നെ യോഗ്യനാക്കി തീർത്തതോർത്തു പാടും

6. കാത്തിരിക്കുന്നവനെ ഞാൻ കണ്ടിടുവാനെൻെറ കൺകൾ
കൊതിച്ചിടുന്നധികമായ് കുതുകമോടെ
കാലമേറെ ചെല്ലും മുമ്പെ കാഹളനാദം കേൾക്കുവാൻ
കാതുകളും കൊതിക്കുന്നേ കാരുണ്യവാരിധേ ദേവാ പാടും

7. വാട്ടവും മാലിന്യവും ഒട്ടുമേശിടാതെയുള്ളൊരു
ഉത്തമമാം അവകാശം ലഭ്യമാകുവാൻ
തിട്ടമായിട്ടവനെന്നെ ചേർത്തിടും മണിയിറയിൽ
പാട്ടു പാടും കൂട്ടരുമായ് കോടികോടി യുഗം വാഴാൻ പാടും

# 120

പ്രിയൻ വേഗം വരും നിത്യരാജാവായ്
തൻെറ കാന്തയെ ചേർപ്പതിനായ്
ഒരുങ്ങുകെൻ മനമേ നിൻ പതിയെ സ്വീകരിപ്പാൻ
തിടുക്കമോടോരോ നാളും.. തിടുക്കമോടോരോ നാളും

യേശുവെ നോക്കി നീ ജീവിച്ചീടുക,
വിശ്വാസത്തിൻ നല്ല പോർ പൊരുതീടുക
പ്രതിഫലം താൻ തരും തൻ പ്രിയന്മാർക്കു
പ്രത്യാശയോടോടുക പുരിയിലേക്ക്

1. സ്വർഗ്ഗത്തിൽ നിൻ നിക്ഷേപമെന്നെണ്ണീടുക
സ്വർഗ്ഗരാജ്യമത്രേ നിൻെറ നിത്യ ഗേഹം
സ്വർഗ്ഗരാജ്യവും അതിൻ നീതിയും മുന്നമേ
അന്വേഷിക്കനുദിനവും.. അന്വേഷിക്കനുദിനവും യേശുവെ

2. കീർത്തനങ്ങളോടെ നീ ഓടീടുക
കർത്തൻ കരുതീടും നിനക്കായ് വേണ്ടതെല്ലാം
സ്വർഗ്ഗത്തിൻ മന്നയും പാറയിൻ വെള്ളവും
മരുഭൂപ്രയാണമതിൽ.. മരുഭൂപ്രയാണമതിൽ യേശുവെ

3. പോർ ജയിച്ചീടുവാൻ ബലം ധരിപ്പിക്കും താൻ
പരിചയായ് കാക്കും നിന്നെ
മതിൽ ചാടിക്കടക്കും നീ തൻ ഭുജബലത്താൽ
പാർത്തീടും ഉന്നതികളിൽ.. പാർത്തിടും യേശുവെ

4 ആകയാൽ എന്മനമേ നീ ആനന്ദിക്ക
ആമോദമോടെ നീ പാടീടുക
അവൻ നിൻെറ കോട്ടയും രക്ഷയിൻ പാറയും
അർപ്പണം ചെയ്യുക നീ.. അർപ്പണം യേശുവെ

# 121

കാന്തനെ കാണുവാനാർത്തി വളരുന്നേ
ഇല്ല പ്രത്യാശ മറ്റൊന്നിലും
കണ്ടാലും വേഗം ഞാൻ വന്നീടാമെന്നുര
ചെയ്ത പ്രിയൻ വരും നിശ്ചയം

1. ഈ പാഴ്മരുഭൂമിയിൽ ക്ലേശം സഹിക്കിലും
   നിത്യതുറമുഖത്തെത്തും ഞാൻ
   വിശ്രമിച്ചീടും ഞാൻ നിത്യകൊട്ടാരത്തിൽ
   നിസ്തുലമായ പ്രതാപത്തിൽ കാന്തനെ

2. തമ്മിൽ തമ്മിൽ കാണും ശുദ്ധന്മാർ
   വാനത്തിൽ കോടാകോടി ഗണം തേജസ്സിൽ
   സർവ്വാംഗസുന്ദരൻ ആകുമെൻ പ്രിയനെ
   കാണുമതിൻ മദ്ധ്യേ ഏഴയും കാന്തനെ

3. ഞാൻ നിനക്കുള്ളവൾ നീയെനിക്കുള്ളവൻ
   ഇന്നലെയും ഇന്നും എന്നേക്കും
   കണ്ടാൽ മതി വരാ സുന്ദരരൂപനെ
   കൂടികാൺമാൻ വാഞ്ഛയേറുന്നേ കാന്തനെ

# 122

ലോകെ ഞാനെൻ ഓട്ടം തികച്ചു
സ്വർഗ്ഗഗേഹേ വിരുതിനായി
പറന്നീടും ഞാൻ മറുരൂപമായ്
പരനേശു രാജൻ സന്നിധൗ

ദൂതസംഘമാവെ എന്നെ എതിരേൽക്കുവാൻ
സദാ സന്നദ്ധരായ് നിന്നിടുന്നേ
ശുഭ്രവസ്ത്രധാരിയായ് എൻെറ പ്രിയൻെറ മുമ്പിൽ
ഹല്ലേലുയ്യാ പാടിടും ഞാൻ

1. ഏറെ നാളായ് കാൺമാനാശയായ്
കാത്തിരുന്ന എൻെറ രാജനെ
തേജസ്സോടെ ഞാൻ കാണുന്ന നേരം
തിരുമാർവ്വോടണഞ്ഞീടുമേ ദൂത..

2. നാഥൻ പേർക്കായ് സേവ ചെയ്തതാൽ
താതനെന്നെ മാനിക്കുവാനായ്
തരുമോരോരോ ബഹുമാനങ്ങൾ
വിളങ്ങീടും കിരീടങ്ങളായ് ദൂത..

3. നീതിമാന്മാരായ സിദ്ധന്മാർ
ജീവനും വെറുത്ത വീരന്മാർ
വീണകളേന്തി ഗാനം പാടുമ്പോൾ
ഞാനും ചേർന്നു പാടീടുമേ ദൂത..

4. കൈകളാൽ തീർക്കപ്പെടാത്തതാം
പുതുശാലേം നഗരമതിൽ
സദാകാലം ഞാൻ മണവാട്ടിയായ്
പരനോടു കൂടെ വാഴുമേ ദൂത..

# 123

ദേവസുതസന്തതികളെ വിശുദ്ധരെ
ദേവപുര വാസികളോടെന്നു ചേർന്നിടും
ശോഭനപുരമതിൽ രാജനോടു കൂടെ നാം
മോദാൽ വസിപ്പാൻ പോകാം നമുക്ക്

1. അക്കരെനാടെത്തിയ വിശുദ്ധസംഘക്കാർ
കാത്തു പാർക്കുന്നുണ്ട് നാമും ചേർന്നിടുവാനായ്
ആനന്ദക്കരം നീട്ടി ഏററം പുഞ്ചിരി തൂകി
വിളിച്ചിടുന്നു പോകാം നമുക്ക് ദേവ..

2. ദൂതർസംഘം ഹല്ലേലുയ്യാ പാടി ആർക്കുന്നു
വിശ്രമംകൂടാതെ ഖെറുബി സ്രാഫികളിതാ
ഗീതമോദമോടെന്നും വാഴ്ത്തിടുന്നു പരനെ
പോകാം നമുക്ക് സീയോൻ പുരിയിൽ ദേവ..

3. തുല്യമില്ലാ തേജസ്സീൽ വിളങ്ങിടും സ്വർണ്ണ
പട്ടണക്കാരായവരെ എന്നു കണ്ടിടും
മുത്തുഗോപുരങ്ങളാൽ ശോഭനതെരുക്കളെ
കാണുന്നുണ്ടതിൽ പ്രഭാപൂരത്തെ ദേവ..

4. അന്ധതയകന്നനന്ത നിത്യരാജ്യമെ  ഇഹെ
അന്ധകാര സിന്ധുവിലുഴന്നിടുന്നെങ്ങൾ
എന്നയച്ചിടും തവ നീതിയിൻ കതിരോനെ
താമസിക്കല്ലേ സീയോൻ രാജാവേ ദേവ..

# 124

ഞാൻ യഹോവയെ എല്ലാ നാളിലും വാഴ്ത്തിടും
എന്റെ ഉള്ളം യാഹിൽ പ്രശംസിച്ചിടുന്നു
എന്റെ മാനസം പ്രിയനിൽ ആനന്ദിക്കുന്നു

1. തന്നിൽമാത്രം നോക്കിടുന്നോർ ശോഭിതരായ്തീരും
ആയവർമുഖം തെല്ലും ലജ്ജിക്കയില്ല എന്റെ

2. യാഹ്നല്ലവൻ അതെ ആസ്വദിച്ചറിയുവിൻ
തന്നിലാശ്രയിച്ചിടുന്നോർ ഭാഗ്യമേറിയോർ എന്റെ

3. നീതിമാന്മാരിൻ അപേക്ഷ കേട്ടിടുന്നീ ദൈവം
കഷ്ടതയിലുററസഖി ഉദ്ധരിക്കുന്നോൻ എന്റെ

4. മാനസം തകർന്നവർക്കു രക്ഷനൽകും ദൈവം
ദുഃഖിതർക്കാശ്വാസമേകാൻ കൂടെയുണ്ടെന്നും എന്റെ

5. നീതിമാന്മാരിൻ അനർത്ഥം ഏറിവന്നെന്നാലും
നീക്കുപോക്കു നൽകിടുന്നീ നിത്യനാം ദൈവം എന്റെ

6. ലോകത്തിൻ പ്രഭുക്കളിൽ ഞാൻ ആശ്രയം വെയ്ക്കില്ല
എൻദൈവം എന്നാശ്രയം അതെത്രയുത്തമം എന്റെ

# 125

വാഴ്ത്തുന്നേ എന്നേശുരാജനെ സർവ്വകാലവും
കീർത്തിക്കുന്നു വൻ കൃപകളോർത്തു നന്ദിയാൽ

1. എൻപാപം പേറി വൻ ക്രൂശിലേറി
എൻ പാപം തീർത്തു നീ നിൻ ശാപ മൃത്യുവാൽ
എന്നെ വീണ്ടെടുത്ത സ്നേഹദീപമേ ദൈവസ്നേഹദീപമേ
സ്വന്തമാക്കിയ നിൻ സ്നേഹമോർത്തു ഞാൻ
പാടും ജീവനാളെല്ലാം വാഴ്ത്തു

2. സ്വർഗ്ഗീയനോട് എന്നെയിണയ്ക്കയും
നിൻജീവൻ മൂലമായ് തൻപുത്രനാക്കിയും
നീയെൻ ജ്ഞാനം നീതിശുദ്ധിയും ദിവ്യസമാധാനവും
വീണ്ടെടുപ്പുമായതോർത്തു നന്ദിയായ് സ്തുതി പാടും നന്ദിയായ് വാഴ്ത്തു

3. മരുവാസമാകവേ ആശ്വാസമേതുമേ
കാണാതുഴന്നു ഞാൻ പാരം തളർന്നിതാ
കൂട്ടുകാരും ഇല്ലാശ്വാസമായ് എനിക്കില്ലാശ്വാസമായ്
കർത്തനേശുവിൽ സഖിത്വമുള്ള ഞാൻ
എന്തു പാരിൽ ക്ഷീണിപ്പാൻ വാഴ്ത്തു

4. എന്നുള്ളമാകവേ പ്രിയനോടുചേരുവാൻ
കൊതിച്ചീടുന്നധികമായ് പൊൻമുഖം കാണുവാൻ
എന്നെൻ കണ്ണുനീരകന്നു വാഴും ഞാൻ വിണ്ണിലങ്ങു വാഴും ഞാൻ
ആ സ്വർഗ്ഗീയ ദിനം എന്നു കാണും ഞാൻ
നാഥാ എന്നു കാണും ഞാൻ വാഴ്ത്തു

5. പരിശോധനകളെ തരണംചെയ്തക്കരെ
പരിശുദ്ധനന്തികെ പരിചോടുചേരുവാൻ
ശുദ്ധമാക്ക രക്തത്താലെന്നെ ശുദ്ധരക്തത്താലെന്നെ
സിദ്ധനാക്കിടുകാത്മാവിനാലെന്നെ ദിവ്യാത്മാവിനാലെന്നെ വാഴ്ത്തു

6. നിൻസന്നിധാനത്തിൽ സന്തോഷമെൻ ബലം
നിൻമുഖ കാന്തിയാലെന്നും നിത്യാനന്ദം
ഹാ എൻ പ്രിയൻ കൂടെ ചേർന്നു വാഴും ഞാൻ
അങ്ങു ചേർന്നു വാഴും ഞാൻ
ആ ദൈവമഹത്വ നാളടുത്തിതാ ദൈവ നാളടുത്തിതാ വാഴ്ത്തു

# 126

യേശുനായകാ പാപശാപ നാശകാ
വീണ്ടെടുത്ത നിൻ ജനത്തിനാത്മ ദായകാ

1. കണ്ടു ഞാനീ ദൈവസ്നേഹം ഈശൻ ക്രൂശിന്മേൽ
പണ്ടു ഞാനറിഞ്ഞതില്ലെന്നോർത്തു നീറുന്നേ
ഉണ്ടെനിക്കു നാടുമേലിൽ എന്നതോർക്കുമ്പോൾ,
വേണ്ടെനിക്കീ മിസ്രയീമിൻ നിക്ഷേപങ്ങളെ യേശു..

2. നിൻവരവിൻ ലക്ഷ്യങ്ങളും എങ്ങും കാണുന്നേ
ജാതി ജാതിയോടു പോരിന്നായുധങ്ങളാൽ
വ്യാധിമൂലം ഖേദിക്കുന്നീ മാനവരെല്ലാം,
ക്ഷാമവും ഭൂകമ്പവും അവിടവിടെയായ് യേശു..

3. അന്ത്യകാല സംഭവങ്ങളാലെ ഭൂവനം
മാരകായുധങ്ങളാലെ ലോകരാഷ്ട്രങ്ങൾ
സായുധസമരത്തിനായ് തളമൊരുക്കുന്നേ,
കാന്തനെ നിൻ വരവിനെന്തു താമസിക്കുന്നു യേശു..

4. വെള്ളി പൊന്നുമല്ല എന്നെ വീണ്ടെടുത്തത്
നിസ്തുല നിണം കരുണയായ് കഴുകയായ്
വസ്തുതകൾ വർണ്ണ്യമല്ല എൻെറ നാവിനാൽ
കർത്തൻ ക്രൂശിൽ നിർവ്വഹിച്ച ദൈവനിർണ്ണയം യേശു..

5. കണ്ണുകണ്ടിട്ടില്ല വിണ്ണിൻ ഭാവിരൂപങ്ങൾ
കേൾപ്പതില്ല സീർഗ്ഗസീയോൻ ഇമ്പഗാനങ്ങൾ
ഒന്നു ഞാനറിയുന്നേ എൻ വാസമോർക്കുമ്പോൾ
മന്നിടം മറന്നു ഗാനമന്നു പാടുമേ യേശു..

# 127

ഞാനെന്നും സ്‌തുതിക്കും
എൻ പരനെ തിരുമനുസുതനെ
ആനന്ദ ഗാനങ്ങൾ പാടി പുകഴ്‌ത്തി
ഞാനെന്നും സ്‌തുതിക്കും

1. പാപത്തിൻ ശാപത്തിൽനിന്നും
എൻെറ പ്രാണനെ കാത്തവനെന്നും
പാരിൽ തന്നൻപിനു തുല്യമില്ലൊന്നും ഞാനെ..

2. നൽകിയവൻ രക്ഷാദാനം
തന്നിൽ കണ്ടു ഞാൻ ദൈവികജ്‌ഞാനം
തൻപാദ സേവയതെന്നഭിമാനം ഞാനെ..

3. ആയിരം നാവുകളാലും
പതിനായിരം വാക്കുകളാലും
ഹാ ദിവ്യസ്‌നേഹമവർണ്ണ്യമാരാലും ഞാനെ..

4. നിത്യത തന്നിൽ ഞാനെത്തും
തൻെറ സ്‌തുത്യപാദങ്ങൾ ഞാൻ മുത്തും
ഭക്‌തിയിലാനന്ദക്കണ്ണീർ ഞാൻ വീഴ്‌ത്തും ഞാനെ..

# 128

ദിനം ദിനം ദിനം നീ വാഴ്ത്തുക
യേശുവിൻ പൈതലേ നീ
അനുദിനവും പാടി വാഴ്ത്തുക

1. കാൽവറി രക്തമേ യേശുവിൻ രക്തമേ
കാൽവറിയിൽ യേശുതാൻ സ്വന്തരക്തം ചിന്തി നിൻ
പാപത്തെ ശാപത്തെ നീക്കി തന്റെ രക്തത്താൽ    ദിനം

2. രോഗം ശീലിച്ചവൻ പാപം വഹിച്ചവൻ
കാൽവറിമലമുകൾ കൈകാൽകൾ വിരിച്ചവൻ
രക്ഷിക്കും യേശുവിൻ പാദത്തിൽ സമർപ്പിക്ക    ദിനം

3. എന്നേശു സന്നിധി എനിക്കെത്ര ആശ്വാസം
ക്ലേശമെല്ലാം മാററിടും രോഗമെല്ലാം നീക്കിടും
വിശാസത്താൽ നിന്നെ യേശുവിൽ സമർപ്പിക്ക    ദിനം

4. ഞാൻ നിത്യംചാരിടും എന്നേശുമാർവ്വതിൽ
നല്ലവൻ വല്ലഭൻ എന്നേശു എത്ര നല്ലവൻ
എന്നേശു പൊന്നേശു എനിക്കെത്ര നല്ലവൻ    ദിനം

3. ആത്മാവിൻ ജീവിതം ആനന്ദ ജീവിതം
ആത്മാവിൽ നിറയുക ആനന്ദ നദിയിത്
പാനം ചെയ്തീടുക യേശു വേഗം വന്നിടും    ദിനം

# 129

നാം വിമുക്തന്മാർ ദൈവകൃപ ലഭിച്ചോർ
യാഹിൽ സന്തോഷിച്ചാനന്ദിച്ചാർക്കുക നാം

1. യാഹിലെ സന്തോഷം ബലം നമുക്ക്
യാവരും തൻ തിരു സന്നിധിയിൽ
ആത്മപൂർണ്ണരായ് ദിനവും
നാം പാടി വാഴ്ത്തി സ്തുതിച്ചിടുക — നാം

2. നാൾതോറും താൻ ചെയ്ത നന്മകൾക്കായ്
നമ്മുടെ ഭാരങ്ങൾ വഹിച്ചതിനാൽ
വന്ദ്യനാം പിതാവിനെ നാം
നന്ദിയോടെ സ്തുതിച്ചീടുക — നാം

3. നാനാവിധ പരിശോധനകൾ
നാലുപാടും നമ്മെ മൂടിയപ്പോൾ
താങ്ങി താൻ കൃപാകരത്താൽ നാം
നന്ദിയോടെ സ്തുതിച്ചീടുക — നാം

4. തൻ കൃപയാൽ രക്ഷ പ്രാപിച്ചു നാം
വൻ കൃപയിൽ നമ്മെ സൂക്ഷിക്കുന്നു
കൃപ കൃപ എന്നാർത്തുകൊണ്ട് നാം
കൃപാസനത്തോടടുത്തീടുക — നാം

5. ഇന്നയോളം പ്രിയൻ തൻ കൃപയിൽ
കൺമണിപോൽ നമ്മെ കാത്തതിനാൽ
പൊന്നു നാമം ഉയർത്തി മോദാൽ നാം
നന്ദിയോടെ സ്തുതിച്ചീടുക — നാം

# 130

നാമെല്ലാരും ഒന്നായ് കൂടുവോം നാഥനെ കൊണ്ടാടി
പാടുവോം
ഭൂതലത്തിൽ നമ്മെ ക്ഷേമമോടെ കാത്ത
നായകനു സ്തോത്രം ആദരവായ് പാടുവോം

ഹല്ലേലുയ്യാ ഗീതം പാടിടാം അല്ലലെല്ലാം മാറിപ്പോകുമേ
വല്ലഭൻ നമുക്ക് നല്ലവനായുണ്ട്
എല്ലാദാനങ്ങളും ചെയ്തരുളുമെന്നുണ്ട്

1. വാദ്യഘോഷത്തോടെ ഏകമായ്
വാനവർ സ്തുതിക്കും നാഥന്റെ
വന്ദ്യതിരുപ്പാദം എല്ലാവരും തേടി
മന്ദതയകന്നു ഇന്നുമെന്നും പാടുവോം ഹല്ലേലു..

2. ഏറും ഖേദം എത്രയെന്നാലും
എല്ലാററെയും വിലക്കിയല്ലോ
ഏഴകളിൻ ഭാരം ഏതും ചുമക്കുന്ന
ഏക കർത്താവിന് സാദരം നാം പാടുവോം ഹല്ലേലു..

3. എല്ലാവിധ ആവശ്യങ്ങളും
നല്ലതുപോൽ ചെയ്തു തരുന്ന
എല്ലാ മുട്ടും തീർത്ത നല്ല കർത്താവിന്
എല്ലാവരും ചേർന്ന് ഹല്ലേലുയ്യാ പാടുവോം ഹല്ലേലു..

4. ശത്രുവിൻ അഗ്നിയസ്ത്രങ്ങളാൽ
ശക്തിയററു ക്ഷീണിച്ചീടുമ്പോൾ
ശത്രുവെ ജയിച്ച കർത്തൻ നമുക്കുണ്ട്
ശുദ്ധർ കൂട്ടം നാമും നിത്യം സ്തുതി പാടുവോം ഹല്ലേലു..

5. സർവ്വ ബഹുമാനം സ്തുതിയും
ഉർവ്വിനായകനു മഹത്വം
സർവ്വരും സ്തുതിക്കും സർവ്വവല്ലഭന്
അല്ലും പകലും നാം ഹല്ലേലുയ്യാ പാടുവോം ഹല്ലേലു.. Index

# 131

യാഹേ നീയെൻ ദൈവം വാഴ്ത്തും ഞാൻ നിന്നെ
സ്തുത്യർഹമേ തവനാമം

1. ആഴിയെന്നോർത്തില്ല ആഴമാരാഞ്ഞില്ല,
അലകേൾക്കും ഞാൻ തെല്ലും ഭയപ്പെട്ടില്ല
ഇറങ്ങി ഞാൻ പ്രിയനേ സമുദ്രത്തിൻ നടുവിൽ
നിൻ വിളി കേട്ടു പിൻ വരുവാൻ യാഹേ

2. അലറുന്നീ ആഴിയിൽ അലയതിഘോരം
തോന്നുന്നു ഭിതിയെൻ ഹൃദി പാരം
പാദങ്ങൾ ആഴത്തിൽ താഴുന്നു പ്രിയനേ
ഏന്തുക തൃക്കരം അതിനാൽ യാഹേ

3. എന്നിലും ഭക്തർ എന്നിലും ശക്തർ
വീണുതകർന്നീ പോർക്കളത്തിൽ
കാണുന്നു ഞാൻ അസ്ഥികൂടങ്ങൾ ഭീകരം
വീരപുമാൻകളിൽ വീണവരിൻ യാഹേ

4. ഈയിഹ ശക്തികളഖിലവും ഭക്തന്
വിപരീതം നീ ആറിയുന്നേ
താങ്ങുക കരത്തിൽ കാക്കുക ബലത്തിൽ
സ്വർഗ്ഗസീയോൻ പുരി വരെയും യാഹേ

5. പോർക്കളമുമ്പിൽ പിന്മാറുകയോ പടി
വാതിലിലിനി ഞാൻ തളരുകയോ
ഒന്നു ഞാൻ ചെയ്യുന്നു മുമ്പിലേക്കോടുന്നു
വിരുതൊന്നു താനെൻ ലക്ഷ്യം യാഹേ

6. അർപ്പണം ചെയ്യുന്നാത്മ നിയോഗാൽ
അൽപമെനിക്കിന്നുള്ളതെല്ലാം
ഉന്നതനെ തവ സേവയിൻ ജീവിതം
ഒന്നു മതിയെനിക്കുലകിൽ യാഹേ

# 132

സേനയിനധിപൻ ദേവനിലതിയായ്
ആശ്രയമെവനുണ്ടോ
ആയവനേവരിലും അതിധന്യൻ
യാഹിൻ വാസമെന്തതികാമ്യം ആ...ആ...ആ...
വാഞ്ഛിച്ചു മോഹിക്കുന്നെന്നുള്ളം
ഘോഷിക്കുന്നെൻ ഹൃദയം ജഡവും

1. കുരികിൽ തനിക്കൊരു വീടും
മീവൽ പറവ തൻകുഞ്ഞുങ്ങൾക്കായ്
നല്ലൊരു കൂടും കണ്ടെത്തിയല്ലോ
നിൻ തിരുബലിപീഠം തന്നെ ആ..ആ..ആ..
ധന്യർ നിന്നാലയത്തിൽ വസിപ്പോർ
നിത്യം സ്തുതിക്കുമവർ നിന്നെ സേന

2. ബലം നിന്നിലുള്ളോർ ഭാഗ്യം നിറഞ്ഞോർ
നിശ്ചയമാണെന്നും
താഴ്ച്ച ഭവിക്കുകയില്ലെന്നും
ഇവ്വിധമുള്ളോർ മനസ്സുകളിൽ ആ..ആ..ആ..
നിർണ്ണയമുണ്ടു നിരന്തരമായ്
സീയോൻ നഗരിയിൻ പെരുവഴികൾ സേന

3. കണ്ണുനീർ താഴ്‌വര അതുവഴിയായവർ
യാനം ചെയ്യുമ്പോൾ
ആയതു മാറും ജലാശയമായ്
മുന്മഴയനുഗ്രഹപൂർണ്ണമാകും ആ..ആ..ആ..
പ്രാപിക്കും ബലമവർ ബലത്തിനുമേൽ
ചെന്നെത്തുമേവരും സീയോനിൽ സേന

# 133

യാഹെന്ന ദൈവമെന്നിടയനഹോ
യാതൊരു കുറവുമില്ലെനിക്കിനിയും
പച്ചപ്പുൽ പുറത്തെന്നെ കിടത്തുന്നവൻ
നിശ്ചല ജലമെന്നെ കുടിപ്പിക്കുന്നു

1. സന്തതമെന്നുള്ളം തണുപ്പിക്കുന്നു
തൻതിരുപ്പാതയിൽ നടത്തുന്നെന്നെ
കൂരിരുൾ താഴ്‌വരയതിൽ നടന്നാൽ
സാരമില്ലെനിക്കൊരു ഭയവുമില്ല — യാഹെ..

2. ഉന്നതനെന്നോടു കൂടെയുണ്ട്
തന്നിടുന്നാശ്വാസം തൻ വടിയാൻ
എനിക്കൊരു വിരുന്നു നീ ഒരുക്കിടുന്നു
എന്നുടെ വൈരികളിൻ നടുവിൻ — യാഹെ..

3. ശിരസ്സിനെ അഖിലവും അനുദിനവും
പൂശുന്നു സൗരഭ്യ തൈലമതാൽ
എന്നുടെ പാനപാത്രം ദിനവും
ഉന്നതൻ കരുണയാൽ കവിഞ്ഞിടുന്നു — യാഹെ..

4. നന്മയും കരുണയും എന്നായുസ്സിൽ
ഉണ്മയായ് തുടർന്നിടും ദിനവുമഹോ
സ്വർഗ്ഗീയ ആലയം തന്നിലീ ഞാൻ
ദീർഘകാലം വസിക്കും ശുഭമായ് — യാഹെ..

# 134

നിൻകൃപയിൽ ഞാൻ ആശ്രയിക്കുന്നേ
നിൻ മനസ്സലിവിൽ ഞാൻ ചാരുന്നേ
എൻ ആശ്വാസവും എന്റെ ആനന്ദവും
ഈ അവനിയിൽ നീ മാത്രമേ

പരിശുദ്ധനേ നിൻ പാദപീഠത്തിൽ
നിൻവിളി കേട്ടു വരുന്നൂ ഞാൻ
സമ്പൂർണ്ണമായ് എന്നെ സമ്പൂർണ്ണമായ്
നിൻഹിതംചെയ്‌വാൻ ഞാൻ സമർപ്പിക്കുന്നേ

1. പാപത്തിൻ ആഴത്തിൽ ഞാൻ വലഞ്ഞപ്പോൾ
ദൈവവഴികളെ അറിയാതലഞ്ഞപ്പോൾ
നിൻസ്നേഹമെന്നെയും തേടിവന്നു
രക്ഷാദാനമെനിക്കേകിയതാൽ പരി..

2. അറിയായ്മയുടെ കാലങ്ങളായ് മന്നിൽ
അനവധി നാളുകൾ പാഴാക്കി ഞാൻ
നിൻ സേവ ചെയ്തു ഞാൻ ജീവിക്കട്ടെ
എന്നിൽ നിന്നിഷ്ടം നിറവേറട്ടെ പരി..

3. എന്നിലെ എവ്വിധ ഭാരങ്ങളും എന്നിൽ
മുറുകെ ചേർന്നിടും ദോഷങ്ങളും
നീക്കുകെൻ പ്രിയനെ നിന്നാത്മ ശക്തിയാലെൻ
ഓട്ടം ഞാൻ ഓടീടുവാൻ പരി..

# 135

കാൽവറിയിൽകാണും സ്നേഹമത്ഭുതം
വർണ്ണ്യമല്ലഹോ അതെൻെറ നാവിനാൽ

1. പാപത്തിൽ നിന്നെന്നെ വീണ്ടെടുത്ത സ്നേഹമേ
പാവനനിണം ചൊരിഞ്ഞ ക്രൂശിൻ സ്നേഹമേ
എൻമനം കവർന്ന നിൻ അതുല്യ സ്നേഹമേ
മാററമില്ലാ ദിവ്യസ്നേഹം എത്രയത്ഭുതം കാൽവറി

2. നീങ്ങിപ്പോകം പർവ്വതങ്ങൾ കുന്നുകളിവ
കാണുമീ പ്രപഞ്ചവും ധനം മഹിമയും
മർത്ത്യസ്നേഹം മാറിടും ക്ഷണത്തിലെങ്കിലും
മാററമില്ലാ ദൈവസ്നേഹം എത്രയത്ഭുതം കാൽവറി

3. മൃത്യുവിൻെറ ബന്ധനം തകർത്ത സ്നേഹമേ
ശത്രുവിൻെറ ശക്തിയെ ജയിച്ച സ്നേഹമേ
മർത്ത്യരിൻ മരണഭീതി നീക്കും സ്നേഹമേ
മാററമില്ലാ ദൈവസ്നേഹം എത്രയത്ഭുതം കാൽവറി

4. വാനമേഘേ സ്വർപ്പുരേ കരേറിപ്പോയവൻ
ഇന്നുമെന്നും കൂടെയുള്ള നല്ല സ്നേഹിതൻ
എന്നെ വേഗം ആനയിക്കും സ്വർഗഗേഹത്തിൽ
മാററമില്ലാ ദൈവസ്നേഹം എത്രയത്ഭുതം കാൽവറി

# 136

എനിക്കായൊരുത്തമസമ്പത്ത്
സ്വർഗ്ഗരാജ്യത്തിലൊരുക്കുന്നതാൽ
ഇനി ലോകത്തെ സ്നേഹിച്ചീടുവാൻ
ഒരു കാലത്തും പോകയില്ല ഞാൻ

എന്റെ ആയുസ്സിൻ ദിനമൊക്കെയും
നിന്നെ മാത്രം ഞാനിനി സേവിക്കും
എന്റെ പ്രാണനായകനേശുവേ
നിന്റെ സ്നേഹം നീ എനിക്കേകിടണേ

1. ഏഴയാകുന്ന എന്നെ സ്നേഹിച്ച
നിന്റെ സ്നേഹം എത്രയോ ആശ്ചര്യം
എന്റെ പാപാശാപങ്ങൾ നീക്കി നിൻ തിരു-
ജീവനാൽ എന്നെ നിറച്ചല്ലോ എന്റെ

2. എന്റെ ദേഹവും തിരു ആലയമായ്
നിന്റെ ആത്മാവെ എനിക്കേകിയതാൽ
തിരുനാമത്തിൻ മഹത്വത്തിനായ്
ഇനി ജീവിപ്പാൻ കൃപ നൽകുക എന്റെ

3. പ്രിയൻ തേജസ്സിൽ വെളിപ്പെടും നാളിൽ
ഞാനും തേജസ്സിൻ മുൻപിൽ നിൽക്കുവാൻ
എന്റെ ദേഹവും ദേഹി ആത്മാവും
സമ്പൂർണ്ണമായ് സമർപ്പിക്കുന്നേൻ എന്റെ

# 137

ലോകമാം ഗംഭീര വാരിധിയിൽ  വിശ്വാസക്കപ്പലിൽ ഓടിയിട്ട്
നിത്യവീടൊന്നുണ്ടവിടെയെത്തി കർത്തനോടുകൂടെ വിശ്രമിക്കും

യാത്രചെയ്യും ഞാൻ ക്രൂശെനോക്കി
യുദ്ധംചെയ്യും ഞാൻ യേശുവിനായ്
ജീവൻ വച്ചീടും രക്ഷകനായ് അന്ത്യശ്വാസം വരെയും

1. കാലം കഴിയുന്നു നാൾകൾ പോയി കർത്താവിൻ വരവു സമീപമായ്
മഹത്വ നാമത്തെ കീർത്തിപ്പാനായ് ശക്തീകരിക്ക നിൻ ആത്മാവിനാൽ

2. പൂർവ്വപിതാക്കളാം അപ്പോസ്തലർ ദൂരവേ ദർശിച്ചീ ഭാഗ്യദേശം
ആകയാൽ ചേതമെന്നെണ്ണി ലാഭം അന്യരെന്നെണ്ണിയീ ലോകമതിൽ

4. ഞെരുക്കത്തിൻ അപ്പം ഞാൻ തിന്നെന്നാലും
കഷ്ടത്തിൻ കണ്ണുനീർ കുടിച്ചെന്നാലും
ദേഹി ദുഃഖത്താൽ ക്ഷയിച്ചെന്നാലും  എല്ലാം പ്രതികൂലമായെന്നാലും

4. ജീവനെൻ യേശുവിൽ അർപ്പിച്ചിട്ട്  അക്കരെ നാട്ടിൽ ഞാനെത്തിടുമ്പോൾ
ശുദ്ധപളുങ്കിൻ കടൽതീരത്തിൽ  യേശുവിൻ പൊൻമുഖം മുത്തിടും ഞാൻ

5. ലോകത്തിൻ ബാലത കോമളത്വം  വസ്തുവകകൾ പൊൻ നാണയങ്ങൾ
സ്ഥാനങ്ങൾ മാനങ്ങൾ നശ്വരമാം  മേലുള്ളെരുശലേം നിത്യഗേഹം

6. ലാഭമായ് തീരും സമസ്തവും ഞാൻ കാഴ്ച്ചയായ് വയ്ക്കുന്നു
തൃപ്പാദത്തിൽ
അംഗപ്രത്യംഗമേ ഇന്ദ്രിയങ്ങൾ  ദൈവനാമത്തിൻ പുകഴ്ച്ചക്കായി

7. ലോകം ത്യജിച്ചതാം സിദ്ധന്മാരും  നിർമ്മല ജ്യോതിസ്സാം ദൂതന്മാരും
രക്തസാക്ഷികളാം സ്നേഹിതരും സ്വാഗതം ചെയ്യും മഹൽ സദസ്സിൽ

8. വീണ്ടെടുപ്പിൻ ഗാനം പാടി വാഴ്ത്തി  രക്ഷകനേശുവെ കുമ്പിടും ഞാൻ
കഷ്ടത തുഷ്ടിയായ് ആസ്വദിക്കും  സാധുക്കൾ മക്കൾക്കീ ഭാഗ്യം ലഭ്യം

# 138

**സീയോൻ സൈന്യമേ ഉണർന്നീടുവിൻ**
**പൊരുതു നീ ജയമെടുത്തു വിരുതു പ്രാപിപ്പാൻ**

**കേൾക്കാറായ് തൻ കാഹളധ്വനി**
**നാം പോകാറായ് ഈ പാർത്തലംവിട്ട്**
**തേജസ്സേറും പുരേ (2)**

1. **സർവ്വായുധങ്ങൾ ധരിച്ചീടുക**
   **ദുഷ്ടനോടെതിർത്തുനിന്നു വിജയം നേടുവാൻ കേൾ..**
2. **ക്രിസ്തേശുവിനായ് കഷ്ടം സഹിച്ചോർ**
   **നിത്യനിത്യയുഗങ്ങൾ വാഴും സ്വർഗ്ഗസീയോനിൽ കേൾ..**
3. **പ്രത്യാശയെന്നിൽ വർദ്ധിച്ചീടുന്നേ**
   **അങ്ങുചെന്നു കാണുവാനെൻ പ്രിയൻ പൊൻമുഖം കേൾ..**
4. **ആനന്ദമേ നിത്യാനന്ദമേ**
   **കാന്തനോടു വാഴും കാലം എത്രയാനന്ദം കേൾ..**

# 139

പോർക്കളത്തിൽ നാം പൊരുതുക ധീരരായ്
യേശുവിൻ നാമമതേന്തി
പോയിടാം സുവിശേഷം ഓതിടാം നാടെങ്ങും
അനന്ത സന്തോഷമുണ്ടൊടുവിൽ

1. ആയിരങ്ങൾ പതിനായിരങ്ങളിതാ
പാപത്തിൻ ആഴത്തിൽ വീണു
കയറുവാൻ കരകാണാതുഴലുന്ന നേരം
നേടിടാം സ്നേഹക്കൊടിയാൽ    പോർ..

2. കണ്ണീരിൽ വിതച്ചീടിൽ ആർപ്പോടു കൊയ്യും
പോയിടാം അവൻ തിരുമുമ്പിൽ
വാങ്ങാം പ്രതിഫലം ചൂടാം കിരീടങ്ങൾ
പാടിടാം സ്തോത്രസംഗീതം    പോർ..

3. കഷ്ടങ്ങൾ വന്നാലും ക്ലേശം സഹിക്കിലും
ഓടും അവൻ പാത തേടി
കുരിശിലെ സ്നേഹം ഓർത്തിടും നേരം
വേണ്ടെനിക്കീ ലോകസൗഖ്യം    പോർ..

4. ഐക്യമായ് നിന്നു നാം വേല ചെയ്തീടുകിൽ
ഇടിച്ചിടാം പേയിൻ കോട്ട
ജയമെടുത്തീടാൻ ജയവീരൻ വരുവാൻ
താമസമില്ലിനിയേറെ    പോർ..

# 140

യഹോവ ദൈവമാം വിശുദ്ധ ജാതി നാം
അവനവകാശമാം ജനം നാം
പരദേശികൾ നാം ഭാഗ്യശാലികൾ
ഇതുപോലൊരു ജാതിയുണ്ടോ

1. ആപത്തിൽ നമ്മുടെ ദിവ്യസങ്കേതവും
ബലവും ദൈവമൊരുവനത്രേ
ആകയാൽ പാരിടം ആകെയിളകിലും
നാമിനി ഭയപ്പെടുകയില്ല　　　　യഹോ..

2. അവനീതലത്തിൽ അപമാനം നമുക്ക്
അവകാശമെന്നോർത്തീടണം
അവനായ് കഷ്ടത ഏൽക്കുകിൽ തേജസ്സിൽ
അനന്തയുഗം വാണിടും നാം　　　　യഹോ..

3. നിരനിര നിരയായ് അണി നിരന്നീടുവിൻ
കുരിശിൻ പടയാളികളെ
ജയ ജയ ജയ കാഹളം ഊതീടുവിൻ
ജയവീരനാം യേശുവിന്　　　　യഹോ..

# 141

ക്രിസ്തീയ ജീവിതം സൗഭാഗ്യജീവിതം
കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദദായകം
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രിസ്തേശു നായകൻ കൂട്ടാളിയല്ലോ

1. ലോകത്തിൻ താങ്ങുകൾ നീങ്ങിപ്പോയീടുമ്പോൾ
ലോകക്കാരെല്ലാരും കൈവെടിഞ്ഞീടുമ്പോൾ
സ്വന്തസഹോദരർ തള്ളിക്കളയുമ്പോൾ
യോസേഫിൻ ദൈവമെൻ കൂട്ടാളിയല്ലോ ക്രിസ്തീ..

2. അന്ധകാരം ഭൂവിൽ വ്യാപരിച്ചീടുമ്പോൾ
രാജാക്കൾ നേതാക്കൾ ശത്രുക്കളാകുമ്പോൾ
അഗ്നികുണ്ഠത്തിലും സിംഹക്കുഴിയിലും
ദാനിയേലിൻ ദൈവമെൻ കൂട്ടാളിയാണ് ക്രിസ്തീ..

3. ഇത്ര നല്ലിടയൻ ഉത്തമസ്നേഹിതൻ
നിത്യനാം രാജാവെൻ കൂട്ടാളിയായാൽ
എന്തിനീ ഭാരങ്ങൾ എന്തിനീ വ്യാകുലം
കർത്താവിൻ കുഞ്ഞുങ്ങൾ പാട്ടുപാടും ക്രിസ്തീ..

4. കാഹളശബ്ദങ്ങൾ കേട്ടിടാൻ നേരമായ്
കഷ്ടങ്ങൾ ഏററയെൻ പ്രിയനെ കാണാറായ്
എന്നു നീ വന്നിടും എപ്പോൾ നീ വന്നിടും
എത്രനാൾ നോക്കി ഞാൻ പാർക്കണം പ്രിയനേ ക്രിസ്തീ..

# 142

ഞാൻ പാടുമീ നാളിനി മോദാൽ
കുഞ്ഞാട്ടിൻ വിലയേറും രക്‌തത്താലെന്നെ വീണ്ടതിനാൽ

1. വെറും വെള്ളിയല്ല എന്നെ വാങ്ങുവാൻ
   പൊൻ വീര്യമോ അല്ല മറുവിലയായ്‌
   എൻപേർക്കുയാഗമായ്‌ തീർന്നവനാം
   ദൈവകുഞ്ഞാട്ടിൻ വിലയേറും രക്‌തത്താൽ
   എന്നെ വീണ്ടതിനാൽ ഞാൻ പാടുമീ

2. അതി ദുഃഖിതനായ്‌ ഭൂവിൽ തീർന്നു ഞാൻ
   വൻ പീഡയാൽ വലഞ്ഞീടും നാൾ
   എന്നേശു മാർവ്വതിലാശ്വാസം
   കൊണ്ടു നിത്യം പാടും മോദമായ്‌
   സ്‌തുതി സ്‌തോത്രം യേശുവിന്നായ്‌ ഞാൻ പാടുമീ

3. കുരിശും ചുമലേന്തിയ നാഥനെ
   യെരുശലേം വഴി പോയവനെ
   കുരിശിൽ ചിന്തിയ ചോരയാൽ
   പുതു ജീവമാർഗത്തിൽ ഞാൻ നടപ്പാൻ
   നാഥാ അരുൾക കൃപ ഞാൻ പാടുമീ

4. തിരുവാഗ്‌ദത്തമാം ആത്‌മ മാരിയാൽ
   എന്നെ നനയ്‌ക്കണമെ കൃപയാൽ
   നിന്നോളം പൂർണ്ണനായ്‌ തീർന്നു ഞാൻ
   സർവ ഖിന്നതയാകെയകന്നു വിണ്ണിൽ
   അങ്ങു ചേർന്നിടുവാൻ ഞാൻ പാടുമീ

# 143

എൻെറ സങ്കേതവും ബലവും
ഏററവും അടുത്ത തുണയും
എന്തൊരാപത്തിലും ഏതുനേരത്തിലും
എനിക്കെന്നുമെൻ ദൈവമത്രേ

1. ഇരുൾ തിങ്ങിടും പാതകളിൽ
കരൾ വിങ്ങിടും വേളകളിൽ
അരികിൽ വരുവാൻ കൃപകൾ തരുവാൻ
ആരുമില്ലിതു പോലൊരുവൻ — എൻെറ

2. എല്ലാ ഭാരങ്ങളും ചുമക്കും
എന്നും താങ്ങി എന്നെ നടത്തും
കർത്തൻ തൻ കരത്താൽ കണ്ണുനീർ തുടയ്ക്കും
കാത്തു പാലിക്കുമെന്നെ നിത്യം — എൻെറ

3. ഇത്ര നല്ലവനാം പ്രിയനെ
ഇദ്ധരയിൽ രുചിച്ചറിവാൻ
ഇടയായതിനാൽ ഒടുവിൽ വരെയും
ഇനി എനിക്കെന്നും താൻ മതിയാം — എൻെറ

4. എന്നെ തന്നരികിൽ ചേർക്കുവാൻ
എത്രയും വേഗം വന്നിടും താൻ
പുത്തനാം ഭവനം എത്തി വിശ്രമിപ്പാൻ
ആർത്തിയോടെ ഞാൻ കാത്തിരിപ്പൂ — എൻെറ

# 144

സീയോൻ മണാളനേ ശാലേമിൻ പ്രിയനേ
നിന്നെ കാണുവാൻ നിന്നെ കാണുവാൻ
എന്നെ തന്നെ ഒരുക്കുന്നു നിൻ രാജ്യത്തിൽ
വന്നു വാഴുവാൻ

1. പരനേ നിൻ വരവേതു നേരത്തെന്ന്
അറിയുന്നില്ല ഞാൻ, അറിയുന്നില്ല ഞാൻ
അനുനിമിഷവും അതികുതുകമായ്
നോക്കി പാർക്കും ഞാൻ സീയോ..

2. കണ്ണുനീർ നിറഞ്ഞ ലോകത്തു നിന്നു ഞാൻ
പോയ് മറയുമേ, പോയ് മറയുമേ
കണ്ണിമയ്ക്കും നൊടി നേരത്തു ചേരുമേ
വിൺപുരിയതിൽ സീയോ..

3. കുഞ്ഞാട്ടിൻ രക്തത്താൽ കഴുകപ്പെട്ടവർ
എടുക്കപ്പെടുമല്ലോ, എടുക്കപ്പെടുമല്ലോ
ആ മഹൽ സന്തോഷ ശോഭന നാളതിൽ
ഞാനും കാണുമേ സീയോ..

# 145

സർവ്വ പാപക്കറകൾ തീർത്തു നരരെ രക്ഷിച്ചീടുവാൻ
ഉർവ്വി നാഥൻ യേശു ദേവൻ ചൊരിഞ്ഞ തിരു രക്തമേ

1. യേശുവോടീ ലോകർ ചെയ്തതോർക്ക നീയെന്നുള്ളമേ
   വേദനയോടേശുദേവൻ ചൊരിഞ്ഞ തിരുരക്തമേ

2. കാട്ടുചെന്നായ് കൂട്ടമായൊരാടിനെ പിടിച്ചപോൽ
   കൂട്ടമായ് ദുഷ്ടരടിച്ചപ്പോൾ ചൊരിഞ്ഞ രക്തമേ

3. മുള്ളുകൊണ്ടുള്ളോർ മുടിയാൽ മന്നവൻ തിരുത്തല-
   യ്ക്കുള്ളിലും പുറത്തുമായി പാഞ്ഞ തിരു രക്തമേ

4. നീണ്ട ഇരുമ്പാണികൊണ്ടു ദുഷ്ടരാ കൈകാൽകളെ
   തോണ്ടിയനേരം ചൊരിഞ്ഞ രക്ഷിതാവിൻ രക്തമേ

5. വഞ്ചകസാത്താനെ ബന്ധിച്ചന്ധകാരം നീക്കുവാൻ
   അഞ്ചുകായങ്ങൾ വഴിയായ് പാഞ്ഞ തിരു രക്തമേ

# 146

പൊന്നേശു നരർ തിരുബലി മരണം നിനപ്പാൻ
തന്നാനൊരു നിയമമതിശയമേ

1. പൊന്നായ തിരുജഡം നരർക്കുവേണ്ടി നുറുങ്ങി
   ഒന്നോടെ തിരുരക്‌തം ചൊരിയുമെന്നും
2. അപ്പം ഒന്നെടുത്തവൻ വാഴ്‌ത്തി നുറുക്കി നൽകി
   തൃപ്പാദം തൊഴുന്ന തന്നുടെ ശിഷ്യർക്ക്
3. കാസായിൽ ദ്രാക്ഷാരസം പകർന്നുയർത്തിയരുളി
   യേശുവിൻ രക്‌തമതു സ്‌മരിച്ചീടുവാൻ
4. മാഹാത്‌മ്യം ഇതിന്നനവധിയുണ്ടു രഹസ്യമേ
   ഏകൻ പോയല്ലോ ബലി കഴിവതിന്

# 147

ഇമ്മാനുവേൽ തൻചങ്കതിൽ നിന്നൊഴുകും രക്‌തം
പാപക്കറ നീക്കുമതിൽ മുങ്ങിത്തീർന്നാലാരും

എൻ പേർക്കേശു മരിച്ചെന്നു ഞാൻ വിശ്വസിക്കുന്നു
പാപം എന്നിൽ നിന്നു നീക്കാൻ യേശു രക്‌തം ചിന്തി

1. കള്ളൻ ക്രൂശിൽ പാപശാന്തി കണ്ടീയുറവയിൽ
അവനെപ്പോൽ ഞാനും ദോഷി കണ്ടെൻ പ്രതിശാന്തി

2. കുഞ്ഞാട്ടിൻ വിലയേറിയ രുധിരത്തിൻ ശക്‌തി
വീണ്ടു കൊള്ളും ദൈവസഭ ആകെ വിശേഷമായ്

3. തൻമുറിവിൻ രക്‌തനീർ ഞാൻ കണ്ടന്നു മുതൽ തൻ
വീണ്ടെടുപ്പിൻ സ്‌നേഹം താനെൻ ചിന്തയിന്നുമെന്നും

4. വിക്കുള്ള എന്റെ ഈ നാവ് ശവക്കുഴിക്കുള്ളിൽ
മൗനം എന്നാൽ എൻ ആത്‌മാവ് പാടും ഉന്നതത്തിൽ

# 148

സ്വർഗ്ഗ്യരാജ്യ നിരൂപണമെൻ ഹൃദയവാഞ്ഛയാം
ദൈവദൂതർ കൂട്ടത്തിലെൻ സ്നേഹിതരെകാണാം

അങ്ങു എന്നേക്കും വേർപിരിയാതെ
ക്രിസ്തുവിൻ കൂടെ പാർക്കും നമ്മളെല്ലാം

1. വിശുദ്ധരുടെ സംസർഗ്ഗം വാടാത്ത കിരീടം
ചൊല്ലിത്തീരാത്ത ആനന്ദം ഹാ എത്ര വാഞ്ഛിതം

2. എൻ രക്ഷിതാവു രാജാവായ് ആ ദിക്കിൽ വാഴുന്നു
ഗീതം ഹാ എത്ര ഇമ്പമായ് എപ്പോഴും കേൾക്കുന്നു

3. ഈ സ്വർഗ്ഗരാജ്യമാകുമെൻ വാഗ്ദത്തനാടതിൽ
എന്നാത്മാവെന്നും ഇരിപ്പാൻ കാംക്ഷിക്കുന്നു എന്നിൽ

# 149

യേശു നല്ലവൻ അവൻ വല്ലഭൻ
അവൻ ദയയോ എന്നുമുള്ളത്
പെരുവെള്ളത്തിൻ ഇരച്ചിൽ പോലെ
സ്തുതിച്ചീടുക അവന്റെ നാമം

ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ
മഹത്വവും മാനവും സ്തോത്രവും ബഹുമാനം
ശക്തിയും ബലവും എന്നേശുവിന്

1. ഞാൻ യഹോവയ്ക്കായ് കാത്തുകാത്തല്ലോ
അവനെങ്കലേയ്ക്കു ചാഞ്ഞുകേട്ടല്ലോ
നാശകരമായ കുഴിയിൽ നിന്നും
കുഴഞ്ഞ ചേററിൽ നിന്നെന്നെ കയററി ഹല്ലേ..

2. എന്റെ കർത്താവേ എന്റെ യഹോവേ
നീയൊഴികെ എനിക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ
അവരെനിക്കു ശ്രേഷ്ഠന്മാർ തന്നെ ഹല്ലേ..

3. എന്റെ കാൽകളെ പാറമേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ടെനിക്കു തന്നു
എൻ ദൈവത്തിന് സ്തുതി തന്നെ ഹല്ലേ..

# 150

സ്ഥിരമാനസൻ കർത്തനിൽ ആശ്രയിപ്പതിനാൽ
ഭാഗ്യമേറിയവൻ

1. എളിയവനൊരു ദുർഗ്ഗവും നീ
കൊടുങ്കാററതിൽ ശരണവും നീ
അവൻ കഷ്ടമതിൽ ഒരു കോട്ടയും നീ
ആശ്വാസത്തിൻ തണലും നീ    സ്ഥിര..

2. സർവ്വ വദനങ്ങളിൽ നിന്നുമേ
തുടച്ചീടുമവൻ കണ്ണുനീർ
തൻെറ ജനത്തിൻ നിന്ദ സർവ്വ ഭൂവിൽ നിന്നും
നീക്കീടുമവൻ നിത്യമായ്    സ്ഥിര..

3. ഉയരട്ടെ നിൻ തലകളെന്നും
ഉയരുന്നതാം വാതിൽകളെ
സൈന്യനാഥനവൻ ജയരാജനവൻ
യുദ്ധവീരനുമവനല്ലയോ    സ്ഥിര..

4. മുന്നോടിയായ് യേശുപരൻ
മൂലക്കല്ലായ് സീയോനതിൽ
വാസം ചെയ്തിടും ഉന്നതനാമവനെ
വാഞ്ഛയോടു നാം കാത്തിരിക്കാം    സ്ഥിര..

# 151

കരുണയിൻ സാഗരമേ
ശോക കൊടുംവെയിലേറിടുമ്പോൾ
മേഘത്തിൻ തണലരുളി എന്നെ സാന്ത്വനമായ് നടത്താൻ

കൃപയരുൾക, കൃപയരുൾക അളവെന്യേ പകർന്നീടുക
ഈ ഭൂവിലെൻ യാത്രയതിൽ ദൈവകൃപയരുൾക

1. രോഗങ്ങൾ പീഢകളും നിന്ദ പരിഹാസം ഏറിടുമ്പോൾ
അമിതബലം അരുളി എന്നെ സാന്ത്വനമായ് നടത്താൻ
കൃപ..

2. കൂരിരുൾ താഴ്വരയിൽ എൻെറ പാദങ്ങൾ ഇടറിടാതെ
അഗ്നിത്തൂണിൻ പ്രഭയാൽ യാനം ചെയ്യുവാനീ മരുവിൽ
കൃപ..

3. ഉററവർ ബന്ധുക്കളും എല്ലാ സ്നേഹിതരും വെറുക്കിൽ
സ്നേഹത്തിൻ ആഴമതിൽ ഞാനും നിമജ്ഞനായ് തീർന്നീടുവാൻ
കൃപ..

4. ലോകത്തെ മറന്നീടുവാൻ എല്ലാം ചേതമെന്നെണ്ണീടുവാൻ
ലോകത്തെ ജയിച്ചവനെ നിന്നിൽ അഭയം ഞാൻ തേടിടുന്നു
കൃപ..

# 152

ആരാധനയ്ക്കു യോഗ്യനെ നിന്നെ ഞങ്ങൾ ആരാധിച്ചീടുന്നിതാ
ആഴിയും ഊഴിയും നിർമ്മിച്ച നാഥനെ
ആത്മാവിൽ ആരാധിക്കും കർത്താവിനെ
നിത്യം സ്തുതിച്ചിടും ഞാൻ

1. പാപത്താൽ നിറയപ്പെട്ട എന്നെ നിൻെറ
പാണിയാൽ പിടിച്ചെടുത്തു
പാവനനിണം തന്നു പാപത്തിൻ കറ പോക്കി
രക്ഷിച്ചതാൽ നിന്നെ ഞാൻ എന്നാളും
ആത്മാവിൽ ആരാധിക്കും ആരാധ..

2. വാഗ്ദത്തം പോലെ നിൻെറ സന്നിധാനെ
നിൻ മക്കൾ കൂടിടുമ്പോൾ
മദ്ധ്യേ വന്നനുഗ്രഹം ചെയ്തിടാമെന്നുര
ചെയ്തവൻ നീ മാത്രമാം നിന്നെ ഞങ്ങൾ
ആത്മാവിൽ ആരാധിക്കും ആരാധ..

3. ആദിമ നൂററാണ്ടിൽ നിൻ ദാസർ
മർക്കോസിൻ മാളികയിൽ
നിന്നാവി പകർന്നപോൽ നിൻ ദാസർ മദ്ധ്യത്തിൽ
നിൻ ശക്തി അയച്ചീടുക നിന്നെ ഇന്നു
ആത്മാവിൽ ആരാധിക്കാൻ ആരാധ..

4. കെട്ടുകൾ അഴിഞ്ഞിടട്ടെ വൻ രോഗങ്ങൾ
പൂർണ്ണമായ് നീങ്ങിടട്ടെ
നിൻ സഭ വളർന്നിട്ടങ്ങെണ്ണത്തിൽ പെരുകിടാൻ
ആത്മാവിലാരാധിക്കും കർത്താവിനെ
നിത്യം സ്തുതിച്ചീടും ഞാൻ ആരാധ..

5. ഹോരേബിൽ മോശ കണ്ട മുൾപ്പടർപ്പിൽ
കത്തിയതാം അഗ്നിയെ
നിൻ ദാസരിൽ പകർന്നതത്ഭുതം ചെയ്യുവാൻ
ബന്ധനം അഴിഞ്ഞിട്ടിന്ന് നിന്നെ ഞങ്ങൾ
ആത്മാവിൽ ആരാധിപ്പാൻ ആരാധ..

# 153

യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ
യേശുവിനായ് ജിവിക്കുന്നതെത്ര ഭാഗ്യമേ
ആശതന്നോടെന്നുമെന്നിൽ വർദ്ധിച്ചീടുന്നേ
ആശു തൻെറ കൂടെവാഴാൻ കാംക്ഷിച്ചീടുന്നേ

1. പോക്കി എൻെറ പാപമെല്ലാം തൻെറ യാഗത്താൽ
നീക്കിയെൻെറ ശാപമെല്ലാം താൻ വഹിച്ചതാൽ

ഓർക്കുന്തോറും സ്നേഹമെന്നിൽ വർദ്ധിച്ചീടുന്നേ
പാർക്കുന്നേതൻ കൂടെവാഴാൻ എന്നു സാദ്ധ്യമോ

2. ശ്രേഷ്ഠമേറും നാട്ടിലെൻെറ വാസമാക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കിടുന്നവൻ
കൈകളാൽ തീർക്കാത്ത നിത്യ പാർപ്പിടം തന്നിൽ
വാണിടുന്നനാളിനായ് ഞാൻ നോക്കിപ്പാർക്കുന്നേ

3. എന്നു തീരുമെൻെറ കഷ്ടം ഇന്നീ മന്നിലെ
അന്നു മാറുമെൻെറ ദു:ഖം നിശ്ചയം തന്നെ
അന്നു തൻെറ ശുദ്ധരൊത്തു പാടിയാർക്കുമേ
എന്നെനിക്കു സാദ്ധ്യമോ മഹൽ സമ്മേളനം

4. നല്ലവനെ വല്ലഭനെ പൊന്നു കാന്തനെ
അല്ലൽ തീർക്കാനെന്നു വന്നു ചേർത്തിടുമെന്നെ
തുല്യമില്ലാ മോദത്തോടു വീണകളേന്തി
ഹല്ലേലുയ്യാ ഗാനം പാടി വാണിടുവാനായ്

# 154

കർത്താവു തൻ ഗംഭീരനാദത്തോടും
പ്രധാന ദൈവദൂത ശബ്ദത്തോടും
സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നിടുമ്പോൾ
എത്രയോ സന്തോഷം മദ്ധ്യാകാശത്തിൽ

1. മണ്ണിലുറങ്ങീടുന്ന ശുദ്ധിമാന്മാർ
കാഹളനാദം കേൾക്കുന്ന മാത്രയിൽ
പെട്ടെന്നുയിർത്തു വാനിൽ ചേർന്നിടുമേ
തീരാത്ത സന്തോഷം പ്രാപിക്കുമവർ

2. ജീവനോടീ ഭൂതലേ പാർക്കും ശുദ്ധർ
രൂപാന്തരം പ്രാപിക്കുമാനേരത്തിൽ
ഗീതസ്വരത്തോടും ആർപ്പോടും കൂടെ
വിണ്ണുലകം പൂകും ദൂതതുല്യരായ്

3. കുഞ്ഞാട്ടിൻ കല്യാണ മഹൽദിനത്തിൽ
തൻെറ കാന്തയാകും വിശുദ്ധസഭ
മണിയറക്കുള്ളിൽ കടക്കുമന്നാൾ
എന്തെന്തു സന്തോഷം ഉണ്ടാമവൾക്ക്

4. സിദ്ധന്മാരാം പൂർവ്വ പിതാക്കളെല്ലാം
മദ്ധ്യാകാശത്തിൽ കല്യാണ വിരുന്നിൽ
ക്ഷണിക്കപ്പെട്ടു പന്തിയിരിക്കുമ്പോൾ
ആമോദമായ് പാടും ശാലേമിൻ ഗീതം

5. രാജത്വം പ്രാപിച്ചു താൻ ഭൂതലത്തിൽ
ആയിരമാണ്ടു വാഴാൻ വന്നിടുമ്പോൾ
ശത്രുവാം സാത്താനെ ബന്ധിച്ചിടുന്നു
വാണിടും ഭൂമിയിൽ രാജാധിരാജൻ

6. ദേവാധി ദേവൻ സർവ്വത്തിനും മീതെ
തൻ കൂടാരം വിശുദ്ധർ മദ്ധ്യത്തിലും
എന്നേക്കുമവർ തന്നെക്കണ്ടു മോദാൽ
ഹല്ലേലൂയ്യാ പാടും നിത്യയുഗത്തിൽ

# 155

യേശുവിൻ സ്നേഹത്താൽ എന്നുള്ളം പൊങ്ങുന്നേ
തൻ സ്നേഹമാധുര്യം ചിന്താതീതമത്രേ
ഹാ എത്ര ആഴമേ യേശുവിൻ സ്നേഹമേ,
ആയതിൻ ധ്യാനമെൻ ജീവിത ഭാഗ്യമേ

1. ലോകസ്ഥാപനം മുൻപെന്നെയും കണ്ടല്ലോ
ലോകത്തിൽ വന്നു തൻ ജീവനെ തന്നല്ലോ
എത്രയോ ശ്രേഷ്ഠമാം സ്വർഗ്ഗീയ വിളിയായ്
എന്നെയും യോഗ്യനായ് എണ്ണിയ സ്നേഹമേ

2. സീയോനിൽ എനിക്കായ് മൂലക്കല്ലാകുവാൻ
സീയോനിലെന്നെയും ചേർത്തു പണിയുവാൻ
സ്വർഗ്ഗീയ താതനിൻ വേലയും തികച്ച
സ്വർഗ്ഗീയ ശിൽപിയാം യേശുവിൻ സ്നേഹമേ

3. അത്ഭുത സ്നേഹമാം സ്വർഗ്ഗീയ ദാനത്താൽ
സമ്പൂർണ്ണനാക്കിടും എന്നെയും തന്നെപ്പോൽ

ശത്രുവാം എന്നെയും തൻ സ്വന്തമാക്കിയ
സ്നേഹസ്വരൂപനിൻ അതുല്യ സ്നേഹമേ

4. കർത്താവാം കുഞ്ഞാട്ടിൻ കല്യാണനാളതിൽ
കാന്തയായ് തൻമുൻപിൽ എന്നെയും നിർത്തുവാൻ
ഘോരമാം പാടുകൾ ക്രൂരരാം യൂദരാൽ
കാരണം ഇല്ലാതെ സഹിച്ച സ്നേഹമേ

5. ജീവകിരീടവും ജ്യോതിയാം വസ്ത്രവും
നീതിയിൻ ചെങ്കോലും ധരിച്ചു വാഴുവാൻ
മുൾമുടി ധരിച്ചു നിന്ദയും സഹിച്ച
മന്നാധി മന്നാ നിൻ മാറാത്ത സ്നേഹമേ

6. വീണ്ടെടുപ്പിൻ ഗാനം പാടും ഞാൻ സീയോനിൽ
വിൺദൂതർക്കും പാടാൻ അസാദ്ധ്യമേയത്
കാൽവറി ഗിരിയിൽ കാൽകരം തുളച്ച
കുഞ്ഞാടാം പ്രിയനിൻ സ്നേഹമെൻ ഗാനമേ

# 156

ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ
പ്രാണനാഥൻ പ്രാണനാഥൻ എൻ പേർക്കായ് ചാകുന്നു

1. ആത്മാവേ പാപത്തിൻ കാഴ്ച നീ കാണുക
ദൈവത്തിൻ പുത്രനീ ശാപത്തിലായല്ലോ

2. ഇത്രമാം സ്നേഹത്തെ എത്രനാൾ തള്ളി ഞാൻ
ഈ മഹാ പാപത്തെ ദൈവമേ ഓർക്കല്ലേ

3. പാപത്തെ സ്നേഹിപ്പാൻ ഞാനിനി പോകുമോ
ദൈവത്തിൻ പൈതലായ് ജീവിക്കും ഞാനിനി

4. കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ Index

# 157

ശുദ്ധർ സ്‌തുതിക്കും വീടെ ദൈവമക്കൾക്കുള്ളാശ്രയമേ
പരിലസിക്കും സ്വർണ്ണത്തെരുവീഥിയിൽ
അതികുതുകാൽ എന്നു ഞാൻ ചേർന്നീടുമോ
വാനവരിൽ സ്‌തുതി നാദം സദാ മുഴങ്ങും ശാലേമിൽ
എന്നു ഞാൻ ചേർന്നീടുമോ - പരസുതനെ
എന്നു ഞാൻ ചേർന്നീടുമോ

1. മുത്തിനാൽ നിർമ്മിതമായുള്ള പന്ത്രണ്ടു ഗോപുരമേ
തവമഹത്വം കണ്ടിട്ടങ്ങാനന്ദിപ്പാൻ
മമ കൺകൾ പാരം കൊതിച്ചിടുന്നേ — വാനാ..

2. അന്‌ധത ഇല്ല നാടെ ദൈവതേജസ്സാൽ മിന്നും വീടെ
തവവിളക്കാം ദൈവത്തിൻ കുഞ്ഞാടിനെ
അളവെന്യേ പാടി സ്‌തുതിച്ചിടും ഞാൻ — വാനാ..

3. കഷ്‌ടത ഇല്ല നാടെ ദൈവഭക്‌തരിൻ വിശ്രമമേ
പുകൾ പെരുകും പുത്തനെരുശലേമേ
തിരുമാർവ്വിൽ എന്നു ഞാൻ ചാരീടുമോ — വാനാ..

4. ശുദ്ധവും ശുഭ്രവുമായുള്ള ജീവജലനദിയിൻ
ഇരുകരയും .. ജീവവൃക്ഷഫലങ്ങൾ
പരിലസിക്കും ദൈവത്തിൻ ഉദ്യാനമേ — വാനാ..

5. കർത്തൃസിംഹാസനത്തിൽ ചുററും വീണകൾ മീട്ടിടുന്ന
സുരവരരെ .. ചേർന്നങ്ങു പാടീടുവാൻ
ഉരുമോദം പാരം വളരുന്നഹോ — വാനാ..

# 158

യേശുവേ മണാളനേ പ്രത്യാശയിൻ പ്രദീപമേ
എന്നാശ ഒന്നുമാത്രമേ, നിന്നെ കാണുവാൻ വിൺ തേജസ്സിൽ

കണ്ടിടും കണ്ടിടും പ്രിയനെ ഞാൻ കണ്ടിടും
അന്യനല്ല സ്വന്ത കണ്ണാൽ തൻെറ മുഖം കണ്ടിടും
യേശുവേ മണാളനേ പ്രത്യാശയിൻ പ്രദീപമേ

1. കണ്ണുനീർ നിറഞ്ഞ ലോകമേ
നിന്നിൽ നിന്നു ഞാൻ മറയട്ടെ
കണ്ണിമയ്ക്കും ഞൊടി നേരത്തിൽ
എത്തും ഞാൻ ബെയൂലാതീരത്തിൽ
കണ്ടിടും

2. മേഘം പൊങ്ങിക്കാണുന്നേ
നിത്യകൂടാരത്തിൽ ചേരാറായ്
ആശാപാശമാകും കുററികൾ
കയറുമായ് അറുത്തു നീക്കണം കണ്ടിടും

3. മൺമറഞ്ഞ സിദ്ധരും
ജീവനോടിരിക്കും ശുദ്ധരും
വിണ്ണിൽ കാഹളം ധ്വനിക്കുമ്പോൾ
മണ്ണിൻ നിന്നും വാനിൽ പോകുമേ കണ്ടിടും

4. ഉയിർപ്പിൻ സുപ്രഭാതത്തിൽ
ദൂതർ വീണമീട്ടും സംഘത്തിൽ
ആ പൊൻ കിരീടക്കൂട്ടത്തിൽ
എൻെറ പേർ വിളിക്കും നേരത്തിൽ കണ്ടിടും

5. എൻ ഓട്ടവും അദ്ധ്വാനവും
ഞാൻ കാത്തതാം വിശ്വാസവും
വ്യർത്ഥമല്ല അതു നിശ്ചയം
വേഗം കാണും എൻ മണാളനെ കണ്ടിടും

# 159

വീണ്ടെടുക്കപ്പെട്ട കൂട്ടമേ
വേഗമുണർന്നു രക്ഷകൻെറ വേല ചെയ്യുവിൻ
അന്ത്യകാലം വന്നടുത്തേ പെന്തക്കോസ്‌തിൻ ജ്വാലയാലെ
ചന്തമോടെ സേവ ചെയ്‌താൽ സ്വന്തനാട്ടിൽ പോയിടാമേ

1. അബ്രഹാം ഇസ്‌ഹാക്ക്‌ യാക്കോബ്‌
എന്ന വിശുദ്ധർ എത്രനാളായ്‌ പാർത്തലം വിട്ടു
കാത്തുകാത്തു നിന്നിടുന്ന സോദരാ നീ ഓർത്തിടുക
പൂർത്തിയായ്‌ നിൻ വേല തീർത്തു
പാർത്തലം വെടിഞ്ഞു പോകാൻ വീണ്ടെ..

2. ഉന്നതവിളിക്കു യോഗ്യരേ
വിളിച്ചവൻെറ സന്നിധിയിൽ നിന്നു മാറല്ലേ
മന്നിടത്തിൽ നിന്നെ ഓർത്തു ഉന്നതം വെടിഞ്ഞു വന്ന
നന്ദനൻെറ വന്ദ്യപാദം
എന്നും ഒന്നായ്‌ വന്ദിച്ചിടാം വീണ്ടെ..

3. ഈ ലോക രാജ്യം അസ്‌തമിക്കാറായ്‌
ആ ലോക രാജ്യം വേഗമിതാ ആഗമിക്കാറായ്‌
പാപമില്ലാ പരിശുദ്ധൻ പാരിടത്തിൽ വന്നു തൻെറ
പാവനമായ്‌ ജീവിക്കുന്ന
പാവനരെ ചേർത്തിടുമേ വീണ്ടെ..

4. അല്‌പകാലം മാത്രമേയുള്ളു
നാം എത്രവേഗം കൃത്യമായി വേല തീർത്തിടാം
എത്രനാൾ ലഭിച്ചിടുമോ അത്ര നാളും രക്ഷകൻെറ
പുത്രത്വത്തിൻ ആത്‌മാവാലെ
ശക്‌തിയായ്‌ തൻ വേല തീർക്കാം വീണ്ടെ..

# 160

നന്ദിയാലെന്നുള്ളം തുള്ളുന്നേ
വല്ലഭാ നിൻ കൃപ ഓർക്കുമ്പോൾ
വർണ്ണിച്ചീടാൻ സാദ്ധ്യമല്ലത്
എൻ ജീവിതത്തിൽ ചെയ്ത ക്രീയകൾ

1. കൊടും പാപിയായിരുന്നെന്നെ
വൻ ചേററിൽ നിന്നും കയററി
ക്രിസ്തുവാകും പാറമേൽ നിർത്തി
പുത്തൻ പാട്ടുമെൻെറ നാവിൽ തന്നതാൽ നന്ദി..

2. വൻശോധന വേളയിൽ
തീച്ചൂളയിൻ നടുവിൽ
ചാരത്തണഞ്ഞു രക്ഷിച്ച മമ കാന്തനെ
നിൻ സ്നേഹമോർക്കുമ്പോൾ നന്ദി..

3. ഈ ലോകം തരാത്ത ശാന്തിയെൻ
ഹൃത്തെ നിറച്ചു സ്നേഹവാൻ
എന്നെന്നും കാത്തിടുന്നെന്നെ
നിത്യം കാന്തയായ് തൻ കൂടെ വാഴുവാൻ നന്ദി..

# 161

വിശ്വാസ ജീവിത പടകിൽ ഞാൻ
സീയോൻ നഗരിയിൽ പോകുന്നു ഞാൻ

വിശ്വാസ നായകനേശുവെ നോക്കി
വിശ്രമദേശത്തു പോകുന്നു ഞാൻ

1. അലകൾ പടകിൽ അടിച്ചെന്നാൽ
അല്ലലൊരൽപവും ഇല്ലെനിക്ക്
ആഴിയും ഊഴിയും നിർമ്മിച്ച നാഥൻ
അഭയമായെന്നരികിലുണ്ട് വിശ്വാ..

2. നാനാ പരീക്ഷകൾ വേദനകൾ
നന്നായ് എനിക്കിന്നുണ്ടായിടിലും
നാഥനെ ഉള്ളത്തിൽ ധ്യാനിച്ചു എന്റെ
ക്ഷീണം മറന്നങ്ങു പോകുന്നു ഞാൻ വിശ്വാ..

3. മരണ നിഴലിൻ താഴ്‌വരയിൽ
ശരണമായ് എനിക്കേശുവുണ്ട്
കരളലിഞ്ഞു എൻ കൈകൾ പിടിച്ചു
കരുതി നടത്തിടും അന്ത്യം വരെ വിശ്വാ..

4. വിണ്ണിലെൻ വീട്ടിൽ ഞാൻ ചെന്നു ചേരും
കണ്ണുനീരൊക്കെയും അന്നുതീരും
എണ്ണിയാൽ തീരാത്ത തൻ കൃപകൾ
വർണ്ണിച്ചു പാദത്തിൽ വീണിടും ഞാൻ വിശ്വാ..

# 162

വാഴ്ത്തീടുക സ്തുതിച്ചാർത്തിടുക
അവന്റെ നാമം ഉയർത്തിടുക

1. പച്ചപ്പുൽ മേടുകളിൽ ദിനവും
പാലിപ്പതോർത്താൽ എങ്ങനെ നാം
പാലകനേശുവെ മറന്നിരിക്കും
തൻ ദയയൊന്നായ് ഘോഷിച്ചിടാം വാഴ്ത്തീ

2. ഈശാനമൂലൻ അടിച്ചുയർന്നു
പടകു തകർന്നെന്നു തോന്നിയപ്പോൾ
നൊടിയിൽ ജയം തന്ന രക്ഷകന്റെ
പാലനം ഓർത്തു നാം സ്തുതിച്ചിടുക വാഴ്ത്തീ

3. ഇന്നെന്ന ഭാരത്താൽ ഞെരുങ്ങിയപ്പോൾ
ഒന്നും ഭയപ്പെടേണ്ടെന്നുര ചെയ്തില്ലേ
കാക്കയാൽ ഭക്തനെ പോററിയ നാഥന്റെ
സ്നേഹത്തെ ഓർത്തു നാം സ്തുതിച്ചിടുക വാഴ്ത്തീ

4. കഷ്ടത്തിൻ കോട്ടയിൽ അകപ്പെട്ടപ്പോൾ
അപ്പുറം കടന്നിടാൻ പഴുതില്ലാതെ
അകത്തും പുറത്തും പീഢനം വന്നപ്പോൾ
രക്ഷിച്ച നാഥനെ സ്തുതിച്ചിടുക വാഴ്ത്തീ

# 163

മറവിടമായെനിക്കേശുവുണ്ട്
മറച്ചിടും അവനെന്നെ ചിറകടിയിൽ
മറന്നിടാതിവിടെന്നെ കരുതിയടുവാൻ
മാറാതെ അവനെൻെറ അരികിലുണ്ട്

1. അനുദിനവും അനുഗമിപ്പാൻ
അവൻ നല്ല മാതൃകയാകുന്നെനിക്ക്
ആനന്ദ ജീവിത വഴിയിലിന്ന്
അനുഗ്രഹമായെന്നെ നടത്തിടുന്നു മറവിട..

2. വിളിച്ച ദൈവം വിശ്വസ്തനല്ലോ
വഴിയിൽ വലഞ്ഞു ഞാനലയാനിട
വരികയില്ലവനെന്നെ പിരികയില്ല
വലതുകൈ പിടിച്ചെന്നെ നടത്തിടുന്നു മറവിട..

3. ഇതാ വേഗം ഞാൻ വാനവിരവിൽ
ഇനിയും വരുമെന്ന് അരുളിച്ചെയ്ത
ഈ നല്ല നാഥനെ കാണുവാനായ്
ഇരവും പകലുമെന്യേ വസിച്ചിടുന്നു മറവിട..

# 164

മഹൽ സ്നേഹം മഹൽ സ്നേഹം
പരലോക പിതാവു തൻ
മകനെ മരിപ്പതിനായ് കുരിശിൽ കൈവെടിഞ്ഞോ
മകനെ മരിപ്പതിനായ് (3) കുരിശിൽ കൈവെടിഞ്ഞോ

1. സ്വർഗ്ഗസ്ഥലങ്ങളിലുള്ളനുഗ്രഹം നമുക്കായ്
സകലവും നൽകിടുവാൻ പിതാവിനു ഹിതമായ്
സകലവും നൽകിടുവാൻ (3) പിതാവിനു ഹിതമായ് ..മഹൽ

2. ഉലകസ്ഥാപനത്തിൻ മുമ്പുളവായൊരൻപാൽ
തെരഞ്ഞെടുത്തവൻ നമ്മെ തിരുമുമ്പിൽ വസിപ്പാൻ
തെരഞ്ഞെടുത്തവൻ നമ്മെ (3) തിരുമുമ്പിൽ വസിപ്പാൻ
..മഹൽ

3. മലിനത മാറി നമ്മൾ മഹിമയിൽ വിളങ്ങാൻ
മനുവേലിൻ നിണം ചിന്തി നരരെ വീണ്ടെടുപ്പാൻ
മനുവേലിൻ നിണം ചിന്തി (3) നരരെ വീണ്ടെടുപ്പാൻ ..മഹൽ

4. അതിക്രമ മോചനമാം അനുഗ്രഹമവനിൽ
അനുഭവിക്കുന്നു നമ്മൾ അവൻ തന്ന കൃപയാൽ
അനുഭവിക്കുന്നു നമ്മൾ (3) അവൻ തന്ന കൃപയാൽ ..മഹൽ

5. മരണത്താൽ മറയാത്ത മഹൽ സ്നേഹപ്രഭയാൽ
പിരിയാബന്ധമാണിതു യുഗകാലം വരെയും
പിരിയാബന്ധമാണിതു (3) യുഗകാലം വരെയും ..മഹൽ

# 165

യേശു എന്നടിസ്ഥാനം ആശയവനിലത്രേ
ആശ്വാസത്തിൻ പൂർണ്ണത യേശുവിൽ കണ്ടേ ഞാനും

1. എത്ര മധുരമവൻ നാമമെനിക്കു പാർത്താൽ
ഓർത്തുവരുന്തോറുമെൻ ആർത്തി മാഞ്ഞുപോകുന്നു യേശു

2. ദുഃഖം ദാരിദ്ര്യമെന്നിവയ്ക്കുണ്ടോ ശക്തിയെന്മേൽ
കൈയ്ക്കുപിടിച്ചു നട-ത്തിക്കൊണ്ടുപോകുന്നവൻ യേശു

3. രോഗമെന്നെ പിടിച്ചെൻ ദേഹം ക്ഷയിച്ചാലുമേ
വേഗം വരുമെൻ നാഥൻ ദേഹം പുതുതാക്കീടാൻ യേശു

4. പാപത്താലെന്നിൽ വന്ന ശാപക്കറകൾ നീക്കി
ശോഭിത നീതിവസ്ത്രം ആവരണമായ് നൽകും യേശു

5. വമ്പിച്ച ലോകത്തിര-ക്കമ്പം തീരുവോളവും
മുമ്പും പിമ്പുമായവൻ അൻപോടെന്നെ നടത്തും യേശു

6. ലോകമെനിക്കു വൈരി ലോകമെന്നെ ത്യജിച്ചാൽ
ശോകമെന്തെനിക്കതിൽ ഏതും ഭയപ്പെടാ ഞാൻ യേശു

7. വെക്കം തൻ മണവാട്ടി ആക്കീടുമെന്നെയന്ന്
വാക്കുണ്ടെനിക്കു തന്റെ നീക്കമില്ലതിനൊട്ടും യേശു

# 166

യേശു എന്നുള്ളത്തിൽ വന്നനാളിൽ
എന്തുമാററം വന്നു എന്നിൽ
തന്നെ ഞാൻ ഉള്ളത്തിൽ ഏററതാലെ
എന്തുമോദം വന്നു എന്നിൽ

1. വൻവിനകൾ തൻ നടുവിൽ സഹായമേകി
എൻെറ പാപശാപമെല്ലാം തൻമേലേററി
ക്രൂശിൽ തൻ ചോരയെൻ പേർക്കായൂററി
എന്തുമാററം വന്നു എന്നിൽ യേശു

2. ഇജ്ജഗത്തിൻ മാലിന്യങ്ങൾ നീക്കി മുററും
സ്വന്തമാക്കി എൻെറ പാപബന്ധം നീക്കി
തൻ പിതാവൊത്തു താൻ ബന്ധമേകി
എന്തുമാററം വന്നു എന്നിൽ യേശു

3. എൻ വഴിയിൻ ദുർഘടങ്ങൾ എല്ലാം നീങ്ങി
എൻെറ ആശ എൻെറ ലാക്കും ഒന്നുമാത്രം
ഇല്ലിനി മൃത്യുവിൻ ഭീതിയെന്നിൽ
എന്തുമാററം വന്നു എന്നിൽ യേശു

4. രാത്രികാലം തീർന്നിടാറായ് പ്രഭാതമെത്തി
പ്രഭാതതാരം യേശു വാനിൽ കണ്ടിടാറായ്
എന്നുമെൻ ഗാനമിതൊന്നുമാത്രം
എന്തുമാററം വന്നു എന്നിൽ യേശു

# 167

പാടും ഞാനേശുവിൻ അതുല്യസ്നേഹത്തെ
പാരിൽ പരദേശിയായ് പാർക്കുന്ന വീട്ടിൽ
പാവനമാം ചട്ടമെൻെറ കീർത്തനങ്ങളത്രെ
നാൾ തോറും അവകളെ ധ്യാനിക്കുന്നു

*യേശു എൻ പ്രിയൻ ക്രിസ്തേശു എൻ പ്രിയൻ*
*യേശുവെപ്പോൽ വേറെ പ്രിയനില്ലായേ*

1. പർവ്വതമാം സമം പ്രശ്നങ്ങളാലേ
നിർവ്വാഹമില്ലാതെ ഞാനലയുമ്പോൾ
നിർമ്മലമാം കൃപ തന്നു അവനെന്നെ നടത്തി
കർമ്മയോഗിയാക്കുന്നെന്നെ അനുദിനവും യേശു

2. കണ്ണുനീർ വഴിത്താര ഞാൻ നടന്നാലും
എണ്ണപ്പെട്ടോരാരും കൂട്ടില്ലെന്നാലും
എന്തിനു എൻ ഉള്ളം വൃഥാ കലങ്ങുന്നു അണുവും
എന്നെ സ്നേഹിക്കുന്ന യേശു ബലഹീനനോ യേശു

3. മണ്ണാമെൻ കൂടാരം പൊളിഞ്ഞീടുമെന്നോ
എൻ പ്രിയൻ വരവു സമീപമായെന്നോ
ഏതിനും ഞാനൊരുങ്ങുന്നു കൃപയാൽ നാൾതോറും
എനിക്കെൻെറ ഇമ്പവീട്ടിൽ പോയാൽ മതി യേശു

# 168

കർത്തൻ നീ കർത്തൻ നീ
മരണത്തെ ജയിച്ചെഴുന്നേററു നീ
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശു മാത്രം കർത്താവെന്ന്

കർത്തൻ

1. കുഞ്ഞാടെ വാഴ്ത്തുവിൻ
അവൻ ജീവൻ നൽകി വീണ്ടെടുത്തല്ലോ
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശു മാത്രം കർത്താവെന്ന് കർത്തൻ

2. സ്തുതിയും സ്തോത്രവും
എന്നും സ്വീകരിപ്പാൻ യോഗ്യനായോൻ നീ
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശു മാത്രം കർത്താവെന്ന് കർത്തൻ

# 169

ജീവന്റെ ഉറവിടം ക്രിസ്തുവത്രേ
നാവിനാലവനെ നാം ഘോഷിക്കാം
അവനത്രേ എൻ പാപഹരൻ
തൻ ജീവനാലെന്നെയും വീണ്ടെടുത്തു

1. താഴ്ചയിലെനിക്കവൻ തണലേകി
താങ്ങിയെന്നെ വീഴ്ച്ചയിൽ വഴി നടത്തി
തുടച്ചെന്റെ കണ്ണുനീർ പൊൻകരത്താൽ
തുടിക്കുന്നെൻ മനം സ്വർഗ്ഗസന്തോഷത്താൽ ജീവ..

2. കരകാണാതാഴിയിൽ വലയുവോരേ
കരുണയെ കാംക്ഷിക്കും മൃതപ്രായരേ
വരികവൻ ചാരത്തു ബന്ധിതരെ
തരുമവൻ കൃപ മനഃശാന്തിയതും ജീവ..

3. നമുക്കു മുൻചൊന്നതാം വിശുദ്ധന്മാരാൽ
അലംകൃതമായ തിരുവചനം
അനുദിനം തരുമവൻ പുതുശക്തിയാൽ
അനുഭവിക്കും അതി സന്തോഷത്താൽ ജീവ..

# 170

കൃപയേറും കർത്താവിലെൻ വിശ്വാസം
അതിനാൽ ഹൃദിയെന്തു നല്ലാശ്വാസം
ദുരിതങ്ങൾ നിറയുമീ ഭൂവാസം
കൃപയാൽ മനോഹരമായ്

*കൃപ കൃപയൊന്നെന്നാശ്രയം ഹാലേലുയ്യാ*
*കൃപ കൃപയൊന്നെന്നാനന്ദമായ്*
*വൈരികൾ വന്നാലും എതിരുയർന്നാലും*
*കൃപ മതിയെന്നാളും*

1. ബലഹീനതയിൽ നല്ല ബലമേകും
മരുഭൂമിയിലാനന്ദ തണലാകും
ഇരുൾ പാതയിൽ അനുദിനം ഒളി നൽകും
കൃപയൊന്നെന്നാശ്രയമായ് — കൃപ..

2. എൻെറ താഴ്ചയിലവനെന്നെ ഓർത്തല്ലോ
ഘോരവൈരിയിൻ ബലമവൻ തകർത്തല്ലോ
തൻെറ കൈകളിലവനെന്നെ ചേർത്തല്ലോ
സ്തോത്രഗീതം പാടിടും ഞാൻ — കൃപ..

3. പ്രതികൂലങ്ങളനവധി വന്നാലും
അനുകൂലമെനിക്കവനെന്നാളും
തിരുജീവനെ തന്നവനിനിമേലും
കൃപയാൽ നടത്തുമെന്നെ — കൃപ..

# 171

യേശുവിൻ നാമം എന്നേശുവിൻ നാമം
എൻെറ ജീവിതത്തിലേക ആശ്രയമേ
ഞാനെന്നും സ്തുതിക്കും ഞാനെന്നും വാഴ്ത്തും
യേശുവിൻ നാമം എനിക്കെത്രയാനന്ദം

1. പാപിയായിരുന്നെന്നെ രക്ഷിപ്പാനായ്
യേശു ക്രൂശിലേറി തൻെറ ജീവനർപ്പിച്ചു
യേശു എത്ര നല്ലവൻ യേശു എത്ര വല്ലഭൻ
പതിനായിരത്തിലതി ശ്രേഷ്ഠനവൻ യേശു..

2. നല്ലിടയനായ യേശുനാഥൻ
നിരന്തരമായ് എന്നെ വഴി നടത്തും
അവനെന്നെ ശാസിക്കും അവനെന്നെ ശിക്ഷിക്കും
തൻ കൊടിക്കീഴിലെന്നെ നിത്യം നടത്തുമവൻ യേശു..

3. സമാധാനമില്ലാതെ ഞാൻ അലഞ്ഞു
യേശു സമാധാനമായെൻെറ അരികിൽ വന്നു
അവനെന്നെ അണച്ചു അവനെന്നെ താങ്ങി
തൻ ഭുജബലത്താലെന്നെ നടത്തുമവൻ യേശു..

# 172

നമുക്കഭയം ദൈവമത്രേ
മനുഷ്യഭയം വേണ്ടിനിയും

1. എന്നും നൽ സങ്കേതം ദൈവം
തന്നു നമ്മെ കാത്തിടുന്നു
മഞ്ഞും മലയും നിർമ്മിച്ചതിനും
മുന്നമേ താൻ വാഴുന്നു നമുക്ക..

2. രാവിലെ തഴച്ചു വളർന്നു
പൂവിടർന്ന പുല്ലുപോലെ
മേവിടുന്ന മനുഷ്യർ വാടി
വീണിടുന്നു വിവശരായ് നമുക്ക..

3. നന്മ ചെയ്തും നാട്ടിൽ പാർത്തും
നമുക്കു ദൈവസേവ ചെയ്യാം
ആശ്രയിക്കാം അവനിൽ മാത്രം
ആഗ്രഹങ്ങൾ തരുമവൻ നമുക്ക..

4. നിത്യ നാടു നോക്കി നമ്മൾ
യാത്ര ചെയ്യുന്നിന്നു മന്നിൽ
എത്തും വേഗം നിശ്ചയം നാം
പുത്തൻ ശാലേം പുരമതിൽ നമുക്ക..

# 173

നീയെന്നും എൻ രക്ഷകൻ ഹാ.. ഹാ..
നീ മതി എനിക്കെല്ലാമായ് നാഥാ
നിന്നിൽ ചാരുന്ന നേരത്തിൽ നീങ്ങുന്നെൻ വേദനകൾ

1. നീയല്ലാതെൻ ഭാരം താങ്ങുവാനായ്
ഇല്ലെനിക്കാരുമേ
നിൻ കൈകളാലെൻ കണ്ണീർ തുടയ്ക്കും
നീയെന്നെ കൈവിടാ നീ..

2. തീരാത്ത ദുഃഖവും ഭീതിയും ആധിയും
തോരാത്ത കണ്ണീരും
പാരിതിലെന്റെ പാതയിലേറും
നേരത്തും നീ മതി നീ..

3. എന്നാശ തീർന്നങ്ങു വീട്ടിൽ വരുന്നാൾ
എന്നാണെൻ നാഥനെ
അന്നാൾ വരെയും മന്നിൽ നിൻ വേല
നന്നായ് ചെയ്യും ഞാൻ നീ..

# 174

കൊടുങ്കാററടിച്ചു അലയുയരും
വൻ സാഗരത്തിൻ അലകളിൻ മേൽ
വരും ജീവിതത്തിൻ പടകിലവൻ
തരും ശാന്തിതന്ന വചനങ്ങളാൽ

*ആഹാ ഇമ്പം ഇമ്പം ഇമ്പം ഇനി എന്നും ഇമ്പമേ*
*എൻ ജീവിതത്തിൻ നൗകയിൽ താൻ വന്ന നാൾമുതൽ*

1. പോകൂ നിങ്ങൾ മറുകരയിൽ
എന്നു മോദമായി അരുളിയവൻ
മറന്നീടുമോ തൻ ശിഷ്യഗണത്തെ
സ്വന്ത ജനനിയും മറന്നീടിലും ആഹാ

2. വെറും വാക്കുകൊണ്ടു സകലത്തേയും
നറും ശോഭയായി മെനഞ്ഞവൻ താൻ
ചുടു ചോര ചൊരിഞ്ഞല്ലോ രക്ഷിച്ചു
തിരുദേഹമായി നമ്മെ സൃഷ്ടിച്ചു ആഹാ

3. വരും വേഗമെന്ന് അരുളിയവൻ
വരും മേഘമതിൽ അടുത്തൊരു നാൾ
തരും ശോഭയേറും കിരീടങ്ങളെ
തിരുസേവ നന്നായ് തികച്ചവർക്കായ് ആഹാ

# 175

കണ്ണുനീർ താഴ്വരയിൽ ഞാനേററം വലഞ്ഞിടുമ്പോൾ
കണ്ണുനീർ കണ്ടവനെൻ കാര്യം നടത്തിത്തരും

നിൻമനം ഇളകാതെ നിൻമനം പതറാതെ
നിന്നോടു കൂടെയെന്നും ഞാനുണ്ട് അന്ത്യം വരെ

കൂരിരുൾ പാതയതോ ക്രൂരമാം ശോധനയോ
കൂടിടും നേരമതിൽ ക്രൂശിൻ നിഴൽ നിനക്കായ് നിൻമനം

തീച്ചൂള സിംഹക്കുഴി പൊട്ടക്കിണർ മരുഭൂ
ജയിലറ ഈർച്ചവാളോ മരണമോ വന്നിടട്ടെ നിൻമനം

കാലങ്ങൾ കാത്തിടണോ കാന്താ നിൻ ആഗമനം
കഷ്ടത തീർ്ിടുവാൻ കാലങ്ങൾ ഏറെയില്ല നിൻമനം

ദാഹിച്ചു വലഞ്ഞു ഞാൻ ഭാരത്താൽ കേണിടുമ്പോൾ
ദാഹം ശമിപ്പിച്ചവൻ ദാഹജലം തരുമേ നിൻമനം

ചെങ്കടൽ തീരമതിൽ തൻ ദാസർ കേണതുപോൽ
ചങ്കിനു നേരെ വരും വൻ ഭാരം മാറിപ്പോകും. നിൻമനം

# 176

ദേവേശാ യേശുപരാ ജീവനെനിക്കായ് വെടിഞ്ഞോ
ജീവനററ പാപികൾക്കു — നിത്യ
ജീവൻ കൊടുപ്പാനായ് നീ മരിച്ചോ

1. ഗതസമനാ പൂവനത്തിൽ അധികഭാരം വഹിച്ചതിനാൽ
അതിവ്യഥയിൽ ആയിട്ടും
താതനിഷ്ടം നടപ്പതിനനുസരിച്ചോ

2. അന്നാസിൻ അരമനയിൽ മന്നവാ നീ വിധിക്കപ്പെട്ടു
കന്നങ്ങളിൽ കരങ്ങൾ കൊണ്ട്
മന്നാ നിന്നെ അടിച്ചവർ പരിഹസിച്ചു

3. പീലാത്തോസ് എന്നവനും വിലമതിച്ചു കുരിശേല്പ്പിച്ചു
തലയിൽ മുള്ളാൽ മുടിയും വച്ചു
പലർ പലപാടുകൾ ചെയ്തു നിന്നെ

4. ബലഹീനനായ നി്േൽ വലിയ കുലമരം ചുമത്തി
തലയോടിട മലമുകളിൽ
അലിവില്ലാതയ്യോ യൂദർ നടത്തി നിന്നെ

5. തിരുക്കരങ്ങൾ ആണികൊണ്ടു മരത്തോടു ചേർത്തടിച്ചു
ഇരുവശത്തും കുരിശുകളിൽ
ഇരുകള്ളർ നടുവിൽ നീ മരിച്ചോ പരാ

6. കഠിനദാഹം പിടിച്ചതിനാൽ കാടി വാങ്ങാനിടയായോ
ഉടുപ്പും കൂടി ചീട്ടിട്ടു
ഉടുമ്പും കുത്തിത്തുറന്നു രുധിരം ചിന്തി

7. നിൻമരണം കൊണ്ടെന്റെ വൻ നരകം നീ അകററി
നിൻമഹത്വം തേടിയിനി
എൻ കാലം കഴിപ്പാൻ കൃപ നല്കണമേ

# 177

കണ്ടാലും കാൽവറിയിൽ
കുരിശിൽ ശിരസതും ചാഞ്ഞു പരൻ
കണ്ടിടുക പ്രിയനേ നിനക്കായ്
തൂങ്ങിടുന്നു മൂന്നാണികളിൽ

1. ശിരസിൽ മുൾമുടി അണിഞ്ഞവനായ്
ഹൃദയം നിന്ദയാൽ തകർന്നവനായ്
വേദനയാലേററം വലഞ്ഞവനായ്
തൻ ജീവനെ വെടിയുന്നു സ്വയം നിനക്കായ് കണ്ടാലും

2. ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട
കളങ്കമില്ലാ ദൈവകുഞ്ഞാടിതാ
ലോകത്തിൻ പാപങ്ങൾ ചുമന്നുകൊണ്ട്
വാനിനും ഭൂവിനും മദ്ധ്യേ തൂങ്ങിടുന്നു കണ്ടാലും

3. സമൃദ്ധിയായ് ജീവജലം തരുവാൻ
പാനീയയാഗമായ് തീർന്നവനേ
കയ്പുനീർ ദാഹത്തിനേകിടവേ
നിനക്കായവനായതും പാനം ചെയ്തു കണ്ടാലും

4. പാതകർക്കായ് ക്ഷമ യാചിച്ചവൻ
പാതകലോകം വെടിഞ്ഞിടുന്നു
'നിവൃത്തിയായ്' സകലമെന്നോതിയഹോ
സ്വന്തപ്രാണൻ പിതാവിനെ ഏല്പിക്കുന്നു കണ്ടാലും

5. തൻ തിരുമേനി അറുക്കപ്പെട്ടു
തങ്കനിണം ചിന്തിയതിനാൽ
നിൻ വിലയല്ലോ നല്കിയവൻ
നിന്നെ സ്വർഗീയസമ്പൂർണ്ണനാക്കിടുവാൻ കണ്ടാലും

# 178

ആരാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ
സ്തോത്രത്തോടെന്നും
ആരാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ നന്ദിയോടെന്നും
ആരാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ ന·യോർത്തെന്നും
ആരാധിക്കാം യേശു കർത്താവിനെ...

നമ്മെ സർവ്വം മറന്ന് തൻ സന്നിധിയിൽ മോദമോടിന്ന്
നമ്മെ സർവ്വം മറന്ന് തൻ സന്നിധിയിൽ ധ്യാനത്തോടിന്ന്
നമ്മെ സർവ്വം മറന്ന് തൻ സന്നിധിയിൽ കീർത്തനങ്ങളാൽ
ആരാധിക്കാം യേശു കർത്താവിനെ...

നീയെൻ സർവ്വനീതിയും ആയിത്തീർന്നതാൽ ഞാൻ പൂർണ്ണനായ്
നീയെൻ സർവ്വനീതിയും ആയിത്തീർന്നതാൽ ഞാൻ ഭാഗ്യവാൻ
നീയെൻ സർവ്വനീതിയും ആയിത്തീർന്നതാൽ ഞാൻ ധന്യനായ്
ആരാധിക്കാം യേശു കർത്താവിനെ...

# 179

വാഴ്ത്തീടുമെ, വാഴ്ത്തീടുമെ ഇമ്മാനുവേലെ
എൻ ജീവകാലെ ഈ ക്ഷോണിതലെ

1. ദൂതർ സ്തുതിക്കും നാകവല്ലഭൻ പിറന്നു ഗോശാലയിൽ
ബന്ധമഴിച്ചു അന്ധനെന്നെയും ബന്ധുവാക്കിയതാൽ
ഇന്നുമെന്നും നന്നായ് സ്തുതിക്കും
നാഥൻ യേശുവെ ഞാൻ ഈ ധരയിൽ

2. പാപക്കടലിൽ ശാപക്കുഴിയിൽ പിടഞ്ഞു നീന്തീടവെ
പാപമകററി ശാപം നീക്കി മാർവ്വിലണച്ചവനെ
കഷ്ടം നഷ്ടം സർവം ഏററു നിൻ
പിൻപേ നിൻ ദാസർ നടന്നിടാമേ

3. ശത്രു തന്നുടെ അഗ്നി ശരങ്ങൾ തൊടുത്തു വിട്ടീടുകിൽ
നിന്നായുധങ്ങൾ കാത്തിടുമെന്നെ പൊന്നു നായകനെ
രക്ഷ സത്യം നീതി ചാർത്തി നീ
ശക്തനാക്കിടും സേനാനായകാ

4. വാനമുകിലിൽ ദൂതസംഘമായ് നാഥൻ വരുമളവിൽ
ലോകം വിറയ്ക്കും ലോകർ ഭ്രമിക്കും ഞാനന്നാർത്തീടുമേ
നോക്കി നോക്കി കൺകൾ മങ്ങുന്നേ
എപ്പോൾ വന്നീടും എൻ പ്രാണപ്രീയാ

# 180

ദൈവത്തിൻ നാമത്തിൽ നാം
ചേർന്നിടും സമയങ്ങളിൽ
മോദമായ് ധ്യാനിച്ചിടാം
തൻെറ വൻകൃപകൾ ദിനവും

1. കുന്നുകളകിടന്നിലും
മഹാപർവ്വതം മാറിടിലും
തൻെറ ദയയെന്നും ശാശ്വതമേ
തൻെറ മക്കൾക്കാശ്രയമേ ദൈവത്തിൻ

2. സീയോനിലവൻ നമുക്കായ്
അതി ശ്രേഷ്ഠമാം മൂലക്കല്ലായ്
തന്നോടു ചേർന്നു നാമും
തൻെറ ജീവകല്ലുകളായിടാം ദൈവത്തിൻ

3. കർത്തൻ തൻ വരവിൻ നാളിൽ
തൻെറ കാന്തയാം നമ്മെ ചേർത്തിടും
എൻെറ കണ്ണുനീരെല്ലാം തുടയ്ക്കും
തൻെറ മാർവ്വോടു ചേർത്തിടുമേ. ദൈവത്തിൻ

# 181

നടത്തിടുന്നു ദൈവമെന്നെ നടത്തിടുന്നു
നാൾതോറും തൻ കൃപയാലെന്നെ നടത്തിടുന്നു

1. ഭൗമിക നാളുകൾ തീരും വരെ
ഭദ്രമായ് പാലിക്കും പരമനെന്നെ
ഭാരമില്ല തെല്ലും ഭീതിയില്ല
ഭാവിയെല്ലാമവൻ കരുതിക്കൊള്ളും നടത്തിടുന്നു

2. കൂരിരുൾ തിങ്ങിടും പാതകളിൽ
കൂട്ടുകാർ വിട്ടുപോം വേളകളിൽ
കൂട്ടിനവനെന്റെ കൂടെ വരും
കൂടാര മറവിലെ¶ഭയം തരും നടത്തിടുന്നു

3. ആരിലുമെൻ മനോഭാരങ്ങളെ
അറിയുന്ന വല്ലഭൻ ഉണ്ടെനിക്ക്
ആകുലത്തിൽ എന്റെ വ്യാകുലത്തിൽ
ആശ്വാസമവനെനിക്കേകിടുന്നു നടത്തിടുന്നു

4. ശോധനയാലുള്ളം തകർന്നീടിലും
വേദനയാൽ കൺകൾ നിറഞ്ഞീടിലും
ആനന്ദമാം പരമാനന്ദമാം
അനന്ത സന്തോഷത്തിൻ ജീവിതമാം. നടത്തിടുന്നു

# 182

യാഹ് നല്ല ഇടയൻ എന്നും എൻെറ പാലകൻ
ഇല്ലെനിക്കു ഖേദം ഒന്നുമേ

1. പച്ചയായ പുൽപ്പുറങ്ങളിൽ
സ്വച്ഛമാം നദിക്കരികിലും
ക്ഷേമമായി പോററുന്നെന്നെയും
സ്നേഹമോടെന്നേശു നായകൻ യാഹ് നല്ല

2. ശത്രുവിൻെറ പാളയത്തിലും
ശ്രേഷ്ഠ ഭോജ്യം ഏകിടുന്നവൻ
നന്മയും കരുണയൊക്കെയും
നിത്യമെന്നെ പിന്തുടർന്നിടും യാഹ് നല്ല

3. കൂരിരുളിൻ താഴ്വരയതിൽ
ഏകനായ് സഞ്ചരിക്കിലും
ആധിയെന്യെ പാർത്തിടുന്നതും
ആത്മനാഥൻ കുടെയുള്ളതാൽ യാഹ് നല്ല

4. കഷ്ടനഷ്ട ശോധനകളിൽ
പൊന്മുഖം ഞാൻ നേരിൽ കണ്ടിടും
ശാശ്വത ഭുജങ്ങളിൻ മീതേ
നിർഭയനായ് ഞാൻ വസിച്ചിടും യാഹ് നല്ല

# 183

1. സർവ്വലോക സൃഷ്ടിതാവേ സർവ്വത്തിനും നാഥാ
സർവ്വ സൃഷ്ടികളും വാഴ്ത്തി വന്ദിക്കും മഹേശാ

വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു നന്ദിയോടടിയാർ
കീർത്തിക്കുന്നു ഘോഷിക്കുന്നു ആർത്തു മോദമോടെ

2. എണ്ണമില്ലാ ദൂതർ സംഘം വാഴ്ത്തിടുന്ന ദേവാ
ഖെറുബികളും സ്രാഫികളും പുകഴ്ത്തും മഹേശാ

3. വാനഭൂമി സൂര്യ ചന്ദ്ര നക്ഷത്രാദികളെ
മാനമായ് ചമച്ച ദേവാ നാഥനെ മഹേശാ

4. ജീവനുള്ള സർവ്വത്തിനും ഭക്ഷണം നൽകുന്ന
ജീവ നാഥാ ദേവ ദേവ പാഹിമാം മഹേശാ

5. വൃക്ഷ സസ്യാദികൾക്കെല്ലാം ഭംഗിയെ നൽകുന്ന
അക്ഷയനാം ദേവ ദേവ പാഹിമാം മഹേശാ

6. ഗംഭീരമായ് മുഴങ്ങീടും വമ്പിച്ച സമുദ്രം
തമ്പുരാൻെറ വാക്കിനങ്ങു കീഴ്പ്പെടും മഹേശാ

7. ഊററമായടിക്കും കൊടുങ്കാററിനെയും തൻെറ
ശ്രേഷ്ഠകരം തന്നിൽ വഹിച്ചിടുന്ന മഹേശാ

8. ദുഷ്ടരാകും ജനങ്ങൾക്കും നീതിയുള്ളവർക്കും
വ്ഴയും നൽവെയിലും നൽകുന്ന മഹേശാ

9. സ്വർഗത്തിലും ഭൂമിയിലും സർവലോകത്തിലും
സതോത്രത്തിനു യോഗ്യനായ കീർത്തിതൻ മഹേശാ

10. മൂവുലകും നിൻെറ പാദം തന്നിൽ വണങ്ങീടും
നിൻ മഹത്വം വെളിപ്പെടുമാദിനം മഹേശാ

എൻ പ്രീയ രക്ഷകൻ നീതിയിൻ സൂര്യനായ്
എൻ പ്രീയ രക്ഷകൻ നീതിയിൽ സൂര്യനായ്

# 184

തേജസ്സിൽ വെളിപ്പെടുമേ. . .
താമസമെന്നിയെ മേഘത്തിൽ വരും താൻ
കാന്തയാം എന്നെയും ചേർത്തിടും നിശ്ചയമായ്

1. യെരുശലേമിൻ തെരുവിലൂടെ ക്രൂശുമരം ചുമന്നു
കാൽവറിയിൽ നടന്നു പോയവൻ
ശോഭിത പട്ടണത്തിൽ മുത്തുകളാലുള്ള
വീടുകൾ തിർത്തിട്ടു വേഗത്തിൽ വരുമവൻ എൻ പ്രീയ

2. ആനന്ദപുരത്തിലെ വാസം ഞാനോർക്കുമ്പോൾ
ഇഹത്തിലെ കഷ്ടം സാരമോ
പ്രത്യാശ ഗാനങ്ങൾ പാടി ഞാൻ നിത്യവും
സ്വർഗ്ഗീയ സന്തോഷം എന്നിലുണ്ടിന്നലേക്കാൾ എൻ പ്രീയ

3. നീതി സൂര്യൻ വരുമ്പോൾ തൻ പ്രഭയിൻ കാന്തിയാൽ
എൻ ഇരുൾ നിറം മാറിടുമന്ന്
രാജരാജൻ പ്രതിമയെ ധരിപ്പിച്ചിട്ടെന്നെ തൻ
കൂടവെ ഇരുത്തുന്ന രാജാവു വേഗം വരും എൻ പ്രീയ

4. സന്താപം തീർത്തിട്ടു അന്തമില്ലാ യുഗം
കാന്തയുമായി വാഴുവാൻ
ഉള്ളം കൊതിക്കുന്നേ പാദങ്ങൾ പൊങ്ങുന്നേ
എന്നിങ്ങു വന്നെന്നെ ചേർത്തിടും പ്രേമകാന്തൻ എൻ പ്രീയ

# 185

ദൈവജനമേ ഉണർന്നു നിൻ ബലം ധരി-
ച്ചൊരുങ്ങുക അതിശീഘ്രം
ഉന്നതനാം യാഹെ സ്തുതികളിൽ വസിപ്പോനെ
ചേർന്നു നാം പുകഴ്ത്തിടാം

1. കാലിത്തൊഴുത്തിൽ പിറന്നവൻ നമുക്കായി
ഭൂതലെ സഞ്ചരിച്ചു
കുരിശിേൽ നമുക്കായി മരിച്ചവനുയിർത്തതാൽ
എന്നേക്കും ജയം നമുക്ക് ... *ദൈവജനമേ*

2. വാനജീവികൾ ഭൂചരജന്തുക്കൾ സസ്യലതാതികളും
ആഴിയിൽ നടമാടും സകലജീവികളും
അവനെ സ്തുതിച്ചിടുന്നു ... *ദൈവജനമേ*

3. അവനത്രേ നമ്മെ സൃഷ്ടിച്ച ദൈവം
നാമവൻ ജനവുമത്രേ
വിശുദ്ധിയിൽ ഭയങ്കരൻ സ്തുതികളിൽ ഉന്നതൻ
നമ്മുടെ ദൈവം തന്നെ ... *ദൈവജനമേ*

4. ഉണർന്നിരിക്കാം നിനയാനേരം
മേഘത്തിൽ വിളി കേൾക്കാം
ഉണരാത്തവരും ലോകക്കാരേവരും
കൈവിടപ്പെടുമന്നാൾ ... *ദൈവജനമേ*

5. ശീഘ്രം വരുവേൻ എന്നുര ചെയ്തവൻ
പോയപോൽ വീണ്ടും വരും
അതാൽ വിളക്കുകൾ എടുക്ക എണ്ണ നിറയ്ക്ക
ദീപങ്ങളും തെളിയ്ക്ക ... *ദൈവജനമേ*

# 186

ലോകത്തിൻ പാപം ചുമപ്പാൻ
യേശുനായകൻ ക്രൂശിലേറി
തിരുരക്തമവൻ നിനക്കായ് ചൊരിഞ്ഞു
മഹാ സ്നേഹത്തെ ഓർക്കുക നീ

നിൻെറ ദേഹവും ദേഹിയും ആത്മാവും
ഒരുപോൽ പൂർണ്ണമായ് സമർപ്പിക്കുക..

1. *പാപങ്ങൾ ക്ഷമിക്കുവാനും*
നിൻെറ രോഗങ്ങൾ നീക്കുവാനും
അതിശക്തനായുള്ളൊരു നായകനാണവൻ
ദൈവമെന്നോർത്തീടുക
*...നിൻെറ ദേഹവും*

2. *ലോകത്തെ മറന്നീടുക*
നിൻെറ ജീവനെ വെറുത്തീടുക
നിന്നെ സ്വർഗ്ഗീയനാക്കുവാൻ ആത്മാവിനാൽ
അവൻ അഭിഷേകം ചെയ്തീടുമേ
.. *നിൻെറ ദേഹവും*

3. *കഷ്ടത പെരുകി വന്നാൽ*
നൊടി നേരത്തിൽ തീരുമത്
അതിൻ പ്രതിഫലമോ ദിവ്യ തേജസ്സിൻെറ
നിത്യ ഘനമാണെന്നോർത്തീടുക
.. *നിൻെറ ദേഹവും*

4. *കാഹളം ധ്വനിച്ചിടാറായ്*
തൻെറ കാന്തയെ ചേർത്തിടാറായ്
നീയും അതിവേഗം ഉണർന്നു നിൻ
രക്ഷകനെ എതിരേല്ക്കുവാനൊരുങ്ങിടുക .. *നിൻെറ ദേഹവും*

Index

# 187

1. സ്‌തുതിപ്പിൻ സ്‌തുതിപ്പിൻ അനുദിനം സ്‌തുതിപ്പിൻ
യേശു ദേവനെ സ്‌തുതിച്ചിടുവീൻ
സർവവല്ലഭനാം അവനുന്നതനാം
നമ്മെ വീണ്ടെടുത്തോനവനാം

ആ ആനന്ദമായ് സ്‌തുതി പാടിടുവീൻ
ജീവനാഥനെ സ്‌തുതിച്ചിടുവീൻ
സത്യദൈവമവൻ നിത്യജീവനവൻ
സ്വർഗവാതിലും വഴിയുമവൻ

2. തിരുക്കരതലത്തിൽ നമ്മെ വരച്ചുവല്ലോ
പരനാദിയിൽ മുന്നറിവിൽ
ഒരു നാളുമതാലവൻ തള്ളീടുമോ
നമ്മെ പേർ ചൊല്ലി വിളിച്ചുവല്ലോ

*.. ആ ആനന്ദമായ്*

3. ഒരു ജനനി തൻ കുഞ്ഞിനെ മറന്നീടിലും
അവൻ മറക്കുകില്ലാരിക്കലുമേ
സ്വന്തജീവനെയും തന്നു സ്‌നേഹിച്ചവൻ
നമ്മെ കാത്തിടും അന്ത്യം വരെ

*. ആ ആനന്ദമായ്*

4. മേഘവാഹനത്തിൽ സ്വർഗദൂതരുമായ്
മദ്ധ്യവാനിലവൻ വരുന്നാൾ
തിരുസന്നിധിയിൽ നമ്മെ ചേർത്തണയ്‌ക്കും
സർവ തുമ്പവും പരിഹരിക്കും *.. ആ ആനന്ദമായ്*

# 188

1. ദൈവത്തിൻെറ ഏകപുത്രൻ പാപികളെ രക്ഷിപ്പാൻ
മനുജനായി പാടുപെട്ടു കുരിശിന്മേൽ മരിച്ചു

ഇത്ര സ്നേഹം ഇത്ര സ്നേഹം
ഇത്ര സ്നേഹം എരിവാൻ
മനുഷ്യരിലെന്തു നന്മ കണ്ടു നീ രക്ഷാകരാ

2. പാപികളും ദ്രോഹികളും ആയ നരവർഗ്ഗത്തെ
വീണ്ടെടുപ്പാൻ എത്ര കഷ്ടം സഹിച്ചു നീ ശാന്തമായ് - ഇത്ര

3. നിർമ്മലന്മാർ ഭുജിക്കുന്ന പരലോക അപ്പം താൻ
പാപികൾക്കു ജീവൻ നല്കി രക്ഷിക്കുന്നീ രക്ഷകൻ - ഇത്ര

4. കൃപയാലെ രക്ഷപെട്ട പാപിയായ ഞാനിതാ
ഹൃദയത്തിൽ ദൈവസ്നേഹം എരിവാൻ വാഞ്ചിക്കുന്നു - ഇത്ര

5. പാപിയിൽ പ്രധാനിയായിരുന്ന എന്നെ രക്ഷിപ്പാൻ
ശാപമൃത്യു ഏററ നിന്നെ നിത്യകാലം വാഴ്ത്തും ഞാൻ - ഇത്ര

# 189

ദൈവകരുണയിൻ ധനമാഹാത്മ്യം
നാവാൽ വർണ്യമോ? - ദൈവകരുണ

1. ദേവസുതൻ പശുശാലയിൽ നരനായ്
അവതരിച്ചതു വെറും കഥയോ
ഭുവനമൊന്നാകെ ചമച്ചവനൊരു ചെറു
ഭവനവും ലഭിച്ചതില്ലെന്നോ? - ദൈവകരുണ

2. പരമസമ്പന്നനീ ധരണിയിലേററം
ദരിദ്രനായ്ത്തീർന്നു സ്വമനസ്സാ
നിരുപമപ്രഭയണിഞ്ഞിരുന്നവൻ പഴന്തുണി
ധരിച്ചതും ചെറിയ സംഗതിയോ? - ദൈവകരുണ

3. അനുദിനമനവധി അനുഗ്രഹഭാരം
അനുഭവിച്ചൊരു ജനം അവനു
കനിവൊരു കരുണയുമെന്നിയെ നല്കിയ
കഴുമരം ചുമപ്പതും കാൺമിൻ - ദൈവകരുണ

4. കുരിശു ചുമന്നവൻ ഗിരിമുകളേറി
വിരിച്ചു കൈകാൽകളെ അതിേൽ
ശരിക്കിരുമ്പാണികൾ തറപ്പതിനായതു
സ്മരിക്കുകിൽ വിസ്മയനീയം - ദൈവകരുണ

# 190

പുകഴ്ത്തിൻ യേശുവേ പുകഴ്ത്തിൻ
നാം രക്ഷകനെ എന്നും വാഴ്ത്തീൻ
പുകഴ്ത്തിൻ, പുകഴ്ത്തിൻ, പുകഴ്ത്തിൻ
വാഴ്ത്തി പുകഴ്ത്തിൻ - പുകഴ്ത്തിൻ

1. യേശുവിൻ രാജത്വം നിത്യമേ, ആധിപത്യവും സന്തതമാമേ
സേവിക്കുമേ ഒരു സന്തതി വർണ്ണിക്കുമേ അവർ നിൻ നീതി
വർണ്ണിക്കും ഹീനനും യേശുവിൻ നൻമയിൻ ഓർമ്മയേ
- പുകഴ്ത്തിൻ

2. കൃപയും ദീർഘക്ഷമയും മഹാദയയും കരുണയുമുള്ളോൻ
നല്ലവൻ അവൻ എല്ലാവർക്കുംതൻ പ്രവർത്തികളോടും എല്ലാം
വന്നിടിൻ, വന്ദിപ്പിൻ, യേശുവിൻ സ്നേഹമാം പാദേ നാം
- പുകഴ്ത്തിൻ

3. ശാരോനിൻ പനിനീർ പുഷ്പമേ പതിനായിരത്തിലും ശ്രേഷ്ഠനേ
വെൺമയും ചവപ്പുമുള്ളവൻ പ്രാണപ്രീയനെൻ സുന്ദരരക്ഷകൻ
ചുംബിപ്പിൻ, സേവിപ്പിൻ, സീയോനിന രാജനേ എന്നുമേ
- പുകഴ്ത്തിൻ

4. ആദ്യനും അന്ത്യനും വന്ദ്യനും ആദിജാതനും എന്നും അനന്യനും
സത്യവും ജീവനും മാർഗവും നിത്യപിതാവും എന്നുടെ ദുർഗവും
വിളിച്ചോൻ, വിശ്വസ്തൻ, വീണ്ടും വരുന്നവനവനേ
- പുകഴ്ത്തിൻ

5. പാപവും യാതൊരു ശാപവും ഇല്ലിനി ആ യെരുശലേമിൽ
ശുഭ്രമാം ജീവജലനദി ജയിക്കുന്നോർ പങ്കാം ജീവവൃക്ഷം
ജയിപ്പിൻ, ഇരിപ്പിൻ, കുഞ്ഞാട്ടിൻ സ്വർഗസിംഹാസനേ
- പുകഴ്ത്തിൻ

# 191

വരുവീൻ യേശുവിൻ അരികിൽ - എത്ര
നല്ലവൻ താൻ രുചിച്ചറികിൽ
വരുവിൻ കൃപകൾ പൊഴിയും കുരിശിനരികിൽ

1. കൃപമേൽ കൃപയാർന്നിടുവാൻ
നിങ്ങൾ പരമപാദം ചേർന്നിടുവീൻ
ധരയിൽ നടന്ന തൻ ചരണം
നിങ്ങൾക്കരുളും ശാശ്വത ശരണം
അല്ലും പകലും മുന്നിൽ നില്പവൻ തുണയായ് - വരുവീൻ

2. പരിശോധനകൾ വരുകിൽ
മനം പതറാതാശ്രയിച്ചിടുകിൽ
ബലഹീനതയിൽ കവിയും
കൃപ മതിയെന്നാശ്രയിച്ചിടുകിൽ
വിരവിൽ വിനകൾ തീരും സകലവും ശുഭമായ് - വരുവീൻ

3. സ്നേഹിതരേവരും വെടിഞ്ഞാൽ
അതു യേശുവിനോടു നീ പറഞ്ഞാൽ
സ്നേഹിതരില്ലാ കുരിശിൽ
പെട്ട പാടുകളെഴുന്ന തൻ കരത്താൽ
നന്നായി നടത്തും വീട്ടിൽ ചേരും വരെയും - വരുവീൻ

4. ഒരുനാൾ നശ്വരലോകം
വിട്ടു പിരിയും നാം അതിവേഗം
അങ്ങെ കരയിൽ നിന്നു
നാം നേടിയതെന്തെന്നറിയും
ലോകം വെറുത്തോർ വില നാം അന്നാളറിയും - വരുവീൻ

# 192

നിനക്കായ് കരുതും അവൻ നല്ല ഓഹരി
കഷ്ടങ്ങളിൽ ഉറ്റ തുണ യേശു
കണ്ണുനീരവൻ തുടയ്ക്കും

1. വഴിയൊരുക്കുമവൻ ആഴികളിൽ
വലകൈ പിടിച്ചെന്നെ വഴി നടത്തും
വാതിലുകൾ പലതും അടഞ്ഞീടിലും
വല്ലഭൻ പുതുവഴി തുറന്നീടുമേ - നിനക്കായ്

2. വാഗ്ദത്തം നമ്മുടെ നിക്ഷേപമേ
വാക്കു പറഞ്ഞവൻ മാറുകില്ല
വാനവും ഭുമിയും മാറീടുമേ
വചനങ്ങൾക്കോ ഒരു മാറ്റമില്ല - നിനക്കായ്

3. രോഗങ്ങളാൽ നീ വലയുകയോ
ഭാരങ്ങളാൽ നീ തളരുകയോ
അടിപ്പിണരാലവൻ സൗഖ്യം തരും
വചനമയച്ചു നിന്നെ വിടുവിച്ചിടും - നിനക്കായ്

# 193

പരിശുദ്ധ പരാപരനെ — പരനെ
സ്തുതി ചെയ്ക നിത്യം മനമേ

1. പാപിയെ നേടാൻ ശാപമായിത്തീർന്ന
വാനവർക്കധിപതിയേ
പാപത്തെ വെറുക്കും പാപിയിൽ കനിയും
പരമ രക്ഷാകരനെ - പരിശുദ്ധ

2. വേദന സഹിക്കും നിൻ വേദനയകറ്റാൻ
ക്രൂശു വഹിച്ചവനെ
ദുരിതങ്ങളഖിലം ചുമന്നൊഴിച്ചവനെ
തിരുകൃപ പകർന്നവനെ - പരിശുദ്ധ

3. കടലിന്മേൽ നടന്നു പടകതിൽ കയറി
ശാന്തത വരുത്തിയോനേ
ഭയമെല്ലാമകറ്റി കൂടിരുപ്പവനേ
അക്കരെ നയിപ്പവനേ - പരിശുദ്ധ

4. കല്ലറ തുറന്നു മൃത്യുവെ ജയിച്ചു
ഉയർത്തെഴുന്നേറ്റവനെ
ആശ്വാസപ്രദനാം ആത്മാവെ അയച്ചു
തിരുശക്തി പകർന്നവനേ - പരിശുദ്ധ

# 194

ഭയപ്പെടാതെ നാം പോയിടാം
യിസ്രായേലിൻ ദൈവം കൂടെയുണ്ട്
അന്ധകാരമാം ഈ ലോകയാത്രയിൽ
അനുദിനം അവൻ നമ്മെ നടത്തിടുന്നു

1. മരുഭൂമിയിലെ യാത്രയിലും നീ
മാറാത്ത ദൈവമല്ലോ
കാടപ്പക്ഷിയും മന്നായും കൊണ്ടവൻ
തൃപ്തരായി നടത്തിടുന്നു - ഭയപ്പെടാതെ

2. തിരമാലകൾ വൻ ഭാരങ്ങളിലും നീ
മാറാത്ത ദൈവമല്ലോ
കാറ്റെ ശാസിച്ച കാൽവറി നായകൻ
കാത്തു സൂക്ഷിച്ചിടുന്നു - ഭയപ്പെടാതെ

3. പല വ്യാധികളാൽ വലഞ്ഞിടു നേരം
മാറാത്ത ദൈവമല്ലോ
ആത്മവൈദ്യനാം ശ്രീയേശു നായകൻ
സൗഖ്യം പ്രദാനം ചെയ്യും - ഭയപ്പെടാതെ

4. മരണത്തിൻ കൂരിരുൾ താഴ്വരയിലും നീ
മാറാത്ത ദൈവമല്ലോ
ഈ ലോകത്തിലെ യാത്ര തീർന്നിടുമ്പോൾ
ചേർത്തിടും ഭാഗ്യനാട്ടിൽ - ഭയപ്പെടാതെ

# 195

കരുണാനിധിയേ കാൽവറി അൻപേ
ആ..ആ..ആ..ആ..
നീ മാത്രമാണെനിക്കാധാരം

1. കൃപയേകേണം കൃപാനിധിയേ
കൃപാനിധിയേ കൃപാനിധിയേ
മുൻപേ പോയ നിൻ പിൻപേ ഗമിപ്പാൻ
ആ..ആ..ആ.. നീ മാത്രമാണെനിക്കാധാരം - കരുണാ

2. മാറാ എലീമിൽ പാറയിൻ വെള്ളം
മാറാത്തോനേകും മാധുര്യമന്ന
പാറയാം യാഹെൻ രാപ്പകൽ ധ്യാനം
ആ..ആ..ആ.. യോർദ്ദാന്റെ തീരമെൻ ആശ്വാസം - കരുണാ

3. താതനിന്നിഷ്ടം മന്നിൽ ഞാൻ ചെയ്‌വാൻ
തന്നിൽ വസിപ്പാൻ ഉന്നതം ചേരാൻ
ത്യാഗം ചെയ്യുന്നീ പാഴ്മണ്ണിനാശ
ആ..ആ..ആ.. ഓടുന്നു നാടിനെ പ്രാപിപ്പാൻ - കരുണാ

4. എന്നെൻ സീയോനെ ചെന്നങ്ങു കാണും
അന്നെൻ കണ്ണീരും മാറും കനാനിൽ
ഭക്തർ ശ്രവിക്കും കർത്തൃകാഹളം
ആ..ആ..ആ.. വ്യക്തമായ് കാണും എൻ രക്ഷകനെ - കരുണാ

# 196

സാധുവെന്നെ കൈവിടാതെ
നാഥനെന്നും നടത്തിടുന്നു

1. അന്ത്യത്തോളം ചിറകടിയിൽ
അവൻ കാത്തിടും ധരയിൽ
ആപത്തിലും രോഗത്തിലും
അവനാണെനിക്കഭയം - സാധുവെന്നെ

2. കണ്ണുനിരിൻ താഴ്വരയിൽ
കരയുന്ന വേളകളിൽ
കൈവിടില്ലെൻ കർത്തനെൻെറ
കണ്ണുനീരെല്ലാം തുടയ്ക്കും - സാധുവെന്നെ

3. കൊടുങ്കാറ്റും തിരമാലയും
പടകിൽ വന്നാഞ്ഞടിക്കും
നേരമെൻെറ ചാരെയുണ്ട്
നാഥനെന്നും വല്ലഭനായ് - സാധുവെന്നെ

4. വിണ്ണിലെൻെറ വീടൊരുക്കി
വേഗം വന്നിടും പ്രീയനായ്
വേല ചെയ്തെൻ നാൾകൾ തീർന്നു
വീട്ടിൽ ചെല്ലും ഞാനൊടുവിൽ - സാധുവെന്നെ

# 197

സ്ˆതോത്രമേ സ്ˆതോത്രമേ പ്രീയ യേശു
രാജനെന്നും സ്ˆതോത്രം.. പ്രീയ യേശു രാജനെന്നും

1. പാപവും അതിൻ ഫലമാം ശാപങ്ങളും എല്ലാം
ക്രൂശിലേറ്റ സ്ˆനേഹത്തെ ഞാനോർത്തു
നന്ദിയോടെ നിന്നടി വണങ്ങി സ്ˆതോത്രമേ

2. ദൂതസഞ്ചയം എനിക്കു കാവലാക്കി തന്നു
ദൂതരേക്കാൾ ശ്രേഷ്ˆഠമായ സ്ഥാനം
ദാനമായി തന്നതിനെ ഓർത്തു സ്ˆതോത്രമേ

3. സ്വർഗരാജ്യത്തിൽ വിശിഷ്ˆട വേല എനിക്കേകി
സ്വർഗീയമാം ഭണ്ഡാരത്തിനെന്നെ
സ്വർഗനാഥൻ കാവലാക്കി സ്ˆതോത്രം സ്ˆതോത്രമേ

4. പാപത്തിന്നടിമയിൽ ഞാൻ വീണിടാതെ എന്നും
പാവനമാം പാതയിൽ നടത്തി
പാവനാത്ˆമ കാത്തിടുന്നതോർത്തു സ്ˆതോത്രമേ

5. ഓരോനാളും ഞങ്ങൾക്കുള്ളതെല്ലാം തന്നു പോറ്റി
ഭാരമെല്ലാം തൻ ചുമലിലേറ്റി
ഭാരമെന്യേ കാത്തിടുന്നതോർത്തു സ്ˆതോത്രമേ

6. എണ്ണമില്ലാതുള്ള നിൻെറ വൻകൃപകളോർത്തു
എണ്ണി എണ്ണി നന്ദിയാൽ നിറഞ്ഞു
എണ്ണമെന്യേ വന്ദനം തരുന്നേ സ്ˆതോത്രമേ

# 198

1. എന്നുള്ളമേ സ്തുതിക്ക നീ യഹോവയെ നിരന്തരം
നിന്നല്ലലാകെ നീക്കി നിന്നെ സ്വന്തമായണച്ചതാൽ
ആനന്ദഗീതമേകിടാം
ന-ന്ദിയാൽ വണങ്ങിടാം... അവൻ പാദം
എന്നന്തരംഗമേ അവന്റെ നൻമകൾ മറക്കതോ
എന്നുള്ളമേ സ്തുതിക്ക നീ യഹോവയെ നിരന്തരം

2. പാപാർ-ണവത്തിലാധിയോടല-ഞ്ഞുഴന്ന പാപിയെ
കോപാഗ്നിയിൽ പതിക്കുവാനടുക്കലായ ദോഷിയെ
തിരഞ്ഞണഞ്ഞ നാഥനെ
മനം തെളിഞ്ഞു മോദമായ്... സ്തുതിച്ചിടാം - എന്നന്ത

3. ശുദ്ധാത്മദാനമേകി സ്വർഗ്ഗഭാഗ്യമേ-യിഹത്തിലും
ചിത്തേ നിറഞ്ഞ നീതിയും സമാനമറ്റ ശാന്തിയും
സമ്മോദവും പകർന്നു താൻ
പ്രത്യാശയും വളർത്തി താൻ... സ്തുതിച്ചിടാം - എന്നന്ത

4. കഷ്ടങ്ങളെത്ര ഏറിലും കലങ്ങിടാതെ നിത്യവും
ദുഷ്ടന്റെ ഘോരദൃഷ്ടിയിൽ പതിച്ചിടാതിന്നോളവും
കണ്ണിൻമണിക്കു തുല്യമായ്
എണ്ണുന്നതിനു തക്കതായ്... സ്തുതിച്ചിടാം - എന്നന്ത

5. രോഗത്തിനേറ്റ വൈദ്യനാമവൻ നിനക്ക-നാരതം
വയ്ക്കുന്ന നൻമകൾക്കൊരന്തമില്ല തൻ ദയാപരം
കാക്കുന്നു തൻ കൃപാകരം
ചേർക്കില്ല തെല്ലൊരാമയം... സ്തുതിച്ചിടാം - എന്നന്ത

# 199

യേശു നല്ലവൻ എനിക്കു യേശു നല്ലവൻ
നല്ല രക്ഷകൻ തൻ നാമം വാഴ്ത്തിപ്പാടും ഞാൻ
യേശു നല്ലവൻ അതേ എൻ യേശു നല്ലവൻ
യേശു .. നല്ലവൻ

1. ചെങ്കടൽ പിളർന്നു നൽവഴി നടത്തിടും
അടിമയിൻ നുകം തകർത്തു വീണ്ടെടുത്തവൻ
ചിറകുകൾ വിടർത്തി മറവിൽ കാത്തിടുന്നവൻ
യേശു .. നല്ലവൻ

2. മുന്നിലും പിറകിലും നടന്നു കാവലായ്
മേഘമൊന്നെനിക്കു മേൽ വിരിച്ചു സ്നേഹമായ്
നീണ്ട മരുഭൂവിലുള്ളം കയ്യിൽ താങ്ങിടും
യേശു .. നല്ലവൻ

3. കോട്ടകൾ തകർത്തിടാൻ ബലത്തെ നൽകിടും
നീട്ടിയ ഭുജത്താലെന്നെ താൻ നടത്തിടും
വീട്ടിലെത്തുവോളം പൊൻമുഖത്തെ നോക്കിടാം
യേശു .. നല്ലവൻ

4. ക്ഷാമകാലത്തെന്നെ ക്ഷേമമോടെ കാത്തിടും
പച്ചപ്പുൽത്തകിടിയിൽ കിടത്തിടുന്നവൻ
വേണ്ടതെല്ലാം നിത്യമേകി പോറ്റിടുന്നവൻ
യേശു .. നല്ലവൻ

# 200

1. പുത്തനാം യെറുശലേമിൽ എത്തും കാലമോർക്കുമ്പോൾ
ഇദ്ധരയിൻ ഖേദമെല്ലാം മാഞ്ഞു പോകുന്നേ
    കഷ്ടത പട്ടിണി ഇല്ലാത്ത നാട്ടിൽ നാം
    കർത്താവൊരുക്കുന്ന സന്തോഷ വീട്ടിൽ നാം
തേജസ്സേറും മോഹന കിരീടങ്ങൾ ധരിച്ചു നാം
രാജരാജനേശുവോടു കൂടെ വാഴുമേ

2. നീതി സൂര്യ ശോഭയാലെന്നല്ലലിരുൾ മാറിടും
ഭീതിയുമനീതിയുമങ്ങില്ല ലേശവും
    സന്തോഷ ശോഭനം ആ നല്ല നാളുകൾ
    ലോകം ഭരിച്ചീടും കർത്താവിന്നാളുകൾ
ശോകം രോഗം യുദ്ധം ക്രുദ്ധ ജാതികളിൻ വിപ്ളവം
പോകുമെല്ലാം യേശുരാജൻ ഭൂവിൽ വാഴുമ്പോൾ

3. സത്യ ശുദ്ധ പാതയിൽ നടന്നു വന്ന ശുദ്ധന്മാർ
വീണ്ടെടുക്കപ്പെട്ട സർവ്വ ദൈവ മക്കളും
    ഉല്ലാസ ഘോഷമായ് സീയോനിൽ വന്നീടും
    ദുഃഖം നെടുവീർപ്പും സർവ്വവും തീർത്തിടും
നിത്യ നിത്യ സന്തോഷം ശിരസ്സിൽ ഹാ വഹിച്ചവർ
നിത്യതയ്ക്കുള്ളിൽ മറയും തീരും കാലവും

# 201

കുരിശും നിജതോളിലെടുത്തൊരുവൻ ഗിരിമേൽ
കരേറിപ്പോകുന്ന കാഴ്ച കാൺമീൻ

1. അവനീശസുതൻ മഹിമോന്നതനാം
അവനീശ്വരരിൽ ബഹുവന്ദിതനാം
അവനീവിധമേഴ സമാനമുഴന്നതു കാൺമീൻ
പാപികളാം നരർക്കായ് - കുരിശും

2. സഹതാപമൊരുത്തനുമില്ലവനിൽ
സഹകാരികളൊരുവരുമില്ലരികിൽ
സർവ്വേശരനും കൈവിട്ടതു ദാരുണമോർത്താൽ
പാപികളാം നരർക്കായ് - കുരിശും

3. നരികൾക്കു വസിപ്പതിനായ് കുഴിയും
പറവയ്ക്കു വസിപ്പതിനായ് കൂടും
ഭൂവിലുണ്ടിവനോ തല ചായ്പ്പതിനായ് കുരിശല്ലാ-
തിപ്പാരിൽ സ്ഥാനമില്ല - കുരിശും

4. നരകാഗ്നിയതിൽ നരരാകുലരായ്
എരിയാനിടയാകരുതായതിനായ്
ചൊരിയുന്നവനിൽ ദുരിതങ്ങളശേഷവും ഈശൻ
കാരുണ്യമേതുമെന്യേ - കുരിശും

# 202

ദൈവത്തിൻ കൃപയെ ചിന്തിക്കാം
ദിവ്യജീവൻ നൽകിയതോർക്കാം

1. ഏകസുതനിൽ വിശ്വസിച്ചിടുന്നോർ-
ക്കേവർക്കും ജിവൻ നൽകുവാനവനെ
ഏകി ലോകത്തെ സ്നേഹിച്ച കൃപയെ
പുകഴ്ത്തി നമുക്കു സ്തുതിക്കാം - ദൈവത്തിൻ

2. ന്യായവിധിയിൻ വാളിനു കീഴിൽ
ന്യായമായകപ്പെട്ടാകുലരാകും
നമ്മുടെ ശിക്ഷയഖിലം പുത്രൻമേൽ
ചുമത്തിയ കൃപയോർക്കാം - ദൈവത്തിൻ

3. ദൈവമേ, ദൈവമേ, ഈവിധമെന്നെ
കൈവിട്ടതെന്തെന്നലറിക്കരവാൻ
ജീവന്റെ നാഥന്നിടയായതെന്തെ-
ന്നറിഞ്ഞു നമുക്കു സ്തുതിക്കാം - ദൈവത്തിൻ

4. കുരിശിൽ തൻ ജീവൻ വെടിഞ്ഞുവെന്നാലും
മരണത്തെവെന്നു താനുയിർത്തു മൂന്നാം നാൾ
പ്രാണനു പുതുക്കം പ്രാപിച്ചു നമുക്കും
പ്രണമിച്ചു മുന്നിൽ വീഴാം - ദൈവത്തിൻ

5. നമുക്കായിട്ടിന്നും മൽക്കീസെദേക്കിൻ
ക്രമത്തിൽ പ്രധാനപുരോഹിതനായി
സ്വർഗവിശുദ്ധസ്ഥലത്തെത്തി വാഴുന്ന-
തറിഞ്ഞു നമുക്കു സ്തുതിക്കാം - ദൈവത്തിൻ

6. വീണ്ടും വരുന്നു രാജാധിരാജൻ
കണ്ടിടും വേഗം വാനിൽ നാമവനെ
സ്വന്തജനത്തെ ചേർത്തിടുമുടനെ
ഹല്ലേലുയ്യാ ഗീതം തുടരാം - ദൈവത്തിൻ

Index

# 203

1. എൻെറ പ്രീയൻ വാനിൽ വരാറായ്
   കാഹളത്തിൻ ധ്വനി കേൾക്കാറായ്
   മേഘേ ധ്വനി മുഴങ്ങും ദൂതർ ആർത്തു പാടിടും
   നാമും ചേർന്നു പാടും ദൂതതുല്യരായി

2. പൂർണ്ണഹൃദയത്തോടെ ഞാൻ സ്തുതിക്കും
   നിൻെറ അത്ഭുതങ്ങളെ ഞാൻ വർണ്ണിക്കും
   ഞാൻ സന്തോഷിച്ചിടും എന്നും സ്തുതി പാടിടും
   എന്നെ സൗഖ്യമാക്കി വീണ്ടെടുത്തതാൽ

..എൻെറ

3. പീഢിതനൊരഭയസ്ഥാനം
   സങ്കടങ്ങളിൽ നൽതുണ നീ
   ഞാൻ കുലുങ്ങുകില്ല ഒരുനാളും വീഴില്ല
   എൻെറ യേശു എൻെറ കൂടെയുള്ളതാൽ

..എൻെറ

4. തകർക്കും നീ ദുഷ്ടഭുജത്തെ
   ഉടയ്ക്കും നീ നീചപാത്രത്തെ
   സീയോൻ പുത്രീ ആർക്കുക എന്നും സ്തുതി പാടുക
   നിൻെറ രാജരാജൻ എഴുന്നള്ളാറായ്

..എൻെറ

# 204

1. ലോകം നിന്നിലുള്ള വെള്ളി പൊന്നിവ എടുത്തിടും
ലോഭമായ് ജീവിക്കണം നീ എങ്കിലും
പോഷിപ്പിക്കയില്ലയോ പറവജാതിയെയവൻ
വയ്ക്കുക നിൻ ഭാരമവൻ പാദത്തിൽ

വയ്ക്കുക, വയ്ക്കുക, വയ്ക്കുക നിൻ ഭാരമവൻ പാദത്തിൽ
സംശയം കൂടാതെ വിശ്വസിക്കുമെങ്കിൽ രക്ഷകൻ
നിശ്ച യം സ്വതന്ത്രനാക്കും നിന്നെയും

2. വേദന സഹിച്ചു നിൻ ശരീരശക്തി പോയതാൽ
നിരാശയിൽ മുഴുകി നീ കിടക്കുമ്പോൾ
യേശു ശക്തൻ മാറ്റുവാൻ അറിയുന്നായവനതും
വയ്ക്കുക നിൻ ഭാരമവൻ പാദത്തിൽ ... വയ്ക്കുക

3. ശത്രുവിൻ ഉപദ്രവം നിൻ ഹൃത്തിനെ തകർക്കുമ്പോൾ
പരൻ പരത്തിൽ കേൾക്കുന്നു നിൻ പ്രാർത്ഥന
ആയവൻ വഴിതുറന്നു ക്ഷേമമായ് നടത്തിടും
വയ്ക്കുക നിൻ ഭാരമവൻ പാദത്തിൽ ... വയ്ക്കുക

4. യൗവ്വനദശ കഴിഞ്ഞു വാർദ്ധക്യം വന്നിടുമ്പോൾ
കുനിഞ്ഞിടും ശരീരം ജീവഭാരത്താൽ
അപ്പോഴും വിടില്ലവൻ നടത്തും അന്ത്യത്തോളവും
വയ്ക്കുക നിൻ ഭാരമവൻ പാദത്തിൽ ... വയ്ക്കുക

5. ബോംബു ഭൂമിയെ പിളർക്കും നേരം നീ ഒളിക്കുവാൻ
സ്ഥാനം തേടിയില്ല എന്നു കാണുമ്പോൾ
ഉണ്ടു സങ്കേതം നിനക്കവൻ ചിറകിൻ കാവലിൽ
വയ്ക്കുക നിൻ ഭാരമവൻ പാദത്തിൽ ... വയ്ക്കുക

# 205

1. ദൈവപിതാവേ അങ്ങയേ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു .. (2)
ജീവനും എന്റെ സർവസ്വവും നിൻ
മുൻപിലണച്ചു കുമ്പിടുന്നു .. (2) .. ദൈവ

2. യേശുവേ നാഥാ അങ്ങയേ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു .. (2)
ജീവനും എന്റെ സർവസ്വവും നിൻ
മുൻപിലണച്ചു കുമ്പിടുന്നു .. (2) .. ദൈവ

3. പാവനാത്മാവേ അങ്ങയേ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു .. (2)
ജീവനും എന്റെ സർവസ്വവും നിൻ
മുൻപിലണച്ചു കുമ്പിടുന്നു .. (2) .. ദൈവ

# 206

1. കണ്ണുനീർ എന്നു മാറുമോ
   വേദനകൾ എന്നു തീരുമോ
   കഷ്ടപ്പാടിൻ കാലങ്ങളിൽ
   രക്ഷിപ്പാനായ് നീ വരണേ

2. ഇഹത്തിൽ ഒന്നുമില്ലായേ
   നേടിയതെല്ലാം മിഥ്യയേ
   പരദേശിയാണുലകിൽ
   ഇവിടെന്നും അന്യനല്ലോ .. കണ്ണുനീർ

3. പരനേ വിശ്രാമനാട്ടിൽ ഞാൻ
   എത്തുവാൻ വെമ്പൽ കൊള്ളുന്നേ
   ലേശം താമസം വയ്ക്കല്ലേ
   നില്ലാൻ ശക്തി തെല്ലും ഇല്ലായേ .. കണ്ണുനീർ

# 207

1. യേശുവിൻെറ രക്തത്താൽ വീണ്ടെടുക്കപ്പെട്ടതാം
   തൻെറ പ്രീയജനമേ ഉണർന്നീടുക
   തൻെറ വേലയെ തികച്ചു നാം ഒരുങ്ങീടുക ..(2)

   കാലമേറെ ഇല്ലല്ലോ കാഹളം നാം കേട്ടിടാൻ ..(2)
   കാന്തൻ വരാറായ് നാമും പോകാറായ്..(2)

2. യേശുവിൻെറ നാമത്തിൽ വിടുതൽ നമുക്കുണ്ട്
   സാത്താനോടെതിർത്തീടാം ദൈവജനമേ
   ഇനി തോൽവിയില്ല ജയം നമുക്കവകാശമെ ..(2)
   .. കാലം

3. ആത്മബലത്താലെ നാം കോട്ടകൾ തകർത്തീടും
   രോഗം ദുഃഖം മാറിടും യേശു നാമത്തിൽ
   ഇനി ഭീതിയില്ല ജയം നമുക്കവകാശമെ ..(2)
   .. കാലം

4. ശാപങ്ങൾ തകർന്നീടും യേശുവിൻെറ നാമത്തിൽ
   ഭൂതങ്ങൾ വിട്ടോടിടും യേശു നാമത്തിൽ
   ഇനി ശോകമില്ല ജയം നമുക്കവകാശമെ ..(2)
   .. കാലം

# 208

1. ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവമെന്നെ നടത്തി
ഒന്നുമില്ലായ്കയിൽ നിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവ സഹായിച്ചു

2. ഹാഗാറിനെപ്പോലെ ഞാൻ കരഞ്ഞപ്പോൾ
യാക്കോബിനെപ്പോലെ ഞാൻ ഉഴന്നപ്പോൾ
മരുഭൂമിയിലെനിക്കു ജീവജലം തന്നെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു .. ഇത്രത്തോളം

3. ഏകനായ് നിന്ദ്യനായ് പരദേശിയായ്
നാടുവീടു വിട്ടു ഞാനലഞ്ഞപ്പോൾ
സ്വന്തനാട്ടിൽ ചേർത്തുകൊള്ളാം എന്നുരച്ച നാഥനെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു .. ഇത്രത്തോളം

4. കണ്ണുനീരും ദുഃഖവും നിരാശയും
പൂർണ്ണമായി മാറിടും ദിനം വരും
അന്നു കാണും ദൂതർ മദ്ധ്യേ ആർത്തുപാടും ശുദ്ധരൊത്തു
ഇത്രത്തോളം യഹോവ സഹായിച്ചു .. ഇത്രത്തോളം

# 209

ആരാധിക്കുമ്പോൾ വിടുതൽ
ആരാധിക്കുമ്പോൾ സൗഖ്യം
ദേഹം ദേഹി ആത്മാവിൽ സമാധാന സന്തോഷം
ദാനമായ് നാഥൻ നൽകിടും

പ്രാർത്ഥിക്കാം ആത്മാവിൽ ആരാധിക്കാം കർത്തനെ
നല്ലവൻ അവൻ വല്ലഭൻ
വിടുതൽ എന്നും പ്രാപിക്കാം

1. യാചിപ്പിൻ എന്നാൽ ലഭിക്കും
അന്വേഷിപ്പിൻ കണ്ടെത്തും
മുട്ടുവിൻ തുറക്കും സ്വർഗ്ഗത്തിൻ കലവറ
പ്രാപിക്കാം എത്രയോ നന്മകൾ .. പ്രാർത്ഥിക്കാം

2. മടുത്തു പോകാതെ പ്രാർത്ഥിക്കാം
വിശ്വാസത്തോടെ പ്രാർത്ഥിക്കാം
നീതിമാന്റെ പ്രാർത്ഥന ശ്രദ്ധയുള്ള പ്രാർത്ഥന
ഫലിക്കും രോഗിക്കു സൗഖ്യമായ് .. പ്രാർത്ഥിക്കാം

# 210

അതിവേഗത്തിൽ ഓടിപ്പോകും
നിൻെറ എതിരുകൾ എന്നേക്കുമായ്
തളർന്നു പോകരുതേ... നീ (2)

പഴിയും ദുഷിയും വന്നിടുമ്പോൾ
ഭാരങ്ങൾ നിന്നിൽ ഏറിടുമ്പോൾ (2) തളർന്നു..

പെറ്റമ്മ നിന്നെ മറന്നാലും
മറക്കാത്ത നാഥൻ കൂടെയുണ്ട് (2) തളർന്നു..

രാജാധിരാജൻ വരുന്ന നാളിൽ
അക്കരനാട്ടിൽ ചേർത്തിടുമേ (2) തളർന്നു..

# 211

1. പരിശുദ്ധാത്മാവിൻ ശക്തിയാലെ ഇന്നു
നിറയ്ക്കണേ നാഥാ ശക്തരായി തീരാൻ 2

ആത്മസന്തോഷം കൊണ്ടു നിറയ്ക്കണേ പ്രീയനെ
ആത്മചൈതന്യം എന്നിൽ പകരുക പരനെ
ജയത്തോടെ ജീവിതം ധരയിൽ ഞാൻ ചെയ്‌വാൻ 2

2. തിരുകൃപയല്ലോ ശരണമതെന്നിൽ
വൻകടങ്ങൾ അകറ്റാൻ കഴിവുള്ള പരനെ 2 ... ആത്മ

3. മായയാമീ ലോകം തരും സുഖമെല്ലാം
മറന്നു ഞാൻ ഓടുവാൻ തിരുരാജ്യേ ചേരാൻ 2 ... ആത്മ

4. കുശവൻെറ കയ്യിൽ കളിമണ്ണു പോലെന്നെ
പണിയുക പരനെ തിരുഹിതം പോലെ 2 ....ആത്മ

# 212

ദാവീദെപ്പോലെ നടനമാടി
അപ്പാവെ സ്തോത്തിരിപ്പേൻ
യേശുപ്പാ സ്തോത്തിരം (2)

1. എന്നവന്താലും എന്തുവന്താലും
   അപ്പാവെ സ്തോത്തിരിപ്പേൻ
   യേശുപ്പാ സ്തോത്തിരം (2)
2. ക്രിസ്തുവുക്കുള്ളായി മുൻകുറിത്താരെ
   അപ്പാവെ സ്തോത്തിരിപ്പേൻ
   യേശുപ്പാ സ്തോത്തിരം (2)
3. കഷ്ടങ്കൾ വന്താലും നഷ്ടങ്കൾ വന്താലും
   അപ്പാവെ സ്തോത്തിരിപ്പേൻ
   യേശുപ്പാ സ്തോത്തിരം (2)
4. പരിശുദ്ധരക്തത്താൽ പാപങ്കൾ കഴുകിയ
   അപ്പാവെ സ്തോത്തിരിപ്പേൻ
   യേശുപ്പാ സ്തോത്തിരം (2)
5. ജെപത്തിനാലും നാൻ തരിത്തിരുന്നതു
   അപ്പാവെ സ്തോത്തിരിപ്പാൻ
   യേശുപ്പാ സ്തോത്തിരം (2)

# 213

1. നടത്തിയ വിധങ്ങളോർത്താൽ
നന്ദി ഏകീടാതിരുന്നിടുമോ.. നാഥൻ..
കഷ്ടതയിലും കരം പിടിച്ചു
കണ്മണി പോൽ കരുതിയവൻ നടത്തിയ....

2. ഭാരം ദുഃഖം ഏറിയപ്പോൾ
മനം നൊന്തു കലങ്ങിയപ്പോൾ
ചാരെ അണഞ്ഞു ആശ്വാസം നൽകി നടത്തിയ....

3. ജീവിതത്തിൻ മേടുകളിൽ
ഏകനെന്നു തോന്നിയപ്പോൾ
ധൈര്യം നൽകിടും വചനം നൽകി നടത്തിയ...

4. കൂട്ടുകാരിൽ പരമായെന്നെ
ആനന്ദതൈലം പകർന്നു
ശത്രു മദ്ധ്യേയെൻ തല ഉയർത്തി നടത്തിയ...

# 214

കർത്താവിൻ സ്നേഹത്തിൽ
എന്നും വസിച്ചീടുവാൻ
വൻ കൃപയേകീടണേ
ഭിന്നത വിദ്വേഷം ഇല്ലാതെ ജീവിപ്പാൻ
നൽവരം നൽകീടണേ

ലോകം പാപം പിശാചെന്നെ തൊടുകയില്ല
ദുഷ്ട ഘോരശത്രു എന്നെ കാണുകയില്ല
അങ്ങേ ചിറകിൻ മറവിലാണ് ഞാൻ
എൻെറ വിശ്വാസം വർദ്ധിപ്പിക്കണേ

ഇന്നലെ മിന്നിയ ഉന്നത ശ്രേഷ്ടന്മാർ
അന്യരായിന്നു മന്നിൽ
എന്നാലോ സാധു ഞാൻ
സന്നിധി നിന്നതോ
പൊന്നേശുവേ കൃപയാൽ

നിർത്തിയതാണെന്നെ നിന്നതല്ല ഞാനും
എത്ര സ്തുതിച്ചീടേണം
നിന്ദ പരിഹാസം ഏറെ സഹിച്ചു ഞാൻ
എത്ര നാൾ കാത്തീടേണം

ഒന്നിക്കും ഒരുനാൾ സ്വർഗ കൂടാരത്തിൽ
വന്ദിക്കും ഞാനന്നാളിൽ
എന്നിനീം പ്രിയൻെറ
പൊൻ മുഖം കാണും ഞാൻ
എന്നാശയേറിടുന്നേ

# 215

1. ക്രൂശിൽ നിന്നും പാഞ്ഞൊഴുകിടുന്ന
ദൈവസ്നേഹത്തിൻ വൻ കൃപയേ
ഒഴുകിയൊഴുകി അടിയനിൽ പെരുകേണമേ
സ്നേഹസാഗരമായ്

സ്നേഹമാം ദൈവമേ നീയെന്നിൽ
അനുദിനവും വളരേണമേ
ഞാനോ കുറയേണമേ

2. നിത്യസ്നേഹം എന്നെയും തേടിവന്നു
നിത്യമാം സൗഭാഗ്യം തന്നുവല്ലോ
ഹീനനെന്നെ മെനഞ്ഞല്ലോ കർത്താവിനായ്
മാനപാത്രവുമായ്... സ്നേഹമാം....

3. ലോകത്തിൽ ഞാൻ ദരിദ്രനായിടിലും
നിൻ സ്നേഹം മതിയെനിക്കാശ്വാസമായ്
ദൈവസ്നേഹം എന്നെയും ആത്മാവിനാൽ
സമ്പന്നനാക്കിയല്ലോ... സ്നേഹമാം....

4. മായലോകെ പ്രശംസിച്ചിടുവാൻ
യാതൊന്നും ഇല്ലല്ലോ പ്രാണനാഥാ
ദൈവസ്നേഹം ഒന്നേയെൻ പ്രശംസയേ
എന്റെ ആനന്ദമേ... സ്നേഹമാം....

# 216

1. യേശു മണവാളൻ നമ്മെ ചേർക്കുവാൻ
മദ്ധ്യവാനിൽ വെളിപ്പെടുവാൻ
കാലം ആസന്നമായ് പ്രീയരെ
ഒരുങ്ങാം വിശുദ്ധിയോടെ

ചേരും നാം വേഗത്തിൽ ഇമ്പവീടതിൽ
കാണും നാം അന്നാളിൽ പ്രീയൻ പൊൻമുഖം

2. യുദ്ധങ്ങളും ക്ഷാമവും ഭൂകമ്പവും
അടിക്കടി ഉയർന്നിടുമ്പോൾ
കാന്തൻ യേശു വരാൻ കാലമായ്
ഒരുങ്ങാം വിശുദ്ധിയോടെ

ചേരും നാം വേഗത്തിൽ ഇമ്പവീടതിൽ
കാണും നാം അന്നാളിൽ പ്രീയൻ പൊൻമുഖം

3. രോഗദുഃഖങ്ങളും മരണമതും
തെല്ലും നീ ഭയപ്പെടാതെ
ദേഹം മണ്ണോടു ചേർന്നെന്നാലും
രൂപാന്തരം പ്രാപിക്കും

ചേരും നാം വേഗത്തിൽ ഇമ്പവീടതിൽ
കാണും നാം അന്നാളിൽ പ്രീയൻ പൊൻമുഖം

4. ഝടുതിടെ ഉയർക്കും വിശുദ്ധരെല്ലാം
കാഹളനാദം കേൾക്കുമ്പോൾ
പാരിൽ പാർത്തിടും നാം അന്നാളിൽ
രൂപാന്തരം പ്രാപിക്കും

ചേരും നാം വേഗത്തിൽ ഇമ്പവീടതിൽ
കാണും നാം അന്നാളിൽ പ്രീയൻ പൊൻമുഖം

# 217

1. എൻെറ ദൈവത്താൽ എൻെറ ദൈവത്താൽ
നിശ്ചയം അനുഗ്രഹം പ്രാപിച്ചിടും ഞാൻ
തൻെറ വചനം പോലെ ഞാൻ ചെയ്യും
തൻെറ വഴിയിൽ തന്നെ നടക്കും ...എൻെറ ദൈവ

2. ദേശത്തിൽ ഞാൻ അനുഗ്രഹിക്കപ്പെടും
ജോലിയിൽ ഞാൻ അനുഗ്രഹിക്കപ്പെടും
എൻെറ വീട്ടിൽ ആഹാരം കുറയുകില്ല
ആവശ്യങ്ങളൊന്നുമേ മുടങ്ങുകില്ല ...എൻെറ ദൈവ

3. എന്നെ എതിർക്കുന്ന ശത്രുക്കൾ എല്ലാം
ഛിന്നഭിന്നമായ്‌പ്പോകും എൻെറ ദൈവത്താൽ
എൻെറ ആരോഗ്യം ദൈവദാനമല്ലോ
എൻ ശരീരവും അനുഗ്രഹിക്കപ്പെടും ..എൻെറ ദൈവ

4. ജീവിത പങ്കാളിയും എൻെറ മക്കളും
എൻെറ സമ്പത്തും അനുഗ്രഹിക്കപ്പെടും
എൻെറ നന്മയ്ക്കായവൻ സമൃദ്ധി നൽകും
എന്നെ വിശുദ്ധജനമാക്കിടും ...എൻെറ ദൈവ

5. വായ്‌പ വാങ്ങാൻ ഇടവരികയില്ല
കൊടുക്കുവാനോ ദൈവം സമൃദ്ധി നൽകും
ഉയർച്ച തന്നെയെന്നും പ്രാപിക്കും ഞാൻ
ഉന്നതങ്ങളിൽ എന്നെ മാനിക്കും താൻ ...എൻെറ ദൈവ

# 218

1. നാഥൻ വരാറായി ഓ നാഥൻ വരാറായി
ഓ നാഥൻ വരാറായി നാം വേഗം ഒരുങ്ങീടാം
ദീപം തെളിക്കാറായി ഓ ദീപം തെളിക്കാറായി
ഓ ദീപം തെളിക്കാറായി നാം വേഗം ഒരുങ്ങീടാം
...നാഥൻ വരാറായി

2. എണ്ണ നിറയ്ക്കാറായി ഓ എണ്ണ നിറയ്ക്കാറായി
ഓ എണ്ണ നിറയ്ക്കാറായി നാം വേഗം ഒരുങ്ങീടാം
ആർപ്പുവിളി കേൾക്കാറായി ആർപ്പുവിളി കേൾക്കാറായി
ആർപ്പുവിളി കേൾക്കാറായി നാം വേഗം ഒരുങ്ങീടാം
...നാഥൻ വരാറായി

3. നിന്ദകൾ തീരാറായി ഓ നിന്ദകൾ തീരാറായി
ഓ നിന്ദകൾ തീരാറായി നാം വേഗം ഒരുങ്ങീടാം
കണ്ണുനീർ തോരാറായി ഓ കണ്ണുനീർ തോരാറായി
ഓ കണ്ണുനീർ തോരാറായി നാം വേഗം ഒരുങ്ങീടാം
...നാഥൻ വരാറായി

4. മരിച്ചവർ ഉയിർക്കാറായി ഓ മരിച്ചവർ ഉയിർക്കാറായി
ഓ മരിച്ചവർ ഉയിർക്കാറായി നാം വേഗം ഒരുങ്ങീടാം
വേളി കഴിയ്ക്കാറായി ഓ വേളി കഴിയ്ക്കാറായി
എശ്ശെ വേളി കഴിയ്ക്കാറായി നാം വേഗം ഒരുങ്ങീടാം
...നാഥൻ വരാറായി

# 219

കർത്താവു മേഘത്തിൽ വന്നിടാറായ്
ഈ മരുവാസം കഴിഞ്ഞിടാറായ്
സഭയാം കാന്തയെ ചേർപ്പതിനായ്
കാലം സമീപമായ്

1. നിന്ദിതപാത്രരായ് തീർന്നവരേ
ഈ ലോകം വിടക്കെന്നെണ്ണിയവരെ
പീഢകളേറ്റ വിശുദ്ധൻമാരെ
നാം തമ്മിൽ കണ്ടിടും

നാം തമ്മിൽ കണ്ടിടും.. നാം തമ്മിൽ കണ്ടിടും
പീഢകളേറ്റ വിശുദ്ധൻമാരെ നാം തമ്മിൽ കണ്ടിടും

2. തിരാത്തരോഗത്താൽ ബാധിതനായ്
ഈ മൺശരീരം തകർന്നെന്നാലും
ഞാനുമെൻ കോമളരൂപൻെറ മുൻപിൽ
പൂർണ്ണനായ് തീർന്നിടും

നാം തമ്മിൽ കണ്ടിടും.. നാം തമ്മിൽ കണ്ടിടും
പീഢകളേറ്റ വിശുദ്ധൻമാരെ നാം തമ്മിൽ കണ്ടിടും

3. പ്രധാനദൂതനാകും മീഖായേൽ
കാഹളമൂതും നൊടിനേരത്തിൽ
വിശുദ്ധൻമാർ വാനിൽ പറന്നുയരും
അന്നേവരേം കണ്ടിടും

നാം തമ്മിൽ കണ്ടിടും.. നാം തമ്മിൽ കണ്ടിടും
പീഢകളേറ്റ വിശുദ്ധൻമാരെ നാം തമ്മിൽ കണ്ടിടും

# 220

1. വാനമേഘേ വിശുദ്ധരെ ചേർത്തിടുവാനായ്
മണവാളൻ വെളിപ്പെടുമേ
സങ്കേതമായവൻ കോട്ടയായവൻ
നിന്നിൽ മാത്രം ചാരിടുന്നു ഞാൻ

ദൂതർ കാഹളങ്ങൾ മീട്ടിടുന്നേരം
പ്രീയനൊത്തു ഞാനും ചേരുമേ
ഹല്ലേലുയ്യാ ഗീതം ആനന്ദത്തോടെ
പ്രീയനൊത്തു ഞാനും പാടുമേ

2. കർത്തൻ വചനങ്ങൾ നിറവേറുന്നേ
എൻ ഹൃത്തടങ്ങൾ ആനന്ദിയ്ക്കുന്നേ
കഷ്ടതകൾ നിറഞ്ഞ ഈ ഭൂമിയിൽ നിന്ന്
സ്വർഗ്ഗരാജ്യേ ചേർന്നിടുമേ ഞാൻ

.. ദൂതർ കാഹള

3. പാപഭാരം കർത്തൻ ക്രൂശിലേറ്റതാൽ
ഭാഗ്യവാനായ് എന്നും വസിപ്പാൻ
നവസന്തോഷം എന്നുള്ളിൽ തന്നതാൽ
പുതുഗീതം പാടിടുമേ ഞാൻ

.. ദൂതർ കാഹള

# 221

രക്തം ജയം.. രക്തം ജയം..
രക്തം ജയം.. രക്തം ജയം..
കാൽവറി യേശുവിൻ രക്തം ജയം
കാരുണ്യനാഥനിൻ രക്തം ജയം

1. എതിരിയെ തുരത്തിടും രക്തം ജയം
എന്നാളും സുഖം തരും രക്തം ജയം
അധികാരം തന്നിടും രക്തം ജയം
അതിശയം ചെയ്തിടും രക്തം ജയം - നമുക്കു
.. രക്തം ജയം

2. പാപങ്ങൾ പോക്കിടും രക്തം ജയം
പരിശുദ്ധമാക്കിടും രക്തം ജയം
ശാപങ്ങൾ നീക്കിടും രക്തം ജയം
സമാധാനം തന്നിടും രക്തം ജയം - നമുക്കു
.. രക്തം ജയം

# 222

കരുതുന്നവൻ ഞാനല്ലയോ
കലങ്ങുന്നതെന്തിനു നീ
കണ്ണുനീരിന്റെ താഴ്‌വരയിൽ
കൈവിടുകയില്ല ഞാൻ നിന്നെ (2)

1. എന്റെ മഹത്വം കാണുക നീ
എന്റെ കൈയിൽ തരിക നിന്നെ
എന്റെ ശക്തി ഞാൻ നിന്നിൽ പകർന്നു
എന്നും നടത്തീടും കൃപയിൽ
കരുതുന്നവൻ

2. എല്ലാവരും നിന്നെ മറന്നാൽ
ഞാൻ നിന്നെ മറന്നീടുമോ
എന്റെ കരത്തിൽ നിന്നെ വഹിച്ചു
എന്നും നടത്തീടും ധരയിൽ

കരുതുന്നവൻ

3. അബ്രഹാമിന്റെ ദൈവമല്ലയോ
അത്ഭുതം ഞാൻ ചെയ്കയില്ലയോ
ചെങ്കടലിലും വഴിതുറക്കാൻ
ഞാനിന്നും ശക്തനല്ലയോ
കരുതുന്നവൻ

# 223

യഹോവ-യിരേ ദാതാവാം ദൈവം
നീ മാത്രം മതിയെനിയ്ക്ക്
യഹോവ-റാഫാ സൗഖ്യദായകൻ
തൻ അടിപ്പിണരാൽ സൗഖ്യം

യഹോവ-ശമ്മാ കൂടെയിരിയ്ക്കും
നൽകുമെൻ ആവശ്യങ്ങൾ

നീ മാത്രം മതി നീ മാത്രം മതി നീ മാത്രം മതിയെനിയ്ക്ക്
നീ മാത്രം മതി നീ മാത്രം മതി നീ മാത്രം മതിയെനിയ്ക്ക്

യഹോവ-എലോഹിം സൃഷ്ടാവാം ദൈവം
നിൻ വചനത്താലുളവായെല്ലാം
യഹോവ-എല്യോൻ അത്യുന്നതൻ നീ
നിന്നെപ്പോലെ മറ്റാരുമില്ല

യഹോവ-ശാലോം എൻ സമാധാനം
നൽകി നിൻ ശാന്തിയെന്നിൽ

നീ മാത്രം മതി നീ മാത്രം മതി നീ മാത്രം മതിയെനിയ്ക്ക്
നീ മാത്രം മതി നീ മാത്രം മതി നീ മാത്രം മതിയെനിയ്ക്ക്

# 224

കഷ്ടങ്ങൾ സാരമില്ല കണ്ണുനീർ സാരമില്ല
നിത്യതേജസിൻ ഘനം ഓർത്തിടുമ്പോൾ
ഞൊടിനേരത്തേക്കുള്ള
കഷ്ടങ്ങൾ സാരമില്ല കണ്ണുനീർ സാരമില്ല

1. പ്രീയന്റെ വരവിൻ ധ്വനി മുഴങ്ങും
പ്രാക്കളെപ്പോലെ നാം പറന്നുയരും
പ്രാണന്റെ പ്രീയനാം മണവാളനിൽ
പ്രാപിയ്ക്കും സ്വർഗീയമണിയറയിൽ - കഷ്ടങ്ങൾ

2. യുദ്ധവും ക്ഷാമവും ഭൂകമ്പങ്ങളും
യുദ്ധത്തിൻ ശ്രുതിയും കേൾക്കുന്നില്ലയോ
യിസ്രായേലിൻ ദൈവം എഴുന്നള്ളുന്നേ
യേശുവിൻ ജനമേ ഒരുങ്ങുക നാം - കഷ്ടങ്ങൾ

# 225

കൃപ ലഭിച്ചോരെല്ലാം സ്തുതിച്ചീടട്ടെ
ദയ ലഭിച്ചോരെല്ലാം സ്തുതിച്ചീടട്ടെ
ക്ഷമ ലഭിച്ചോരെല്ലാം സ്തുതിച്ചീടട്ടെ
നന്മ ലഭിച്ചോരെല്ലാം സ്തുതിച്ചീടട്ടെ

ആരാധന - ആരാധന
യാഹെന്ന ദൈവത്തിനാരാധന
ആരാധന - ആരാധന
ആത്മാവിലും സത്യത്തിലും ആരാധന (2)

മമ്രെയുടെ തോപ്പിൽ ഇറങ്ങിവന്ന
അബ്രഹാമിൻ ദൈവത്തിനാരാധന (2)
മോറിയ മലയിൽ നിറഞ്ഞുനിന്ന
യിസഹാക്കിൻ ദൈവത്തിനാരാധന (2)

യാബോക്കെന്ന കടവിലിറങ്ങിവന്ന
യാക്കോബിന്റെ ദൈവത്തിനാരാധന (2)
കാരാഗ്രഹത്തിൽ വീര്യപ്രവൃത്തി ചെയ്ത
യോസേഫിന്റെ ദൈവത്തിനാരാധന (2)

മരുഭൂമിയിൽ മന്ന ദാനം നൽകിയ
യിസ്രായേലിൻ ദൈവത്തിനാരാധന (2)
കർമ്മേലെന്ന മലയിൽ അഗ്നി അയച്ച
ഏലിയാവിൻ ദൈവത്തിനാരാധന (2)

# 226

രാജ്യം ഒരുക്കി താൻ വേഗം വരുന്നല്ലോ
പ്രിയൻ തൻ മണിനാദം
അങ്ങു ദൂരേ കേൾക്കുന്നല്ലോ...

പുതുമകൾ നിറയും പുലരിയിൽ നല്ലോരു
ജയജയഗീതം പാടിടാം
ആനന്ദഗാനം പാടും വിശുദ്ധർ
ഒന്നായ് ചേർന്നു വരുന്നല്ലോ...
ആ ആ ...

ഉണരുക ഉണരുക ദൈവജനമേ
ഇഹത്തിലെ ദുരിതങ്ങൾ തീരാറായ്
കാന്തൻ വന്നിടും കണ്ണീർ തുടക്കും
ദുഖങ്ങൾ എല്ലാം തീരാറായ്...

ആ ആ ...

ആയിരം ആയിരം ദൂതഗണങ്ങൾ
ചുറ്റും നിന്നു സ്തുതി ചെയ്യുമ്പോൾ
ആ നല്ല സുദിനം കാത്തുനിൽക്കുന്നേ ഞാൻ
വേഗം വരേണമേ എൻ കാന്താ..  ആ ആ ...

# 227

യേശുവിൻ ജനമേ ഭയമെന്തിനകമേ-
ലേശവും കലങ്ങേണ്ടാ നാമവൻ
ദാസരായ് വസിച്ചീടാം
ലോകത്തിലെന്തെല്ലാം ഭവിച്ചാലും ആ ആ..
ആപത്തനർത്ഥങ്ങളണഞ്ഞാലും
താപം നമുക്കില്ലെന്നറിഞ്ഞാലും...

സകലത്തിൻ ലാക്കും അധിപനുമവനാം
ഉലകത്തെ നിർമ്മിച്ചോനും
ആകാശവലയത്തെ രചിച്ചോനും
താണുവന്നുലകത്തിൽ കുരിശേറി ആ ആ..
മാനവർക്കായി മരിച്ചുയിർത്തേകി
ദാനമായി രക്ഷ നരർക്കായി

മരണത്താൽ മാറുന്നധിപരിൻ പിമ്പേ
പോയവർ ലജ്ജിക്കുമ്പോൾ - നാമവൻ
നാമത്തിൽ ജയ് വിളിക്കും
മരണത്തെ ജയിച്ചോരു ജയവീരൻ ആ ആ..
ശരണമായി തീർന്നതെന്തൊരു ഭാഗ്യം
അവനെ അനുഗമിപ്പതു യോഗ്യം

വേഗം ഞാനിനിയും വരുമെന്നു ചൊന്നു
ലോകം വെടിഞ്ഞ നേതാ- വേശുതാ -
നാരുമില്ലിതുപോലെ
നിത്യത മുഴുവൻ നിലനിൽക്കും ആ ആ..
പ്രതിഫലം താൻ തരും നിർണ്ണയമായി
അതിനായി താൻ വരും അതിവേഗം

പോരുകൾ സഹിച്ചും വൈരിയെ ജയിച്ചും
പാരിതിൽ തിരുനാമം
ഘോഷിപ്പിൻ ചേരുവിൻ അതിമോദം
ഭിന്നത വെടിയാമൊന്നാകാം ആ ആ..
ഉന്നതചിന്തയോടുണർന്നീടാം

# 228

## മന്നവനെ നമുക്കെതിരേൽക്കാം

ആലോചനയിൽ വലിയവൻ
പ്രവൃത്തിയിൽ ശക്തിമാൻ
തൻ ജനത്തിനു വേണ്ടുന്ന-
തന്നന്നത്തേയ്ക്കു നീ നൽകിക്കൊടുക്കുന്നവൻ (2)

നിന്റെ ജനം നിന്നിൽ ആനന്ദിച്ചീടുവാൻ
വീണ്ടും നീ ഞങ്ങളെ ജീവിപ്പിക്കില്ലയോ
ജീവജലം ഇന്നു സൗജന്യമായി വന്നു
ദാഹിക്കുന്നേവരും കുടിച്ചിടട്ടെ
(2)

അന്ത്യകാലത്ത് സകലജഡത്തിന്മേൽ
നിന്നാത്മമാരി ചൊരിഞ്ഞീടുമ്പോൾ
നീന്തിയിട്ടല്ലാതെ കടപ്പാൻ വയ്യാത്ത
ആത്മനദിയായി നാം തീർന്നീടുവാൻ (2)

അന്ധകാരം ഭൂവിൽ നിറഞ്ഞീടുന്നു
കൂരിരുൾ ജാതിയെ മൂടിടുന്നു
നമ്മുടെ പ്രകാശം ഉദിച്ചിരിക്കുന്നതാൽ
എഴുന്നേറ്റു ജ്വലിക്കാം നീതിസൂര്യനായ് (2)

കഷ്ടതയാകുന്ന കഠിനവേളകളിൽ
പതറീടാതെ നിന്നിൽ ചാരീടുവാൻ
പിൻപിലുള്ളതെല്ലാം മറന്നീടുമേ ഞങ്ങൾ
നിൻ വിളിയാലുള്ള ആശ തികപ്പാൻ (2)

Index

# 229

ആരാധ്യനെ ആരാധ്യനെ
ആരിലുമുന്നതനായവനെ
ആരാധിക്കുന്നിതാ നിന്നെയീ ഞങ്ങൾ
ആയുസിൻ നാൾകളെല്ലാം

എൻെറ രോഗക്കിടക്കയിൽ നീ
എൻെറ സൗഖ്യപ്രദായകനെ
എൻെറ രോഗ സംഹാരകനെ
എൻെറ സർവ്വവും നീ മാത്രമേ

നിൻെറ പ്രത്യക്ഷദിനമതിൽ
നിൻെറ വിശ്വസ്ത ദാസനായി
നിൻെറ വിശ്വസ്ത സാക്ഷിയായി
നിൻെറ സന്നിധേ എത്തീടും ഞാൻ

## 230

ആരാധ്യനെ ആരാധ്യനെ
ആരാധിക്കുന്നു ഞങ്ങൾ
ആത്മാവിലും സത്യത്തിലും
ആരാധിക്കുന്നു ഞങ്ങൾ

എല്ലാ നാമത്തിലും ഉന്നതനെ
എല്ലാ സ്തുതികൾക്കും യോഗ്യനായോനെ
വാഴ്ത്തീടുന്നു വണങ്ങീടുന്നു
നിൻ മക്കളാദരവോടെ

ആകാശവും ഭൂമിയും മറയും
കാഴ്ചയിലുള്ളതെല്ലാം അഴിയും
മാറ്റമില്ലാതുള്ളതൊന്നു മാത്രം
മാറാത്ത യേശുവിൻ തിരുവചനം

പാപത്തിൻ കറകളെല്ലാം കഴുകി
പരിശുദ്ധനെന്നെയും വീണ്ടെടുത്തു
ആ നിത്യ സ്നേഹത്തെ ഓർത്തിടുമ്പോൾ
നിറയുന്നെൻ മനം സ്വർഗ സന്തോഷത്താൽ

# 231

ആശ്വാസദായകനായ്
എനിക്കേശു അരികിലുണ്ട്
എന്തെന്തു ഭാരങ്ങൾ ഏറി വന്നാലും
എന്നെ കൈ വിടാത്തവൻ

ആവശ്യ ഭാരങ്ങളാൽ
ഞാൻ ആകുലനായിടുമ്പോൾ
തന്റെ സാന്ത്വനം നൽകി വഴി നടത്തും
യേശു അരികിലുണ്ട്

രോഗം പ്രയാസങ്ങളാൽ
ഞാൻ ക്ഷീണിതനായിടുമ്പോൾ
എന്നെ താങ്ങി കരങ്ങളിൽ കാത്തിടും
യേശു അരികിലുണ്ട്

ലോകത്തിൻ കെടുതികളാൽ
ഞാൻ താളടിയാകാതെ
എന്നെ കാവൽ ചെയ്തിടും സ്നേഹിതനായ്
യേശു അരികിലുണ്ട്

# 232

അൻപു നിറഞ്ഞ പൊന്നേശുവേ
നിൻ പാദ സേവയെന്നാശയേ

ഉന്നതത്തിൽ നിന്നിറങ്ങി
മന്നിതിൽ വന്ന നാഥാ ഞാൻ
നിന്നടിമ നിൻ മഹിമ
ഒന്നുമാത്രമെനിക്കാശ്രയം

ജീവനറ്റ പാപിയെന്നിൽ
ജീവൻ പകർന്ന യേശുവേ
നിന്നിലേറെ മന്നിൽ വേറെ
സ്നേഹിക്കുന്നില്ല ഞാനാരെയും

അർദ്ധപ്രാണനായ് കിടന്നോ
രെന്നെ നീ രക്ഷ ചെയ്തതാൽ
എന്നിലുള്ള നന്ദിയുള്ളം
താങ്ങുവതെങ്ങനെ എൻ പ്രിയാ

ഇന്നു പാരിൽ കണ്ണുനീരിൽ
നിൻ വചനം വിതയ്ക്കും ഞാൻ
അന്നു നേരിൽ നിന്നരികിൽ
വന്നു കതിരുകൾ കാണും ഞാൻ

എൻ മനസിൽ വന്നു വാഴും
നിൻ മഹത്വ പ്രത്യാശയേ
നീ വളർന്നും ഞാൻ കുറഞ്ഞും
നിന്നിൽ മറഞ്ഞു ഞാൻ മായണം

# 233

ഭൂവാസികളെ യഹോവയ്ക്കാർപ്പിടുവീൻ
സന്തോഷത്തോടെ വന്നു കൂടുവീൻ
സംഗീതത്തോടെ സ്തുതി പാടുവീൻ

അവൻ നല്ലവനല്ലോ ദയയെന്നുമുള്ളത്
അവൻ വല്ലഭനല്ലോ ദയയെന്നുമുള്ളത്

യഹോവ തന്നെ ദൈവമെന്നറിവീൻ
അവൻ നമ്മെ മെനഞ്ഞുവല്ലോ
അവൻ നമുക്കുള്ളവൻ നാം അവനുള്ളവർ നാം
അവനെ വാഴ്ത്തീടുവീൻ

അവൻ നല്ലവനല്ലോ ദയയെന്നുമുള്ളത്
അവൻ വല്ലഭനല്ലോ ദയയെന്നുമുള്ളത്

യഹോവ തന്നെ വിശ്വസ്ഥനെന്നറിവീൻ
അവൻ നമ്മെ വിടുവിച്ചല്ലോ
അവൻ നല്ല ഇടയൻ തന്റെ ആടുകൾ നാം
അവനെ വാഴ്ത്തീടുവീൻ

അവൻ നല്ലവനല്ലോ ദയയെന്നുമുള്ളത്
അവൻ വല്ലഭനല്ലോ ദയയെന്നുമുള്ളത്

# 234

ദിവ്യ തേജസിനായ് വിളിക്കപ്പെട്ടോരേ
ദൈവ ഹിതം എന്തെന്നിപ്പോൾ തിരിച്ചറിയുക

1. ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ
സത്യക്രിസ്ത്യനിത്വം നിന്നിൽ വെളിപ്പെടുത്തുവാൻ
വിശുദ്ധന്മാർക്കങ്ങൊരിക്കലായി ഭരമേല്പിച്ചതാം
വിശ്വാസത്തിനായി നാമും പോർ ചെയ്തീടണം

2. ലോകം നിന്നെ ഏറ്റവും പകച്ചിടുമ്പോഴും
സ്നേഹിതരും നിന്നെ കൈ വെടിഞ്ഞിടുമ്പോഴും
അവൻ നിനക്കു മാത്രുകാ പുരുഷനാകയാൽ
താൻ പോയ പാത ധ്യാനിച്ചെന്നും പിൻചെന്നീടുക

3. നീതിമാൻ പ്രയാസമോടു രക്ഷ പ്രാപിക്കിൽ
അധർമ്മികൾക്കും പാപികൾക്കും ഗതിയെന്തായിടും
ഇത്ര വലിയ രക്ഷയെ അഗണ്യമാക്കിയാൽ
ദൈവ ന്യായ വിധിയിൽ നിന്നും തെറ്റി ഒഴിയുമോ

4. നീതി കെട്ടോർ നീതികേടിൽ വർത്തിച്ചീടുമ്പോൾ
ദോഷവഴിയിൽ ജനങ്ങളേറ്റം വിരണ്ടോടീടുമ്പോൾ
നീതിമാന്മാർ ഇനിയുമധികം നീതി ചെയ്യട്ടേ
വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ

5. വിശ്വാസത്തിനന്തമായ രക്ഷ പ്രാപിപ്പാൻ
ആത്മശക്തി തന്നിൽ നിന്നെ കാത്തു കൊള്ളുക
ലോകത്തെ ജയിച്ച ജയവീരൻ യേശുവിൻ
വൻ ക്രുപയാൽ നീയും ലോകത്തെ ജയിക്കുക

# 235

എൻ ദൈവം നല്ലവൻ എന്നെന്നുമേ
എൻ നാഥൻ വല്ലഭൻ എന്നാളുമേ
എന്നെ സ്നേഹിച്ചവൻ എന്നെ രക്ഷിപ്പാൻ
തൻ ജീവൻ തന്നവൻ എൻ രക്ഷകൻ

ആ നല്ല ദേശത്തിൽ നിത്യമാം പ്രകാശത്തിൽ
അംശിയായിട്ടെന്നെ ചേർത്തതാൽ
കീർത്തിക്കും ഞാനാ വൻത്യാഗത്തെ
വർണ്ണിക്കും ഞാൻ എൻ അന്ത്യനാൾ വരെ

വന്ദനം നാഥനെ എൻ രക്ഷകാ
നിന്ദിച്ചു നിന്നെ ഞാൻ എൻ ദോഷത്താൽ
എൻ പേർക്കീ കഷ്ടത ക്രൂരതയും
സഹിച്ചെൻ ദൈവമേ എൻ രക്ഷകാ

ആ നല്ല ദേശത്തിൽ നിത്യമാം പ്രകാശത്തിൽ
അംശിയായിട്ടെന്നെ ചേർത്തതാൽ
കീർത്തിക്കും ഞാനാ വൻത്യാഗത്തെ
വർണ്ണിക്കും ഞാൻ എൻ അന്ത്യനാൾ വരെ

ഞാൻ ചെയ്ത പാതകം ക്ഷമിച്ചു നീ
സ്വന്തമായെന്നെ നീ സ്വീകരിച്ചു
വീഴാതെ താങ്ങണേ അന്ത്യനാൾ വരെ
നടത്തി പോററുകാ എൻ ദൈവമേ

ആ നല്ല ദേശത്തിൽ നിത്യമാം പ്രകാശത്തിൽ
അംശിയായിട്ടെന്നെ ചേർത്തതാൽ
കീർത്തിക്കും ഞാനാ വൻത്യാഗത്തെ
വർണ്ണിക്കും ഞാൻ എൻ അന്ത്യനാൾ വരെ

# 236

എന്നാളും സ്തുതിക്കണം നാം ..... നാഥനെ
എന്നാളും സ്തുതിക്കണം നാം
വന്ദനം പാടി മന്നൻ മുൻ കൂടി
മന്ദതയകന്നു തിരുമുന്നിലഭയമിരുന്നു

മോദമായ് കൂടുക നാം പരനു ബഹു
നാദമായ് പാടുക നാം
ഗീതഗണം തേടി നാഥനു നാം പാടി
നാഥനാമവൻെറ തിരു നാമമേ ഗതിയായ്നാടി

ശ്രേഷ്ഠഗുണദായകൻ അവൻ നിനയ്ക്കിൽ
ശിഷ്ടജന നായകൻ
സ്പഷ്ടം തിരു ദാസർക്കിഷ്ടമരുളുവോൻ
കഷ്ടതയിൽ നിന്നവരെ ധൃഷ്ടനായുദ്ധരിപ്പവൻ

തന്നെ സ്തുതിച്ചിടുന്ന ജനങ്ങൾ പദം
തന്നിൽ പതിച്ചീടുന്നു
മന്നവമന്നൻമാർ സന്നരായ് വാഴ്ത്തുന്നു
നന്ദിയോടവരേവരുമുന്നതനെ വണങ്ങുന്നു

ജീവികളിൻ നാഥനെ ജയം പെരുകും
ദേവകളിൻ താതനെ
ജീവന്നുറവയാം ജീവലോകേശനെ
ജീവനിയലുവാൻ സ്വന്ത സൂനുവെക്കൊടുത്തവനെ

തൻ നാമ കീർത്തനം നാം തുടർന്നു ചെയ്കിൽ എന്നും ദിവ്യാനന്ദമാം
ഉന്നതൻ തന്നുടെ സന്നിധൗ നിന്നു നാം
മന്നവനെ പുതു ഗാന വന്ദനങ്ങളോടനിശം

# 237

എന്താനന്ദം എനിക്കെന്താനന്ദം
പ്രിയ യേശുവിൻ കൂടെയുള്ള വാസം
ചിന്താതീതം അതു മനോഹരം
എന്തു സന്തോഷമാം പുതു ജീവിതം
സന്താപമേറുമീ ലോകെ ഞാനാകിലും
സാന്ത്വനം തരും ശുഭം..........എന്താനന്ദം

ഒന്നും കണ്ടിട്ടല്ല എൻ ജീവിതാരംഭം
വിശ്വാസ കാൽ ചുവടിലത്രേ
തന്നീടുന്നേ സ്വർഗ ഭണ്ഡാരത്തിൽ നിന്നും
ഒന്നിനും മുട്ടില്ലാത്ത വണ്ണം
ആശയ്ക്കെതിരായി ആശയോടെ
വിശ്വസിക്കുകിൽ എല്ലാം സാദ്ധ്യം

ആരു വെറുത്താലും ആരു ചെറുത്താലും
കാര്യമില്ലെന്നുള്ളം ചൊല്ലുന്നു
കൂടെ  മരിപ്പാനും കൂടെ ജീവിപ്പാനും
കൂട്ടായ് പ്രതിജ്ഞാ ബന്ധം ചെയ്തോർ
കൂട്ടത്തോടെ വിട്ടുപോയ് വിട്ടാലും
കൂട്ടായ് യേശു എനിക്കുള്ളതാൽ

ആരു സഹായിക്കും ആരു സംരക്ഷിക്കും
എന്നുള്ള ഭീതി എനിക്കില്ല
തീരെ ബലഹീനനായി കിടന്നാലും
ചാരും ഞാനേശുവിൻെറ മാർവ്വിൽ
എത്തും സഹായമത്യത്ഭുതമാം വിധം
തൊട്ടു സുഖപ്പെടുത്തും

ക്രിസ്തീയ ജീവിത മാഹാത്മ്യം കണ്ടവർ
ക്രിസ്തനെ വിട്ടു പോയീടുമോ
സുസ്ഥിരമല്ലാത്ത ലോക സ്നേഹത്തിനാൽ
വ്യർത്ഥരായ് തീരുന്നതെന്തിന്
കർത്തനാമേശുവോടൊത്തു നടക്കുകിൽ
നിത്യാനന്ദം ലഭ്യമേ

# 238

(എന്തതിശയമേ ദൈവത്തിൻ സ്നേഹം ..........എന്ന രീതി)

എന്തു സന്തോഷമേ കാൽവറി സ്നേഹം
വർണ്ണിപ്പാൻ സാദ്ധ്യമല്ല......അതിൻ
നീളവും വീതിയും ആഴം ഉയരവും
അത്ര അവർണ്ണനീയം

പാപിയാം എന്നെയും സ്നേഹിച്ചദൈവത്തിൻ
മാഹാത്മ്യം കാൽവറിയിൽ......അതു
കൺകൾക്കു ദർശനം പ്രാപിപ്പാൻ പ്രാർത്ഥിക്ക
തൻ പ്രിയ മക്കളെല്ലാം

ആപത്തനർത്ഥങ്ങൾ രോഗങ്ങൾ ദുഃഖങ്ങൾ
എന്തെല്ലാം ഏറി വന്നാൽ......അതിൻ
ചാരെ അണഞ്ഞെന്നെ മാർവ്വോടണയ്ക്കുന്ന
ആശ്വാസദായകനേ

ദൃഷ്ടിയെൻമേൽ വെച്ചിട്ടാലോചന തന്ന്
ദുഷ്ടനെ ജയിച്ചീടുവാൻ......ഓരോ
നാളിലും തൻകരം പാലിപ്പതോർത്തെൻെറ
കർത്തനെ വാഴ്ത്തീടുന്നേ

നിൻ ഉപദേശത്തിൻ കീഴിൽ ദിനം തോറും
ജീവിപ്പാൻ ശക്തി നൽകാ......എൻെറ
ജീവിതം തോല്ക്കാതെ കാലുകൾ ഇടറാതെ
നിൽക്കുവാൻ കൃപ തരണേ

കാഹള നാദത്തിൽ ഗംഭീര നാദത്തിൽ
ദൂതൻെറ ശബ്ദത്തിങ്കൽ......ഞാനും
നിന്നെ എതിരേല്പ്പാൻ വിശുദ്ധരോടൊന്നിച്ച്
ആകാശ മേഘേ കാണും

# 239

ഏഴു പൊൻ നിലവിളക്കിൻ നടുവിൽ
ഞാൻ കാണുന്നേ എൻ പ്രിയൻ പൊൻ മുഖം
സൂര്യ ശോഭ വെല്ലും മുഖ കാന്തിയും
അവൻ കോടികളിൽ സുന്ദരൻ തന്നേ

മേഘത്തേരിൽ വേഗം പറന്നു വാ പ്രിയാ
എൻ മാനസം നിന്നാൽ നിറയുന്നേ …………..(2)

ഏൻെറ പാപമെല്ലാം തീർത്തു തന്നവൻ
ഏൻെറ രോഗമെല്ലാം മാറ്റി തന്നവൻ
പുതു ജീവനെ തന്നു സ്നേഹ തൈലവും തന്നു
നവ ഗാനമെന്നും നാവിൽ പാടാറായ്

ഏൻെറ നാൾകളെല്ലാം ഭൂവിൽ തീരാറായ്
ഏൻെറ കണ്ണുനീരെല്ലാം പൊഴിയാറായ്
പുത്തനാം ഭവനം പണി തീർന്നീടാറായ്
ഏൻെറ കാന്തനെ ഞാൻ നേരിൽ കാണാറായ്

കർത്തൻ കൂടെ ഞാനും ചേർന്നു വാഴുമേ
തൻ സിംഹാസനം ഞാൻ പങ്കു വെക്കുമേ
പുത്തനാം യെറുശലേം ശുഭ്രമാം നദിക്കരെ
നവ വർണ്ണിയായ് ഞാൻ എന്നും വാഴുമേ

# 240

ഹാ ചിന്തിക്കുകിൽ പരദേശികൾ
വെറും അന്യർ നാമീ ഭൂവിൽ
നിലയില്ലാ വാസമോർക്കിൽ

പ്രതിഗാനം മുഴക്കി നാം പാടീടാം ഭക്തർ
പാതയെ നോക്കിക്കൊണ്ടോടീടാം പരി
താപമകന്നു നാം വാണീടും സുരലോകെ
പരനേശുവോടു കൂടെ

പ്രതിയോഗി നമുക്കെതിർ ചെയ്തീടും ഗതി
കെട്ടവർ പോലെ നാമായീടും ഉടൻ
വന്നിങ്ങു ത്രാണനം ചെയ്തീടും പ്രിയനാഥൻ
പരലോകെ കൊണ്ടു പോകും

പല പാടുകൾ പെട്ടു നാം പോകേണം ചില
ദുർഘട മേടുകളേറേണം പല
രാലുമുപദ്രവമേൽക്കേണം ഒരു നാളിൽ
പ്രിയനോടു കൂടെ വാഴാം

ഇനിയൊന്നും നമുക്കിഹെ ഇല്ലല്ലോ നമു
ക്കുള്ളതാം വാസമിതല്ലല്ലോ ഹാ
മിന്നും പ്രശോഭിതമായൊരു ഗോപുരം വിണ്ണിൽ
ദൂരത്തായ് കണ്ടിടുന്നു

ഈ മായാപുരി വിട്ടു പോയീടാം ക്ഷണം
സീയോൻ പ്രയാണം തുടർന്നീടാം പ്രിയ
നോടൊരുമിച്ചു വസിച്ചീടാം ചിരകാലം
ശുഭമേറും ഭാഗ്യ നാട്ടിൽ

# 241

ഇതു യഹോവയുണ്ടാക്കിയ സുദിനം
ഇന്നു നാം സന്തോഷിച്ചാനന്ദിക്ക

ആനന്ദമാനന്ദമാനന്ദമേ യാഹിൽ
സന്തോഷിച്ചാനന്ദിച്ചാർത്തിടുക
അവനുടെ കൃപകളെ ധ്യാനിച്ചീടാം തന്റെ
അതിശയ പ്രവൃത്തികൾ ഘോഷിച്ചിടാം

സോദരർ ചേർന്നു വസിച്ചീടുന്നതെത്ര
ശുഭവും മനോഹരവും ആകുന്നു
അവിടല്ലോ ദൈവമനുഗ്രഹവും
നിത്യ ജീവനും കൽപിച്ചിരിക്കുന്നത്

പഴയതെല്ലാം നീങ്ങിപ്പോയിടട്ടേ ആത്മ
പുതുക്കത്തിൽ സകലവും പുതുതാകട്ടെ
തിരു ഹിതം പോൽ നമ്മെ നടത്തീടുവാൻ തന്റെ
ബലമുള്ള കരത്തിൻ കീഴ് താണിരിക്കാം

തൻ തിരുനാമത്തിൽ ചെയ്യും പ്രയത്നങ്ങൾ
കർത്താവിൽ വ്യർത്ഥമല്ലായതിനാൽ
തൻ വേലയിൽ ദിനം വർദ്ധിച്ചിടാം ജയം
നൽകും പിതാവിനു സ്തോത്രം ചെയ്യാം

കൂലിയും നല്ല പ്രതിഫലവും എന്റെ
പ്രാണപ്രിയൻ വേഗം തന്നീടുമേ
ക്രൂശും വഹിച്ചു തൻ പിൻപേ ഗമിച്ചവർ
അന്നു നിത്യാനന്ദം പ്രാപിച്ചീടും

# 242

കാഹളം കാതുകളിൽ കേട്ടിടാറായ്.... ദൈവ
ദൂതർ പൊൻ വീണകൾ മീട്ടീടാറായ്
യേശു താനരുളിയ വാഗ്ദത്തം നിറവേറാൻ
കാലങ്ങൾ നമ്മെ വിട്ടു പായുകയായ്

സമാധാനമില്ലഭൂവിലനുദിനം നിലവിളി
പടർന്നുയരുകയായ് ധരണി തന്നിൽ
ദൈവത്തിൻ പൈതങ്ങൾക്കാനന്ദം ധരണിയിൽ
ക്ലേശിപ്പാൻ ലവലേശം സാദ്ധ്യമല്ല

ജനിച്ചു പ്രവൃത്തി ചെയ്തു
മരിച്ചു മൂന്നാം ദിനത്തിൽ
മരണത്തെ ജയിച്ചേശു ഉയരത്തിൽ പോയ്
പാപവും ശാപവും നീക്കി താൻ ജയം നൽകി
പാപികൾക്കവൻ നിത്യ ശാന്തി നൽകി

പാടുവിൻ നവഗാനം
അറിയിപ്പിൻ സുവിശേഷം
ദൈവ രാജ്യം ആസന്നമായ് മനം തിരിവീൻ
യെരിഹോവിൻ മതിലുകൾ
തകർത്തീടാൻ ഉണരുവീൻ
കാഹളം മുഴക്കീടാം ദൈവ ജനമെ

# 243

കൃപയിൻ അത്യന്ത ധനം, മൺ പാത്രങ്ങളിൽ പകർന്നു
നിത്യ ജീവൻെറ വചനം, താഴ്ന്ന നിലത്തു പാകി
നല്ല ഫലങ്ങൾ നൽകുവാൻ
വൻ കൃപ ചൊരിഞ്ഞു നൽകി
സത്യ സഭയെ പോറ്റുവാൻ
നൽ വരങ്ങൾ പകർന്നു നീ

ജീവനുള്ള കാലത്തോളം
വിശുദ്ധ കൈകളുയർത്തി
സിംഹാസനത്തിൽ വസിക്കുന്ന
കുഞ്ഞാടിനെ സ്തുതിക്കും ഞാൻ

ഹൃദയത്തിനാഗ്രഹം നൽകി, അധരത്തിൻ യാചന കേട്ടു
കാര്യസ്ഥൻ സാന്നിധ്യം നൽകി, നാൾ തോറും ഭാരം ചുമന്നു
ഉൽസവം ആചരിക്കുന്ന
പുരുഷാരത്തിൻെറ ധ്വനിയാൽ
വീണ്ടെടുക്കപ്പെട്ട സംഘം
പ്രഭുവിനു സ്തുതി മുഴക്കും

തൻെറ ഏകജാതനാം, പുത്രനിൽ വിശ്വസിക്കുന്നോർ
ഹൃദയം കൊണ്ടു വിശ്വസിച്ചു, അധരം കൊണ്ടേറ്റു ചൊല്ലുവോർ
ആരും നശിച്ചുപോകാതെ
നിത്യ ജീവൻ പ്രാപിപ്പാൻ
ലോകത്തെ സ്നേഹിച്ചീശനെ
കൈകളുയർത്തി സ്തുതിക്കാം

തൻെറ ഗംഭീരനാദത്താൽ , ദൂതൻെറ കാഹളധ്വനിയാൽ
മേഘങ്ങൾ പിളർന്നുകൊണ്ട്, മണവാളൻ വന്നണയുമ്പോൾ
പൊടികളിലുറങ്ങും ചിലർ
നിത്യതക്കായിട്ടുണരും
നാഥാ കർത്താവേ വരണേ
ആമേൻ നീ വേഗം വരണേ

# 244

ലക്ഷോപലക്ഷം ദൂതർ സേവിതനിതാ
യോഹന്നാൻ വെളിപ്പാടിൽ കണ്ടപോൽ മേഘാരൂഢനായ്
വാനിൽ വാനിൽ വരുന്നു വാഴ്ത്തുവീൻ

തുറക്കപ്പെട്ട കിഴക്കേ വാതിലിലൂടെ
സകലവിശുദ്ധ ദൂതർ സംഘപരിവാരത്തോടെ
വാനിൽ വാനിൽ വരുന്നു വാഴ്ത്തുവീൻ

ഖെറുബുകൾ സറാഫുകൾ ദൂതരിവർ
സ്വർണ്ണക്കാഹളം കരത്തിലേന്തിയ വിശുദ്ധ ഗീതക്കാർ
വാനിൽ വാനിൽ വരുന്നു ശീഘ്രമായ്

ആർത്തു പാടുന്നോർത്തു കേൾക്കുവീനത്
വലിയ പെരു വെള്ളത്തിനിരച്ചിൽ ക്കൊത്തതാം ഒലി
വാനിൽ വാനിൽ അതിഗംഭീരമായ്

ദൈവത്തിൻെറ കാഹളധ്വനി ധ്വനി
രാജാധിരാജനാം സുതനിൽ നിന്നും പുറപ്പെടുന്നിതാ
വാനിൽ വാനിൽ അതിഗംഭീരമായ്

തന്നെ നോക്കി പാർത്തിടും ജനം ജനം
കാഹളധ്വനി കേൾക്കും മാത്രയിൽ വാനിൽ പോകുമേ
മോദാൽ മോദാൽ വാനിൽ പോകുമേ

ഇവിടെക്കയറി വരുവിനെന്നുള്ള വിളി
കേട്ടിട്ടാശ്വാസം ലഭിക്കുവാൻ ചെവി കൊതിക്കുന്നുഗ്രമായ്
കേൾപ്പാൻ കേൾപ്പാൻ കൊതിക്കുന്നുഗ്രമായ്

# 245

**ലോകത്തിലേക ആശ്രയം എൻ യേശു മാത്രം**
**ശോകങ്ങളേറി വന്നാലും**
**വേണ്ടാ ഈ ലോക ഇമ്പം പ്രിയനെ നീ മതി**
**എന്നും വാഴ്ത്തിപ്പാടും ഞാൻ**

**ഉറ്റവരായിരുന്നവർ ദ്വേഷിച്ചാലും**
**മാറ്റമില്ലാത്ത സ്നേഹിതൻ**
**ക്ലേശം നിറഞ്ഞ ലോക യാത്രയിൽ താങ്ങിടും**
**വിൺ ശക്തിയാലെ നിത്യവും**

**തേടിയതല്ല ഞാൻ നിന്നെ ക്രൂശിൻ സ്നേഹം**
**തേടി ഈ പാപിയാമെന്നെ**
**ഓടുന്നു ലാക്കിലേക്കു പാടുകൾ ഏറ്റു ഞാൻ**
**മാറുവാനാവതല്ലിനി**

**മാറായുണ്ടീ മരുവതിൽ സാരമില്ല**
**മാറായിൻ നാഥനാമേശു**
**മാറാത്ത വാക്കു തന്നോൻ മാറുമോ ആയവൻ**
**മാറാ മധുരമാക്കിടും**

**വിശ്വാസക്കപ്പൽ താഴുമോ ഈ ഉലകിൽ**
**ഈശാനമൂലനേറുന്നേ**
**ആശ്വാസമേകുവാൻ നീ വേഗമായ് വന്നാലും**
**വിശ്വാസ നായകാ പ്രിയാ**

**നിൻ ശക്തി കാഴ്ച ശബ്ദങ്ങൾ**
**എനിക്കേറെ വേണം**
**വിശ്വാസപ്പോരിൽ നിൽക്കുവാൻ**
**പത്മോസിലെത്ര നാൾ ഞാനേകനായ് പാർക്കണം**
**വിശ്വാസത്യാഗമില്ലാതെ**

# 246

നിലവിളിക്ക നിലവിളിക്ക
എഴുന്നേറ്റു നിലവിളിക്ക(2)
രാക്കാലങ്ങളിൽ യാമാരംഭങ്ങളിൽ
എഴുന്നേറ്റു നിലവിളിക്ക(2)

ഉണർന്നീടുക സോദരരേ
കണ്ണുനീരിൻ മറുപടിയ്ക്കായ്(2)
ഹാഗാറിൻ ദൈവം ഹന്നായിൻ ദൈവം
കണ്ണുനീരിൽ വെളിപ്പെടുമേ(2)

പകർന്നീടുക മനം ഉരുകി
വെള്ളം പോലെ കർത്തൃസന്നിധേ(2)
വഴിത്തലയ്ക്കൽ തളർന്നിരിക്കും
പൈതങ്ങൾക്കായ് നിലവിളിക്ക(2)

കടന്നു വരാം കർത്തന്നരികിൽ
കരഞ്ഞീടാം മനം തകർന്ന്(2)
തലമുറയെ അടിമയാക്കാൻ
ശത്രുശക്തി ഉയർന്നീടുമ്പോൾ(2)

കരഞ്ഞീടുമ്പോൾ കനിവുള്ളവൻ
കരം തന്നു താങ്ങി നടത്തും(2)
കരുതലോടെ കരവിരുതിൽ
കൺമണി പോൽ കാത്തു പാലിക്കും(2)

സമർപ്പിച്ചീടാം സമർപ്പിച്ചീടാം
അനുതാപ ഹൃദയത്തോടെ(2)
ദാവീദിൻ ദൈവം ദാനിയേലിൻ ദൈവം
ഏലിയാവെപ്പോൾ നടത്തീടുമേ(2)

# 247

പാതാളമേ മരണമേ
നിന്നുടെ ജയം എവിടെ
കുഞ്ഞാട്ടിൻ നിണം
കോട്ട തൻ ഭക്തർക്ക്
സംഹാരകൻ കടന്നു പോയ്

ജയത്തിൻ ഘോഷം ഉല്ലാസ ഘോഷം
ഭക്തരിൻ കൂടാരത്തിൽ എന്നും പുതു ഗീതം
മഹത്വ രാജനായ് സേനയിൻ വീരനായ്
അഭയം താനവർക്കെന്നുമേ

ഭീകരമാം ചെങ്കടലും
മിസ്രയീം സൈന്യ - നിരയും
ഭീഷണിയായ് മുമ്പും പിമ്പും
ഭീതിപ്പെടു-ത്തീടുമ്പോൾ

ശക്തരായ രാജാക്കളാം
സീഹോനും ഓഗും വന്നാൽ
ശങ്ക വേണ്ടാ ഭീതി വേണ്ടാ
ശക്തൻ നിൻ നായകൻ താൻ

അഗ്നി നിന്നെ ദഹിപ്പിക്കില്ല
നദി നിന്മേൽ കവിയുകില്ല
അഗ്നിയതിൽ നാലാമൻ താൻ
ആഴിമേൽ നടകൊണ്ടോൻ താൻ

കൂരിരുൾ പാതയിൽ നീ നടന്നാൽ
വെളിച്ചമായവൻ നിനക്ക്
കൂട്ടിനു വരും തൻ കോലും വടിയും
കൂടെന്നും ആശ്വാസമായ്

ഭൂമിയും പണിയും അഴിഞ്ഞു പോകും
നിലനിൽക്കും തൻ വചനം
മരണം മാറും നാം വാഴും ജീവനിൽ
തൻ കൂടെ യുഗായുഗമായ്

# 248

പതിനായിരം പേർകളിൽ പരമ സുന്ദരനായ
മണവാളൻ ഒരുവൻ മാത്രം
മണവാളൻ ക്രിസ്തു താൻ പരിവാര സമന്വിതം
പരിലസിച്ചീടും മദ്ധ്യേ

അനുദിനം അവൻ എനിക്കത്തലകറ്റുന്ന
ഉത്തമ മണവാളനായ്
പരിലസിച്ചീടുന്നവൻ പരമ മണ്ഡലങ്ങളിൽ
പരിവാര സമന്വിതനായ്

ശുഭമുഹൂർത്തമെന്നാണെൻ പരമപ്രിയ
എന്നെ വേളി കഴിച്ചീടുവാൻ
ശുഭദിനം കാത്തുകാത്തുറ്റിരിക്കും മദ്ധ്യേ
സമയമായെന്നുരയ്ക്കുന്ന

വിശുദ്ധിയിന്നലങ്കാര പുടവ ധരിച്ചുകൊണ്ട്
മണവാട്ടി ഒരുങ്ങി നിൽക്കേ
പരിശുദ്ധ ഗണങ്ങളിൻ നടുവിൽ വെച്ചവനെന്നെ
വേളി കഴിച്ചീടുമേ

ദൈവാധി ദൈവത്തിൻ വാദ്യമേളങ്ങളെല്ലാം
ഉച്ചത്തിൽ ധ്വനിച്ചീടുമ്പോൾ
ആദിയന്തമില്ലാത്ത പരിശുദ്ധ ദൈവം താൻ
മാംഗല്യം നടത്തീടുമേ

ഇവയോർത്തിട്ടാനന്ദാൽ നൃത്തം ചെയ്‌വാനെന്റെ
കാലുകൾ കൊതിച്ചീടുന്നേ
കാന്തയായ് പരിലസിച്ചന്തമില്ലാ യുഗം
തേജസിൽ കൂടെ വാഴുമേ

## 249

സ്തോത്രയാഗമാം സുഗന്ധം
ശുദ്ധരിൻ അധരങ്ങളിൽ
നിന്നും ആനന്ദമാം സംഗീതം
ആരാധനയിൽ എന്നുമേ

ഹാലേലൂയ്യാ ഹാലേലൂയ്യാ ഹാലേലൂയ്യാ
ഹാലേലൂയ്യാ ഹാലേലൂയ്യാ ഹാലേലൂയ്യാ
സ്തോത്രം എന്നേശുവിന്

ബദ്ധൻമാരിൻ ഞരക്കം കേട്ടു
മരണത്തിൻ താഴ്വരയിൽ
നിന്നും മാററി വല്ലഭൻ നൽകും
പുതുജ്ജീവൻ എന്നെന്നുമേ

ഹാലേലൂയ്യാ ഹാലേലൂയ്യാ ഹാലേലൂയ്യാ
ഹാലേലൂയ്യാ ഹാലേലൂയ്യാ ഹാലേലൂയ്യാ
സ്തോത്രം എന്നേശുവിന്

അഗതികളിൻ പ്രാർത്ഥന കേൾക്കും
മനസലിഞ്ഞു കഷ്ടങ്ങളിൽ
നിന്നും നീക്കി വിടുവിച്ചീടും
പ്രിയ യേശു എൻ സങ്കേതമേ

ഹാലേലൂയ്യാ ഹാലേലൂയ്യാ ഹാലേലൂയ്യാ
ഹാലേലൂയ്യാ ഹാലേലൂയ്യാ ഹാലേലൂയ്യാ
സ്തോത്രം എന്നേശുവിന്

# 250

സ്തോത്രയാഗമർപ്പിക്കുന്നു ഞാൻ
ദൈവപിതാവിന്
സ്തോത്രയാഗമർപ്പിക്കുന്നു ഞാൻ
പുത്രനാം ക്രിസ്തുവിന്
സ്തോത്രയാഗമർപ്പിക്കുന്നു ഞാൻ
ആത്മാവാം ദൈവത്തിന്
സ്തോത്രയാഗമർപ്പിക്കുന്നു ഞാൻ
എൻെറ ആത്മ രക്ഷകന്

നന്ദിയോടെ ഓർക്കുന്നു
ദൈവ സ്നേഹത്തിൻ ആഴത്തെ
നന്ദിയോടെ നൽകുന്നു
സ്തോത്രമാകും സ്തുതി

അന്നവസ്ത്രാദികൾ തന്നു
ദൈവം പോഷിപ്പിച്ചു
ആവശ്യ നേരത്തു ദൈവം
നന്നായി വഴി നടത്തി
കൺമണി പോലെന്നെ സൂക്ഷിച്ചു
കർത്തൻ തൻ വൻ കരത്തിൽ
കാത്തു എന്നെ നിത്യം പാലിച്ചു
ശത്രുവിൻെറ കൈയ്യിൽ നിന്നും

തന്നെനിക്കു ദൈവസ്നേഹം
പുത്രനാം ക്രിസ്തുവിൽ
വന്നു ദൈവം വചനമായി
സ്വർഗീയ മഹിമ വിട്ട്
കാണുന്നു ദൈവ സ്നേഹത്തെ
ഞാനാ കാൽവറിയിൽ
ചൊരിഞ്ഞു തൻ തിരു രക്തം
എൻെറ പാപം പോക്കുവാനായ്

# 251

സ്തോത്രങ്ങൾ പാടി ഞാൻ വാഴ്ത്തീടുമേ
ദേവാധി ദേവനെ രാജാധി രാജാവെ
വാഴ്ത്തി വണങ്ങീടുമേ

അത്ഭുത നിത്യ സ്നേഹം
എന്നിൽ സന്തതം തന്നീടും ദൈവസ്നേഹം
ഇന്നും മാറാത്ത ദിവ്യ സ്നേഹം
എന്നിൽ വസിക്കും സ്നേഹം

മായാ ലോകത്തിൻ മോഹം.....തേടി
ശാപമേറ്റ എന്നെ വീണ്ട സ്നേഹം
എന്നെ നേടിയ ദിവ്യ സ്നേഹം
എന്നിൽ പെരുകും സ്നേഹം

ജീവനേകിയ സ്നേഹം.....സർവ്വ
ലോകത്തിൻ പാപത്തെ നീക്കും സ്നേഹം
ഉന്നതമാം ക്രൂശിൻ സ്നേഹം
ഉള്ളം കവരും സ്നേഹം

വാക്കു മാറാത്ത സ്നേഹം.....തിരു
വാഗ്ദത്തം തന്നെന്നെ നിർത്തും സ്നേഹം
സർവ്വ വല്ലഭനാം യേശുവേ
സ്തോത്രം സ്തുതി നിനക്കേ

## 252

സ്തുതിക്കും ഞാനെന്നും
സ്തുതിക്കും ഞാൻ
സ്തുതിക്കു യോഗ്യനാം യേശുവിനെ
വല്ലഭനെനിക്കു വലിയവ ചെയ്തു
വാഴ്ത്തും തൻ നാമം ഈ മരുവിൽ

ഹല്ലേലുയ്യാ ........ഹല്ലേലുയ്യാ
ഹല്ലേലുയ്യാ .........ഹല്ലേലുയ്യാ

ഉയരത്തിൽ നിന്നു താൻ കൈ നീട്ടി
പെരുവെള്ളത്തിൽ
നിന്നെന്നെ വലിച്ചെടുത്തു
ബലമുള്ള ശത്രുവിൻ കൈയ്യിൽ നിന്നും
എൻെറ ആത്മാവിനെ അവൻ വിടുവിച്ചു

എൻെറ കാൽകളെ കലമാൻ പേടയ്ക്കു
തുല്യമാക്കി നടത്തുന്നവൻ
എന്നെ ഗിരികളിൽ
നില്ക്കുമാറാക്കുന്നോൻ
രക്ഷയെന്ന പരിചയെ നൽകിടുന്നു

# 253

**സ്തുതികളിൻ മേൽ വസിക്കുന്നവനെ**
**സർവ്വ മഹത്വത്തിൻ യഹോവായെ**
**പാടുമേ നിൻ ദയയെ ദിനവും**
**പാരിടത്തിൽ എൻ യാത്രയതിൽ**

**പരദേശിയായ് ഞാൻ പാർക്കുന്ന വീട്ടിൽ**
**നിൻെറ മൊഴികൾ എനിക്കെന്നും കീർത്തനം**
**എൻെറ ആശ്രയം നിന്നിലെന്നുമുള്ളതാൽ**
**ക്ളേശങ്ങൾ മറന്നു ഞാൻ വിരുതിനായ് ഓടുന്നു**

**കണ്ണുനീർ കാണുമ്പോൾ മനസലിയുന്ന**
**കരുണയിൻ കണ്ണുള്ള കാരുണ്യ വാരിധേ**
**എൻെറ ദൈവവും ശാശ്വത പാറയുമേ**
**നിന്നിൽ ഞാൻ മറയുന്നു ശാശ്വത രക്ഷയ്ക്കായ്**

**പ്രലോഭനങ്ങളും പ്രതികൂല കാറ്റുകളും**
**വിശ്വാസ ജീവിതത്തിൽ ആഞ്ഞടിച്ചീടുമ്പോൾ**
**വിശ്വാസ നായക നിന്നിൽ മാത്രം നോക്കി ഞാൻ**
**വിശ്രമമില്ലാതെ വിരുതിനായ് ഓടുന്നേ**

# 254

വാഴ്ത്തുമെന്നും പരമേശനെ അവന്റെ സ്തുതി
പാർക്കുമെന്നും എന്റെ നാവിൻമേൽ
പാർത്തലത്തിൽ വസിക്കും നാളാർത്തി പാരമണഞ്ഞാലും
കീർത്തനം ചെയ്യുമെന്നും തൻ ശ്രേഷ്ഠനാമത്തെ മുദാ ഞാൻ

ചിന്തനകളാകെ വെടിഞ്ഞും പരവിധിപോൽ
സന്തതം ഞാൻ സ്വൈരമടഞ്ഞും
കാന്തനാമവന്റെ ചൊല്ലിൽ ശാന്തമാം മൊഴി തിരഞ്ഞും
സ്വന്തമാവിയാൽ നിറഞ്ഞും തൻ തിരുനാമമറിഞ്ഞും

പർവ്വതങ്ങൾ കുന്നുകളിവ എനിക്കു രക്ഷ
നൽകുകില്ലായതിലല്ല ഞാൻ
വിശ്രമിപ്പാൻ തക്കതൊന്നും വിശ്വസിപ്പാൻ തക്കവണ്ണം
നിശ്വസിക്കപ്പെട്ട സത്യം ആശ്വസിപ്പിക്കുന്നു നിത്യം

തങ്കലേക്കു നോക്കിയോർകളേ വിടാതവന്റെ
തങ്കമുഖം ശോഭയേകുന്നു
ശങ്കലേശം ഭവിക്കാതാ തങ്കമാകെയകന്നെന്നും
തൻകുരിശിൻ ജയത്താലാ ധന്യരെന്നും വസിക്കുന്നു

ബാലസിംഹങ്ങൾ കരയുന്നു വിശക്കവെ തൻ
ബാലകരോ പാട്ടു പാടുന്നു
പാലനമവർക്കു ശാലേം നാഥനെന്നറിഞ്ഞിരിക്കെ
മേലിനിയവർക്കു ലവലേശവുമാകുലമില്ല

തന്നിലൻപുള്ള തൻ മക്കൾക്കു വരുവതെല്ലാം
നൻമയായവർ കരുതുന്നു
ഒന്നിലുമവർ മനം തളർന്നവശരായിടാതെ
മന്നവനെ നോക്കിയവരെന്നുമാനന്ദിച്ചിടുന്നു

# 255

യേശു മഹോന്നതനെ മഹോന്നതനെ വേഗം കാണാം
മൽ പ്രേമ കാന്തനെ കാണാം (2)

സുന്ദര രൂപനെ ഞാൻ
ഈ മേഘമതിൽ വേഗം കാണാം
മൽ പ്രേമ കാന്തനെ കാണാം (2)
കഷ്ടതയേറെ സഹിച്ചവരും
കല്ലേറടി ഇടി കൊണ്ടു മരിച്ചവരന്നു
മശിഹായോടു വാഴുമാ നാട്ടിൽ (2)

പൊൻ മണി മാലയവൻ
എനിക്കു തരും ശുഭ്ര വസ്ത്രം
നാഥനെന്നെ ധരിപ്പിക്കുമന്ന് (2)
കണ്ണുനീരാകെ ഒഴിഞ്ഞീടുമേ
ആയിരമാണ്ടു വസിക്കുമവനുടെ നാട്ടിൽ
എനിക്കായൊരുക്കിയ വീട്ടിൽ (2)

രാപ്പകലില്ലവിടെ
പ്രശോഭിതമായൊരു നാട്
നാലു ജീവികൾ പാടുമവിടെ (2)
ജീവജല നദി ഉണ്ടവിടെ
ജീവ മരങ്ങളുമായ് നില കൊണ്ടൊരു ദേശം
നല്ലോരു ഭൂവന ദേശം (2)

# 256

യേശുവേ ധ്യാനിക്കുമ്പോൾ ഞാൻ
സന്തുഷ്ട മാനസൻ
ഏറ്റവും ആനന്ദം അവൻ
എത്ര മനോഹരൻ

ഹൃദയം അതിന്നീവണ്ണം
മാധുര്യം ഏറുന്ന
യാതൊരു നാമമില്ല സ്വർ
ഭൂതലങ്ങളിലും

പ്രിയം ഏറുന്ന നാമമേ
ഇയ്യുലകിൽ വന്നു
സ്വന്തരക്തം അതാലെന്നെ
വീണ്ടരുമ നാഥൻ

സൗരഭ്യം ഉള്ള നാമമേ
പാരിൻ ദുഃഖങ്ങളിൽ
ആശ്വാസം ഏകുന്ന നാമം
വിശ്വാസിക്കെപ്പോഴും

തന്നോടുള്ള സംസർഗം പോൽ
ഇന്നിഹത്തിൽ ഒരു
ഭാഗ്യാനുഭവം ഇല്ലതു
സ്വർഗം തന്നേ നൂനം

# 257

യേശു രാജൻ മേഘത്തേരിൽ രാജരാജനായ്
തേജസോടെ വന്നിടുന്ന നാൾ സമീപമായ്
ശുദ്ധരൊന്നായ് ചേർന്നിടും മദ്ധ്യ വാനത്തിൽ
തേജസോടെ നിൽക്കും
തന്റെ സന്നിധാനത്തിൽ

കർത്താവു താൻ ഗംഭീരനാദവും
പ്രധാന ദൂതൻ താൻ മുഴക്കും ശബ്ദവും
ദൈവത്തിൻ മഹാ കാഹളങ്ങളും
ഒത്തു ധ്വനിച്ചീടും നാൾ അതെന്തൊരാനന്ദം

ക്രിസ്തുവിൽ മരിച്ചവർ അമർത്യ തേജസായ്
അക്ഷയരായ് ഉയിർക്കുമന്ന് നല്ല ജ്യോതിസായ്
ജീവനോടിരിക്കും ശുദ്ധർ മറു രൂപമായ്
അവരൊന്നിച്ചു പറന്നുയരും മദ്ധ്യ വാനത്തിൽ

കഷ്ട നഷ്ട വേദനകൾ വേഗം നീങ്ങിപ്പോം
പാർത്തലത്തിൻ യാതനകൾ ആകെ മാറിപ്പോം
കണ്ണു നീരെല്ലാം ആണി ഏറ്റ കൈകളാൽ
താൻ തുടയ്ക്കും ആ ദിനത്തിൽ ഹല്ലേലുയ്യാ

ഗോത്രം വംശം ഭാഷ ജാതികളിൽ നിന്നവർ
കർത്തൻ രക്തം കൊണ്ടു വീണ്ടെടുക്കപ്പെട്ടവർ
ചേർന്നു പാടുമേ അവർ ദൈവ കുഞ്ഞാടേ
സ്തോത്രത്തിനും സ്തുതിക്കും
യോഗ്യൻ നീ എന്നേക്കുമേ

# 258

**യേശുവിൻ ജനമേ ഭയമെന്തിനകമേ ലേശവും കലങ്ങേണ്ടാ നാമവൻ ദാസരായ് വസിച്ചീടാം**
**ലോകത്തിലെന്തെല്ലാം ഭവിച്ചാലും അ..ആ....**
**ആപത്തനർത്ഥങ്ങളണഞ്ഞാലും താപം നമുക്കില്ലെന്നറിഞ്ഞാലും**

**സകലത്തിൻ ലാക്കും അധിപനുമവനാം ഉലകത്തെ നിർമ്മിച്ചോനും**
**ആകാശ വലയത്തെ രചിച്ചോനും താണു വന്നുലകത്തിൽ കുരിശേറി അ......ആ....**
**മാനവർക്കായ് മരിച്ചുയർത്തേകി ദാനമായി രക്ഷ നരർക്കായി**

**മരണത്താൽ മാറുന്നധിപരിൻ പിൻപേ പോയവർ ലജ്ജിക്കുമ്പോൾ നാമവൻ**
**നാമത്തിൽ ജയ് വിളിക്കും മരണത്തെ ജയിച്ചൊരു ജയ വീരൻ അ......ആ....**
**ശരണമായ് തീർന്നതെന്തൊരു ഭാഗ്യം**
**അവനെ അനുഗമിപ്പതു യോഗ്യം**

**വേഗം ഞാനിനിയും വരുമെന്നു ചൊന്ന് ലോകം വെടിഞ്ഞ നേതാവേശു താൻ**
**ആരുമില്ലിതുപോലെ നിത്യത മുഴുവനും നിലനിൽക്കും അ......ആ....**
**പ്രതിഫലം താൻ തരും നിർണ്ണയമായ്**
**അതിനായ് താൻ വരുമതിവേഗം**

**പോരുകൾ സഹിച്ചും വൈരിയെ ജയിച്ചും**
**പാരിതിൽ തിരുനാമം**
**ഘോഷിപ്പാൻ ചേരുവിനതി മോദം**
**ഭിന്നത വെടിയാമൊന്നാകാം ഉന്നത ചിന്തയോടുണർന്നീടാം**
**അ......ആ....**
**മന്നവനെ നമുക്കെതിരേല്ക്കാം**

# 259

യേശുവിൻ മാർവ്വിൽ ചാരീടുക
സഹായിക്കും താൻ എല്ലാ നാളും
വിശ്വസിക്കിൽ തൻ ദിവ്യ സ്നേഹം
ഗീതത്താൽ ഉള്ളം നിറയ്ക്കും

ചാരീടുക നിത്യ സ്നേഹത്തിൽ
ചാരീടുക തൻ കൃപയതിൽ
ചാരീടുക സ്വർപ്പുരം നോക്കി
രക്ഷകനിൽ ചാരീടുക

യേശുവിൻ മാർവ്വിൽ ചാരീടുക
വെളിച്ചമേകും പാതയെല്ലാം
പിൻ ചെൽക തൻ വഴിയെ മോദാൽ
ശാന്ത സ്വരം ശ്രവിക്കുക

യേശുവിൻ മാർവ്വിൽ ചാരീടുക
ചൊൽ ദുഃഖമെല്ലാം ദുഃഖമെല്ലാം
ഘോരമാം പാപഭാരമെല്ലാം
വെറുക്ക പ്രാർത്ഥനയിങ്കൽ

യേശുവിൻ മാർവ്വിൽ ചാരീടുക
നിറവേറ്റീടും ആവശ്യങ്ങൾ
സ്വീകരിച്ചീടുന്നോർക്കെന്നും താൻ
നിത്യ സ്നേഹിതനുമാം

# 260

യേശുവിൻ നാമം വിജയിക്കട്ടെ
സാത്താന്യ കോട്ടകൾ തകർന്നീടട്ടെ
സുവിശേഷത്തിൻ കൊടി ഉയരട്ടെ
വേദ തിരു സത്യങ്ങൾ മുഴങ്ങീടട്ടെ

പോകുക നാം പോർ വീരരായ്
രക്ഷകനേശുവിൻ പ്രിയ ജനമെ
രക്ഷാ ദൂതിൻ പടഹവുമായ്
ഉണർവോടു മുമ്പോട്ടു പോകുക നാം

വിധിയുടെ വിശാല താഴ്വരയിൽ
ബഹു സഹസ്രം പേർ സമൂഹമായ്
വിനാശ ഗർത്തം പൂകിടുവാനായ്
വഞ്ചിതരായ് പ്രയാണം ചെയ്തിടുമ്പോൾ

അന്തിമ ദുർഘട സമയമിത്
അധർമ്മ മൂർത്തി വരും മുമ്പ്
ആത്മീകമാം ദൈവരാജ്യത്തിനായ്
ആത്മ ബലത്താലടരാടുക നാം

# 261

ആരാധിക്കാം നമുക്കാരാധിക്കാം
നാഥൻ നന്മകൾ ധ്യാനിച്ചീടാം
കരങ്ങളുയർത്തി നന്ദി ചൊല്ലാം
അധരം തുറന്നൊന്നായ് പാടിവാഴ്ത്താം (2)

ഹാലേലുയ്യാ ഹാലേലുയ്യാ
ഹാലേലുയ്യാ ഹാലേലുയ്യാ
(2)

യേശുവിൻ രക്തമിന്നെൻ
പാപം മോചിച്ചല്ലോ
യേശുവിൻ രക്തമിന്നെൻ
രോഗം നീക്കിയല്ലോ
അവൻ കരതലത്തിൽ എന്നെ വഹിക്കുന്നതാൽ
എനിക്കാകുലം ലേശമില്ല
(ഹാലേലുയ്യാ)

സ്നേഹത്തിൽ എല്ലാം ചെയ്വാൻ
ശക്തി പകർന്നീടണേ
സ്നേഹത്തിൽ എല്ലാം ചെയ്വാൻ
ശക്തി പകർന്നീടണേ
ആ ആത്മനദിയിൽ നിത്യം നവ്യമാകുവാൻ
എന്നെ സമ്പൂർണം സമർപ്പിക്കുന്നു
(ഹാലേലുയ്യാ) Index

# 262

ഭയപ്പെടേണ്ട ഇനി ഭയപ്പെടേണ്ട
ഇമ്മാനുവേൽ നിന്റെ കൂടെയുണ്ട്
എണ്ണമില്ലാതുള്ള നന്മകൾ ഓർത്താൽ
വർണ്ണിപ്പാനായിരം നാവുകൾ പോരാ

സിംഹങ്ങൾ നടുവിൽ തള്ളപ്പെട്ടാലും
ഭയപ്പെടേണ്ടിനിയും
തീച്ചൂള നിന്നെ മൂടിയെന്നാലും
ഭയപ്പെടേണ്ടിനിയും
കണ്മണിപോൽ നിന്നെ കാക്കുന്ന ദൈവം
തന്നുള്ളം കയ്യിൽ വഹിച്ചീടുമെന്നും

കൂട്ടിനാരും കൂടില്ലെന്നാലും
ഭയപ്പെടേണ്ടിനിയും
കൂടെ സഹിപ്പാൻ ആരുമില്ലെന്നാലും
ഭയപ്പെടേണ്ടിനിയും
തന്നുള്ളം കയ്യിൽ വരച്ചവൻ നിന്റെ
കൂടെ നടക്കും കൂടെ വസിക്കും

# 263

അനുഗ്രഹത്തിന്നുറവേ നിറയ്ക്ക
സ്വർഗ്ഗീയനുഗ്രഹത്താൽ
കൃപകൾക്കധിപതിയേ പകരൂ
പുതുകൃപ ദാസരിന്മേൽ

വീശുക കാറ്റേ ഇന്നീ തോട്ടത്തിൽ
സുഗന്ധം പരത്തീടുവാൻ എന്റെ പ്രിയന്
കാറ്റടിക്കുന്നതോ ഇഷ്ടമുള്ളിടത്ത്
ആഞ്ഞടിക്കട്ടേ ഇന്നിവിടെ

ഒടിയട്ടെ എല്ലാ അന്യകൊമ്പുകൾ
തകരട്ടെ ശത്രുവിന്റെ കോട്ടകളെല്ലാം
ഉയരട്ടെ ഇന്നു യേശുവിന്റെ നാമം
നിറയട്ടെ തൻ ജനങ്ങൾ

അസാധ്യമില്ലൊന്നും എന്റെ ദൈവത്താൽ
കുഴികൾ വെട്ടുമോ നീ മരുഭൂമിയിൽ
കാറ്റു കാണുകില്ല കോളും
നിറയ്ക്കും നിന്റെ കുഴികളവൻ

# 264

ആകാശലക്ഷണങ്ങൾ കണ്ടോ കണ്ടോ
ക്ഷാമഭൂകമ്പശബ്ദം കേട്ടോ
സ്വർഗ്ഗമണവാളന്റെ വിളിക്കായ്
മദ്ധ്യാകാശമൊരുങ്ങുകയത്രേ

കാണുമോ നീ കർത്തൻ വരവിൽ
കേൾക്കുമോ കാഹളശബ്ദത്തെ
പ്രിയനിൻ വരവേറ്റം ആസന്നമേ
പ്രതിഫലം ലഭിക്കുന്നാൾ നിശ്ചയമേ

മുമ്പന്മാരായ പിമ്പന്മാർ
പിമ്പന്മാരായ മുമ്പന്മാർ
ഏവരും പാടിടുന്നേരം
കർത്താവിൻ കൊയ്ത്തുദിനത്തിൽ

പാഴാക്കിക്കളയരുതേ
നിൻ ഓട്ടങ്ങൾ അദ്ധ്വാനമെല്ലാം
ലോക ഇമ്പങ്ങൾ വെടിയാം
കർത്തവിനായൊരുങ്ങീടാം

## 265

പോകേണമൊരുനാൾ
കൂടാരം വിട്ടു നാം
പരദേശവാസികളേ
സ്വന്തവീടുണ്ടക്കരെ നാട്ടിൽ

സീയോൻ പ്രയാണികളെ നമുക്കിഹവാസം
ഏറെ തുമ്പം തന്നീടുമ്പോൾ
മാലില്ലാനാട്ടിലെ ആമോദമോർത്താൽ
ഹാ എന്തൊരാനന്ദം

ക്രൂശിൽ മരണഭീതി തകർത്ത
താതൻ മുൻ ചെല്ലുന്നതിനാൾ
പിമ്പേ നാം പോക ഈ മോക്ഷയാത്ര
അതിവേഗം തീർന്നീടും

# 266

എന്റെ ദൈവത്താൽ എല്ലാം സാദ്ധ്യം
എന്റെ ദൈവത്താൽ എല്ലാം സാദ്ധ്യം
ആഴിമേൽ നടന്നു അഗ്നിയിൽ ഇറങ്ങി
ആകാശം തുറന്ന സർവ്വശക്തൻ

എല്ലാമെല്ലാം സാധ്യം
രോഗമോ ദുഖമോ കഷ്ടമോ നഷ്ടമോ
വിടുതൽ നൽകീടും നാഥൻ

ഹന്നാ കരഞ്ഞതു കേട്ടു
ശമുവേൽ ബാലനെ നൽകി
ദാനിയേലിന്റെ ദൈവം സിംഹക്കൂട്ടിലിറങ്ങി
പ്രാർത്ഥിച്ചീടാം കണ്ണുനീരോടെ
ഒന്നുമസാദ്ധ്യമല്ല

(എല്ലാമെല്ലാം)

കുരുടൻ നിലവിളിച്ചപ്പോൾ
യേശുനാഥൻ നിന്നു
ലാസർ ഉയിർത്ത നാട്ടിൽ
ജയത്തിൻ ഘോഷം കേട്ടു
പ്രാർത്ഥിച്ചീടാം കണ്ണുനീരോടെ
ഒന്നുമസാദ്ധ്യമല്ല

(എല്ലാമെല്ലാം)

ഉള്ളം നൊന്തു കരഞ്ഞാൽ
മനസ്സലിഞ്ഞീടും നാഥൻ
കാൽവറിയിലെ രക്തം
പാപമോചനമേകും
പ്രാർത്ഥിച്ചീടാം കണ്ണുനീരോടെ
ഒന്നുമസാദ്ധ്യമല്ല

(എന്റെ ദൈവത്താൽ)

## 267

സ്തുതിക്കാം ദൈവജനമേ
ആരാധിക്കാം നമുക്കൊന്നായി
ആത്മാവിലും സത്യത്തിലും
ആരാധിക്കാം നമുക്കൊന്നായി

ശത്രുവിന്റെ തല തകർത്തീടുവാൻ
ശക്തി നേടീടുവാൻ
ശാശ്വതമായ രക്ഷ നേടാൻ
ആരാധിക്കാം നമുക്കൊന്നായി

കണ്ണുനീർ മാറീടുമേ
കഷ്ടത നീങ്ങീടുമെ
ആത്മനിറവിൽ അഭിഷേകം നിന്നിൽ
നിറഞ്ഞു തുളുമ്പീടുമ്പോൾ

# 268

മന്നാ ജയ ജയ മന്നാ ജയ ജയ
മാനുവേലനെ മഹേശാ - മഹാരാജനേ

എന്നു നീ വന്നിടും എന്റെ മണവാളാ
നിന്നെക്കണ്ടു ഞാൻ എന്റെ
ആശ തീർക്കുവാൻ - ഞാനെന്റെ

പൊന്നുമണവാളാ നന്ദനനാം രാജൻ
എന്നെയും ചേർത്തീടുമ്പോൾ എൻ ഭാഗ്യം
ആനന്ദമനല്പം - എൻ ഭാഗ്യം

ഝടുതഝടെ ഉയിർന്നീടും നൊടിനേരത്തിന്നുള്ളിൽ
തന്റെ വിശുദ്ധരെല്ലാം മദ്ധ്യാകാ-
ശത്തിൽ ചേർന്നീടും - മദ്ധ്യാകാശത്തിൽ

കാഹളനാദവും ദൂതഗണങ്ങളും
കോടിരഥങ്ങളുമായ് വന്നീടും
പ്രിയരക്ഷകൻ - വന്നീടും പ്രിയരക്ഷകൻ

കണ്ണുനീരോടോടി കരഞ്ഞു വിലപിക്കും
കാന്തയെ ചേർത്തിടുമ്പോൾ
എൻ ഭാഗ്യം ആനന്ദമനല്പം - എൻ ഭാഗ്യം

ഹല്ലേലുയ്യാ പാടി ഹല്ലേലുയ്യാ പാടി
ആനന്ദിച്ചീടും പ്രിയന്റെ
മാർവിൽ ഞാനെന്നും - പ്രിയന്റെ

# 269

മരുഭൂവിന്നപ്പുറത്ത് കഷ്ടങ്ങൾക്കപ്പുറത്ത്
കർത്താവൊരുക്കീടുന്ന നാടുണ്ട്

ദു:ഖങ്ങൾ തീർന്നിട്ടു ഞാൻ എന്നെന്നും ആനന്ദിപ്പാൻ
എൻ പ്രിയനൊരുക്കുന്ന നാടുണ്ട്

കൈകളാൽ പണിയാത്ത ശാശ്വതമാം ഭവനം
ആരാലും നട്ടീടാത്ത ഫലമേറും തോട്ടങ്ങളും
ജീവജലത്തിൻ നദി ഒഴുകി ഒഴുകീടുന്ന
നല്ലൊരു നാടെനിക്ക് മേലിലുണ്ട്

കണ്ണുനീരല്പം പോലും ഇല്ലാത്തതാം ഭവനം
ദു:ഖമോ മുറവിളി മരണമോ ഇല്ലവിടെ
രാത്രിയില്ലാത്ത ദേശം നീതിസൂര്യൻ പ്രകാശിക്കും
ശ്രേഷ്ഠനാടെനിക്ക് മേലിലുണ്ട്